# നാരങ്ങാനം ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



OFFICE OF THE NARANGANAM PANCHAYAT
NARANGANAM P.O.

അധികാരം ജനങ്ങളിലേക്ക്

29-7



# ജനകീയാസൂത്രണം

## വികസനരേഖ 1997

## നാരങ്ങാനം ഗ്രാമ പഞ്ചായത്ത്

OFFICE OF THE NARANGANAM PANCHAYAT
NARANGANAM P.O.

കേരളം




**വികസന സെമിനാർ**

**1997 ജനുവരി 4**



നാരങ്ങാനം
പഞ്ചായത്ത്
ചെറുകോൽ പഞ്ചായത്ത്
വാർഡ് I
വാർഡ് VI
വാർഡ് V
വാർഡ് II
വാർഡ് IV
വാർഡ് III
വാർഡ് VII
വാർഡ് VIII
വാർഡ് IX
SNDP മന്ദിരം
SNDP മന്ദിരം
MDLPS
MTLPS
MTLPS
UPS
കോഴഞ്ചേരി പഞ്ചായത്ത്
ഇലന്തൂർ പഞ്ചായത്ത്
ഇലന്തൂർ പഞ്ചായത്ത്
ഇലന്തൂർ പഞ്ചായത്ത്
മല്ലപ്പുഴശ്ശേരി പഞ്ചായത്ത്
മൈലപ്ര പഞ്ചായത്ത്
ഗവ. ഹൈസ്കൂൾ
പത്തനംതിട്ട മുനിസിപ്പാലിറ്റി



സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപനം
പഞ്ചായത്ത് രൂപീകരണം, വില്ലേജ് രൂപീകരണം,
അഞ്ചൽ, ഇലക്ട്രിസിറ്റി, ടെലിഫോൺ
എല്ലാറ്റിൻെറയും കടന്നു വരവ്
നേരിൽ കണ്ടറിഞ്ഞ ചരിത്രത്തിൻെറ കർമ്മ സാക്ഷി.

തിരു – കൊച്ചി എം. എൽ. ഓ.
AICC അംഗം
പഞ്ചായത്തു രൂപീകരിച്ചതു മുതൽ
ഇന്നു വരെയും പ്രസിഡൻറ്.

*"ഈ ഗ്രാമത്തിൻെറ എല്ലാ വികസനവും പഞ്ചായത്തു വന്നതു മുതൽ വികസനത്തിൽ പ്രധാന പങ്ക് ജനായത്തത്തിൻെറത്. ഞാനും ഒരു പങ്കുകാരനായെന്നു മാത്രം......" എന്നു സാക്ഷിക്കുന്നു ഈ പ്രസിഡൻറ്.*

**അഡ്വ. എൻ. ജി. ചാക്കോ**. Ex. M.L.A.



**വി. പി. മനോജ് കുമാർ**
വൈസ് പ്രസിഡൻറ്
(മെംബർ, വാർഡ് 5)



**വിജയമ്മ രാമകൃഷ്ണപിള്ള**
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ
(മെംബർ, വാർഡ് 5)



ശ്രീ. കെ. ആർ
രാധാകൃഷ്ണൻ നായർ

മെംബർ
വാർഡ് 1



ശ്രീ. ഡി സുരേഷ്

മെംബർ
വാർഡ് 6



ശ്രീമതി റോസമ്മ രാജൻ

മെംബർ
വാർഡ് 2



ശ്രീമതി അന്നമ്മ കോശി

മെംബർ
വാർഡ് 8



ശ്രീ. ഗോപാലൻകുട്ടി

മെംബർ
വാർഡ് 3



ശ്രീ. സി. വി. ശമുവേൽ

മെംബർ
വാർഡ് 9

ചരിത്രം

# നാരങ്ങാനം പഞ്ചായത്ത്

## ഉൾപ്പെടുന്ന മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുള്ള MLC / MLA മാർ

| | |
|---|---|
| 1. ശ്രീ. എം. ആർ. മാധവവാര്യർ<br>2. ശ്രീ. താമരക്കുളം കൊച്ചുതൊമ്മൻ മുതലാളി<br>3. ശ്രീ. കരിമ്പനാക്കുഴി കൃഷ്ണൻ നായർ<br>4. ശ്രീ. കോമിലഴത്ത് കെ. ജി. മാധവൻ<br>5. ശ്രീ. ഇ. വി. കൃഷ്ണപിള്ള<br>6. ശ്രീ. പി. സി. ജോർജ്ജ് | (തിരുവിതാംകൂർ) |
| 7. ശ്രീ. പരീത് റാവുത്തർ<br>8. അഡ്വ. എൻ. ജി. ചാക്കോ | തിരു — കൊച്ചി |
| 9. ശ്രീ. വയലാ ഇടിക്കുള<br>10. ശ്രീ. കെ. കെ. നായർ<br>11. ഡോ. ജോർജ്ജ് മാത്യു<br>12. ശ്രീ. കെ. കെ. നായർ | കേരളം |

## M. P. മാർ

1. ശ്രീ. സി. പി. മാത്തൻ
2. ശ്രീ. പി. കെ. വാസുദേവൻ നായർ
3. ശ്രീ. രവീന്ദ്രവർമ്മ
4. ശ്രീ. എം. എം. ലോറൻസ്
5. ശ്രീ. സി. എം. സ്റ്റീഫൻ
6. ശ്രീ. പി. ജെ. കുര്യൻ
7. ശ്രീ. പാലാ കെ. എം. മാത്യു
8. ശ്രീ. എ. സി. ജോസ്

### അംഗീകരിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യ സമര സേനാനികൾ

(പെൻഷൻ ലഭിക്കുന്നവർ)

1. അഡ്വ. എൻ. ജി. ചാക്കോ. Ex. M.L.A.
2. ശ്രീ. കെ. സി. ഏബ്രഹാം, കരിങ്ങാട്ടിൽ, കടമ്മനിട്ട (INA സേനാനി)

## ഉ ള്ള ട ക്കം


പഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തു കമ്മിറ്റിയംഗങ്ങൾ

ജനകീയാസൂത്രണ പ്രവർത്തകർ

ജനകീയാസൂത്രണം ഒരുവിഹഗവീക്ഷണം

വേരുകൾ തേടുമ്പോൾ

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യസംരക്ഷണവും

വിദ്യാഭ്യാസം

കുടിവെള്ളം, ആരോഗ്യം

വ്യവസായം

ഗതാഗതം ഊർജ്ജം

പാർപ്പിടവും സാമൂഹ്യക്ഷേമവും

സംസ്ക്കാരം

വനിത

സഹകരണം

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

വിഭവ സമാഹരണം

അനുബന്ധം

# പൊതു വിവരങ്ങൾ

| | |
|---|---|
| പേര് | :- നാരങ്ങാനം ഗ്രാമപഞ്ചായത്ത് |
| ആസ്ഥാനം | :- ആലുങ്കൽ |
| വില്ലേജ് | :- നാരങ്ങാനം |
| ബ്ലോക്ക് പഞ്ചായത്ത് | :- ഇലന്തൂർ |
| നിയമസഭാ മണ്ഡലം | :- പത്തനംതിട്ട |
| ലോകസഭാ മണ്ഡലം | :- ഇടുക്കി |
| ജില്ല | :- പത്തനംതിട്ട |
| താലൂക്ക് | :- കോഴഞ്ചേരി |
| ആകെ വിസ്തൃതി | :- 20.42 ചതു. കി.മി |
| ആകെ ജനസംഖ്യ | :- 17402 |
| പുരുഷന്മാർ | :- 8339 (47.92%) |
| സ്ത്രീകൾ | :- 9063 (52.08%) |
| ആറുവയസ്സിൽ താഴെ കുട്ടികൾ | :- 2070 (11.9%) |
| ആൺകുട്ടികൾ | :- 1067 (51.55%) |
| പെൺകുട്ടികൾ | :- 1003 (48.45%) |
| പട്ടികജാതി ജനസംഖ്യ | :- 1700 (9.8%) |
| പുരുഷന്മാർ | :- 835 (49.1%) |
| സ്ത്രീകൾ | :- 865 (50.5%) |
| പട്ടിക വർഗ്ഗ ജനസംഖ്യ | :- 71 (0.41%) |
| പുരുഷന്മാർ | :- 38 (53.5%) |
| സ്ത്രീകൾ | :- 33 (46.5%) |
| സാക്ഷരത | :-14586 (83.8%) |
| പുരുഷന്മാർ | :-7029 (48.2%) |
| സ്ത്രീകൾ | :-7557 (51.8%) |
| തൊഴിൽ മേഖല | :-4466 (26%) |
| പുരുഷന്മാർ | :-4006 (89.7%) |
| സ്ത്രീകൾ | :-460 (10.3%) |

## വികസന റിപ്പോർട്ടു കരടു രേഖ തയ്യാറാക്കിയവരും എഡിറ്റു ചെയ്തവരും

ശ്രീ. വി കെ പ്രഭാകരൻ
ശ്രീ സി എം കോശി
ശ്രീ. കെ ജെ ആന്റണി
ശ്രീ. തോമസ് മാത്യു.
ശ്രീ. പുരുഷോത്തമൻ പിള്ള
ശ്രീ. തോമസ്സ് ജോർഇജ്.
ശ്രീ.. കെ ജി രാമചന്ദ്രൻ നായർ
ശ്രീ. സാം താളിക്കുഴിയിൽ
ശ്രീ. സുരേഷ് കെ ബാബു
ശ്രീ. വറുഗീസ് കോശി
ശ്രീമതി സോഫി വറുഗീസ്
ശ്രീ. ചന്ദ്രശേഖരപിള്ള
ശ്രീ. സി കെ കേശവൻ
ശ്രീ. എം കെ വാസു
ശ്രീ. എസ് എൻ സുരേന്ദ്രൻ
ശ്രീ. എം എസ് ഗോപാലകൃഷ്ണൻ
ശ്രീ. എം.റ്റി. ജോർജ്
ശ്രീ. ശിവാനന്ദൻ
ശ്രീ.. എം എം മത്തായി
ശ്രീ. ഫിലിപ്പ് അഞ്ചാനി

## ഭൂപ്രകൃതി പഠനയാത്രയിൽ പങ്കെടുത്തവർ

ശ്രീ. എം എം മാത്യു
ശ്രീമതി. ഭാരതിയാശാട്ടി
ശ്രീമതി. അന്നമ്മ ജോസഫ്
ശ്രീ. വറുഗീസ് കോശി
ശ്രീ. ഭാസ്കരൻ പി എം
ശ്രീ. നാണു പുന്നശ്ശേരി
ശ്രീ. ജോണി
ശ്രീ. കെ ആർ രാധാകൃഷ്ണൻനായർ (മെമ്പർ)
ശ്രീമതി വിജയമ്മ രാമകൃഷ്ണപിള്ള (മെമ്പർ)
ശ്രീമതി റോസമ്മ രാജൻ (മെമ്പർ)
ശ്രീമതി അന്നമ്മ കോശി (മെമ്പർ)
ശ്രീ. ഈപ്പൻ മാത്യു

## ചരിത്രരേഖ തയ്യാറാക്കിയ സമിതി

അഡ്വ. എൻ ജി ചാക്കോ (പ്രസിഡന്റ്)
ശ്രീ. തോമസ് മാത്യു
ശ്രീ.. എം എസ് ഗോപാലകൃഷ്ണൻ
ശ്രീ.. ശിവശങ്കരപിള്ള
ശ്രീ. സി എം കോശി
ശ്രീ. കെ ആർ രാധാകൃഷ്ണൻനായർ
ശ്രീ. ഈപ്പൻ മാത്യു.

## റിസോഴ്സ് പേഴ്സൺസ്

ശ്രീ. തോമസ് ഉഴുവത്ത് (കീ റിസോഴ്സ് പേഴ്സൺ)
ശ്രീ. എം എം മത്തായി (ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺ)
ശ്രീ. ഫിലിപ്പ് അഞ്ചാനി (ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺ)
ശ്രീ. ഈപ്പൻ മാത്യു (ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺ)
( കൺവീനർ & എഡിറ്റർ)

## ആമുഖം

# ജനകീയാസൂത്രണ പ്രസ്ഥാനം- ഒരു വിഹഗ വീക്ഷണം.

വിഭവങ്ങൾ പരിമിതവും ആവശ്യങ്ങൾക്കു മതിയാകാത്തതുമായി തീരുന്ന അവസ്ഥയിലാണ് ആസൂത്രണം അനിവാര്യമായിത്തിരുന്നത്.

ഒഴിച്ചു കൂടാനാവാത്തതും ഏറ്റവും കൂടുതലാളുകൾക്കു പ്രസക്തവുമായ ആവശ്യങ്ങളുടെ സഫലീകരണത്തിനായി പരിമിതമായ വിഭവങ്ങളെ ഏറ്റവും കാര്യക്ഷമമായും മുൻഗണനാ അടിസ്ഥാനത്തിലും വിനിയോഗിക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുന്ന പ്രക്രിയയാണ് ആസൂത്രണം. വിഭവങ്ങളുടെ വിനിയോഗം പരിസ്ഥിതിയെ നശിപ്പിക്കു ന്നതിനു കാരണമാകാൻ പാടില്ലതാനും. ചുരുക്കത്തിൽ വിഭവങ്ങളുടെപരിമിതിയും, സമഗ്രമായ വികസനവും പരിസ്ഥിതിയുടെ നിലനിൽപ്പുംതമ്മിലുള്ള പൊരുത്തപ്പെടുത്തലാണ്ആസൂത്രണം. ആധുനിക സമൂഹങ്ങൾ എല്ലാംതന്നെ ഈ പ്രക്രിയ പ്രാധാന്യത്തോടെ നിർവഹിക്കുന്നുണ്ട്.

കേരളത്തിന്റെ വികസനത്തിന്റെ ഏറ്റവും വലിയസവിശേഷത യഥാർത്ഥ അടിസ്ഥാന ഉല്പാദനത്തിന്റെ അഭാവത്തിൽതന്നെ സാദ്ധ്യമാക്കാൻ കഴിഞ്ഞസേവന മേഖലയുടെ പുരോഗതിയാണ്. നമ്മുടെ അടിസ്ഥാന ഉല്പാദനംവളരെപിന്നിലാണ്. അതുകൊണ്ടു തന്നെ തൊഴിലവസരങ്ങളും കുറവാണ്. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ, ഗതാഗതം തുടങ്ങി നിരവധിമേഖലകളിലെ സൂചനകൾ നാം വികസിത രാജ്യങ്ങളുടെ നിലവാരത്തി ലാണെന്നാണ്. ആഡംബരവസ്തുക്കൾ വരെയുള്ള എല്ലാ ഉൽപ്പന്നങ്ങളുടേയും ഉപഭോഗത്തിലും നാം മുന്നിലാണ്. ഈ പൊരുത്തക്കേടിന്റെ കാരണം അന്വേഷിച്ചാൽ വ്യക്തമാകുന്നത്, നമ്മുടെ വികസന മാതൃകയുടെ അടിത്തറ വിദേശപ്പണമാണ് എന്ന സത്യമാണ്. ഒരു നാടിന്റെ പുരോഗതിക്ക് എന്നും ഈ മാതൃകയിൽ തുടരാനാവില്ല. അതിനാൽ നമ്മുടെ ആസൂത്രണത്തിന്റെ ലക്ഷ്യം കേരളം സ്വന്തം കാലിൽ നിൽക്കുന്ന അവസ്ഥ സൃഷ്ടിക്കുക എന്നതാണ്. ഈ ലക്ഷ്യപ്രാപ്തിക്ക് ഇന്നത്തെ ആസൂത്രണസമ്പ്രദായം മതിയായതല്ല എന്നതിനാലാണ് പുതിയ ഒരു ആസൂത്രണരീതി പ്രസക്തമായിത്തീരുന്നത്.

സ്വതന്ത്രഭാരതം ആസൂത്രണത്തിനായി സ്വീകരിച്ച മാർഗം സോവിയറ്റ് യൂണിയൻ മാതൃകയിലുള്ള പഞ്ചവത്സരപദ്ധതികളായിരുന്നു. കാർഷികവികസനം, വ്യവസായവൽക്കരണം എന്നിങ്ങനെ ഓരോ പഞ്ചവൽസര പദ്ധതിക്കുമുണ്ടായിരുന്ന പ്രഖ്യാപിത ലക്ഷ്യങ്ങൾ സർക്കാർ തന്നെ നടപ്പിലാക്കുന്നതിനാണ്

ശ്രമിച്ചു വന്നത്. ഇതിനു മുഖ്യമായ രണ്ടു പരിമിതികളുണ്ടായിരുന്നു. പ്രാദേശികമായ ആവശ്യങ്ങളേയും വിഭവലഭ്യതയേയും സാംസ്കാരിക ത്തനിമയേയും കുറിച്ചുള്ള ധാരണയോടെയായിരുന്നില്ല പദ്ധതികൾക്ക് രൂപം നൽകിയിരുന്നത്. അതിന്റെ ഫലമായി മുകളറ്റത്ത്-തിരുവനന്തപുരത്തോ ഡൽഹിയിലോ-ഇരിക്കുന്ന വിദഗ്ധർ രൂപം നൽകുന്ന പദ്ധതികൾ യാന്ത്രികമായി എല്ലായിടത്തും നടപ്പാക്കുകയും, നടപ്പാക്കുന്ന ഘട്ടത്തിൽ പദ്ധതികളുടെ ഗുണഫലങ്ങൾ ജനങ്ങളിലെത്താതെയുമിരിക്കുക പതിവായി. അതുപോലെതന്നെ, പദ്ധതിയുടെ മുഴുവൻ നടത്തിപ്പും ഡിപ്പാർട്ട്മെന്റ് സംവിധാനത്തിലൂടെയായതിനാൽ ജനങ്ങളാണ് യജമാനർ എന്ന ജനാധിപത്യതത്വം തീർത്തും നിരർത്ഥകമായി.

എന്താണ് ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമായ ആസൂത്രണരീതി? പ്രാദേശികമായ വിഭവങ്ങളേ സ്വരുക്കൂട്ടി ഉല്പാദനത്തിൽ അടിയുറച്ച വികസന പ്രവർത്തനങ്ങളെ കോർത്തിണക്കുന്നതിനുള്ള പ്രവർത്തനം ജനങ്ങൾ തന്നെ നടപ്പാക്കുക. വാസ്തവത്തിൽ ഇത് ഒരു പുരാണ ഭാരതീയ സങ്കല്പം തന്നെയാണ്. പരിഷ്കാരത്തികവാർന്ന സിന്ധു നദീതടസംസ്ക്കാര കാലത്തിനു ശേഷം ആര്യന്മാരുടെ ആഗമനവും സങ്കരവർഗങ്ങളുടെ ആവിർഭാവവും ജനപ്പെരുപ്പവും ദ്രാവിഡപലായനവും സംഭവിച്ച ഭാരതഭൂമിയിൽ 'ജനപദങ്ങൾ' രൂപപ്പെട്ടു. ഭാരതചരിത്രത്തിന്റെ പല ഘട്ടങ്ങളിലും 'പഞ്ചായത്ത്' എന്ന ഭരണസംവിധാനം തന്നെ നിലവിലുണ്ടായിരുന്നു. സമൃദ്ധിയുടെ ആ കാലഘട്ടങ്ങളുടെ പശ്ചാത്തലവും യൂറോപ്യൻ കോളനിയായി ദരിദ്രമാക്കപ്പെട്ട അവസ്ഥാവിശേഷവും താരതമ്യപ്പെടുത്തിയും കോർത്തിണക്കിയുമാണ് ഗാന്ധിജി ഗ്രാമസ്വരാജ് എന്ന സ്വപ്നം കണ്ടത്. ജനപങ്കാളിത്തത്തോടൊപ്പം പഞ്ചായത്തിന്റെ സ്ഥിതിയെ സംബന്ധിച്ച് ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ വിവരങ്ങൾ അടിസ്ഥാനമായും വേണം ആസൂത്രണം.

ഈ കാഴ്ചപ്പാടിനനുസരിച്ചുള്ള വികസന പഠനങ്ങളും അനൗദ്യോഗിക പാർലമെന്റുകൾ വരെയുള്ള പരിപാടികളും സംഘടിപ്പിച്ച പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ധാരാളം അനുഭവപാഠങ്ങൾ പങ്കുവച്ചു. അതിന്റെ വെളിച്ചത്തിൽ ചില പഞ്ചായത്തുകൾ ഔദ്യോഗികമായിത്തന്നെ ചില ചുവടുവയ്പ്പുകൾ നടത്തുകയും ചെയ്തു. അങ്ങനെ, 'പഞ്ചായത്തു വിഭവഭൂപടനിർമ്മാണം, വികസന പ്രവർത്തനങ്ങളിൽ കൈമെയ് മറന്നു പ്രവർത്തിക്കാൻ തയ്യാറുള്ളവരുടെ വികസനസേനാ രൂപീകരണം എന്നിങ്ങനെ അടുക്കും ചിട്ടയുമായി നിരവധി പ്രവർത്തനങ്ങൾ അവിടങ്ങളിൽ നടന്നു. ആപ്രവർത്തനങ്ങൾ കൂടുതൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം കേരളത്തിലെ ഓരോ പഞ്ചായത്തിനേയും ഏൽപ്പിക്കുന്നതിന് ബഹു: കേരളാ മുഖ്യമന്ത്രി അദ്ധ്യക്ഷനും ശ്രീ. ഐ. എസ്. ഗുലാത്തി ഉപാദ്ധ്യക്ഷനുമായ ആസൂത്രണബോർഡ് കൈക്കൊണ്ട തീരുമാനമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തെ യാഥാർത്ഥ്യമാക്കിയത്. ഒമ്പതാം പദ്ധതിയുടെ ആസൂത്രണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ വെളിച്ചത്തിൽ, ആകെ പദ്ധതിച്ചെലവിന്റെ 35% മുതൽ 40% വരെ തുക വിവിധ തലങ്ങളിലുള്ള പദ്ധതി നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കും എന്നതീരുമാനമാണ് ഈ പ്രസ്ഥാനത്തിന്റെ ജീവന്റെ കാതൽ.

ഓരോ വാർഡിലും വിളിച്ചു ചേർത്ത ഗ്രാമസഭകളായിരുന്നു ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം. ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും. സർക്കാർ ഓഫീസുകളിൽനിന്നും ശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങളെ കുറേയൊക്കെ ആശ്രയിച്ചും, നിലവിലുള്ള സർക്കാർ പദ്ധതികളെ അവലോകനം ചെയ്തും, ഭൂപ്രകൃതി പഠനയാത്രയിലൂടെയും രൂപപ്പെടുത്തിയിട്ടുള്ള ഈ വികസന രേഖയാണ് രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നം. ഈ രേഖ ഗ്രാമവികസനസെമിനാർ നിർദ്ദേശിക്കുന്ന ഭേദഗതികളോടെ അംഗീകരിച്ചു കഴിഞ്ഞാൽ ഇതു തുടർന്നുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാന രേഖയായി മാറും. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന നിരവധി പ്രോജക്ടുകൾ അടങ്ങുന്ന സ്കീമുകളാണ് നമ്മുടെ പഞ്ചായത്തിന്റെ ഒമ്പതാം പഞ്ചവത്സര പദ്ധതിയായിത്തീരാൻ പോകുന്നത്. തുടർന്ന് ജനപങ്കാളിത്തത്തോടെ ഈ സ്കീമുകൾ നടപ്പിലാക്കുകയും അനുക്രമമായി ചേരുന്ന ഗ്രാമ സഭകൾ പദ്ധതി നടത്തിപ്പിനെ വിലയിരുത്തുകയും ചെയ്യും. ഇതാണു ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഏകദേശ ചിത്രം.

നാരങ്ങാനം പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ഒരു തനതുപരിപാടി എന്ന നിലയിലല്ല ആരംഭിച്ചത്. സംസ്ഥാനതലത്തിൽ ജനകീയാസൂത്രണ പരിപാടി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ വെളിച്ചത്തിലാണ് ഈ പഞ്ചായത്തിൽ അത് ആരംഭിച്ചത്. പഞ്ചായത്തിന്റെ വികസനത്തിൽ വ്യാപകമായ ജനപങ്കാളിത്തം എന്ന സങ്കൽപ്പമോ, അതിനനുസരിച്ചുള്ള പഠനങ്ങളോ പ്രവർത്തനങ്ങളോ ഇവിടെ സംഘടിതമായിരുന്നില്ല. 1996 സെപ്റ്റംബർ അവസാനവാരത്തിൽ പഞ്ചായത്തിരാജ് നിയമം അനുശാസിക്കുന്ന

അർദ്ധവാർഷിക ഗ്രാമസഭകൾ പഞ്ചായത്തിൽ ഒരാഴ്ചക്കാലം കൊണ്ട് സമയബന്ധിതമായി സമ്മേളിച്ചു. സംസ്ഥാനതലത്തിൽ അപ്പോഴേക്കും ജനകീയാസൂത്രണത്തിനായുള്ള വിശേഷാൽ ഗ്രാമസഭകൾ ആരംഭിച്ചിരുന്നു. ആ വാർത്തകളുടെ പശ്ചാത്തലത്തിൽ, രണ്ടാം വാർഡിലെ ഗ്രാമസഭ ജനകീയാസൂത്രണ മാതൃകയിൽ സംഘടിപ്പിക്കുന്നതിന് വാർഡുമെമ്പറുടെ നേതൃത്വത്തിൽ തീരുമാനിക്കുകയും സെപ്റ്റംബർ ഇരുപത്തിരണ്ടാം തിയതി വാർഡിലെ ആദ്യഅയൽകൂട്ടം വാഴത്തോപ്പിൽ ഭാഗത്ത് സമ്മേളിച്ച് പരിപാടി സംബന്ധിച്ച് ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് മറ്റു ചില അയൽക്കൂട്ടങ്ങൾക്കും ശേഷം ഇരുപത്തിയേഴാം തിയതി വിശേഷാൽ ഗ്രാമസഭയായിത്തന്നെ ചേരുകയും ചെയ്തു. അന്നുതന്നെ ആരംഭിച്ച ജില്ലാതല റിസോഴ്സ് പേഴ്സൺസ് പരിശീലനത്തിനായി പഞ്ചായത്തു കമ്മറ്റി നിയോഗിച്ചിരുന്ന ശ്രീമാൻമാരായ എം എം മത്തായി, ഫിലിപ്പ് അഞ്ചാനി, അജികുമാർ, ഈപ്പൻ മാത്യു എന്നിവർ പങ്കെടുത്തു. അവരുടെ നേതൃത്വത്തിൽ ഒക്ടോബർ അഞ്ചാം തീയതി പഞ്ചായത്തുതലത്തിൽ ഒന്നാം ഘട്ടപരിശീലനം നടന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾ താഴെ പ്പറയുന്ന ക്രമത്തിൽ നടത്തപ്പെട്ടു. ഈ പ്രവർത്തനങ്ങളിലെല്ലാം കീ- റിസോഴ്സ് പേഴ്സൺ ശ്രീ. തോമസ് ഉഴുവത്തിന്റെ മേൽനോട്ടവും ലഭിച്ചിരുന്നു.

ഒക്ടോബർ 12, 13. വിശേഷാൽ ഗ്രാമസഭകൾ
നവംബർ 3 ഒന്നാംഘട്ട പരിശീലനം (തുടർച്ച) 14
14 ഗ്രാമസഭ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിനായി ആദ്യസമ്മേളനം.
16 രണ്ടാംഘട്ട പരിശീലനം; ദ്വിതീയ വിവരശേഖരണം ആരംഭം.
17 ഭൂപ്രകൃതി പഠനയാത്ര (ഒന്നാം ദിവസം); ചരിത്രരചനാസമിതി ആദ്യ സമ്മേളനം
21 മുതൽ ക്രോഡീകരണം
23 ഭൂപ്രകൃതി പഠനയാത്ര (രണ്ടാം ദിവസം)
26 പഞ്ചായത്തുതല ഉദ്യോഗസ്ഥ സമ്മേളനം തുടർന്ന് വികസനരേഖാ രചന
ഡിസംബർ 3, 4, 5 സംസ്ഥാനതല പരിശീലനം ചരൽക്കുന്നിൽ (ഒരു ഡി. ആർ. പി. പങ്കെടുത്തു)
11, 12. ബ്ലോക്കുതല കർമ്മസേനാകൺവീനർ പരിശീലനം (20 പേർ പങ്കെടുത്തു)
13 മുതൽ വികസനരേഖ എഡിറ്റിംഗ്
ജനുവരി 4 വികസന സെമിനാർ.

ഈ ശ്രമത്തിനു പ്രാധാന്യമേറെയുണ്ട്. ആകെ ദേശീയവരുമാനത്തിനു തുല്യമാണ് ആകെ ദേശീയോല്പാദനം എന്ന സാമ്പത്തികശാസത്ര കാഴചപ്പാടായിന്നു ഇന്നു വരെ നമ്മെ ഭരിച്ചിരുന്നത്. അതനുസരിച്ച് ഉല്പാദനപ്രക്രിയയിലെ എല്ലാ പങ്കാളികളിലുമായി എത്തിയിരിക്കും. അതു വളരെ നല്ലതാണെന്നു തോന്നാം. എന്നാൽ പ്രതിഫലം നൽകാൻ കഴിയാത്ത ഒരു ഉല്പാദനവും അതിൻ പ്രകാരം ഉല്പാദനമല്ല. ഉദാഹരണമായി പകൽ മുഴുവൻ വിശ്രമരഹിതമായി പണിയെടുക്കുന്ന വീട്ടമ്മയായ സ്ത്രീ 'ജോലിയില്ലാത്ത' വിഭാഗത്തിൽപെടുന്നു. ജനകീയാസൂത്രണത്തിലൂടെ പ്രതീക്ഷിക്കുന്ന പുതിയ മാതൃകയാവട്ടെ, സന്നദ്ധ പ്രവർത്തനത്തിലും, കൂട്ടായ്മയിലും, അതിലൂടെ സാധിച്ചെടുക്കാൻ കഴിയുന്ന വികസനത്തിന്റെയും സന്തുഷ്ടിയുടെയും പ്രത്യാശയിലുമാണ് അടിയുറപ്പിച്ചിരിക്കുന്നത്. ആകെ ദേശീയോല്പാദനം, ആകെ ദേശീയവരുമാന ത്തിന്റെയും സന്നദ്ധപ്രവർത്തനങ്ങളുടെയും തുകയാണ് എന്നതാണു നമ്മുടെ സമവാക്യം. അതിന്റെ ഫലമായി സന്നദ്ധപ്രവർത്തനങ്ങളെ വിലമതിക്കുകയും സന്നദ്ധ പ്രവർത്തകർക്കു കൈത്താങ്ങുനൽകുകയും സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക സമൂഹത്തിന്റെ സ്നേഹനിർഭരമായ കടമയായി മാറുന്നു.

ഇതൊരു തുടക്കം മാത്രമാണ്. ഗ്രാമവികസന സെമിനാറോടെയൊ സകീമുകൾ തയ്യാറാക്കുന്നതോടെയോ നമ്മുടെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. ശാസ്ത്രീയമായ നിരവധി പഠനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ സവിശേഷതകൾ സംബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്. നമ്മുടെപഞ്ചായത്തിന്റെ വിഭവ ഭൂപടം പൂർത്തിയാകണം. സമഗ്രമായ മാസ്ററർപ്ലാൻ സംബന്ധിച്ച കാഴ്ചപ്പാട് വ്യാപകമാക്കണം. ഇതിനൊക്കെയുള്ള ശാസ്ത്ര-സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പശ്ചാത്തലമൊരുക്കുക എന്നതും നമ്മുടെ പഞ്ചായത്തിൽ പരമപ്രധാനമായ ഒരു ലക്ഷ്യമാണ്.

ചരിത്രം

# വേരുകൾ തേടുമ്പോൾ.........

## ഐതിഹ്യങ്ങളിൽ തെളിയുന്ന നാരങ്ങാനം

"..............ആറന്മുളക്ഷേത്രം പണ്ട് ഊരാളന്മാരുടെ വകയായിരുന്നു....... ചിങ്ങമാസത്തിൽ ഓണത്തിന് മുമ്പുവരുന്ന പൂരാടത്തുന്നാൾ അഗതികൾക്ക് നെല്ല് കൊടുക്കുക പതിവായിരുന്നു...... പണ്ടൊരിക്കൽ പതിവുപോലെ ഓണത്തിന് നെല്ലുകൊടുത്ത പ്പോൾ നെല്ല് വാങ്ങുന്നതിനായി നാരങ്ങാനം എന്ന സ്ഥലത്തുള്ള നെൽപ്പുരയിൽ ചെന്ന ഒരു ചണ്ഡാലിക്ക് നെല്ലളവുകാർ നെല്ലുകൊടു ത്തില്ല........ നെല്ല് കിട്ടും കിട്ടും എന്ന് ഭാവിച്ച് സന്ധ്യവരെ ആ പാവപ്പെട്ട ചണ്ഡാലി അവിടെ കാത്തു നിന്നു. സന്ധ്യയായപ്പോൾ അതികലശലായ മഴ തുടങ്ങി....... വലിയ ഇരുട്ടും വന്നു...... വിശപ്പുകൊണ്ടും തണുപ്പുകൊണ്ടും പരവശയായി ത്തീർന്ന ആ ചണ്ഡാലി പിറ്റേദിവസം നേരം വെളുക്കുന്നതിനു മുമ്പായി അവിടെ കിടന്നുതന്നെ മരിച്ചു. ഇതു നിമിത്തം അതികഠിനമായ ദേവകോപം സംഭവിക്കുകയും പലവിധത്തിലുള്ള അനർത്ഥങ്ങൾ ഉണ്ടായിതുടങ്ങുകയും ചെയ്തു. ഈ ദോഷ ശാന്തിക്ക് ഊരാളന്മാരുടേയും കാരാളന്മാരുടേയും ഗൃഹത്തിൽ നിന്ന് ആണ്ടു തോറും ചിങ്ങമാസത്തിൽ തിരുവോണ ദിവസം ഉപവാസമായി ക്ഷേത്രത്തിൽ താമസിക്കുക..... അവർ ഇപ്പോഴും ആ പതിവിനെ ഭേദപ്പെടുത്തിയിട്ടില്ല....."

കോട്ടാരത്തിൽ ശങ്കുണ്ണി ഐതീഹമാല
അദ്ധ്യായം 60 (ആറന്മുള മാഹാത്മ്യം)

......ഒരിക്കൽ ആറന്മുള ക്ഷേത്രത്തിന്റെ അറ്റകുറ്റ പണിക്ക് ഏതാനും തടികൾ മുറിപ്പിച്ചുകൊണ്ടു വരുന്നതിനായി ദേവസ്വംവക കാര്യസ്ഥ ന്മാരിലൊരാൾ നാലഞ്ചു കൂലിവേലക്കാരോടുകൂടി സമീപത്തുള്ള നാരങ്ങാനം എന്നസ്ഥലത്തു പോയിരുന്നു. ആ വനത്തിൽ അക്കാലത്ത് എവിടെ നിന്നോ ഒരു വ്യാഘ്രം വന്നു ചേർന്നു. ആ കടുവ കാര്യസ്ഥനേയും ചിലകൂലിവേലക്കാരേയും പിടിച്ചുതിന്നു. ബാക്കി ഉണ്ടായിരുന്ന രണ്ടു വേലക്കാർ മരണഭീതിയോടു കൂടി ഓടി ഒരു വിധത്തിൽ ആറന്മുള മടങ്ങിയെത്തി...... ഈ വർത്തമാനങ്ങൾ എല്ലാം കേട്ടുകൊണ്ട് വലിയബാല കൃഷ്ണനും അവിടെ നിൽക്കുന്നുണ്ടായിരുന്നു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ വലിയബാലകൃഷ് ണൻ തുമ്പിക്കൈ കൊണ്ട് എന്തോ ഒരാംഗ്യം കാണിച്ചു കിഴക്കോട്ടുനടന്നു തുടങ്ങി...... ക്ഷണത്തിൽ നാരങ്ങാനം വനത്തിലെത്തി...... കാട് ആകപ്പാടെ ഒന്നിളക്കി. ഉടനേ കടുവ വലിയ ബാലകൃഷ്ണന്റെ നേരെ ചാടിചെന്നു. വലിയ ബാലകൃഷ്ണൻ കടുവയുടെ കാലും വാലും കൂട്ടിപ്പിടിച്ചെടുത്ത് ഒരുപാറപ്പുറത്ത് ഒരു അടി കൊടുത്തു. അതോടുകൂടി കടുവയുടെ കഥ കഴിഞ്ഞു........

–ഐതീഹ്യമാല അദ്ധ്യായം 103

(ആറന്മുള വലിയ ബാലകൃഷ്ണൻ)

നാരങ്ങാനത്തിന്റെ ഭാഗമായ കിഴക്കൻ പ്രദേശമാണ് കടമ്മനിട്ട. ഉയർന്നുനിൽക്കുന്ന ഒരു ഘോര വനപ്രദേശമായിരുന്നു ഇത്. ഇവിടെ ധാരാളമായി കണ്ടിരുന്നതിൽ ഒരു മുഖ്യ മൃഗമായിരുന്നു കടമാൻ. കടമാൻ തിട്ടയാണ് കടമ്മനിട്ടയായത് എന്നാണ് ഒരു സ്ഥലനാമകഥ. ഉയർന്ന വനപ്രദേശത്ത് കടന്നു താമസിച്ചവർ അതിനെ കടമെടുത്ത തിട്ട എന്ന് വിളിച്ചെന്നും കടമെടുത്ത തിട്ട കടമ്മനിട്ടയായി ലോപിച്ചു എന്നും മറ്റൊരു കഥ. ഇതുരണ്ടുമല്ല, കാടുതെളിച്ച് കുടിയേറിയവർ ഒരു ദേവീവിഗ്രഹം കണ്ടെടുത്തു എന്നും ദേവിയെ കാടമ്മ എന്നു വിളിച്ചു ഭക്ത്യാദരപൂർവ്വം ആരാധിക്കാൻതുടങ്ങി എന്നും കാടമ്മതിട്ട എന്നുപേരുവിളിച്ച സ്ഥലം കടമ്മനിട്ടയായി മാറി എന്നും മറ്റൊരു പക്ഷം. ഇന്നുള്ള കടമ്മനിട്ട ദേവീക്ഷേത്രം അന്നേ സ്ഥാപിതമായതാണത്രെ.

നാരകക്കാനമാണ് നാരങ്ങാനമായതെന്നും, നാരദഗാനം മുഴങ്ങിയിരുന്ന സ്ഥലമാണ് നാരങ്ങാനമായി മാറിയതെന്നും സ്ഥലനാമ പുരാണങ്ങളുണ്ട്.

ഈ ഐതിഹ്യങ്ങളെല്ലാം ഒത്തുചേർത്ത് സൂക്ഷ്മമായി പരിശോധിച്ചാൽ ഘോരവനങ്ങളും സമൃദ്ധമായ നെൽവയലുകളും സമരസപ്പെട്ടു കിടന്നിരുന്ന ഒരു സവിശേഷമായ അവസ്ഥയുടെ ചിത്രമാണ് തെളിയുക. ഈ സവിശേഷത നാരങ്ങാനത്തിന്റെ ഇന്നുള്ള ഭൂപ്രകൃതി നൽകുന്ന സൂചനകളുമായി കൃത്യമായി പൊരുത്തപ്പെടുന്നതാണ്. വളരെ പണ്ടേ രൂപപ്പെട്ടതെന്നു ബോദ്ധ്യപ്പെടുന്ന പാടശേഖരങ്ങളും അവയെ കോട്ടകൾ പോലെ സംരക്ഷിക്കുന്ന, ഒരു കാലത്ത് നിബിഡവനങ്ങൾ ആയിരുന്നു എന്നു വ്യക്തമായ 15 മലകളുമാണ് ഇവിടെയുള്ളത്. പമ്പാനദിയുടെ തീരത്തുനിന്ന് അൽപ്പം മാറി മലനാടിന്റെയും ഇടനാടിന്റെയും വിഭജനരേഖ എന്നവണ്ണം നിലകൊള്ളുന്ന നാരങ്ങാനം പുരാതനകാലം മുതൽ തന്നെ അയൽ പ്രദേശങ്ങൾക്കെല്ലാം ഭക്ഷ്യധാന്യങ്ങൾ നൽകിയിരുന്ന പ്രദേശമാണ്.

പ്രാചീനമായ ഒരു ധാരയിലാണ് ഇന്നും നാരങ്ങാനത്തിന്റെ ആചാരഅനുഷ്ടാനങ്ങളും സാംസ്ക്കാരികപ്രതീകങ്ങളും എന്നു കാണാം. ഊര് ആളിയിരുന്ന (നാടിന്റെ അധിപരായിരുന്ന) ഊരാളന്മാർ ഈനാട്ടിലെ പല അനുഷ്ഠാന കലകളിലും പ്രാമുഖ്യമുള്ളവരാണ്. അതേസമയം, നീതിനിഷേധിക്കപ്പെട്ടു ചത്തുവീഴുന്നവർ പ്രതികാരത്തിനായി ഉയിർത്തെഴുന്നേൽക്കുന്നു എന്നു സങ്കൽപ്പിക്കപ്പെടുന്ന മറുത, മാടൻ, അറുകൊല തുടങ്ങിയ സങ്കൽപ്പങ്ങളും അനുഷ്ഠാനകലകളിൽ കഥാപാത്രങ്ങൾ ആയിരിക്കുന്നു. അത്തരം അനുഷ്ഠാനകലകളിൽ മേൽ- കീഴ്ജാതി വ്യത്യാസങ്ങൾ കൂടാതെതന്നെ പങ്കാളിത്തം ഉണ്ടാകുന്നു. ശക്തമായ ജന്മി-കുടിയാൻ ബന്ധങ്ങൾ ഇവിടെ നില നിന്നിരുന്നു എന്ന് കരുതാം. തെറ്റു സംഭവിച്ചാൽ തിരുത്താനും ഉപവസിക്കാനും തയ്യാറായിരുന്ന ജന്മിമാരുടെ കഥയാണല്ലോ ആദ്യത്തെ ഐതിഹ്യത്തിൽ കാണുന്നത്. 1954 മുതൽ സജീവ ചർച്ചാവിഷയമായിരുന്ന് 57 ൽ നിയമമായ (മാറ്റങ്ങളോടെ എങ്കിലും നടപ്പിലാക്കാൻ വീണ്ടും 13 വർഷം വേണ്ടിവന്ന) ഭൂപരിഷ്ക്കരണം എത്രയോസ്ഥലങ്ങളിൽ സംഘർഷങ്ങളും രക്ത ചൊരിച്ചിലും ഉണ്ടാക്കിയപ്പോൾ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കുടിയാന്മാർക്ക് ഭൂമിവിട്ടു കൊടുക്കാൻ തയ്യാറായ ജന്മിമാരുടെ സമകാലീന ചരിത്രം സൗഹാർദ്ദത്തിന്റെ ഈ സാംസ്ക്കാരിക ധാരയിൽത്തന്നെയാണല്ലോ. നാരങ്ങാനത്തിന് ഒരു സമരചരിത്രമോ വിപ്ളവ ചരിത്രമോ ഇല്ലാത്തതിന്റെ ഒരുകാരണം ഇതാകാം.

## സാമൂഹ്യ പുരോഗതി

ഇപ്പറഞ്ഞതിന്റെ അർത്ഥം എല്ലാം തികഞ്ഞ സമത്വസുന്ദരമായ വ്യവസ്ഥിതി നാരങ്ങാനത്ത് സ്ഥാപിതമായിക്കഴിഞ്ഞിരുന്നു എന്നല്ല. ഒരു നൂറ്റാണ്ടിന് മുമ്പുണ്ടായിരുന്ന സമൂഹത്തിന്റെ ഭാഗം തന്നെയായിരുന്നു അന്നത്തെ നാരങ്ങാനവും. ജന്മിത്തവും കുടിയായ്മയും അയിത്തവുമൊക്കെ ഇവിടെയും നിലനിന്നിരുന്നു. അയിത്തം അതിന്റെ എല്ലാ മ്ലേച്ഛതയിലും ഭീകരതയിലുമാണ് ഇവിടെ ആചരിക്കപ്പെട്ടിരുന്നത്. പട്ടാപ്പകൽ 11 മണി സമയത്ത്, മൃഗങ്ങളുടെ ശബ്ദം പുറപ്പെടുവിച്ച് ശ്രദ്ധ ആകർഷിക്കാൻ മറന്നുപോയ ഒരു പിന്നോക്കക്കാരൻ തൊട്ടുമുന്നിൽപ്പെട്ടുപോയതു മൂലം തീണ്ടൽ സംഭവിച്ച ഒരു മേൽജാതിക്കാരൻ, കൈവശം ഉണ്ടായിരുന്ന പൊതിച്ച തേങ്ങകൊണ്ട് അവന്റെ തലക്കടിച്ച് തലപൊട്ടിച്ചു താഴെയിട്ട സംഭവത്തിന് ദൃക്സാക്ഷിയായ തന്റെ വലിയമ്മ ആ അനുഭവം പങ്കുവച്ചത് ഒരു ഉദാഹരണം എന്ന നിലയിൽ ഇന്നും ഒരാൾ ഓർമ്മിക്കുന്നു. അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായവും ഈ വ്യവസ്ഥക്ക് അനുഗുണമായിരുന്നു. വാക്യം, പരപ്പേറ്, സിദ്ധരൂപം, അമരകോശം എന്നിങ്ങനെ ക്രമത്തിൽ

സംസ്കൃതവ്യുൽപ്പത്തി നൽകുന്നതായിരുന്നു വിദ്യ ഗണിതശാസ്ത്രത്തിൽ കാൽ, അരക്കാൽ, മാഹാണി, മുണ്ടാണി........ എന്നിങ്ങനെ ഉരുവിട്ടു പോകുന്ന ക്രമം. അദ്ധ്വാനം കൊണ്ട് മണ്ണിനെ പൊന്ന് വിളയുന്ന ഭൂമിയാക്കിക്കൊണ്ടിരുന്നവർക്ക് ഈ വിദ്യ അപ്രാപ്യമായിരുന്നു. വിദ്യ നേടാൻ തുനിഞ്ഞിറങ്ങുന്ന അധഃസ്ഥിതരെ - അങ്ങനെ ആരെങ്കിലും ചെയ്താൽ ഗുരുവിന്റെ ഗൃഹാങ്കണത്തിൽ തീണ്ടാപ്പാടകലേ കെട്ടിയ തണലിലിരുത്തി ഇറയത്ത് നിന്നും ഗുരു വിദ്യ വിളിച്ചു പറഞ്ഞു കൊടുത്തിരുന്നു. തെറ്റുകൾക്കും മറവിക്കും മനസിലാകായ്കയ്ക്കുമുള്ള ശിക്ഷ, ഇറയത്തുനിന്നു കൊണ്ട് കുറുവടി കൊണ്ട് നൽകുന്ന ഏറ്! അടുത്തുചെന്ന് പഠിപ്പിച്ചും ശിക്ഷിച്ചും തീണ്ടൽ വരുത്തിവയ്ക്കരുതല്ലോ.

എന്നാൽ പ്രൈമറിസ്ക്കുളുകൾ സ്ഥാപിതമായി ഒരുമിച്ചിരുന്നു പഠിക്കുന്നതിനുള്ള സാഹചര്യം ഒരുങ്ങിയതോടെ വെളിച്ചത്തിന്റെ നേരിയ കിരണങ്ങൾ മനസുകളിലേക്കുകടന്നു. അതിന്റെ ഫലമായി സ്വാഭാവികനീതി എന്നുകരുതിയിരുന്ന പഴയ വ്യവസ്ഥിതിയുടെ അധാർമ്മികത തിരിച്ചറിഞ്ഞു സ്വാഭാവികമായിത്തന്നെ തിരുത്തുന്നതിനു തയ്യാറായവരുണ്ടായിരുന്നു. അവിടന്നിങ്ങോട്ട് കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ വമ്പിച്ചമാറ്റങ്ങളാണ് ഈ ഗ്രാമത്തിൽ സംഭവിച്ചിട്ടുള്ളത്.

## തിരുവതാംകൂർ-തിരു-കൊച്ചി-കേരള ചരിത്രപശ്ചാത്തലത്തിൽ.

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ നാരങ്ങാനത്ത് മനുഷ്യാധിവാസം ഉണ്ടായിരുന്നു. പന്തളത്തുരാജാവിന്റെ അധീശതയിൽ ആയിരുന്ന ഈ ഭൂപ്രദേശം രണ്ടു സ്ത്രീകൾക്കായി പതിച്ച് കൊടുത്തതോടെയാണ് ഇവിടെ അധിവാസം ആരംഭിച്ചതെന്നും രാജാവ് ഈ ദേശത്തിന്റെ മേൽനോട്ടം പറപ്പെട്ടിമില്ലക്കാർ, കോട്ടയം പറമ്പിൽ മില്ലക്കാർ എന്നിവരെയാണ് എൽപ്പിച്ചതെന്നും പറയപ്പെടുന്നു. (മില്ലക്കാർ എന്നാൽ റവന്യു ഉദ്യോഗം കൽപ്പിച്ചു നൽകപ്പെട്ടിരുന്ന കുടുംബക്കാർ എന്നർത്ഥം) മാർത്താണ്ഡവർമ്മ മഹാരാജാവ് നടത്തിയ തിരുവിതാംകൂർ സംയോജനത്തിലൂടെ നാരങ്ങാനം ഉൾപ്പെടുന്ന പന്തളം രാജ്യം തിരുവിതാംകൂറിന്റെ ഭാഗമായി ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ഭരണത്തിൻകീഴിൽ -കൊല്ലവർഷം 1060 മുതൽ 1080 വരെ (എ.ഡി. 1885-1905) നടന്ന കഡസ്ട്രൽ സർവ്വേക്ക് മുമ്പ് നാരങ്ങാനം പ്രദേശം കൊല്ലം ഡിവിഷനിൽ ചെങ്ങന്നൂർ താലൂക്കിൽ കുമ്പഴ പകുതിയിൽ ഉൾപ്പെട്ടതായിരുന്നു. (വില്ലേജ് എന്ന സാങ്കേതിക അർത്ഥത്തിൽ പ്രയോഗിച്ചിരുന്ന പദമാണ് പകുതി) അന്ന് തിരുവതാം കൂറിൽ തിരുവനന്തപുരം, കൊല്ലം കോട്ടയം എന്നിങ്ങനെ മൂന്നു ഡിവിഷനുകൾ ഡിവിഷൻ പേഷ്ക്കാരന്മാരുടെ ഭരണ മേൽ നോട്ടത്തിൽ നിലവിലുണ്ടായിരുന്നു.ഇടക്ക് അയിരൂർ പ്രവൃത്തിയിലേക്ക് ഉൾപ്പെടുത്തപ്പെട്ട നാരങ്ങാനം കൊല്ലവർഷം 1080 മുതൽ കൊല്ലം ഡിവിഷനിൽ പത്തനംതിട്ട താലൂക്കിൽ ചെറുകോൽ പകുതി യിലും ഉൾപ്പെട്ടു.

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്തുതന്നെ(1885-1924)തിരുവിതാംകൂർ അസംബ്ളി സ്ഥാപിക്കപ്പെട്ടിരുന്നു. അന്നു ചെങ്ങന്നൂർ-പത്തനംതിട്ട താലൂക്കുകൾ ഉൾപ്പെടുന്ന മേഖലയ്ക്കു മുഴുവനായി ഒരു അസംബ്ളി പ്രതിനിധിയായിരുന്നു. എന്നാൽ ഒരു വിധത്തിലും ഇന്നത്തെ സങ്കല്പത്തിലുള്ള ജനപ്രതിനിധി ആയിരുന്നില്ല അന്നത്തേത്. ഭൂസ്വത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ പ്രമാണിമാർ എന്ന് അംഗീകരിക്കപ്പെട്ടിരുന്നവരുടെ പ്രാതിനിധ്യമാണ് ഉണ്ടായിരുന്നത്. പ്രസ്തുത അസംബ്ളിയിൽ ചെങ്ങന്നൂർ-പത്തനംതിട്ടയുടെ ആദ്യത്തെ പ്രതിനിധി ശ്രീ. എം.ആർ. മാധവവാര്യർ ആയിരുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവ് അനന്തരാവകാശികളില്ലാതെ നാടുനീങ്ങിയപ്പോൾ ലക്ഷ്മീഭായി, പാർവ്വതീഭായി എന്നീ രണ്ടു റാണിമാരെ രാജകുടുംബം ദത്തെടുത്തു. റീജന്റ് ആയി റാണി ലക്ഷ്മീഭായി ഭരിച്ചതിനെ തുടർന്ന് റാണിപാർവ്വതീഭായിയുടെ മകൻ ശ്രീചിത്തിര തിരുനാൾ ചെറുപ്പത്തിൽ തന്നെ മഹാരാജാവായി. അദ്ദേഹത്തിന്റെ ഉപദേഷ്ടാവും ദിവാനുമായി സർ സി. പി. രാമസ്വാമി അയ്യർ നിയമിതനായി.

ശ്രീചിത്തരയുടെ കാലത്ത് ശ്രീമൂലം അസംബ്ലി, ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിൽ എന്നിങ്ങനെ രണ്ടു മണ്ഡലങ്ങളുള്ള പ്രതിനിധി സഭ രൂപീകരിച്ചു എന്നാൽ നികുതിയുടെ അടിസ്ഥാനത്തിൽ പ്രാതിനിധ്യം എന്ന സമ്പ്രദായത്തിന് യാതൊരുമാറ്റവും ഉണ്ടായില്ല. അതിനാൽ ഈഴവ, ക്രിസ്ത്യൻ, പിന്നോക്കവിഭാഗങ്ങൾക്കൊന്നും ഭരണപരമായകാര്യങ്ങളിൽ യാതൊരു അഭിപ്രായ പ്രകടനവും സാദ്ധ്യമല്ലാതെ വന്നു. ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് ജനസംഖ്യാ ആനുപാതികമായ സാമുദായിക പ്രാതിനിധ്യം എന്ന മുദ്രാവാക്യവുമായി ഈഴവ, ക്രിസ്ത്യൻ-മുസ്ളിം സമുദായക്കാർ

ഒരുമിച്ച് ജോയിൻഡ് പോളിറ്റിക്കൽ കോൺഗ്രസ് രുപീകരിക്കുകയും അസംബ്ലിയിലേക്ക് ഈ മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് സീറ്റ് സംവരണം നേടിയെടുക്കുകയും ചെയ്തു. ജോയിൻഡ് പോളിറ്റക്കൽ കോൺഗ്രസ് 1936-ലെ തെരഞ്ഞെടുപ്പിൽ ഭുരിപക്ഷം നേടുകയും അതിന്റെ നേതാവ് ശ്രീ റ്റി.എം. വറുഗീസ് ശ്രീമൂലം അസംബ്ലിയുടെ ഡപ്യൂട്ടി പ്രസിഡന്റ് ആകുകയും ചെയ്തു. തിരുവിതാംകൂർ ചരിത്രത്തിൽ ഒരു ജനപ്രതിനിധിക്ക് സഭയിൽ നേതൃസ്ഥാനം ലഭിക്കു ന്നതപ്പോഴാണ്. അപ്പോഴേക്കും പ്രധാനമായും സർ. സി.പി. യുടെ സ്വേച്ഛാധിപത്യ പ്രവണതകൾക്ക് എതിരായി ഉത്തരവാദ പ്രക്ഷോഭണം ശക്തി പ്രാപിക്കാൻ തുടങ്ങിയിരുന്നു. സ്റ്റേറ്റ്കോൺഗ്രസ് രൂപം കൊണ്ടു. തിരുവിതാംകൂർ അന്ന് ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമല്ലാത്തതിനാൽ ബ്രിട്ടീഷ് ഇന്ത്യയിൽ നടന്ന സ്വാതന്ത്ര്യസമരം അതേ രൂപത്തിൽ ഇവിടെ പ്രസക്തമായിരുന്നില്ല. എന്നാൽ അതിനുസമാന്തരമായി വളർന്നുവന്ന ജനാധിപത്യ സ്വാതന്ത്ര്യ പ്രസ്ഥാനമാണ് ഉത്തരവാദഭരണം നയിച്ച സ്റ്റേറ്റ് കോൺഗ്രസ്. ആ പ്രക്ഷോഭം നടന്നുകൊണ്ടിരിക്കെയാണ് കേരള ക്രൈസ്തവ സേവാസമിതി സംഘടിപ്പിച്ച സമ്മേളനത്തിൽ സ്റ്റേറ്റ്കോൺഗ്രസ് നേതാവായ ശ്രീ. സി. കേശവൻ വിഖ്യാതമായ കോഴഞ്ചേരി പ്രസംഗം നടത്തിയത്. കോഴഞ്ചേരി പ്രസംഗത്തെതുടർന്ന് സി. കേശവൻ 2 വർഷത്തെ തടവിന് വിധിയ്ക്കപ്പെട്ടു. ജയിൽ മോചിതനായി വന്നപ്പോൾ അദ്ദേഹത്തിന് തിരുവിതാംകൂറിന്റെ സ്വാഗതം ആശംസിച്ചതിന്റെ പേരിൽ ശ്രീ. റ്റി. എം. വർഗീസിനെ ഡപ്യൂട്ടി പ്രസിഡന്റ് സ്ഥാനത്തുനിന്നും ദിവാൻ മാറ്റി. അദേഹം തന്നെ ഉത്തരവാദ ഭരണം ആവശ്യപ്പെടുന്ന പ്രമേയം അസംബ്ലിയിൽ അവതരിപ്പിക്കുകയും ഉത്തരവാദപ്രക്ഷോഭം രൂക്ഷമാകുകയും ചെയ്തു. പ്രസ്തുതപ്രമേയം പാസായില്ല എന്നുമാത്രമല്ല സ്റ്റേറ്റ്കോൺഗ്രസ നിരോധിക്കുകയും ചെയ്തു.

സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രാദേശികസഭ നാരങ്ങാനത്ത് 1933 -ൽ തന്നെ വിളിച്ച്ചേർക്കപ്പെട്ടു. ശ്രീ. എൻ.ജീ. ചാക്കോ, മേമുറിയിൽ ശ്രീ. എം. റ്റി. ജോർജ്, മണ്ണിൽ ശ്രീ. എം. റ്റി. കോശി , കരുണാലയത്തിൽ ശ്രീ. കരുണാകരൻ തുടങ്ങിയവരാണ് സ്റ്റേറ്റ്കോൺഗ്രസ് സംഘടിപ്പിക്കുന്നതിനും വിദ്യർത്ഥി സമരങ്ങൾ നടത്തുന്നതിനും നേതൃത്വം നൽകിയത്. സ്റ്റേറ്റ്കോൺഗ്രസിന് എതിരായ നിരോധനം ലംഘിച്ച് 1112ൽ (എ.ഡി. 1937) വട്ടിയൂർക്കാവിൽ ശ്രീമതി അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ നടത്തിയ ജാഥയിലും സമ്മേളനത്തിലും പങ്കെടുക്കുന്നതിന് നാരങ്ങാനത്തുനിന്നും തോന്ന്യാമല എഴിപ്പുരയിൽ ശ്രീ. സ്ക്കറിയാ, ഞാലിപ്പറമ്പിൽ ശ്രീ. പി. റ്റി. സ്ക്കറിയാ, തെള്ളീരേത്ത് പുത്തൻ വീട്ടിൽ ശ്രീ. ഫിലിപ്പ് എന്നിവർ പങ്കെടുത്തു. ഉത്തരവാദഭരണ പ്രക്ഷോഭം പുന്നപ്രവയലാർ സമരങ്ങളിലൂടെ ഒരു പുതിയമുഖം ആർജ്ജിച്ചു. എന്നാൽ ദിവാൻ കൂടുതൽ കൂടുതൽ അധികാരപ്രമത്തമായ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഒടുവിൽ ഇൻഡ്യ ബ്രിട്ടിഷു കാരിൽ നിന്നും സ്വാതന്ത്യം നേടിയാലും തിരുവിതാംകൂറിൽ ഒരു സ്വതന്ത്രഭരണകൂടമായിരിക്കും നിലവിൽ വരിക എന്ന പ്രകോപനപരമായ പ്രസ്താവനയെത്തുടർന്ന് 1947 -ൽ അദ്ദേഹത്തിന് വെട്ടേറ്റു. തിരുവിതാംകൂറിനേയും ഇൻഡ്യൻ യൂണിയനിൽ ഉൾപ്പെടുത്തണമെന്ന് ശ്രീ. ചിത്തിരതിരുന്നാൾ മഹാരാജാവും രാഷ്ട്രീയപാർട്ടികളും ആവശ്യപ്പെടുകയും 1947-ൽ ഉത്തരവാദിത്ത ഭരണം അനുവദിക്കുകയും ചെയ്തു. അതോടെ 108 നിയോജകമണ്ഡല ങ്ങളിലായി തിരുവതാംകൂറിൽ തെരഞ്ഞെടുപ്പു നടത്തുകയും തുടർന്ന് പട്ടംതാണുപിള്ള പ്രധാന മന്ത്രിയായിക്കൊണ്ട് തിരുവിതാംകൂറിൽ ആദ്യത്തെ ജനകീയ സർക്കാർ നിലവിൽ വരികയും ചെയ്തു. അന്നു നാരങ്ങാനം ഉൾപ്പെട്ട നിയജകമണ്ടലം റാന്നി യായിരുന്നു. പുളിന്തിട്ടയിൽ ശ്രീ. പി. സി. ജോർജ്, പിന്നോക്ക സംവരണപ്രകാരം ശ്രീ. കെ. രാമചന്ദ്രൻ ആചാരി എന്നിവരാണ് ആതെരഞ്ഞെടുപ്പിൽ വിജയിച്ച് റാന്നിയെ പ്രതിനിധീകരിച്ചത്. (സംവരണ സീറ്റുകൾ ദ്വയാംഗ മണ്ഡലങ്ങളായി നിലവി ലിരുന്നു) പട്ടംതാണുപിള്ള മന്ത്രിസഭ ചിലമാസങ്ങക്കകം തന്നെ അധികാരം വടം വലിമൂലം രാജിവയ്ക്കേണ്ടി വരികയും ശ്രീ. പറവൂർ ടി. കെ. നാരായണ പിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വരികയും ചെയിതും 1949-ൽ തിരു-കൊച്ചി സംസ്ഥാനം രൂപം കോള്ളുകയുണ്ടായി. തുടർന്നെ നിയോജകമണ്ഡലങ്ങൾ പുനഃസംവിധാനം ചെയിതതോടെ നാരങ്ങാനം, ഓമല്ലൂർ നിയോജക മണ്ഡലത്തിലായി. ആദ്യമായി തിരു-കൊച്ചി സംസ്ഥാനത്ത് നടന്നപോതു തെരഞ്ഞെടുപ്പിൽ (1951) ഓമല്ലൂർ നിയോജകമണ്ഡലത്തേ പ്രതിനിധീകരിച്ച എം.എൽ.എ നാരങ്ങാനം പഞ്ചായത്തുകാരനായ ശ്രീ. പരീത്റാവുത്തർ ആയിരുന്നു. 1954-ൽ നടന്ന തെരഞ്ഞെടുപ്പിൽ നാരങ്ങാനം പഞ്ചായിത്തു പ്രസിഡന്റ് കൂടിയായിരുന്ന ശ്രീ. എൻ. ജി. ചാക്കോ ഓമല്ലൂരിൽനിന്നും വിജയിച്ചു.

സ്വതന്ത്ര ഇൻഡ്യയിൽ ആദ്യമായിനടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ (1951) ഈ പഞ്ചായത്തുപ്രദേശം തിരുവല്ലാ പാർലമെന്റ് നിയോജകമണ്ഡലത്തിലായിരുന്നു. ചങ്ങനാശ്ശേരി, തിരുവല്ല, പത്തനംതിട്ട താലൂക്കുകളാണ് അന്ന് തിരുവല്ല മണ്ഡലത്തിൽപ്പെട്ടിരുന്നത്. ആദ്യ എം.പി. തിരുവല്ല ചാലാക്കുഴിയിൽ ശ്രീ. സി. പി. മാത്തൻ ആയിരുന്നു. ഇതുവരെയായി ഈപ്രദേശത്തെ പ്രതിനിധീകരച്ചിട്ടുള്ള എല്ലാ എം. എൽ. എ. മാരുടേയും എം. പി. മാരടേയും പേരുവിവരങ്ങൾ താഴ്ക്കൊടുത്തിരിക്കുന്നു.

## ഭരണപരമായചരിത്രം

ശ്രീമൂലം തിരുന്നാൾ മഹാരാജാവിന്റ് ഭരണത്തിൻ കാഴിൽ കൊല്ലവർഷം 1060 – തു മുതൽ 1080 വരെ (എ.ഡി1885-1905) നടന്ന കഡസ്ട്രൽ സർവ്വേക്ക് മുമ്പ് നാരങ്ങാനം പ്രദേശം കൊല്ലം ഡിവിഷനിൽ ചെങ്ങന്നൂർ താലൂക്കിൽ കുമ്പഴ പകുതിയിൽ ഉൾപ്പെട്ടിരുന്നു. കൊല്ലവർഷം 1080 മവുതൽ അയിരൂർ പ്രവൃത്തിയിൽ ചെറുകോൽ പകുതിയിൽ ഉൾപ്പെട്ടു. (വില്ലേജ് എന്ന സാങ്കേതിക അർത്ഥത്തിൽ പ്രയോഗിച്ചിരുന്ന പദങ്ങളാണ് പകുതി, പ്രവൃത്തി എന്നിവ) ചെറുകോൽ പകുതിയുടെ ആസ്ഥാനം നാരങ്ങാനം മഠത്തിൽ പടിക്ക് സമീപമായിരുന്നു.

## വില്ലേജ് യൂണിയൻ

ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് സർ.സി.പി രാമസ്വാമി അയ്യർ ദിവാനായിരിക്കെ പ്രവർത്തികൾ പകുതികൾക്കായി വില്ലേജ് യൂണിയനുകൾ (പ്രാദേശീകഭരണ സമിതികൾ) രൂപീകരിച്ചു. അന്നു നാരങ്ങാനം ഉൾപ്പെടെ ചെറുകോൽ വില്ലേജ്യൂണിയൻ ആയിരുന്നു. വില്ലേജ് യൂണിയന്റെ ആസ്ഥാനം നാരങ്ങാനം നോർത്തിലായിരുന്നു. വില്ലേജ് യൂണിയൻ ഭരണ സമിതിയിൽ ഒരു രൂപ കരം അടക്കാനുള്ള ഭൂസ്വത്ത് അഥവാ ബി. എ. ബിരുദം ഉള്ളവർക്കായിരുന്നു വോട്ടവകാശം. അങ്ങനെ യുള്ളവരുടെ യോഗം വിളിച്ചുകൂട്ടി യോഗത്തിൽ വച്ച് പേരു നിർദേശിച്ച് വേണ്ടതിലധികം സ്ഥാനാർത്ഥികളുള്ള പക്ഷം കൈപോക്കിയായി രുന്നു വോട്ടു ചെയ്തിരുന്നത്. ചെറുകോൽ വില്ലേജ് യൂണിയൻ നാരങ്ങാനം- കടമ്മനിട്ട കരകളെ പ്രതിനിധീകരിച്ചി രുന്നത് കടമ്മനിട്ട അച്ചൻ എന്നറിയ പ്പെട്ടിരുന്ന റവ. ഫാ. പി. സി. വർഗീസ്, ശ്രീമാൻമാരായ പുളിമൂട്ടിൽ എൻ. കൃഷണൻ വൈദ്യർ, നെടിയകാലായിൽ തോമസ് മത്തായി, നെടുമണ്ണിൽ എൻ. പി. തോമസ് ബി. എ. എൽ. റ്റി. വി.എസ്സ് രാമകൃഷണ്ണപണിക്കർ, അരീക്കൽ തമ്പി എന്നിവരാണ്.

## വില്ലേജ് അപ്ലിഫ്റ്റ് സെന്റർ

തിരു-കൊച്ചി സംസ്ഥാന രൂപീകരണത്തിനു ശേഷം സഹോദരൻ ആയ്യപ്പൻ ഗ്രാമവികസന വകുപ്പ് മന്ത്രിയായിരക്കെ വില്ലേജ് അപ്ലിഫ്റ്റ് സെന്റർ എന്ന ഒരു ഭരണ പരിഷ്ക്കാരം സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഗ്രാമവികസന പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനുള്ള ഗ്രാമതല കേന്ദ്രമായി രുന്നു വില്ലേജ് അപ്ലിഫ്റ്റ് സെന്ററിനേയും അതിലൂടെ വിഭാവന ചെയ്തത്. നാരങ്ങാനം നോർത്തിൽ സ്ഥാപിക്കാൻ കഴിയും വിധം ജനങ്ങളിൽ നിന്ന് പിരിവെടുത്ത് 50 സെന്റു സ്ഥലം അവിടെ വാങ്ങുകയുണ്ടായി. എന്നാൽ ചിലനീക്കങ്ങളുടെ ഫലമായി അത് അനുവദിക്ക പ്പെട്ടത് വയലത്തലയായിരുന്നു. നിശ്ചയിക്കപ്പെട്ട സ്ഥലമാകട്ടെ ഒരു കുന്നിന്റെ മുകളിൽ തീർത്തതും അസൗകര്യമായ സ്ഥാനത്തും. തീരുമാനത്തിന്റെ അനൗചിത്യം മന്ത്രിയെത്തന്നെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞതിന്റെ ഫലമായി ആസ്ഥാനം നാരങ്ങാനം തന്നെയാക്കി. എന്നാൽ പഞ്ചായത്തുകൾ രുപീ കരിക്കുന്നതിനുള്ള തീരുമാനം പ്രഖ്യാപിച്ച തോടെവില്ലേജ് അപ്ലിഫ്റ്റ് സെന്റർ നാരങ്ങാനത്ത് സ്ഥാപിക്കേണ്ടതില്ല എന്ന സ്റ്റേ സർക്കാരിൽ നിന്നു തന്നെ ചിലർ നേടുകയാൽ ഈ പഞ്ചായത്തിൽ പ്രസ്തുത സംവിധാനം പ്രവർത്തിച്ചതേയില്ല.

## പഞ്ചായത്ത് രൂപീകരണം

അപ്പോഴേക്കും ശ്രീ.പറവൂർ റ്റി.കെ.യുടെ ഭരണ കാലത്ത് തന്നെ തിരു-കൊച്ചിയിൽ പഞ്ചാ യത്തു മന്ത്രിയായി. പഞ്ചായത്തു രൂപീകരണം സംബന്ധിച്ച തീരുമാനങ്ങൾ എം.എൽ.എ, മാരായ ശ്രീമാൻമാരായ പി.സി.ജോർജ്,വി.കെ.വർഗീസ്, മന്നത്തു പത്മനാഭൻ ,രാമചന്ദ്രനാചാരി, തഴത്തില്ലത്ത് മത്തായികുഞ്ഞ് തുങ്ങിയവരെ കണ്ടു നിവേദനം നൽകുകയും ആവശ്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്തത് വില്ലേജ് യൂണിയൻ അംഗങ്ങളും ശ്രീമാൻമാരായ നിരന്നകാലായിൽ ചാക്കോ ഗീവർഗീസ്, കിഴക്കേ വളഞ്ഞിലേത്ത് കാദിയാർ റാവുത്തർ, മണ്ണാറത്ത്

കൃഷ്ണപിള്ള, നെടിയപറമ്പിൽ എൻ.സി.തോമസ്സ്, അഡ്വ: എൻ.ജി.ചാക്കോ തുടങ്ങിവരും ചേർന്നാണ്. അന്നു വില്ലേജ് ഓഫീസരായിരുന്ന കീക്കൊഴൂർ മണ്ണായിക്കൽ ശ്രി തോമസും പഞ്ചായത്തു രൂപീകരണത്തിൽ വളരെ സഹായകരമായ നിലപാടെടുത്തു. അങ്ങനെ കേരള സംസ്ഥാനത്തു പഞ്ചായത്തുകൾ നിലവിൽ വന്ന 1953 ആഗസ്റ്റ് 15 നു 7 വാർഡുകളോട് നാരങ്ങാനം പഞ്ചായത്തു നിലവിൽ വന്നു. ആദ്യ പഞ്ചായത്തിൽ അംഗങ്ങളായവർ താഴ്പറയുന്നവരാണ് .

വാർഡ്

1 ശ്രീ പി.ജി. പത്മനാഭപിള്ള, പുതുപറമ്പിൽ

2. അഡ്വ: എൻ. ജി. ചാക്കോ ബി. എ. ബി. എൽ. (പ്രസിഡന്റ്)

3. ശ്രീ എം. എ മാത്തുണ്ണി, മടുക്കനാക്കുഴി

4. ശ്രീ കോല്ലമ്പറമ്പിൽ നാണുപിള്ള

5. ശ്രീ കെ. കെ. വാസുപ്പണിക്കർ, കിഴവറ

6. ശ്രീ റ്റി. ആർ. നാരായണൻ നായർ, വടക്കത്തറപുത്തൻവീട് (വൈസ്പ്രസിഡന്റ്)

7. ശ്രീ കെ. എം. ജോർജ്ജ് കുളത്തൂർ

അക്കാലത്തു പഞ്ചായത്തു മെമ്പർമാർക്ക് അലവൻസോ മറ്റ് എന്ത് എങ്കിലും ആനുകൂല്ല്യങ്ങളോ ഉണ്ടായിരുന്നില്ല. ആലുങ്കലുള്ള കണ്ടൻ കുളത്ത് കെട്ടിടത്തിന്റെ വടക്കേ മുറിയിലായിരുന്നു ഓഫീസ്പ്രവർത്തനം. ആദ്യ പഞ്ചായത്തിന്റെയും കാലാവധി 5 വർഷംമായി രുന്നു എങ്കിലും 10 വർഷം ഭരണത്തിൽ ഇരുന്നു. തുടർന്നുള്ള ഭരണസമതി കളിവൽ താഴെ പറയുന്നവർ ഉൾപ്പെട്ടി രുന്നു .

| പഞ്ചായത്ത് ടേം | വർഷം | ആകെ വാർഡുകൾ | അംഗങ്ങൾ |
|---|---|---|---|
| 2 | | 8 | അഡ്വ:. എൻ. ജി. ചാക്കോ.<br>ശ്രീ ടി. ജി. മാധവൻപിള്ള<br>ശ്രീ ടി. എസ്സ്. നാരായണൻ<br>ശ്രീ കെ. കെ. കുഞ്ഞുചെറുക്കൻ<br>അഡ്വ: എം. എം. ശമുവേൽ<br>ശ്രീ എ. റ്റി. ജോർജ്ജ്<br>ശ്രീ പരീത് റാവുത്തർ<br>ശ്രീ വി. എസ്സ്. ശിവശങ്കരപിള്ള<br>ശ്രീമതി സൂസമ്മ കോശി ബി. എ. എൽ. റ്റി.<br>ശ്രീമതി മറിയാമ്മ ജോർജ്ജ് |
| 3. | | 9 | അഡ്വ:. എൻ. ജി. ചാക്കോ.<br>ശ്രീ എ. റ്റി. ജോർജ്ജ് അഞ്ചാനി<br>ശ്രീ കെ. കെ സോമനാഥൻ<br>ശ്രീ പി. എസ് രാഘവൻനായർ<br>ശ്രീ പി. ടി തോമസ്<br>ശ്രീ കെ. എം ജോർജ്<br>ശ്രീ കെ പി പരമേശ്വരൻപിള്ള<br>ശ്രീ കുഞ്ഞുകുഞ്ഞ്<br>ശ്രീമതി കെ.എൽ പത്മകുമാരി |
| 4 | | 9 | അഡ്വ:. എൻ. ജി. ചാക്കോ. |

ശ്രീ.കെ.ആർ രാധാകൃഷ്ണൻ നായർ
ശ്രീ മാത്യു മത്തായി
ശ്രീമതി കമലമ്മ രവീന്ദ്രൻ നായർ
ശ്രീ എൻ.പി ഗോപാലകൃഷ്ണൻ നായർ
ശ്രീ ഏബ്രഹാം ഏബ്രഹാം
ശ്രീ വി.കെ പുരുഷോത്തമൻപിള്ള
ശ്രീമതി ലിസി ശമുവേൽ

ഇപ്പോൾ അഞ്ചാമത്തെ പഞ്ചായത്തുകമ്മറ്റിയാണു നിലവിൽഉള്ളത് രണ്ടാം പഞ്ചായത്തിലാണ് ആദ്യമായി പട്ടികജാതി - വനിതാ സംവരണങ്ങൾ ഏർപ്പടുത്തിയത്. അംഗങ്ങൾക്ക് അലവൻസ് ഏർപ്പെടുത്തിയതും അക്കാലത്താണ്. ആദ്യ പട്ടികജാതി അംഗം ശ്രീ കെ. കെ കുഞ്ഞുചെറുക്കൻ (കന്നിടം കുഴി) ആയിരുന്നു. ആദ്യ വനിതാ അംഗത്ത് നോമിനേറ്റു ചെയ്യുകയായിരുന്നു. മണ്ണിൽ ശ്രീമതി സൂസമ്മകോശിയെ ആദ്യം നോമിനേറ്റ് ചെയിതു എങ്കിലും അദ്ധ്യാപകർ പഞ്ചായത്ത്അംഗം ആകാൻ പാടില്ല എന്ന നിയമവ്യവസ്തയെ തുടർന്ന് അവർ രാജിവയ്ക്കുകയും മുളക്കൽ ശ്രീമതി മറിയാമ്മ ജോർജ് പകരം നോമിനേറ്റു ചെയ്യപ്പെടുകയും ചെയിതു.

## വില്ലേജ് രൂപീകരണം

1954-ൽ തിരു-കൊച്ചി മുഖ്യമന്ത്രിയായ പനമ്പിള്ളിയുടെ ഭരണകാലത്ത് താലൂക്കുകളും വില്ലേജുകളും പുനർ വിഭജനം നടത്തുന്നതിനായി ഒരു പുനഃസംഘടനാ സമതിയേ നിയമിച്ചു. ശ്രീ കെ. എം. കോര പ്രതസ്തുതസമതിയുടെ ചെയർമ്മാനും, അസി. പേഷ്ക്കാർ (ഇന്നത്തേ ആർ. ഡി. ഒ. ക്ക്തുല്ല്യമായ പദവി) ശ്രീ. പത്മനാഭഅയ്യർ സെക്രട്ടറിയും ആയിരുന്നു. അന്ന് എം. എൽ. എ. കൂടിയായ അഡ്വ:. എൻ. ജി. ചാക്കോ യുടെ നേതൃത്ത്വത്തിൽ നാരങ്ങാനം വില്ലേജ് ആക്കണം എന്ന ആവശ്യം സമിതിമുമ്പാകെ ഉന്നയിച്ചു നേടിഎടുത്തു. സമതിയുടെ നിർദേശങ്ങൾ നടപ്പിലായത് പനമ്പിള്ളി മന്ത്രിസഭയുടെ പതനത്തിനു നിയമസഭയുടെ പിരിച്ചുവിടലിനു ശേഷം രാഷ്ട്രപതി ഭരണകാലത്താണ്. കേരളം ഉൾപ്പെടെ ഭാഷാ സംസ്ഥാനങ്ങൾ നിലവിൽ വന്നദിവസം തന്നെ വില്ലേജുകളുടെ പുനസംഘടനയും നിലവിൽ വന്നു. അതിൻപ്രകാരം 1956 നവംബർ 1 നാണ് നാരങ്ങാനം വില്ലേജ് ആയി ത്തീർന്നത്.

ചെറുകോൽ പകുതി ആയിരുന്നകാലത്തും നാരങ്ങാനം വില്ലേജ് നിലവിൽ വന്നതിന് ശേഷവും ഇവിടെ പ്രവർത്തിയാർ / വില്ലേജ് ഓഫീസർമാർ ആയിരുന്നവരിൽ മിക്കവരും ഈപഞ്ചായത്ത് സ്വദേശികൾ തന്നേ ആയിരുന്നു എന്നതെ ശ്രദ്ധേയമാണ് ശ്രീമാൻമാർ ആയ കാനാട്ടേത്ത് കൃഷ്ണപിള്ള, ജോർജ്ജ് സി. ചെറിയാൻ, പി. റ്റി. ജോർജ്ജ് എന്നിവർ ചെറുകോൽ പകുതിയായിരുന്നകാലത്തും, ശ്രിമാന്മാരായ എം. ആർ. പരമേശ്വരൻ നായർ, സി. എം. കോശി എന്നിവർ നാരങ്ങാനം വില്ലേജ് നിലവിൽ വന്ന ശേഷവും പ്രവർത്തിയാർ / വില്ലേജ് ഓഫീസർമാരായിരുന്ന നാരങ്ങാനം പഞ്ചായത്ത് സ്വദേശികളാണ്. ശ്രീ സി. എം. കോശി വില്ലേജ് ഓഫീസർ ആയിരുന്ന കാലത്താണ് വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം ഉണ്ടാത്. അതിനാവശ്യമായ സ്ഥലം സംഭാവനചെയ്യിതത് നെടിയകാലായിൽ ശ്രീ തോമസ് മാത്യു ആണ്.

## ഭൗതീക സാഹചര്യങ്ങളിൽ ഉണ്ടയിട്ടുള്ള വളർച്ച

### വിദ്യാഭ്യാസം

ഈനൂറ്റാണ്ടിൽ നാരങ്ങാനം പഞ്ചായത്തിൽ വന്നിട്ടുള്ള വമ്പിച്ച മാറ്റങ്ങളുടെ തുടക്കം പ്രൈമറി സ്ക്കുളുകളുടെ ആരംഭത്തോടെയാണ്ന്ന് പറയാം. ജാതി വ്യവസ്തയിൽ അധിഷ്ഠിതമായിരുന്ന പഴയവിദ്ധ്യാഭ്യസരീതി മാറി പ്രൈമറി സ്ക്കൂൾ ആരംഭിച്ചതോടെ ഉണ്ടായ സുപ്രധാനമാറ്റം കുട്ടികൾക്ക് ജാതിഭേദമെന്യേ സഹവസിക്കാനുണ്ടായ സാഹചര്യമാണ്. ഈ മാറ്റം സാമൂഹ്യരംഗത്തേക്കും പടർന്നു. വിദ്യാഭ്യസം മുഴുവൻ ആളുകൾക്കും സൗജന്യമാക്കുക എന്ന ജനകീയ സർക്കാരുകളുടെ നയം സാമാന്യ ജനങ്ങളുടെ സാംസ്ക്കാരിക ബോധനിലവാരത്തെയും വളരെ അധികം സ്വാധീനിച്ചിട്ടുണ്ട്. നാരങ്ങാനം (വട്ടക്കാവ്) എം. ഡി. എൽ. പി. സ്ക്കുൾ, നാരങ്ങാനം തെക്കേപുറം സ്ക്കൂൾ (രണ്ടു ക്ലാസുകളോടെ പ്രവർത്തിച്ചിരുന്നു; ഇന്നില്ല).

നാരങ്ങാനം എം.റ്റി.എൽ.പി.സ്കൂൾ, കടമ്മനിട്ട ഗവ:എൽ.പി സ്കൂൾ എന്നിവ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ നിലനിന്നിരുന്നവയാണ്. ആദ്യ കാലങ്ങളിൽ എല്ലാ സ്കൂളുകളിലും ഫീസ് നൽകേണ്ടിയിരുന്നപ്പോൾ കടമ്മനിട്ടയിൽ മാർത്തോമ്മാ സഭയിലെ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി ഒരു സൗജന്യ ഇംഗ്ളീഷ് വിദ്യാലയം സ്ഥാപിച്ചു. സരസകവി മൂലൂർ എസ്സ് പത്മനാഭപ്പണിക്കർ തൂളിക്കുളം പത്മനാഭോദയം സ്കൂളും(ഇന്നത്തെ നാരങ്ങാനം ഗവ:ഹൈസ്കൂൾ) സാമൂഹ്യ ബോധത്തോടെയുള്ള വിദ്യാപ്രചരണ ലക്ഷ്യത്തോടെയായിരുന്നു.

## ഗതാഗതം

നാരങ്ങാനം പഞ്ചായത്തിന്റെ എല്ലാ മേഖല യിലുമുള്ള വികസനത്തിന് അടിത്തറ പാകിയ സുപ്രധാനമായ മറ്റൊരു സംഭവവികാസമായിരുന്നു കോഴഞ്ചേരി-മണ്ണാറക്കുളഞ്ഞി റോഡിന്റെ നിർമ്മിതി. തിരുവല്ല-കുമ്പഴ റോഡു കഴിഞ്ഞാൽ മദ്ധ്യതിരുവിതാംകൂറിനെ കിഴക്കൻ പ്രദേശങ്ങളു മായി ബന്ധിപ്പിക്കുന്നതിനുള്ള ഏക പാതയെന്ന നിർണ്ണായക പ്രാധാന്യമാണ് ഈ റോഡി നുണ്ടായിരുന്നത്. ഇന്നും ശബരിമല യാത്രക്കും മറ്റും ചെങ്ങന്നൂർ/തിരുവല്ല നിന്നുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴി- മറ്റു പാതകളേ അപേക്ഷിച്ച് പത്ത് കി.മി. എങ്കിലും ദൂരം കുറഞ്ഞത്- ഇതു തന്നെയാണ്. ഇന്ന് നാരങ്ങാനത്തുള്ള മറ്റെല്ലാ റോഡുകളും ഈ റോഡിന്റെ സന്തതികളാണ്. 1921-ൽ കടമ്മനിട്ട അച്ചനും കൗങ്കോട്ട് ശ്രീ.ഗോവിന്ദക്കുറുപ്പും മുൻകൈയെടുത്ത് ദീർഘവീക്ഷണത്തോടെ നൽകിയ നേതൃത്വമാണ് ഈ റോഡ് ഒരു യാഥാർത്ഥ്യമാക്കിയത്. കോഴഞ്ചേരിയിലുള്ള ചിലയാളുകൾ സൃഷ്ടിച്ച തടസ്സം മറികടന്നുകൊണ്ട് ജനങ്ങളൊറ്റക്കെട്ടായി ഏറ്റവും കുറഞ്ഞ സമയം കൊണ്ട് പണി തീർത്തത് ഒരു ചരിത്ര സംഭവമായി അതിൽ പങ്കെടുത്ത മുതിർന്ന ആളുകൾ സ്മരിക്കുന്നു. മാർ ഈവാനിയോസ് മെത്രാ പ്പോലീത്താ തിരുമേനി മാവേലിക്കര നിന്ന് പെരു നാട്ടിലേക്കുള്ള ആശ്രമത്തിലേക്ക് പൂർണ്ണമായി മെത്രാൻ വേഷത്തിൽ കഴുതപ്പുറത്തു കയറി ഈ വഴി കടന്നു പോകുന്നത് 1920കളിലെ ഒരു പതിവ് കാഴ്ചയായിരുന്നു എന്നതും മുതിർന്ന തലമുറയുടെ ഒരു കൗതുകകരമായ ഒരു ഓർമ്മയാണ്. എന്നാൽ ഈ റോഡിന് അർഹമായ പരിഗണന സമീപകാല ഭരണാധികാരികളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ലഭിക്കുന്നില്ല എന്നത് നിർഭാഗ്യകരമായ ഒരു സത്യമാണ്.

പഞ്ചായത്തിന്റെ സിരാപടലങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്ന നിരവധി റോഡുകൾ പിന്നീടുണ്ടായിട്ടുണ്ട്. അവ മലമുകളിലുള്ള പ്രദേശങ്ങളിൽ ചിലത് ഉൾപ്പടെ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളേയും പരസ്പരം ബന്ധിപ്പിക്കുന്നു. ഈ അടിസ്ഥാനസൗകര്യം പഞ്ചായത്തിന്റെ മുന്നോട്ടുള്ള ഗതിയിൽ ഏറ്റവും പ്രയോജന കരമായതാണ്. എന്നാൽ ഉയർന്ന പ്രദേശങ്ങൾ മിക്കതും ഇന്നും വെവ്വേറെ സ്ഥലങ്ങൾ പോലെ പരസ്പരബന്ധമില്ലാതെ നിലനിൽക്കുന്നു എന്ന പ്രശ്നം അവശേഷിക്കുകയും ചെയ്യുന്നു. കൊല്ല വർഷം 1070-ൽ(അ.ഉ.1895) കോട്ടയത്ത് ഒരാൾ ആദ്യമായി കാളവണ്ടി നിർമ്മിച്ചു എന്നു കേട്ട് അതു കാണാൻ ഇവിടെ നിന്നു ആളുകൾ പോയെന്നും 1098-ൽ(എ.ഡി.1923)നാരങ്ങാനം മർത്തോമ്മാ പള്ളി പണിക്കു ഓട് കൊണ്ടുവന്നതു കാളവണ്ടിയിലാ യിരുന്നു എന്നുമുള്ള ഓർമ്മ മുതിർന്ന തലമുറയ്ക്കുണ്ട്. ആദ്യത്തെ സ്വകാര്യ യാത്രാ വാഹനം നിരന്നകാലായിൽ ശ്രീ.ചാക്കോ ഗീവറുഗീസിനു സ്വന്തമായി ഉണ്ടായിരുന്ന വില്ലു വണ്ടി ആയിരുന്നു എന്ന് കരുതുന്നു.

പാലക്കുന്നത്തു വലിയ തിരുമേനി നാരങ്ങാനം മർത്തോമ്മാ പള്ളിയുടെ ശിലാസ്ഥാപനത്തിനായി 1922-ൽഒരു കാറിൽ വന്നപ്പോഴാണ് നാരങ്ങാനം പഞ്ചായത്തിലൂടെ ആദ്യമായി മോട്ടോർ വാഹനം ഓടുന്നത് എന്നാണ് പഴമക്കാരുടെ ഓർമ്മ. 1955-ൽ മാത്രമാണ് ബസ് സർവീസ് ആരംഭിക്കുന്നത്. ആദ്യമായി ഓടിയ ബസ് പന്തളം-കടമ്മനിട്ട റൂട്ടിൽ M.K.V ആയിരുന്നു. തൊട്ടടുത്തുതന്നെകോഴഞ്ചേരി ചിറ്റാർ റൂട്ടിൽ KMS ബസ്സും അധികം താമസിയാതെ ചങ്ങനാശേരി - വടശ്ശേരിക്കര KSRTC ബസ്സും സർവ്വീസ് ആരംഭിച്ചു.

ഈ പഞ്ചായത്തിലുള്ള ഭൂരിപക്ഷം നിലം പുരയിടങ്ങൾ തെക്കേടത്ത് ഇല്ലം മൂസ്സ്ത്മാരുടെ വകയായിരുന്നു. നായർ വിഭാഗത്തിലും ഭൂഉടമകൾ ഉണ്ടായിരുന്നു. കാർഷീകവിളകൾ വർദ്ധിപ്പിക്കു ന്നതിനായി കൈ-മെയ് മറന്ന് അദ്ധ്വാനിച്ച ഈഴവ ക്രിസ്ത്യൻ വിഭാഗക്കാരും മറ്റു ജാതിക്കാരും ഈപ്രദേശത്തേ കാർഷീക സമൃദ്ധമായി മാറ്റി

എടുത്തു.

## സഹകരണപ്രസ്താനം

കോല്ലവർഷം 1100 നു മുമ്പുതന്നെ ഈ പ്രദേശത്തു നൂൽനൂൽപ്പ്, തുണിനെയ്ത്ത് തയ്യൽ ഇവയിൽ ഏർപ്പെട്ടിരുന്നവർ ഉണ്ട്. അങ്ങനെയുള്ളവർ ചേർന്ന് 1099-ൽ (1924) സ്ഥാപിച്ച പരസ്പരസഹായ സംഘമാണ് ഇവിടുത്തെ സഹകരണ പ്രസ്താനത്തിന്റെ ആദ്യരൂപം. എന്നാൽ പ്രസ്തുത സംഘം ഒരുസഹകരണ സംഘം എന്നനിലയിൽ റജിസ്റ്റർ ചെയിതായിരുന്നില്ല. പ്രസ്തുത സംഘത്തിനു നേതൃത്വം നൽകിയവർ ശ്രീമാൻമ്മാരായ തോമസ് നെടിയ പറമ്പിൽ, ജി. രാമൻനായർ കോട്ടയം പറമ്പിൽ (ഇടത്തിൽ) തുടങ്ങിയവരായിരുന്നു.പിന്നീടു സ്ഥാപികമായ നാരങ്ങാനം സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി റജി. നബർ 628 ഇന്നും നിലനില ക്കുന്നു. അതിന്റെ സ്ഥാപനത്തിൽ മുൻകൈയെടുത്തുപ്രവർത്തിച്ചവർശ്രീമാൻമ്മാരായ തോമസ് നെടിയ പറമ്പിൽ, ജി. രാമൻനായർ കോട്ടയം പറമ്പിൽ (ഇടത്തിൽ) തുടങ്ങിയ വരാണ്. പ്രവർത്തനം മന്ദീഭവിച്ചു മിക്കവാറും നിലച്ചു പോകുമെന്ന സ്ഥിതിയിൽ എത്തിയ പ്രസ്തുത സംഘത്തെ പുത്തനുണവർവു നൽകി പുനരുജ്ജീവിച്ചു നിലനിർത്തുന്നതിൽ സ്വയം മറന്നു പ്രവർത്തിച്ച ദേഹമാണ് കോട്ടയം പറമ്പിൽ ശ്രീ. ജി. രാമൻനായർ. സഹകരണപ്രസ്ഥാനം ഈ നാടിന്റെ വളർച്ചക്കു നൽകിയ സംഭാവന ചറുതല്ല. ഇന്നു 7 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1942-ൽ കടമ്മിട്ടയിലും 1947-ൽ ആലുങ്കലും അഞ്ചാലാപ്പീസ് സ്ഥാപിതമായി. അന്നു തിരുവതാംകൂറിനില്ലിലെ തപാൽ സംവിധാനം അഞ്ചൽ എന്നും തിരുതാംകൂറിനു പുറതേതക്കും ബ്രിട്ടീഷ് ഇന്ത്യയിലേക്കുമുള്ള തപാൽ ബന്ധത്തിന് പോസ്റ്റ് എന്നും പറയപ്പെട്ടിരുന്നു. 1947-നു മുമ്പ നാരങ്ങാനം കരയിലുള്ളവർ കോഴഞ്ചേരി അഞ്ചലിന്റെ പരിധിയിലായിരുന്നു. നാരങ്ങാനം കോഴഞ്ചേരിയുടെ പോസ്റ്റൽ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്നുമില്ല. നാരങ്ങാനത്തിന് പോസ്റ്റൽ എന്തെങ്കിലും തപാൽ വരാനുള്ള സംവിധാനം കോഴഞ്ചേരി പോസ്റ്റിൽ എത്തുക എന്നതായിരുന്നു. അങ്ങനെ എത്തുന്ന പോസ്റ്റൽ ഉരുപ്പടികൾ അഞ്ചൽപ്പെട്ടിയിൽ നിക്ഷേപിക്കുകയും, അഞ്ചലോട്ടക്കാരൻ അതുകൂടി നാരങ്ങാനത്തെത്തിച്ചു സ്റ്റാമ്പില്ലാത്തതിന്റെ കൂലി കൂടി വാങ്ങുകയും ചെയ്യും. രാജാവിന്റെ സന്ദേശങ്ങൾ പൊതുജനങ്ങളെ വിളിച്ചറിയിക്കുന്ന ജോലിയും അഞ്ചലോട്ടക്കാരന്റേതായിരുന്നു. മണിയും കിലുക്കി ഓടിയാണ് അഞ്ചലോട്ടക്കാരൻ സഞ്ചരിച്ചിരുന്നത്.

കോഴഞ്ചേരിയിൽ നിന്നും, നാരങ്ങാനത്തെത്തി യിരുന്ന അഞ്ചലോട്ട ക്കാരനാ യിരുന്നു ഗിരിഭട്ടർ. പോതുജനങ്ങളുടെ നാവിൽ ഗിഭട്ടർ കീരിപ്പട്ടരായി പരിഷ്ക്കരക്കപ്പെട്ടിരുന്നു. ഹ്രസ്വദൃഷ്ടി അസുഖം മൂലം കത്തുകൾ മുഖത്തോടു ഏറ്റവും ചേർത്തു പിടിച്ചാണ് അദ്ദേഹം വിലാസം വായിച്ചിരുന്നത്. തൻമൂലം ഒരിക്കൽ കോഴഞ്ചേരി സ്ക്കൂളിൽ, അഞ്ചൽ ശിപായിയുടെ ചുമതലകളെന്തെല്ലാം? എന്ന ചോദ്യത്തിന് ഒരു കുട്ടി നൽകിയ മറുപടി, കത്തുകൾ മണപ്പിച്ചു നൽകുക എന്നതായിരുന്നുവത്രേ. ആ മറുപടി നൽകിയ കുട്ടി ഇന്നൊരു വൃദ്ധയായി ജീവിച്ചിരിക്കുന്നുണ്ടാകുമോ, എന്തോ!

മഠത്തും പടിക്കൽ NSS കെട്ടിടത്തിലാണ് നാരങ്ങാനം കരയിലെ അഞ്ചലാപ്പീസ് ആരംഭിച്ചത്. ആലുങ്കൽ വഴി ഇളപ്പുങ്കൽ വരെ അന്ന് നാരങ്ങാനം അഞ്ചലാണ് എത്തിയിരുന്നത്. കോഴഞ്ചേരി - ആലുങ്കൽ - ഇളപ്പുങ്കൽ ഒരു മുഖ്യമായ നടപ്പാതയായിരുന്നു. തണൽ മരമായി ആൽ, വെള്ളം കുടിക്കാൻ ഒരു കിണർ, ഒരു ചുമടുതാങ്ങി എന്നിവ കാൽ നടയാത്രക്കാർക്കായി അന്ന് ആലുങ്കൽ ജംഗ്ഷനിൽ ഉണ്ടായിരുന്നു. കിണർ ഇപ്പോഴും ഉണ്ട്.

കടമ്മനിട്ട ഫ്രീ ഇംഗ്ളീഷ് സ്ക്കൂൾ കെട്ടിടത്തിൽ 1951-ൽ ഗവൺമെന്റ് ആശുപത്രി സ്ഥാപിതമായി. ഇന്ന് അത് ഒരു പ്രൈമറി ഹെൽത്തു സെൻഡറായി പ്രവർത്തിക്കുന്നു. 1953-ൽ ആണ് ഒരു ആയുർവേദ ഡിസ്പൻസറി നാരങ്ങാനത്തിന് ലഭിക്കുന്നത്. അതിനുമുൻമ്പ് ദിവാൻ ഭരണകാലത്ത്, പയ്യക്കോട്ടു വൈദ്യൻ, നെല്ലിക്കുന്നത്ത് വൈദ്യൻ എന്നിവർ സർക്കാർ ഗ്രാൻഡ് വാങ്ങുന്ന അംഗീക്രിത വൈദ്യൻമ്മാർ ആയിരുന്നു. അക്കാലത്തുതന്നേ രണ്ടു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്ഥാപിതമായി.

1954-ൽ നാരങ്ങാനത്ത് വൈദ്യുതി എത്തി. ആദ്യമായി നാരങ്ങാനത്ത് വൈദ്യുതിലൈറ്റു കത്തിയത് പഞ്ചായത്ത് ഓഫീസിലാണ്.

ബ്ലോക്കുരൂപീകരണം നടന്ന 1960-ൽ ബ്ലോക്കിന്റെ പദ്ധതി എന്നനിലയിലാണ്

നാരങ്ങാനത്ത് മൃഗാശുപത്രി അനുവദിക്കപ്പെട്ടത്. അന്ന് ബ്ലോക്കുഡവലപ്പ്മെന്റ് കമ്മറ്റി അദ്ധ്യക്ഷൻ ഇന്ന് ബി.ഡി.ഒ. എന്ന ഉദ്യോഗസ്തനാണെ. ഇലന്തൂർ ബ്ലോക്കിന്റെ ആദ്യചേയർമ്മാൻ പിന്നീട് സാംസ്ഥാന ചീഫ് സെക്രട്ടറി ആയിരുന്ന ശ്രീ. വി. രാമചന്ദ്രനെ ആദ്ധ്യവൈസ്ചേയർമ്മാൻ അഡ്വ. എൻ.ജി ചാക്കോയും മായിരുന്നു. ബാങ്ക് ദേശസാൽക്കരണ ത്തിനുമുൻമ്പ് മാവേലിക്കര ആസ്ഥാനമായ മാർത്താണ്ട ബാങ്ക് കോട്ടയം ബ്ങ്ക്, സ്വദേശീ ബാങ്ക് സൗത്ത്ഇൻഡൻ ബാങ്ക് തുടങ്ങിയവയുടെ സേവനം കോഴഞ്ചേരിയിൽ ലഭ്യമായിരുന്നു. എന്നാൽ 1968-ലെ ബാങ്ക് ദേശസാൽ ക്കരണത്തിനു ശേഷം, ഈ പഞ്ചായ ത്തിൽ സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ (ആലുങ്കൽ) ഫെഡറൽ ബാങ്ക് (കടമ്മനിട്ട) എന്നിവയും പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ കടമ്മനിട്ട ശാഖയും പ്രവർത്തിക്കുന്നു.

1973 -ൽ കോഴഞ്ചേരി ടെലിഫോൺ എക്സചേഞ്ച് സ്ഥാപിതമായപ്പോൾ തന്നെ നാരങ്ങാനത്ത് ടെലിഫോൺ കണക്ഷൻ എത്തി. കേരളത്തിൽ ആകെയുള്ള രണ്ട് പഞ്ചായത്ത് ആശുപത്രികളിലൊന്ന് നാരങ്ങാനത്താണ്.

ഇവ കൂടാതെ നാരങ്ങാനം പോസ്റ്റോഫീസിൽ ടെലിഗ്രാം, നാരങ്ങാനം നോർത്ത് പോസ്റ്റോഫീസ്, നാരങ്ങാനം വെസ്റ്റ് പോസ്റ്റോഫീസ്, അന്ത്യാളൻകാവ് പോസ്റ്റോഫീസ്, നാരങ്ങാനം പബ്ലിക്ക് മാർക്കറ്റ്, കടമ്മനിട്ട പബ്ലിക്ക് മാർക്കറ്റ്, കടമ്മനിട്ട വാട്ടർ സപ്ലൈ സ്കീം, കടമ്മനിട്ട ഇലക്ട്രിക്കൽ ഓവർസിയർ ഓഫീസ്, തുടങ്ങിയ സ്ഥാപനങ്ങൾ/പദ്ധതികളാരംഭിച്ചു. തകഴി-തിരുവല്ല-പുനലൂർ റെയിൽവേ ലൈനിന്റെ പ്രാഥമിക സർവേ ഈ പഞ്ചായത്തിലൂടെയാണ് നടത്തപ്പെട്ടിരിക്കുന്നത്. പ്രസ്തുത റെയിൽവേ ലൈൻ എത്രയും വേഗം യാഥാർത്യമാകാൻ സമ്മർദം ഉയർത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിയന്റെ തുടർന്നുള്ള പുരോഗതിയുടെ ഒരു നാഴികക്കല്ലായിരിക്കും അത്.

## രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രസ്ഥാനങ്ങൾ

സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രാദേശീകസഭ 1943 ൽ തന്നേവിളിച്ചുചേർക്കപ്പെട്ടിരുന്നു എന്നു നേരത്തേപ്രസ്താവിച്ചുവല്ലോ. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും കോൺഗ്രസ് ഈപഞ്ചായത്തിലേ നിർണ്ണായക രാഷ്ട്രീയ പ്രസ്താനം ആയിരുന്നു. പഞ്ചായത്തിൽ നടന്ന 5 തിരഞ്ഞെടുപ്പുകളിലും കോൺഗ്രസ് നേതൃത്വമുളള ഭരണസമിതികളാണ് നിലവിൽ വന്നത്. കോൺഗ്രസ് പാർട്ടിയിൽ നിന്നും പലപ്പോഴായി വിട്ടുമാറിയിട്ടുള്ള മിക്കപാർട്ടികളും ഇന്ന് പഞ്ചായത്തിൽ നിലവിലുണ്ട്. കോൺഗ്രസ് (s) കേരളാകോൺഗ്രസ് (ജോസഫ്), കേരളാ കോൺഗ്രസ് (മാണി), കേരളാകോൺഗ്രസ് (ജേക്കബ്) കേരളാകോൺഗ്രസ് (ബി) ജനതാദൾ, തുങ്ങിയ പാർട്ടികൾക്കും ബി.ജെ.പി. ക്കും പഞ്ചായത്തിൽ ഘടകങ്ങൾ ഉണ്ട്. സി.പി.ഐ. സി.പി.ഐ.(എം) ആർ.എസ്സ്.പി. എന്നീ ഇടതുപക്ഷ പാർട്ടികളും നിലവിലുണ്ട്. ഇവയിൽ പലതിന്റെയും നേതൃത്വത്തിലുള്ള ട്രേഡ് യുണിയനുകളും, യുവജന, ബഹുജനവിഭാഗങ്ങളും പ്രവർത്തി ക്കുന്നു.

1948-ൽ തന്നേ കമ്യൂണിസ്റ്റുപ്രസ്താനം ഈപഞ്ചായത്തിൽ വേരോടാൻ തുടങ്ങി. പുന്നപ്രവയലാർ സമരത്തിലൂടെ ഉത്തരവാദ പ്രക്ഷോപണത്തിന് പുതിയ ദിശാബോധം നൽകിയ പശ്ചാത്തലവും താഴേക്കിടയിലുള്ളവർക്ക് വിശ്വാസം അർപ്പിക്കാവുന്ന നയപരിപാടികളുള്ള പ്രസ്ഥാനം എന്നബോധവും സാമാന്യ ജനവിഭാഗങ്ങളിൽ ധാരാളം പേരേ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു. ശ്രീ. ജി. രാമൻ നായർ പാർട്ടി കെട്ടിപ്പടുക്കുന്നതിനായി അഹോരാത്രം പ്രയത്നിച്ചു. പാർട്ടി കാർഡുള്ള നാരങ്ങാനത്തേ ആദ്യകമ്യൂണിസ്റ്റായിരുന്നു അദ്ദേഹം. പട്ടികജാതി സംവരണത്തിനു വേണ്ടി അദ്ദേഹം വളരെ അധികം ശബ്ദം ഉയർത്തിയിരുന്നു. അദ്ദേഹത്തേതുടർന്ന് ശ്രീ കലയപുരം കൃഷ്ണപിള്ള, ശ്രീപരമേശ്വരൻ നായർ കെ. പി., ശ്രീ അട്ടക്കുഴിക്കൽ രാഘവൻ പിള്ള പരമേശ്വരൻ നായർ കെ. പി., പി. കെ ശ്രീധരൻ, കെ. പി. പരമേശ്വരൻ പിള്ള തുടങ്ങിയവരും ആദ്യകാല പ്രവർത്തകർ ആയിരന്നു. ജനകീയവിദ്ധ്യാഭ്യാസം നൽകി വർഗ്ഗബോധവും ദേശസ്നേഹവും നിലനിർത്തു ന്നതിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം ഈപഞ്ചായത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. കർഷക - കർഷകതോഴിലാളി വിഭാഗം, യുവജനവിഭാഗം, ട്രേഡ് യൂണ്യൻ, മറ്റുബഹുജന സംഘടനകൾ തുടങ്ങിയവയിൽ ഇന്നു പ്രവർത്തിക്കന്നു.

ധാരളം സാം സ്ക്കാരീക സംഘടനകളും ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

അവയിൽ പലതും സജീവമായി ഉണരേണ്ടതുണ്ട്. ഗ്രാമസ്വരാജ് വായനശാല ഒരുസെന്റ് സ്ഥലംഉൾപ്പെടെ പഞ്ചായത്തിന് സംഭാവനചെയ്തു. അതാണ് ഇന്നത്തേ പഞ്ചായത്തുവായനശാല. സ്ഥാപിതമായിരുന്ന രണ്ട് മഹിളാസമാജങ്ങളാണ് ദേശീയ ജയ്ഹിന്ദ് മഹിളാസമാജവും, അഹല്യാ മഹിളാസമാജവും. 1960 കളിൽ ഭാരത് സേവക്സമാജം പ്രവർത്തിച്ചിരുന്നു. യശഃശരീര നായ ശ്രീ പി.എൻ.പണിക്കർ നേതൃത്ത്വം നൽകിയിരുന്ന കാൻഫഡ് പ്രസ്താനത്തിന്റെ ആഭിമുഖ്യത്തിലുള്ള സൗഹൃദഗ്രാമ, നീതിവേദി പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സാമൂഹ്യ പ്രവർത്തകനായ ശ്രീ കെ. വി. തോമസ് 1984-ൽ സ്ഥാപിച്ച ഗ്രാമോദ്ധാരണ കേന്ദ്രം സാമൂഹ്യക്ഷേമരമഗത്തും മഹിളാരംഗത്തും പ്രവർത്തിക്കുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തനം 1980 ൽ നടന്നിരുന്നു എങ്കിലും പിന്നീട് നിലച്ചുപോയി.

രണ്ടു എൻ. എസ്. എസ്. കരയോഗങ്ങളും, മൂന്ന് എസ്. എൻ. ഡി. പി. ശാഖകളും പ്രവർത്തിക്കന്നുണ്ട്.

ജാതിപരമായ വിവേചനങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ എസ്. എൻ. ഡി. പി. രൂപീകരണ കാലം മുതൽ തന്നേ ഇവിടെ നടന്നിരുന്നു. ശ്രീനാരായണഗുരുവിന്റെ ആശിർവാദത്തോടെ ആദ്യം ആരംഭിച്ച 101 -ൽ ഒന്നാണ് നാരങ്ങാനത്തുള്ള 93-ാം നമ്പർ ശാഖ.

## കർമ്മശേഷി സംഭാവന.

ഇരുപതാം നൂറ്റാണ്ടിൽ കേരളം നേടിയ പുരോഗതിക്കനുശ്രതമായി ശാന്തമായി മുന്നേറിയ ഒരു ഗ്രാമ പ്രദേശമാണ് നാരങ്ങാനം പഞ്ചായത്ത്. കേരളത്തിന്റെ കാർഷീക-സാമൂഹ്യ- രാഷ്ട്രീയ- മത -സാംസക്കാരീക-ഔദ്യോഗിക രംഗങ്ങളിൽ നിസാരമല്ലാത്തകർമ്മശേഷി സംഭാവനയാണ് ഈ പഞ്ചായത്തു നൽകിയുട്ടുള്ളത്.

രാജഭരണകാലത്തു മുതൽ കാർഷീക വിത്തുകൾ ഡിപ്പാർട്ടുമെന്റിനു വേണ്ടി വികസിപ്പിച്ചുനൽകിയിരുന്ന ഗ്രാമമാണു നാരങ്ങാനം.

പയ്യക്കോട്ടു വൈദ്യൻ, നെല്ലിക്കുന്നത്ത് വൈദ്യൻ എന്നിവർ ദിവാൻ ഭരണകാലത്ത് സർക്കാർ ഗ്രാന്റ് നൽകിയിരുന്ന അംഗീകൃത വൈദ്യന്മാരായിരുന്നതു കൂടാതെ പുളിമൂട്ടിൽ കൃഷ്ണൻ വൈദ്യൻ, വിഷചികിത്സാ വിദഗ്ധൻ ശ്രീനാരായണ സദനത്തിൽ നാരായണൻ വൈദ്യൻ, കുരീക്കാട്ടിൽ വൈദ്യൻ, മണ്ണിൽ വൈദ്യന്മാർ, കിഴക്കേക്കാല ശങ്കരൻ വൈദ്യൻ, തുടങ്ങിയ വരെല്ലാം വളരെ പ്രശസ്തരായിരുന്നു.

1940 ന് മുമ്പ് പത്തനംതിട്ട തഹസീൽ മജിസ്ട്രേറ്റ് കോടതിയിൽ ആകെ മൂന്ന് വക്കീലന്മാർ ഉള്ള കാലത്ത് അവരിൽ ലീഡറായിരുന്നത് നാരങ്ങാനം കിട്ടുപിള്ള എന്നു വിളിക്കപ്പെട്ടിരുന്ന കടിഞ്ഞിലിക്കാട്ടിൽ കൃഷ്ണപിള്ളയാണ്. അന്ന് നിയമബിരുദം നേടിയ അഭിഭാഷകർ വിരളമാണ്. പരിശീലനം മാത്രം നേടിയവരായിരുന്നു മിക്ക കോടതികളിലും. നിയമബിരുദം നേടിയവർ അഡ്വക്കേറ്റ് എന്നും പരിശീലനം നേടിയവർ വക്കീൽ എന്നും അറിയപ്പെട്ടിരുന്നു.തിരുവനന്തപുരം സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥനായിരുന്ന ശ്രീ വാഴയിൽ പത്മനാഭൻ ഈ പഞ്ചായത്തിൽ നിന്നും ആദ്യമായി 1930 കളുടെ ഒടുവിൽ ഡിഗ്രി സമ്പാദിച്ച ആളാണ്. ഈ പഞ്ചായത്തിലെ രണ്ടാമത് ഗ്രാഡ്വേറ്റ് പുളിമൂട്ടിൽ ശ്രീ പി.വി.നാരായണൻ ആണ്. ഇവർ ഇരുവരും ആലുവ യൂണിയൻ ക്രിസ്ത്യൻ കോളെജിൽ നിന്നുമാണ് ബിരുദം നേടിയത്. അതേ കോളെജിൽ നിന്നും ബിരുദം നേടിയ ശ്രീ എൻ.ജി.ചാക്കോ,1949 ൽ നിയമബിരുദം നേടി പഞ്ചായത്തിലെ ആദ്യത്തെ അഡ്വക്കേറ്റ ആയി. ഈ പഞ്ചായത്തിൽ നിന്നുള്ള ആദ്യത്തെ ഡോക്ടർ തെങ്ങുംചേരിൽ ഡോ:അയ്യപ്പൻ നായർ, രണ്ടാമത്തെ ഡോക്ടർ, ഡോ:ചാക്കോ വർഗീസ് എന്നിവരാണ്. തിരു-കൊച്ചി സംസ്ഥാന അസംബ്ലിയിൽ ശ്രീ പരീത് റാവുത്തർ, അഡ്വ: എൻ.ജി.ചാക്കോ എന്നിവരും, ഇപ്പോൾ കേരള നിയമസഭയിൽ ശ്രീ കടമ്മനിട്ട രാമകൃഷ്ണനും- ആകെ മൂന്ന് എം.എൽ.എ മാരെ ഈ പഞ്ചായത്ത് സംഭാവന ചെയ്തു കഴിഞ്ഞിരിക്കുന്നു.

മാർത്തോമ്മാ സഭയിലെ യശ:ശരീരനായ ഈശോ മാർ തീമോത്തിയോസ് തിരുമേനി, ഓർത്തഡോക്സ് സഭയിലെ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ തിരുമേനി, ഓർത്തഡോക്സ് സഭയിലെ വെരി.റവ.ഫാദർ പി.ടി.മാത്യൂസ് കോർ എപ്പിസ്ക്കോപ്പ എന്നീ സഭാ നേതാക്കൾ ഈ പഞ്ചായത്തിൽ നിന്നുള്ളവരാണ്. റിട്ട.ഗവ.സെക്രട്ടറി മടുക്കാനക്കുഴിയിൽ ശ്രീ

എം.എ.കോശി IAS, കുറുന്തോട്ടിക്കൽ ശ്രീ പീതാംബരൻപിള്ള IPS, ഇലക്ട്രിസിറ്റി ബോർഡ് റിട്ട.സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ കെ.പി.ഗോപാലകൃഷ്ണൻ,റിട്ട.മേജർ ശ്രീ ഏ.ജി.രവീന്ദ്രൻ നായർ, റിട്ട.സ്ക്വാഡ്രൺ ലീഡർ ശ്രീ റ്റി.സി.മാത്യൂസ്, ഡി.വൈ.എസ്.പി മാരായ ശ്രീ വി.പി.മന്മദൻ നായർ,റ്റി.അർ.മോഹനൻ, ഗവ.അണ്ടർ സെക്രട്ടറി മാരായ ശ്രീ ബാലചന്ദ്രൻ, വട്ടംകാലായിൽ ശ്രീ കെ. വി. തോമസ് അസി.സെക്രട്ടറി മാരായിരുന്ന പരേതനായ ശ്രീ ശ്രീ പി.വി.മാത്യു, മൂന്ന് വിഷയങ്ങളിൽ എം.എ യും പി.എച്ച്.ഡിയും നേടിയ കണ്ടംകുളത്ത് ഡോ. കെ.എ.കോശി, കർഷകസംഘം സംസ്ഥാന കമ്മറ്റിയംഗം ശ്രീ വി.കെ.പുരുഷോത്തമൻ പിള്ള, സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇൻഡ്യയുടെ കേരള റീജിയണൽ സെക്രട്ടറിയും, അഖിലേന്ത്യ കമ്മറ്റിയംഗവുമായിരുന്ന നെടിയകാലായിൽ ശ്രീ ഈപ്പൻ മാത്യു എന്നിവർ നാരങ്ങാനം പഞ്ചായത്തിൽ നിന്നും ഉയർന്ന് വന്നവരാണ്. ഏഴു പ്രൊഫസർമാർ ഈ പഞ്ചായത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. അദ്ധ്യാപകർക്ക് സംസ്ഥാന അവാർഡ് ഏർപ്പെടുത്തിയ 1960-ൽ തന്നെ നാരങ്ങാനം എം.റ്റി.എൽ.പി സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന വളഞ്ഞിലേത്ത് ശ്രീ വി.കെ.നാരായണപിള്ള അതിനർഹനായി. ശ്രീ എം.എം മാത്യു 1988-ൽ സംസ്ഥാന അവാർഡും, 1992-ൽ ദേശീയ അവാർഡും നേടിയ നാരങ്ങാനം പഞ്ചായത്ത് സ്വദേശിയാണ്. കവിയായ കടമ്മനിട്ടയ്ക്കു പുറമെ പ്രശസ്ത നോവലിസ്റ്റ് ശ്രീ കുഴിത്തടത്തിൽ ഗോപാലകൃഷ്ണപിള്ളയും ഈ പഞ്ചായത്തു കാരനാണ്. പ്രശസ്ത കവി പ്രൊഫ:നെല്ലിക്കൽ മുരളീധരൻ ഈ പഞ്ചായത്തിൽ സ്ഥിര താമസമാക്കിയിരിക്കുന്നു. പട്ടിക ജാതിയാൽ പെട്ട ശ്രീ സുനിൽ കുമാർ ഇപ്പോൾ മദ്രാസ് ഐ.ഐ.റ്റിയിൽ എഞ്ചിനിയറിംഗ് പഠനം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

## ഉപസംഹാരം

നദീ തീരത്ത് നിന്നും അകലെ മാറിയുള്ള കാർഷികപ്രധാനമായ ഗ്രാമമായിരുന്നതിനാൽ ഒരു നൂറ്റാണ്ടിനു മുമ്പു വരെ ദൂരെ ദിക്കുകളുമായും പുറംലോകവുമായും വരിയ സമ്പർക്കം കൂടാതെ കഴിഞ്ഞിരുന്ന ഒരു

ഗ്രാമമായിരുന്നു നാരങ്ങാനം. അതുകൊണ്ടു തന്നെ ആധുനിക സമ്പ്രദായങ്ങൾ കടന്നു വരാൻ വൈകിയ പ്രദേശമായി തുടർന്നു. സ്നേഹം പൂർണ്ണമായ വിധേയത്വം നിറഞ്ഞ കുടിയാന്മാർ ജന്മിത്വത്തേയും അയിത്തത്തെയുമെല്ലാം സ്വാഭാവികമായി അംഗീകരിച്ചിരുന്നപ്പോൾ തന്നെ ബന്ധങ്ങൾ നിഷ്കളങ്ക സൗഹൃദത്തിലും ആഹ്ലാദത്തിലും അധിഷ്ഠിതമായിരുന്നു. വിദ്യയിലൂടെ പ്രബുദ്ധരായ ജനത തങ്ങൾ ആരേക്കാളും പിന്നിലല്ല എന്ന് പ്രഖ്യാപിച്ചു കൊണ്ട് ഒരു മുന്നേറ്റത്തിനുള്ള ആക്കം ആർജിച്ചു കഴിഞ്ഞിരിക്കുന്നു. ഈ അഭിമാനപൂർവമായ ചരിത്രഭൂമികയിൽ നിന്നും നാരങ്ങാനം ഇതാ മുന്നോട്ട്.

# ഭൂപ്രകൃതി

പ്രകൃതിസൗന്ദര്യത്തിന്റെ നിറകുടമായ ഒരു പ്രശാന്ത ഗ്രാമമാണ് നാരങ്ങാനം. വാരി വിതറിയ തെന്നപോലെ കാണപ്പെടുന്ന മല മടക്കുകളും നൈരന്തര്യ മാർന്ന വയലേലകളും നേരിയചെരിവോടെ മലയടി വാരങ്ങളിൽ കാണപ്പെടുന്ന സമതല കരപ്രദേശങ്ങളും ആണ് ഈ പഞ്ചായത്തിന്റെ ഒറ്റനോട്ടത്തിലുള്ള ഭൂപ്ര കൃതി. ഏറ്റവും ഉയരംകൂടുയ മടുക്കക്കുന്നിന്റെ മുകളിൽ നിന്നുള്ള വീക്ഷണത്തിൽ പ്രകൃതിസൗന്ദര്യത്തിന്റെ ഒരു തുണ്ട്' എന്നപോലെ ഇപ്പറഞ്ഞ ഭൂപ്രക്രതിയുടെ ഒരാകമാന ദൃശ്യം ലഭിക്കും. മാത്രമല്ല ഏതാണ്ട് 40-ൽ പരം കി.മി. നേർരേഖാ ദൂരത്തുകിടക്കുന്ന ആലപ്പുഴ സമുദ്ര തീരം വരെയുള്ള ഒരുവിശാലദൃശ്യവും കണ്ണുകൾ കൊണ്ട് കോരി യെടുക്കാം.

പത്തനംതിട്ട ജില്ലാ ആസ്ഥാനത്തുനിന്നും അല്പം പടിഞ്ഞാറുമാറിയിട്ടാണ് നാരങ്ങാനം പഞ്ചായത്തിന്റെ സ്ഥാനം. തെക്കുകിഴക്കായി പത്തനംതിട്ട മുനിസിപ്പാലിറ്റിയും കിഴക്കുഭാഗത്ത് മൈലപ്ര പഞ്ചായത്തും വടക്കുഭാഗത്ത് ചെറുകോൽ പഞ്ചായത്തും പടിഞ്ഞാറ് കോഴഞ്ചേരി പഞ്ചായത്തും തെക്കുപടിഞ്ഞാറ് മല്ലപുഴശ്ശേരി പഞ്ചായത്തും തെക്കുഭാഗത്ത് ഇലന്തൂർ പഞ്ചായത്തുമാണ് നാരങ്ങാനം പഞ്ചായത്തിന്റെ അയലുകൾ. കൃത്യമായിപറഞ്ഞാൽ ഉത്തരഅക്ഷാംശം .........നും ......... നും ഇടയിലും പൂർവ്വരേഖാംശം ........നും......നും ഇടയിലുമാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. കോഴഞ്ചേരി പഞ്ചായത്തിലൂടെയും ചെറുകോൽ പഞ്ചായത്തിലൂടയും പമ്പാനദി കടന്നുപോകുന്നുണ്ട്. കോഴഞ്ചരിയിലെ നദീതീരത്തുനിന്നും ഏകദേശം 3 കി.മി കിഴക്ക് എത്തിയാൽ നാരങ്ങാനമായി. അതേസമയം ചെറുകോൽ പഞ്ചായത്തോളം എത്തുന്ന വടക്കൻ ചെരിവുള്ള മടുക്കക്കുന്നിന്റെ ചുവട്ടിൽ ഉരുമ്മിയാണ് വടക്കു ഭാഗത്തുകൂടി പമ്പാ ഒഴു കുന്നതെന്ന് പറയാം. കേരളത്തിന്റെ ഭൂപ്രകൃതി വിഭജനപ്രകാരമുള്ള മലനാടും ഇടനാടും സംയോജി ക്കുന്ന മേഖലയാണ് നാരങ്ങാനം പഞ്ചായത്ത് എന്നു പറയാം. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലുള്ള കിഴക്കൻ പ്രദേശങ്ങൾ മുതലാണ് കേരളത്തിന്റെ നിബിഡ വനപ്രദേശങ്ങൾ ആരംഭിച്ചിരുന്നത്. ശബരിമല തീർത്ഥാടനം അന്നൊക്കെ കല്ലും മുള്ളും കാലിനു മെത്ത'യാക്കിക്കോണ്ട് പൂർണ്ണമായും കാൽനട യായിട്ടായിരുന്നല്ലോ. നാരങ്ങാനത്തിന്റെ കിഴക്കൻ അതിർത്തിയിലുള്ള ഒരുചെറിയ പ്രദേശമാണ് വെട്ടിപ്രം' നിബിഡവനത്തിൽ വേട്ടക്കുകയറിയ ഒരാൾ പീലി വിടർത്തിനിൽക്കുന്ന മയിലിനെ വെട്ടിവിഴ്ത്താൻ നോക്കിയെന്നും, മയിൽ ഓടി മറഞ്ഞ പ്പോൾ ഇച്ഛാ ഭംഗത്തോടെ 'വെട്ട് ഇപ്പുറത്തും' `മയിൽ അപ്പുറത്തും' ആയിപ്പോയി എന്നു പറഞ്ഞെന്നും `വെട്ട് ഇപ്പുറം' , `മയിൽ അപ്പുറം' എന്നിവ വെട്ടിപ്രവും മൈലപ്രയു മായിമാറിഎന്നും ഒരുകഥയുണ്ട് കഥയിലെ സത്യം എന്തായാലും ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന

വനങ്ങളിൽ ധാരാളം വന്യമൃഗങ്ങൾ ഉണ്ടായിരുന്നു എന്നതു യാഥാർത്ഥ്യമാണ്. കടുവയെ വെടിവച്ചിട്ട സംഭവം വീടുകളിൽ ചർച്ചാവിഷയം മായിരുന്നത് ഓർമ്മയുള്ളപഴമക്കാർ ഇന്നും ഇവിടെയുണ്ട് കുറുക്കൻ, കാട്ടുമുയൽ, വെരുക്, മലയണ്ണാൻ, മരപ്പട്ടിതുടങ്ങിയ മൃഗങ്ങളെ ഇന്നും കാണാം. (ഇവ താരതമ്യേന കുറവാണ്). ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തു പ്രദേശത്തെ താഴെപറയും വിധം വേർതിരിക്കാം.

1) ശൃംഗ പ്രദേശങ്ങൾ.

2) ഉയർന്ന പീഠഭൂമി / ഉയർന്ന സമതലങ്ങൾ.

3) തട്ടുകളായും കുത്തനേയും കാണപ്പെടുന്ന ചരിവുകൾ. ( 60ഡി.–75ഡി.)

4) ചാഞ്ഞചരിവുകൾ (60ഡി. യിൽതാഴെ)

5) നേരിയ ചരിവുമാത്രമുള്ള സമതലം.

6) വയലുകൾ.

7) തോടുകൾ.

8) മലഞ്ചരിവുകളിൽ കാണപ്പെടുന്ന ചെറുതും വലുതും മായ പാറക്കെട്ടുകൾ.

മുമ്പുണ്ടായിരുന്ന നിബിഡ വനം ഇന്നില്ല. മലഞ്ചരിവുകളിൽ അടുത്തകാലംവരെ ധാരാളമായിരുന്ന ആഞ്ഞിലി, പ്ലാവ്, തേക്ക് തുടങ്ങിയ വലിയ വൃക്ഷങ്ങളുടെ എണ്ണത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

വയലുകൾ കരകൃഷിക്കായും കെട്ടിടങ്ങൾക്കായും മറ്റും നികത്തുന്ന പ്രവണതയും മലഞ്ചരിവുകൾ വെട്ടി മണ്ണ് എടുത്തുനിരപ്പാക്കുന്ന പ്രവണതയും ചെറിയതോതിൽ ഉണ്ട്. വലിയപാറക്കെട്ടുകളിലെ പാറഖനനവും വർധിച്ചുവരുന്നുണ്ട്. ഈപ്രവണതകൾ മുൻകാലത്തെ അപേക്ഷിച്ച് പരിസ്ഥിതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ അന്തരീക്ഷമലിനീകരണം ഭൂരൂപത്തിലെ ഗുരുതരമായവ്യതിയാനം എന്നിവകൊണ്ട് പരിസ്ഥിതി ആകെ മാറ്റിമറിക്കപ്പെടുന്ന സ്ഥിതിവിശേഷം കൂടാതെ ശാന്തതയുള്ള ഗ്രാമീണ അന്തരീഷം ഇന്നും നിലനിൽക്കുന്നു. മണ്ണൊലിപ്പാണ് ഏറ്റവും പ്രധാന പരിസ്ഥിതികപ്രശ്നം. മലഞ്ചരിവുകളിൽ പലയിടത്തും മണ്ണ് ഒലിച്ച് പാറതെളിയുകയും, വയലുകളിൽ ധാരാളമായി ഒലിച്ചുവരുന്ന മണ്ണ് അടിയുകയും ചെയ്യുന്നുണ്ട്. ഭൂരൂപത്തിൽ ഗണ്യമായ വ്യതിയാനം വരുത്തിയ ഈ നൂറ്റാണ്ടിലെ ഒരുസംഭവം 1933–ൽ ഉണ്ടായഉരുൾ പൊട്ടലാണ്. അന്ന് ചിറയത്തുമല രണ്ടായി പിളർന്നുപോകുകയും വൻവൃക്ഷങ്ങളോടെ മണ്ണടിഞ്ഞ് പാടം മൂടിപ്പോകുകയും ചെയ്തു. (ഇന്നും ആ പ്രദേശങ്ങളങ്ങനെ നിലനിൽക്കുന്നു. തിരുവതാംകൂർ വ്യവസായ ഡയറക്ടർ ആയിരുന്ന ശ്രീ പത്മനാഭപിള്ള ഈ പ്രദേശം സന്ദർശിച്ചതിന്റെയും അത്ക്ലാസുകളിൽ ചർച്ചാവിഷയം ആയതിന്റെയും ഒക്കെ ഓർമ്മകൾ കാരണവന്മരുടെ മനസിൽ ഇന്നും നിറഞ്ഞുനിൽക്കുന്നു).

ഭൂപ്രകൃതി പഠനത്തിനുവേണ്ടി 2 ദിവസങ്ങളിലായി 4 നേർ രേഖാനടത്തകളാണ് നടത്തിയത്. നടത്തകളിൽ നിന്നുകിട്ടിയ ഭൂരൂപസ്കെച്ചുകളും അനുബന്ധ വിവരങ്ങളും ചിത്രീകര്ച്ചട്ടുണ്ട്..

## മണ്ണിനങ്ങൾ

ചരിഞ്ഞപ്രദേശങ്ങളിൽ കാണപ്പെടുന്ന ഉരുളൻ കാട്ടുകല്ല് കലർന്ന ചെമ്മണ്ണ്, തറഞ്ഞുകിടക്കുന്ന പാറകൾ, കൃഷിക്കുപയുക്തമായ പാറകൾ, കൃഷിക്കു ഉപയുക്തമായ കരിമണ്ണ്, ചരലുകലർന്ന ചെമ്മണ്ണ്, ചെങ്കൽ കലർന്ന പശപ്പൻ മണ്ണ്, ചരൽ കലർന്ന പശപ്പൻമണ്ണ്, ചരൽ കലർന്ന ചെളിമണ്ണ്, ചരൽ കലർന്ന കറുത്ത മണ്ണ്, വെള്ളാരങ്കല്ലുകളും വെള്ളാരങ്കൽ പ്പാറകളും, ഈർപ്പമുള്ള ചെങ്കൽ മണ്ണ് നീർച്ചാലുകൾ ഒഴുകിനനഞ്ഞ പശകലർന്ന ചെങ്കൽ മണ്ണ്, കുരിച്ചിലുള്ള തവിട്ടുമണ്ണ് ചീങ്ക വലിയപാറക്കെട്ടുകൾ, എന്നിങ്ങനെ വിശാലമായ വൈവിധ്യമാണ്. ഈ പഞ്ചായത്തിലെ മണ്ണിന്റെ പ്രകൃതിക്ക്. (പഠനയാത്രയിൽ മണ്ണിന്റെ സ്വഭാവത്തെ അമ്ലതയുടെയും മറ്റും അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വേർതിരിക്കാൻ കഴിഞ്ഞിട്ടില്ല). എന്നാൽ തറഞ്ഞുകിടക്കുന്നപാറകളും, പാറക്കെട്ടുകളും മറ്റുമായി കാണപ്പെടുന്ന പാറപ്രദേശങ്ങൾ ഒഴികെ ഈ പഞ്ചായത്തിന്റെ എല്ലാമണ്ണിനങ്ങളും ഫലഭൂയിഷ്ഠതയുള്ളതാണ്. കുത്തനെയുള്ള മലഞ്ചരിവു കളും മലയുടെ ഉച്ചികളും പോലും തഴച്ചു നിൽക്കുന്ന കൃഷികളാൽ സമൃദ്ധമാണ്. ഹരിത വിപ്ലവത്തിന്റെ കാലം മുതൽ രാസവളപ്രയോഗം പരീക്ഷിക്കാനും വർദ്ധിപ്പിക്കാനും കർഷകർ തയ്യാറായിട്ടുണ്ട്. ഇത് മണ്ണിന്റെ ഫലഭൂയിഷ്ഠിയെ എങ്ങനെയാണ് ബാധിച്ചത് എന്നറിയാൻ ശാസ്ത്രീയമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. പഴമക്കാർ പറയുന്നത് 25 വർഷം മുമ്പത്തെ അപേക്ഷിച്ച് മണ്ണിന്റെ വളക്കൂറ് കുറഞ്ഞിട്ടുണ്ട് എന്നാണ്. പ്രധാന പാറകളും തോടുകളും തോടുകളും താഴെ പറയുന്നവയാണ്.

## സസ്യാവരണം

കഴിഞ്ഞ അര നൂറ്റാണ്ടിനിടെ കാർഷിക രംഗത്തുണ്ടായ ഏറ്റവും പ്രധാനമാറ്റം നാണ്യവിളകൾ നേടിയ മുൻകൈയാണ്. അതിൽത്തന്നെ റബ്ബറാണ് ഈപഞ്ചായത്തൽ കൃഷിഭുമിയുടെ സിംഹഭാഗവും ഇന്ന് കൈയടക്കിയിരിക്കുന്നത്. കുരുമുളക്, കമുക് എന്നീ കൃഷികൾ കുറഞ്ഞിരിക്കുന്നു. കാപ്പിമരങ്ങൾ വിരളമായിക്കാണാം. തെങ്ങിൻ തോപ്പുകൾ പ്രതാപം നഷ്ടപ്പെട്ട് റബ്ബറിന് വഴിമാറിക്കൊണ്ടേയിരിക്കുന്നു. അവശേഷിക്കുന്ന തെങ്ങുകളിൽ ഭൂരിപക്ഷവും രോഗബാധിതമാണ്. ഇടവിളകളായ ചേന, ചേമ്പ, കാച്ചിൽ, മറ്റ്കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ കൃഷിയിൽ കുറവ്സംഭവിച്ചിട്ടുണ്ട് എങ്കിലും തുടരുന്നുണ്ട്. വളരെ ആദായകരമാക്കാവുന്നതാണ് മരച്ചീനികൃഷി എന്നത് പലരും മനസിലാക്കിയിട്ടില്ല എന്ന് തോന്നുന്നു. വാഴത്തോപ്പുകൾ വ്യാപകമല്ലേങ്കിലും ധാരാളമായി ഇന്നുഉണ്ട്. വഴാകൃഷി പാടത്തേക്കു കൂടിമാറിയിട്ടുണ്ട്. ഇഞ്ചികൃഷിയും ഇടയ്ക്കിടെ കാണാനുണ്ട്. ഒറ്റപ്പെട്ട രീതിയിൽ വെറ്റിലക്കൊടി കൃഷിയുണ്ട് നെൽ കൃഷി എല്ലാപാടങ്ങളിലു ഉണ്ട്.

പഠനയാത്രയുടെ ഭൂരൂപ സെ്കച്ചിനോട് അനുബന്ധമായി കൃഷിവിന്യാസം ചിത്രീ കരിച്ചിട്ടുണ്ട്.
സസ്യാവരണത്തെപ്പറ്റി പറയുമ്പോൾ കൃഷിയോടൊപ്പം പ്രാധാന്യത്തോടെ തന്നെ കണക്കിലെടുക്കേണ്ടതാണ് ഇവിടത്തെ സ്വാഭാവിക ജൈവ വൈവിദ്ധ്യം. റബർ കൃഷിയുടെ വ്യാപനത്തിനിടയിലും സ്വാഭാവിക വൃക്ഷങ്ങൾ കുറെയൊക്കെ നിബിഡമായി കാണപ്പെടുന്ന മലഞ്ചരിവുകളാണ് മൂന്നാം വാർഡിലുള്ളത്. ആഞ്ഞിലി, പ്ലാവ്, പറങ്കിമാവുകൾ തുടങ്ങിയ വൃക്ഷങ്ങളാണ് ഇന്നും നില നില്ക്കുന്നവയിൽ പ്രധാനം. ഒരുകാലത്ത് തേക്കുമരങ്ങൾ നിറഞ്ഞുനിന്ന പ്രദേശമാണിത്. നാരങ്ങാനം തേക്കുകൾ പ്രസിദ്ധമായിരുന്നു. പ്രത്യേകസുഗന്ധവും ചെറുതേനീച്ചകൾ കൂടുവയ്ക്കുന്ന സവിശേഷതയും ഇവിടത്തെ തേക്കുകൾക്കുണ്ടായിരുന്നു. സ്വകാര്യഭൂമിയിൽ തേക്കും ഈട്ടിയും പാടില്ല എന്നനയത്തോട് തേക്കുകൾ മുറിച്ചുമാറ്റിയതോടെയാണ് ഇവിടത്തെ തേക്കുകൾ വംശനാശം നേരിട്ടത്. ഇപ്പോൾ തേക്കുകൾ നാമമാത്രമായിട്ടുണ്ട്.

വൃക്ഷങ്ങൾ കൂടാതെ ഇവിടുത്തെ ജൈവസമ്പത്തിന് മുതൽക്കൂട്ടുന്നത് മലഞ്ചരിവുകളിൽ സമൃദ്ധമായ ഔഷധസസ്യങ്ങളാണ്. വേങ്ങോലിമുരുപ്പ്, മടുക്കക്കുന്ന്, അന്ത്യാളൻകാവ്, കക്കണ്ണിമലയുടെ ചരിവുകൾ എന്നിവിടങ്ങളിലാണിവ ഏറെ കാണപ്പെടുന്നത്. പഠനയാത്രക്കിടെ വളരെലാഘവത്തോടെ ശേഖരിച്ച പട്ടികതന്നെ അമ്പതോളം ഔഷധസസ്യങ്ങളുടേതാണ്. വളരെ ശാസ്ത്രീയമായ ഒരു പഠനത്തിന് ഇതിന്റെ രണ്ടോ മൂന്നോ ഇരട്ടിസസ്യങ്ങൾ കണ്ടെത്താനായേക്കും പട്ടിക താഴെ കൊടുക്കുന്നു.

.............................................

## ജല പ്രകൃതി

'വെള്ളം വെള്ളം സർവ്വത്ര, ഇല്ല കുടിപ്പാനൊരുതുള്ളി' എന്ന ചൊല്ല് ഈ പഞ്ചായത്തിനെ സംബന്ധിച്ച് ഏറെ ശരിയാണ്.

സ്വാഭാവിക ജല സ്രോതസ്സുകളാൽ സമൃദ്ധമാണ് ഈ പഞ്ചായത്ത്. മുള്ളൻകുഴി മരുപ്പ്, കക്കണ്ണി, തുടങ്ങിയ ചില മലകൾക്കു ജലം സംഭരിച്ചു വയ്ക്കുന്ന പ്രകൃതമല്ല ഉള്ളത്. അടിയിൽ പാറക്കെട്ടുകൾ ആയതിനാൽ കിടങ്ങ് കുഴിച്ചും മറ്റുംവെള്ളം വാർന്നിറങ്ങാൻ അനുവദിക്കുകയെന്ന സമ്പ്രദായം

കൊണ്ടുപോലുംകിണറുകൾ വറ്റാതെ സൂക്ഷിക്കാൻ കഴിയില്ല. എങ്കിലും ശാസ്ത്രീയമായ വിദഗ്ധ പഠനം ഒരിക്കൽ കൂടെ നടത്താവുന്നതാണ്. ഈപ്രദേശങ്ങളിലെ കിണറുകളിൽ വേനൽക്കാലമാകുന്നതോടെ ജലക്ഷാമം അനുഭവപ്പെട്ടു തുടങ്ങുന്നു. എന്നാൽമടുക്കക്കുന്ന്, ചക്കുപാറ, അന്ത്യാളൻകാവിന് സമീപംചില പ്രദേശങ്ങൾ എന്നീ ഉയർന്നയിടങ്ങളിൽ ഒരിക്കലും വറ്റാത്ത ഉറവകൾ ഉണ്ട് 178 മീ. ഉയരമുള്ള മടുക്കക്കുന്നിന്റെ ഒത്തനിറുകയിൽ കിണർ കുഴിച്ചാൽപ്പോലും വെള്ളം ലഭിക്കുന്നു വേനൽമൂലം പമ്പാനദി വറ്റിവരളുന്നകാലത്തുപോലും ഈ ഓലികൾ ജലസമൃദ്ധമാണ് മല താഴേക്ക് ചെലുത്തുന്ന സമ്മർദ്ദ ഫലമായി പമ്പാ നദിയിൽ നിന്നും സംഭരിക്കപ്പെട്ടിട്ടുള്ള ഭൂഗർഭജലം ഒരു ഫൗണ്ടൻ പോലെ ഉയർന്ന് വരുന്നതാകാം കാരണം എന്നതാണ് ഒരഭിപ്രായം മടുക്കക്കുന്നിന്റെ ഉച്ചിയിലുള്ള ചിലഭാഗങ്ങളിൽ നിന്നാൽ വെള്ളം ഫൗണ്ടനിലെന്നപോലെ മലയ്ക്കള്ളിലൂടെ ഉയർന്നുവരുന്നതിന്റെ തരിപ്പ് ശരീരത്തിൽ അനുഭവിക്കാൻ കഴിയും എന്നാണ് ആ പ്രദേശത്തുകാർ പറയുന്നത്. എന്നാൽ ഇത്ര ജലസമൃദ്ധമായ മടുക്കക്കുന്നിന്റെ പോലും ചരിവുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആ പ്രശനപരിഹാരത്തിനായി ചില നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടങ്കിൽപ്പോലും ഈ പ്രകൃതി പ്രതിഭാസങ്ങൾ ശാസ്ത്രീയ പഠനത്തിനു വിധേയമായിട്ടില്ല. വയൽതീരങ്ങളിലുള്ള കിണറുകൾ

പൊതുവിൽപ്പറഞ്ഞാൽ ഒരിക്കലും വറ്റാത്തവയാണ്. വിസ്തൃതമായ കുളങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. സ്വകാര്യ ഭൂമികളിൽ ചെറിയകുളങ്ങളാണ് നില വിലുള്ളത്. ധാരാളം തോടുകൾ ഉണ്ട്. എങ്കിലും വേനൽക്കാലത്ത് അവ വറ്റിപോകുന്നു. ഉയർന്ന പ്രദേശങ്ങളിൽ ഭൂഗർഭജലം ഉണ്ട് എങ്കിലും ഉപരിതല ത്തിലൂടെയുള്ള ഒഴുക്ക് വേനൽക്കാലത്തും ലഭിക്കത്തക്ക ജലസംഭരണം ഉപരിതലത്തിൽ നടക്കുന്നില്ല. വനഭൂമിയിലുണ്ടായ കുറവാണ് ഇതിന് പ്രധാനകാരണം. മണ്ണൊലിപ്പും മറ്റൊരുവിധത്തിൽ തോടുകളേയും പാടങ്ങളേയും ബാധിക്കുന്നു. മണ്ണുവന്നടിഞ്ഞ് തോടിന്റെ ആഴം കുറയുകയും മഴക്കാലത്ത് വളരെ വേഗം കവിഞ്ഞൊഴുകാൻ ഇടയാകുകയും മണ്ണൊലിപ്പിലൂടെ ഫലഭൂയിഷ്ഠി കുറഞ്ഞ പദാർത്ഥങ്ങൾ പാടത്തേക്കു കൂടി വിതരണം ചെയ്യപ്പെടുകയുമാണ് ഉണ്ടാകുന്നത്. പാടങ്ങളേക്കാൾ വളരെ താഴ്ന്ന് കിടക്കുന്ന ചില തോടുകളിലേക്ക് വേനൽക്കാലത്ത് പാടത്തുള്ള ജലശേഖരം വാർന്നിറങ്ങി പാടത്തിന്റെ ആർദ്രത ഇല്ലാതെയാകുന്ന സ്ഥിതി വിശേഷമുണ്ട്.

പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലു കളാണ് ഈ പഞ്ചായത്തിൽ പടിഞ്ഞാറുള്ള ചില പ്രദേശങ്ങളിൽ ജലമെത്തിക്കുന്നത്. ജലമാവശ്യമുള്ള സമയങ്ങളിൽ ലഭിക്കുന്നില്ല എന്ന പരാതി സാധാര ണമാണ്. കടമ്മനിട്ട പ്രദേശങ്ങളിലേക്ക് ഇറിഗേഷൻ സൗകര്യങ്ങൾ ലഭ്യമല്ല.

## ജനപ്രകൃതി

നിഷ്ക്കളങ്ക ഗ്രാമീണത ഇന്നും പുലർത്തുന്ന വലിയൊരു ജനവിഭാഗമാണ് ഇവിടെയുള്ളത്. ഭൂരിപക്ഷവും കൃഷിയുമായി ബന്ധപ്പെട്ട് കഴിയുന്ന വരാണ്.റബ്ബർ ഒഴികെ കൃഷി ആദായകരമെന്ന് പറയാൻ കഴിയില്ലാത്ത സാഹചര്യത്തിൽ സാമ്പത്തികമായി. വളരെ മുന്നോക്കമാകാൻ കഴിഞ്ഞിട്ടില്ല.വൻ ഭൂവുടമകൾ വിരളമാണ്.ഭൂവുടമകളും കർഷകത്തൊഴിലാളികളും തമ്മിലുള്ള ബന്ധം സുദൃഢമാണ്.ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിലും എത്തിയി ട്ടുണ്ട്. അതിന്റെ ഫലമായ സാധാരണ മാറ്റങ്ങൾ പലതും ജീവിത ശൈലിയിൽ കാണാം. കേരളത്തിനു പുറത്ത് എന്തെങ്കിലും ജോലി സമ്പാദിക്കാൻ കഴിയുന്ന വർ,അദ്ധ്വാനമാവശ്യമുള്ള ജോലികൾ മതിയാക്കാൻ മാതാപിതാക്കളോട് ആവശ്യപ്പെടുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. പ്രത്യേകിച്ചും കാർഷിക വൃത്തിയും മറ്റും മാന്യത കുറഞ്ഞതാണെന്ന ഒരു വികല ധാരണ ഇതിന്റെ പിന്നിലുണ്ടെന്ന് തോന്നുന്നു.മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയുടേയും ധാന്യങ്ങളുടേയും സുലഭത,നെൽകൃഷിയുടെ ആദായമില്ലായ്മ മുതലായ കാരണങ്ങളാൽ നെൽകൃഷിയിൽ നിന്നും പിന്തിരിയാൻ കർഷകർക്കുള്ള പ്രവണത പോലെതന്നെ കർഷകത്തൊഴിലാളികൾക്കും നടീൽ,കൊയ്ത്ത്,മെതി തുടങ്ങിയ ജോലികളോട് ആഭിമുഖ്യം കുറഞ്ഞിട്ടുള്ളതായി തോന്നുന്നു.എന്നാൽ മൃഗസംരക്ഷണത്തോട് ഇന്നും ആഭിമുഖ്യം പൊതുവിൽ കുറഞ്ഞിട്ടില്ല.

കാർഷികേതരമായ മിക്ക മേഖലകളിലും ഈ പഞ്ചായത്തിലുള്ള ജനങ്ങൾ എത്തിപ്പെട്ടി ട്ടുണ്ട്. കേരളത്തിനു പുറത്തും- ഇൻഡ്യക്കകത്തും വിദേശത്തും ജോലി നേടിയവരേക്കൂടാതെ സർക്കാർ സർവീസ്,ബാങ്കുകൾ,ആശുപത്രികൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സേവനരംഗങ്ങളിലാണ് പ്രധാനമായും ജനവിന്യാസം. 168 സർവീസ് പെൻഷൻകാർ ഇപ്പോൾ ഉണ്ട്

ക്ഷേമപ്രവർത്തനങ്ങൾ പൊതുജീവിതനിലവാരം ഉയർത്താൻ കുറേയൊക്കെ സഹായകരമായി ട്ടുണ്ടങ്കിലും ദുർബല ജനവിഭാഗങ്ങളെ പൂർണ്ണമായും മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. പട്ടികജാതി വിഭാഗത്തിലുള്ള ജനസംഖ്യ ആകെ ജനസംഖ യുടെ 10 % ആണ്. ഈ പഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനിയുണ്ട്. ആകെ 18 ഭവനങ്ങൾ ഈ വിഭാഗത്തിൽ ഉണ്ട് സ്ത്രീകളുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ 52% വരും. സാമൂഹ്യരംഗത്ത് സ്ത്രീകൾക്കുള്ള പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് തടസ്സമായ സാമൂഹ്യമനോഭാവമല്ല നിലവിലുള്ളത്. മഹിളാ സംഘടനകൾ മിക്കതിന്റെയും പ്രവർത്തനം സജീവമാണ്. എന്നാൽ കുടുംബ ബന്ധങ്ങളിൽ സ്ത്രീക്കുപിന്നോക്കാവസ്ഥ തന്നെയാണു നിലവി ലുള്ളതെന്നു പൊതുവിൽപറയാം. കൂടാതെ ജീവിതസാഹചര്യങ്ങളും പരമ്പരാഗതമായി വിദ്യാഭ്യാസരംഗത്തും മറ്റും ഉള്ള പിന്നോക്കാവസ്ഥയും സ്ത്രീകളുടെ ഉന്നമനത്തിനു തടസമാണ്. സ്ത്രീധനം രൂക്ഷമായ ഒരു പ്രശ്നം തന്നെയാണ്. സാമ്പത്തികവും സാംസ്ക്കാരികവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു പ്രശ്നമാണത്.

ഈ പഞ്ചായത്തിൽ കോൺഗ്രസ് (ഐ) സി. പി. ഐ. (എം.), കോൺഗ്രസ് (എസ്) കേരളാകോൺഗ്രസ് (എം) കേരളാകോൺഗ്രസ് (ജെ), ബി.ജെ.പി., ജനതാദൾ, മുസ്ലീംലീഗ് എന്നീ രാഷ്ട്രീയപാർട്ടികളുടെ ഘടകങ്ങളും അവയുടെ ഉപസംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

രാഷ്ട്രീയ വൈരത്തിനുമപ്പുറം ആയി സൗഹാർദ്ദത്തിന്റേതായ ഒരന്തരീക്ഷമാണ് പൊതുവിൽ ഉള്ളത്.

വിവിധ മതവിശ്വാസങ്ങൾ പരസ്പരബഹുമാനത്തോടെ നിലനിൽക്കുന്നു. പ്രധാനമായും നായർ, ഈഴവ തുടങ്ങിയ ഹിന്ദു വിഭാഗങ്ങളും ഓർത്തഡോക്സ്, മാർത്തോമാ, കത്തോലിക്ക, പെന്തക്കോസ്ത്, തുടങ്ങിയ ക്രിസ്ത്യൻ വിഭാഗങ്ങളും മുസ്ലീംസമുദായവും വിവിധ ദളിത് വിഭാഗങ്ങളുമാണ് നിലവിലുള്ളത്. നിർഭാഗ്യകരമായ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമേ മതവൈരാഗ്യത്തിന്റേതായി ഉണ്ടായിട്ടുള്ളു. അത്തരം സംഭവങ്ങളെ ഒരു സമുദായവും പിൻതുണച്ചിട്ടില്ല.

സൗഹൃദത്തിന്റേതായ ഈ അന്തരീക്ഷമാണ് നാരങ്ങാനത്തിന്റെ ഒരു വലിയ മുതൽക്കൂട്ട് ഈ അന്തരീക്ഷത്തെ ചിട്ടയായ സംഘടിത സാംസ്ക്കാരീക പ്രവർത്തനങ്ങളിലൂടെ പ്രയോജനപ്പെടുത്താനുള്ള അവസരമാണ് ജനകീയാസൂത്രണത്തിലൂടെ കൈവന്നിരിക്കുന്നത്.

# 4

# കൃഷിയും ജലസേചനവും

ഫലഭൂയിഷ്ഠവും പ്രകൃതി സുന്ദരവുമായ നാരങ്ങാനം ഗ്രാമം അറുപതു ശതമാനവും കൃഷി യിടങ്ങളേക്കൊണ്ടു നിറഞ്ഞ ഈ പഞ്ചായത്തിന്റെ വിസ്തൃതി 20.42 ച. കി. മി ആണ്. അതിൽ 127 ഹെ. വരും വയലുകളുടെ വിസ്തീർണ്ണം . എന്നാൽ യഥാർത്ഥ നെൽകൃഷി 65 ഹെ: സ്ഥലത്തുമാത്രമെ നടക്കുന്നുള്ളു. ബാക്കി കുറേഭാഗം തരിശും ശേഷിച്ചതിൽ അധികവും ആദായകരമായ 'കുറുമ്പു' കൃഷിയും വെറ്റില ക്കൊടിയും മറ്റുകൃഷികളും ചെയ്യുന്നു. നെൽകൃഷി ചുരുങ്ങാൻ കാരണം നെൽകൃഷി ലാഭകരമല്ലാത്തതു കൊണ്ടും, ജലദൗർലഭ്യവും, കർഷകത്തൊഴി ലാളികളുടെ അഭാവവും വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിലക്കയറ്റവും മറ്റുമാണെന്ന് കരുതാം.

കൃഷിയും അതിനോട് ബന്ധപ്പെട്ട തൊഴിലും മാത്രം ചെയ്താണ് ഒരുകാലത്ത് ആളുകൾ ഉപജീവനം കഴിച്ച് പോന്നത്. ഇന്ന് ആ സ്ഥിതിക്ക് അൽപ്പം മാറ്റം ഉണ്ടായിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷവും ആ നില തുടരുന്നു.

ഇന്നത്തെ പ്രധാനകൃഷി റബ്ബർ തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ നാണ്യവിളകളും നെല്ല്, വാഴ, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യ വിളകളും പാവൽ, പടവലം, പയർ, ചീര, മത്തൻ, കുമ്പളം, പച്ചമുളക്, വെണ്ട, വെള്ളരി, കോവൽ തുടങ്ങിയ പച്ചക്കറികളും ആണ്. ജലസേചന സൗകര്യമുള്ളടത്ത് അങ്ങിങ്ങായി വെറ്റിലകൊടികൃഷി ചെയ്യുന്നുണ്ട്. ഉദ്ദേശം 50 വർഷത്തിനു മുമ്പ് ഈ പഞ്ചായത്തിൽ ധാരാളം കരിമ്പുകൃഷി ഉണ്ടായിരുന്നു. ഇന്ന് ഈ കൃഷി തീരെയില്ല.

റബ്ബറിന്റെ കടന്നുകയറ്റത്തോടുകൂടി തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് എന്നീ കൃഷിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. തെങ്ങിന് കൂമ്പ് ചീയൽ, കാറ്റ് വീഴ്ച തുടങ്ങിയ രോഗങ്ങൾ പിടിപെട്ടതും കൃഷികുറയാൻ കാരണമായിട്ടുണ്ട്. അതുപോലെ കുരുമുളകിന് ദ്രുതവാട്ടരോഗവും കാരണമായി എടുക്കാവുന്നതാണ്. 20 വർഷത്തിനകമാണ് റബ്ബർ ഇത്ര വ്യാപകമായത് ഇതുമൂലം ഒരുകാലത്ത് ഭക്ഷ്യവിളുയായിരുന്ന മരച്ചീനി കൃഷി വളരെ കുറഞ്ഞിട്ടുണ്ട്. ഇഞ്ചികൃഷി മുൻ കാലത്തെ അപേക്ഷിച്ച് വളരെ കുറഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ വസ്തു ഉടമകളുടെ സ്ഥല വിസ്തീർണ്ണം താഴെ ചേർക്കുന്നു.

| സ്ഥലത്തിന്റെ വിസ്തീർണ്ണം | സ്ഥലം ഉടമസ്ഥർ |
|---|---|
| .04 ഹെക്ടറിനു താഴെ (10 സെ: നുതാഴ്) | 3354 |
| .04 ഹെ. മുതൽ 1.10 ഹെ (10–25) | 1457 |
| 1.1 ഹെ. മുതൽ 1.2 ഹെ (25–50) | 1473 |
| 1.20 ഹെ. മുതൽ 1.40 ഹെ (50–100) | 1213 |
| 1.40 ഹെ. മുതൽ 1.80 ഹെ (1ഏ: 2ഏ:) | 517 |
| 1.8.0 ഹെ. മുതൽ 12.0 ഹെ (2–5) | 530 |
| 12.0 ഹെ. മുകളിൽ (5ഏ: മുകളിൽ) | 292 |

1988 മുതൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു നാരങ്ങാനം പഞ്ചായത്തിൽ പുന്നോൺ (2), മടത്തുംപടി (5), ആലുങ്കൽ (5), തെക്കേപ്പുറം (9), മേൽപ്പാടം (7) എന്നിങ്ങനെ 5 ഗ്രൂപ്പ് ഫാമിംഗ് സമിതികൾ നിലവിലുണ്ടെങ്കിലും പുന്നോൺ പാടശേഖരത്ത് മാത്രമെ ഫലപ്രദമായി പ്രവർത്തനം നടന്നുവരുന്നുള്ളു. പാടങ്ങളിൽ രണ്ട് പൂവു നെൽ കൃഷിയും വേനൽ കാലത്ത് പച്ചക്കറി കൃഷിയും ചെയ്തുവരുന്നു. നിലവിലുള്ള പി.ഐ.പി സബ്കനാലിന് വാർഷീക സംരക്ഷണനടപടികൾ ഇല്ലാത്ത കാരണം കൃഷിക്കാവശ്യമായ ജലം ലഭിക്കുന്നില്ല. വട്ടക്കാവ്-കളത്തൂർ പടി സബ് ഡിസ്ട്രിബ്യൂട്ടറി കനാൽ പ്രവർത്തനക്ഷമമായാൽ പുന്നോൺ പാടശേഖരത്തെ ജലദൗർലഭ്യം പരിഹരിക്കാവുന്നതാണ് കളർത്തൂർപ്പടി ഈറമലപ്പടി വരെയുള്ള സബ് ഡിസ്ട്രിബൂട്ടറി ആവശ്യമില്ലാത്തതാകുന്നു.

**തോടുകൾ:** തെക്കേപ്പുറം -ചിറയത്ത് താട്ടാപ്ലാക്കൽ തൊടുവേലിൽപടി-മഠത്തുംപടി കളത്തൂർപടി കൂരക്കാട്ടിൽ പടി - വാഴത്തോപ്പിൽപടി (വലിയതോട്), കളത്തൂർപടി - ചാപ്പൽപടി തോട്, ഇളവിരുത്തി - കന്നിടും കുഴിതോട്, തോന്ന്യാമല - ആറാട്ടുകാവ്തോട്, ഇളപ്പുങ്കൽ - മുട്ടത്തിൽപടി ചിറയത്തുതോട് കുമ്പംകുഴി അഞ്ചുതോട് - മാതിരംപള്ളിപടിതോട്, മഠത്തുംപടിത്തോട്, പറയനോയിക്കൽ - മുളയ്ക്കൽപടിതോട്, മുല്ലശ്ശേരിപടി - മാണികുളം, കല്ലേലി - പെരുംതോട്, വഴിത്താനത്ത് അഞ്ചാനിവേക്കൽപടിത്തോട്, തൂളിക്കുളം - ഇളയത്തു പടിത്തോട്, മലേക്കുഴി - ആമപ്പാറ, ചാന്തുകാവ് - കുടിലുകുഴി, മടുക്കാനക്കുഴി - പുളിഞ്ചിട്ട, കൈതക്കൽ പടി - വള്ളിക്കാലാപടി, കുരീലയ്യം - കാഞ്ഞിരപ്പാറ എന്നിങ്ങനെ 25 തോടുകൾ ഉണ്ട്. ഈ തോടുകളിലെ വെള്ളം കൃഷിയ്ക്കുപയുക്തമാകുന്നില്ല. മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടായി കൃഷിനാശം സാധാരണമാണ്. ഈതോടുകളിൽ സൈഡു കെട്ടി തടയണകൾ നിർമ്മിക്കുകയും ചെയ്താൽ കൃഷിക്ക് പ്രയോജനമാകും. മണ്ണും, ജലവും പാഴായി പോകുന്നത് നിയന്ത്രിക്കാൻ സാധിക്കും.

കുന്നുകൾ: നെടുമുരുപ്പ്, കക്കണ്ണി, വേങ്ങോലി, മുള്ളൻകുഴി, മടുക്കക്കുന്ന്, ചക്കുപാറ, തോന്ന്യാമല, സൂചിമുരുപ്പ്, നെടുഞ്ചേരി, മുള്ളൻവാരം വല്യയന്തി, കൊന്നയ്ക്കൽ, തിരുമുറ്റംകളരി, അന്ത്യാളങ്കാവ്, പെരുമ്പാറ, കാഞ്ഞിരപ്പാറ എന്നിങ്ങനെ 15 കുന്നുകൾ ഉണ്ട്. ഈ കുന്നുകളിൽ എല്ലാം തന്നെ റബ്ബറും കശുമാവും വ്യാപകമായിട്ടുണ്ട്.

പൊതുസ്ഥിതി : ഭൂപരിഷ്കരണവും അനുബന്ധ നിയമങ്ങളും നടപ്പിലായതോടു കൂടി പാട്ടത്തിന് കൃഷിചെയ്തിരുന്ന ഏർപ്പാട് നിലവിലില്ലാതായി. കോല്ലവർഷം 1080 ലെ സെറ്റിൽമെന്റ് സർവ്വേക്കുശേഷം നിലം പുരയിടങ്ങൾക്ക് കാര്യമായ മാറ്റങ്ങൾ വന്നിട്ടില്ല. നെൽകൃഷി ആദായകരമല്ലാത്തതിനാൽ കർഷകർ ഇരിപ്പുകൃഷി ചെയ്യുന്നതിന് താല്പര്യം കാണിക്കുന്നില്ല. ആധുനീക കൃഷി സമ്പ്രദായങ്ങൾ ചില ഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും യന്ത്രവൽക്കൃത കൃഷി വ്യപകമായിട്ടില്ല. അശാസ്ത്രിയമായി നടപ്പിലാക്കിയ റീസർവ്വേ മൂലം കൈവശാനുഭവത്തിനും ഉടമസ്ഥതക്കും ഭംഗം വന്നിട്ടുള്ളതിനാൽ ഈ പഞ്ചായത്തിലെ 90% ഭൂഉടമസ്ഥരും ഇന്ന് നിരാശരും അസംതൃപ്തരും ആണ്. പ്രശ്ന പരിഹാരത്തിനുള്ള സർവ്വേ അദാലത്ത് ഫലപ്രദമായില്ല.

കഴിഞ്ഞരണ്ട് ദശകങ്ങളിൽ കേരളത്തിലെ വിളഉല്പാദനത്തിലുണ്ടായ വളർച്ചാനിരക്കിലെ മാറ്റങ്ങൾ.

| വിളകൾ | 1975–76 | 1994–95 | വർദ്ധന ശതമാനത്തിൽ |
|---|---|---|---|
| റബ്ബർ | 2.07 | 4.43 | 114.0 |
| തെങ്ങ് | 6.93 | 9.01 | 30.0 |
| കുരുമളക് | 1.08 | 1.89 | 75.0 |
| കശുമാവ് | 1.09 | 1.06 | −2.8 |
| നെല്ല് | 8.76 | 5.03 | −42.6 |
| മരച്ചീനി | 3.27 | 1.30 | −60.2 |

അവലംബം: ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്ക് വിഭാഗം, കേരളസർക്കാർ

കാർഷികോപകരണങ്ങൾ

| നിലവിലുള്ളത് | എണ്ണം | കൂടുതലായി വേണ്ടത് | എണ്ണം |
|---|---|---|---|
| നാടൻ കലപ്പ | 10 | ട്രാക്ടർ | 2 |
| റോക്ക് സ്പ്രെയർ | 4 | ടില്ലർ | 2 |
| നാപ്സ്റ്റാക്ക് | 52 | നാടൻ | |
| സ്പ്രെയർ | | കലപ്പ | 10 |
| മെതിയന്ത്രം | 1 | മെതി | |
| | | യന്ത്രം | 2 |
| പോർട്ടബിൾപമ്പ് | 72 | കോയ്ത്ത് യന്ത്രം | 2 |
| നാപ്സ്റ്റാക്ക് സ്പ്രെയർ | 15 | | |
| പോർട്ടബിൾ പമ്പുസെറ്റ് | 20 | | |

നെൽകൃഷി വിത്തിനങ്ങളിലും കൃഷി സമ്പ്രദായത്തിലും വന്ന മാറ്റങ്ങൾ

മുൻകാലത്തു കൃഷി ചെയ്തുകൊണ്ടിരുന്ന ചാമ്പക്കണ്ണൻ, ചേറാടി, കുളപ്പാല, മുന്നായകൻ, കുറ്റാലൻ തുടങ്ങിയ മൂപ്പ്കൂടിയ വിത്തിനങ്ങൾ വയലുകളിൽ നിന്നും അപ്രത്യക്ഷമായി. ഇപ്പോൾ ജ്യോതി, എച്ച്-4, ത്രിവേണി, എന്നീ മൂപ്പുകുറഞ്ഞതും അത്യുൽപ്പാദന ശേഷി ചാരം ചാണകം പച്ചില എന്നി ജൈവവളങ്ങൾ ചേർത്ത് നെൽകൃഷി നടത്തിയിരുന്നു. എന്നാൽ ഇന്നു കൂടുതൽ നെൽകൃഷിയും നടത്തുന്നത് ട്രാക്ടർ, ടില്ലർ തുടങ്ങിയ യാന്ത്രികോപകരണങ്ങൾ ഉപയോഗിച്ച് ഉല്പ്പാദനം വർദ്ധിപ്പിച്ചു വരുന്നു.

ഗ്രൂപ്പ് ഫാമിങ്ങ്: ഒരേവിത്ത്, ഒരേസമയം കൂട്ടായി നിലം ഒരുക്കിമണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തി കൂട്ടായി കൃഷിയിറക്കുന്നു. വിളവർദ്ധനവിനും കർഷകർക്ക് കൂടുതൽ സൗകര്യത്തിനും ഈകൃഷി രീതി വളര് നല്ലതാണ്. ഇപ്പോൾ ലഭിക്കുന്ന സബ്സിഡി തീര് അപര്യാപ്തമാണ്. നെൽകൃഷിയുടെ പ്രോത്സാഹനത്തിന് ഹെക്ടറിന് 2500 രൂപ എങ്കിലും ലഭിക്കണം.കുറേക്കൂടെ മെച്ചപ്പെട്ട ആദായം മോഹിച്ച് നെൽവയൽ മറ്റു കൃഷിയിടങ്ങളാക്കുന്നതിനുള്ള പ്രവണത കൃഷിക്കാരുടെ ഇടയിൽ ഏറിവരുന്നു. തൻമൂലം ജലസേചനത്തിനും നിലം ഉഴവിനും ഗ്രൂപ്പ് ഫാമിഗിന്റെ സുഗമമായ പ്രവർത്തനത്തിനും തടസ്സം സൃഷ്ടിക്കുന്നു. നമ്മുടെ മുഖ്യ ആഹരമായ നെൽക്കൃഷിചുരുങ്ങുന്നു. കൂടുതൽ പ്രോത്സാഹനങ്ങൾ നൽകി കർഷകരെ നെൽ ഉൽപാദന രംഗത്തു പിടിച്ചുനിർത്തേണ്ടതാണ്.റബ്ബർ കൃഷിക്കു ഇന്നു നൽകുന്ന പകുതി സൗജന്യവും പ്രോത്സഹനവും കൊടുത്താൽ ഇപ്പോഴത്തെതിന്റെ ഇരട്ടി നെല്ലുല്പാദനം നടക്കുന്നതാണ്.

**സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്കു നലകിയ വായ്പയുടെ പട്ടിക.**

| സഹകരണസ്ഥാപനത്തിന്റെ പേര് | വർഷം | കർഷകരുടെ എണ്ണം | തുക. |
|---|---|---|---|
| എസ്. സി. ബി.628 നാരങ്ങാനം | 93–94 | | |
| | 94–95 | | |
| | 95–96 | | |
| ആകെ | | | |
| എസ്. സി. ബി. 44 കടമ്മനിട്ട | 93–94 | | |
| | 94–95 | | |
| | 95–96 | | |
| ആകെ | | | |
| ജില്ലാസഹകരണബാങ്ക് ബ്രാഞ്ച് | 93–94 | | |
| | 94–95 | | |
| | 95–96 | | |
| ആകെ | | | |
| മൊത്തം | | | |

**ബാങ്കുകളിൽ നിന്നും കർഷകർക്കു നൽകിയ കാർഷീക വായ്പ്പ പട്ടിക**

| ബാങ്കിന്റെ പേര് | വർഷം | കർഷകരുടെ എണ്ണം | വായ്പ്പതുക |
|---|---|---|---|
| ഫെഡറൽ ബാങ്ക് കടമ്മനിട്ട | | | |
| എസ്. ബി. റ്റി. നാരങ്ങാനം | | | |
| യൂക്കോ ബാങ്ക് നെല്ലിക്കാല | | | |
| എസ്. ബി. റ്റി. കോഴഞ്ചേരി | | | |

റബ്ബർ, തെങ്ങ്, കുരുമുളക്, വെറ്റില കൊടി, മരച്ചീനി, ഏത്തവാഴ, ഇഞ്ചി എന്നീ

കൃഷികളെ സംബന്ധിച്ച വിവരങ്ങൾ നിർദേശങ്ങളിൽ വരുന്നതുകൊണ്ട് ഓരോന്നിനെ സംബന്ധിച്ച വിശദീകരണം അവസാനിപ്പിക്കുന്നു. വളർച്ചാനിരക്കിലുണ്ടായ മാറ്റങ്ങൾ പട്ടികരൂപത്തിൽ കൊടുത്തിട്ടുണ്ട്.

## പച്ചക്കറികൃഷി

പണ്ടുകാലം തൊട്ടേ പച്ചക്കറികൃഷിക്കു പേരുകേട്ട പ്രദേശമാണ് നാരങ്ങാനം കടമ്മനിട്ട കരകൾ ഉൾപ്പെട്ട നാരങ്ങാനം പഞ്ചായത്ത്. ഒരുകാലത്ത് കോഴഞ്ചേരി - പത്തനംതിട്ട പച്ചക്കറി മാർക്കറ്റുകൾ നാരങ്ങാനം പച്ചക്കറി പിടിച്ചടക്കിയിരുന്നു. ഇന്ന് ഇപ്പോൾ കൃഷിയിടങ്ങളും കർഷകരും കർഷകതൊഴിലാളികളും കുറഞ്ഞു. എന്നിട്ടും പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നിട്ട് തന്നെ നിൽക്കുന്നു പച്ചക്കറി ഗ്രാമവികസന പദ്ധതിപ്രകാരം പത്തനംതിട്ട ജില്ലയിലെ 'പച്ചക്കറിഗ്രാമം' ആയി നാരങ്ങാനം പഞ്ചായത്തിനെ തിരഞ്ഞ് എടുത്തിരിക്കുന്നു.

പച്ചക്കറികൃഷി വികസനത്തിന്റെ ഭാഗമായി സ്ക്കൂൾ കുട്ടികൾക്ക് അവരവരുടെ വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനുവേണ്ടി സൗജന്യമായി വിത്തും വളവും കൃഷിഭവൻ മുഖേന സർക്കാർ നൽകിവരുന്നു. ഇതിൽ 3 കൃഷിക്കാർക്കു അവാർഡും നൽകുന്നുണ്ട്. അടുക്കളത്തോട്ടം പച്ചക്കറികൃഷി പ്രോത്സാഹിപ്പിച്ചാൽ അവരവർക്കത്യാവശ്യമുള്ളവ ഉൽപ്പാദിപ്പിക്കാനെങ്കിലും കഴിയും. അതിനുള്ള ബോധവൽക്കരണവും സഹായവും എത്തിക്കാൻ വേണ്ടസംവിധാനമുണ്ടാവണം.

ഔഷധസസ്യക്കൃഷിയും കൂൺ കൃഷിയും പുഷ്പകൃഷിയും പ്രോത്സാഹനം നൽകിയാൽ ഈപഞ്ചായത്തിൽ വളർത്തിഎടുക്കാൻ സാദ്ധ്യത എറെയുണ്ട്.

## കാർഷികവായ്പ്പാ സൗകര്യം

നാരങ്ങാനം പഞ്ചായത്തിലെ കർഷകർക്കു വായ്പ്പകൾ നൽകുന്ന പ്രധാനപ്പെട്ട 2 സഹകരണ സ്ഥാപനങ്ങളാണ് എസ്സ്. സി. ബി. 628 നാരങ്ങാനവും എസ്സ്. സി. ബി. 44 കടമ്മനിട്ടയും. നാരങ്ങാനം കരയിൽപ്പെട്ട കർഷകർക്കു മാത്രമെ എസ്സ്. സി. ബി. 628 വായ്പ്പ നൽകു. അതുപോലെ കടമ്മനിട്ട എസ്സ്. സി. ബി. യും. കൂടാതെ കടമ്മനിട്ട ജില്ലാസഹകരണ ബാങ്ക് ബ്രാഞ്ചിൽ നിന്നും കാർഷിക ലോൺ നൽകുന്നുണ്ട്.

നാരങ്ങാനം പഞ്ചായത്ത് ഒന്നാം വാർഡു കർഷകർക്ക് കോഴഞ്ചേരി എസ്സ്. ബി. റ്റി. യും രണ്ടാം വാർഡിൽപ്പെട്ട കർഷകർക്ക് നെല്ലിക്കാല യൂക്കോ ബാങ്കും 3,4,5,6 എന്നീ വാർഡുകൾക്ക് ആലുങ്കൽ എസ്സ്. ബി. റ്റി. യും 7,8,9 വാർഡുകൾക്ക് കടമ്മനിട്ട ഫെഡറൽ ബാങ്കും കാർഷിക ലോൺ കൊടുത്തു സഹായിക്കുന്നതിൽ പൊതുവേ വിമുഖത കാണിക്കുന്നതായിട്ടാണ് കർഷകരുടെ ഇടയിലുള്ള പരാതി. ഇതൊഴിവാക്കാൻ ധനകാര്യസ്ഥാപനങ്ങൾ പരമാവധി സഹകരിക്കണം.

## കാർഷീക ബന്ധങ്ങൾ

കൃഷി മുഖ്യവരുമാനമായിട്ടുള്ളവരുടെ എണ്ണം വളരെ കുറഞ്ഞു. കർഷകത്തൊഴിലാളികളെ വേണ്ടുവോളം കിട്ടാനുമില്ല. ഈ മേഖലയേക്കാൾ കൂലി കൂടുതൽ ലഭിക്കുന്ന പാറ പണി തുടങ്ങിയവയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. പഞ്ചായത്ത് തലത്തിൽ കർഷകരുടെയും കർഷകതോഴിലാളികളുടെയും പേർ രജിസ്റ്റർ ചെയ്തുകോണ്ട് ബോധവൽക്കരണവും പരിശീലനവും നൽകണം. കർഷകതൊഴിലാളികൾക്ക് അഗ്രോസർവ്വീസ് സെന്ററിലൂടെ ജോലിസ്ഥിരത ഉറപ്പാക്കണം കുട്ടികളുടെവിദ്യാഭ്യാസം, ചികിൽസ, പെൻഷൻ തുടങ്ങിയ അകർഷകമായ സംവിധാനം ഉണ്ടാവണം മനുഷ്യപ്രയത്നം കുറച്ചുകൊണ്ട് സാങ്കേതിക ഉപകരണങ്ങൾപ്രവർത്തിപ്പിക്കാൻ ഉള്ളപരിശീലനം നൽകണം. കാർഷീകവൃത്തി മറ്റു തൊഴിലിനെക്കാൾ മോശമാണെന്ന ധാരണ മാറ്റത്തക്ക പ്രവർത്തനം സംഘടിപ്പിക്കണം.

## വേലവേതനവ്യവസ്ഥകൾ

നാരങ്ങാനം പഞ്ചായത്തിലും ഉഴവ്, ഞാറുനടീൽ, കളപറിക്കൽ, കൊയ്ത്ത്, തേങ്ങയിടീൽ, റബ്ബർ ടാപ്പിംഗ്, മറ്റ് കരകൃഷിപ്പണി തുടങ്ങിയ എല്ലാ തുറകളിലും കാലാനുസ്രതമായ കൂലി വർദ്ധനവുണ്ടായിട്ടുണ്ട്. കാർഷികമേഖലയിൽ പുരുഷകർഷക തൊഴിലാളിക്ക് 80 രൂപ മുതൽ 100 രൂപ വരയും സ്ത്രി തൊഴിലാളിക്ക് 50 രൂപ മുതലും കൂലിനിരക്ക് നിലവിൽ ഇരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. കൃഷിയിടങ്ങളിൽകൃഷിവിദഗ്ധരുടെ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണം.

2. മണ്ണുപരിശോധന നടത്തി ഓരോ വാർഡിലും ഓരോ കൃഷിക്കുള്ള സ്ഥലങ്ങൾ നിർണ്ണയിക്കണം.

3. തെങ്ങിന്റെ രോഗപ്രതിരോധത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. എല്ലാവാർഡിലും രോഗമുള്ള തെങ്ങ് വെട്ടിമാറ്റി പുതിയയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കണം.

4. റബ്ബർ, തെങ്ങ്, വാഴ, കുരുമുളക്, കാപ്പി തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ ആവശ്യാനുസരണം ഈ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനു വേണ്ട നഴ്സറികൾ സ്ഥാപിക്കണം.

5. നെൽകൃഷിയിടങ്ങൾ നികത്തുന്നതും തോണ്ടിയുയർത്തി മറ്റ് കൃഷിചെയ്യുന്നതും തടയുന്നതിനുള്ള അധികാരം റവന്യുവിൽ നിന്നും പഞ്ചായത്തിനു ലഭിക്കണം. അങ്ങനെ ആ ഏർപ്പാട് പൂർണ്ണമായി അവസാനിപ്പിക്കണം.

6. ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, കൊയ്ത്തെയന്ത്രം എന്നിവ പഞ്ചായത്ത് സ്വന്തമായി വാങ്ങണം.

7. വിത്ത്, വളം, കീടനാശിനി എന്നിവ മൊത്തമായി സംഭരിച്ച് പഞ്ചായത്തിന്റെ ചുമതലയിൽ സഹകരണ സ്ഥാപനങ്ങളിലൂടെ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

8. ഓരോ പാട ശേഖരങ്ങളിലും ജലസേചന സൗകര്യം ലഭ്യമാക്കണം.

9. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പാക്കണം.

10. കുടിവാഴ, ഏത്തവാഴ, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങു വർഗ്ഗങ്ങൾ, മത്ത, വെള്ളരി, കുമ്പളം, പടവലം, പാവൽ, പച്ചമുളക്, ചീര മുതലായ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനു സമതലപ്രദേശങ്ങളിലെ റബ്ബർ കൃഷി അവസാനിപ്പിച്ച് മേൽ പറഞ്ഞ കൃഷികൾ നടത്തണം. ഇതിനായി ന്യായവില ഉറപ്പാക്കുകയും, കൃഷിച്ചിലവ് താങ്ങാവുന്നതാക്കുകയും വേണം.

11. പച്ചക്കറി കൃഷി എല്ലാ വാർഡുകളിലും നടപ്പിലാക്കി പഞ്ചായത്തിൽ സ്വയംപര്യാപ്തത നേടണം. ഓരോ വീട്ടിലും അടുക്കളത്തോട്ടം നിർമ്മിക്കണം.

12. ഔഷധസസ്യങ്ങൾ വിപണനാടിസ്ഥാനത്തിൽ നട്ടുവളർത്തണം. മുല്ല, അന്തൂറിയം, ഓർക്കിഡ്, വാനില എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ കൃഷി നടത്തണം. ഇഞ്ചി, മഞ്ഞൾ, കച്ചോലം, ചിറ്റരത്ത, കോലിഞ്ചി എന്നിവയുടെ കൃഷി വ്യാപകമാക്കണം.

13. പഞ്ചായത്തിൽ കൃഷി ചെയ്യാതെ കിടക്കുന്ന നിലം പുരയിടങ്ങൾ കൃഷിക്കുവേണ്ടി പഞ്ചായത്ത് പാട്ടവ്യവസ്ഥയിൽ ഉടമകളുടെ സമ്മതത്തോടെ ഏറ്റെടുത്ത് സൊസൈറ്റികൾ മുഖേന റജിസ്റ്റർ ചെയ്ത് കൃഷി നടത്തണം.

14. കുന്നിൻ ചരിവുകളിൽ ഈടികയ്യാലകൾ നിർമ്മിച്ച് മണ്ണൊലിപ്പു തടയണം. ഇതിനു സബ്സിഡി അനുവദിക്കണം.

15. നെൽ കൃഷിക്ക് ഉപയോഗ്യമായ പാടശേഖരങ്ങളിൽ വെള്ളം ലഭിക്കുന്നതിനാവശ്യമായ കുളങ്ങളും കിണറുകളും കുഴിപ്പിച്ചും നീരൊഴുക്കു തോടുകളിൽ 'തടയണകൾ' നിർമ്മിച്ചും ജലസേചനം നടത്തണം. ഇതു പാടങ്ങളിലെ വെള്ളം വളരെ താഴ്ന്നു കിടക്കുന്ന തോടുകളിലേക്കു വാർന്നു പോകുന്നതുകൊണ്ട് തോടിനു ബണ്ടുകൾ നിർമ്മിക്കണം. ചീപ്പുകൾ ഉണ്ടാക്കണം, സ്ലാബ്, ക്രോസ്ബാറുകൾ നിർമ്മിക്കണം.

16. കൃഷിവിജ്ഞാനകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിച്ച് കൃഷിക്കാർക്കാവശ്യമായ പ്രായോഗിക പരിശീലനം കൊടുക്കുന്നതിനുള്ള ഏർപ്പാടുണ്ടാവണം. കൃഷിവകുപ്പിന്റെസേവനം കാര്യക്ഷമമാകണം. ഇതിന്റെ നടത്തിപ്പ് ഫലപ്രദമാക്കുവാൻ വാർഡടിസ്ഥാനത്തിൽ കാർഷീക പ്രാതിനിധ്യമുള്ള ജനകീയസമിതികൾ രൂപീകരിക്കുകയും വേണം.

17. വിള ഇൻഷ്വറൻസിന്റെ പ്രീമിയം, ഭൂനികുതി പിരിക്കുന്ന പഞ്ചായത്ത് അടക്കണം. ദുരിതാശ്വാസനിധി രൂപീകരിക്കണം. യഥാർത്ഥ കർഷകന് തക്കസമയം വായ്പ ലഭിക്കണം.

18. തേനീച്ചകൃഷി വ്യാപകമാക്കണം. തെങ്ങുപുതുക്കൃഷിക്ക് സബ്സിഡി നൽകണം.

19. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സൊസൈറ്റികൾ സ്ഥാപിച്ച് കൃഷിചെയ്തുണ്ടാക്കുന്ന നാണ്യവിളകളും ധാന്യവിളകളും പച്ചക്കറി, പാലും തേനും,സുഗന്ധ വ്യഞ്ജനങ്ങളും വാങ്ങുന്നതിനും വിൽക്കുന്നതിനും മാർക്കറ്റിംഗ്, കൺസ്യൂമർ, ക്ഷീരോൽപ്പാദനം എന്നിവ നടത്തണം. കൊപ്ര സംസ്കരണവ്യവസായം തുടങ്ങണം.

20. കൃഷിഭവനുകളിൽ കമ്പ്യൂട്ടർ ഉൾപ്പെടെഉള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

21. കർഷകത്തൊഴിലാളികളടങ്ങിയ അനുരഞ്ജന സമിതികൾ വാർഡുമെമ്പെറുടെ ചുമതലയിൽ എല്ലാ വാർഡിലും ഉണ്ടാകണം.

22. പമ്പ ഇറിഗേഷൻ ജലം ഒന്നും അഞ്ചും രണ്ടും വാർഡുകളിലെ കൃഷിക്കാർക്കു പ്രയോജനകരമായി ലഭ്യമാക്കണം. ദേശീയ വാട്ടർ ഷെഡ്ഡു പദ്ധതി എല്ലാവാർഡിലും നടപ്പാക്കണം .

23. വട്ടക്കാവു- കളത്തൂർപ്പടി PIP സബ് ഡിസ്റ്റ്രിബ്യൂട്ടറി നിർമ്മിക്കണം.

24. റബ്ബർ ഉല്പാദക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## വാർഡടിസ്ഥാനത്തിൽ

**W1.** പോത്തപ്പതാലിൽ, കൈതോലിക്കൽ, കൊച്ചു പതാൽ, തുണ്ടിയിൽകുളം എന്നീ ജലസ്രോതസുകൾ കൃഷിക്കുളള ജലസേചനത്തിന് പ്രയോജനപ്പെടുത്തണം.

**W2.** (1) വട്ടക്കാവു-കളുത്തൂർ പടി PIP കനാൽ നിർമ്മിക്കണം.

(2) വലിയതോടിന്റെ ഇരുകരകളിലും ബണ്ടുകെട്ടണം.

(3) മുണ്ടപ്ലാക്കൽ-മണ്ണിൽപടിതോട് വീതികൂട്ടി ബണ്ടുകെട്ടണം.

(4) മണ്ണിൽപടി-വാഴത്തോപ്പിൽപടി നീർച്ചാലു നിർമ്മിക്കണം.

(5) മഠത്തുംപടി ജംഗ്ഷനിൽ പൊരിഞ്ഞേലിപാട മദ്ധ്യത്തിലേക്ക് മെയിൻ റോഡിനു കുറുകെ നിർമ്മിച്ചിരിക്കുന്ന കലുങ്ക് അശാസ്ത്രീയവും പാടത്തിനു ദോഷവുമാണ്. അത് അടക്കണം.

(6) ഗ്രൂപ്പുഫാമിംഗിപ്പെട്ട നിലങ്ങളിൽ ട്രാക്ടർ ഇറക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാകണം. പുന്നോൺ പടി വാഴത്തോപ്പിൽപടി നടവരമ്പുകെട്ടി ബലപ്പെടുത്തി മടവീഴ്ച തടയണം

**W3.** കന്നിടുംകുഴി, ഇളവിരുത്തി, തോന്ന്യാമല, ആറാട്ടുകാവ് എന്നീനിലങ്ങളിൽ വെള്ളം ലഭ്യമാക്കണം (കുളം, കിണർ)

**W4.** (1) മണ്ണാറത്തറ ഭാഗത്ത് പൊട്ടിപ്പോയ ബണ്ട് കെട്ടണം

(2) ചിറയത്തു - തട്ടാപ്ലാക്കൽ - തൊട്ടുവയൽപടി വരെയുള്ള തോട് വീതികൂട്ടി ബണ്ട്കെട്ടി കൃഷിക്ക് ഉപയുക്തമാക്കണം.

**W5.** (1) നല്ലാനിക്കുന്ന് - അഞ്ചുതോട് - കിഴവറപ്പടി - മോതിരപള്ളി-മഠത്തുംപടി തോടിന് ബണ്ടു കെട്ടി ക്രോസ്ബാറുകൾ നിർമ്മിക്കണം

(2) കിഴക്കെയറ്റത്തുള്ള കണ്ണാറനിലത്തിൽ മഴവെള്ളം ഒഴുകിവന്ന് കൃഷിനശിച്ച് പോകുന്നതിന് പ്രതിവിധി കാണണം

(3) കിഴവറക്കുളം, വളഞ്ഞിലേത്ത് കുളം എന്നീകുളങ്ങൾ നന്നാക്കി കൃഷിക്ക് ഉപയുക്തമാക്കണം

(4) പനയ്ക്കൽ പാടത്ത് വെള്ളം ലഭ്യമാക്കണം

**W6.** പുത്തൻപുരയ്ക്കൽപടി, പതിയാൻപടി, ഇളയിടത്തറപടി, തൂളികളം എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കണം.

**W7.** (1) തെക്കേപ്പുറം പാടത്തെ ഗ്രൂപ്പ് ഫാമിംഗ് കാര്യക്ഷമമാക്കണം.

(2) ചിറയ്ക്കൽപടി മുതൽ കല്ലേലി വരെയുള്ള പാടങ്ങൾ തരിശായി കിടക്കുന്നു. കൃഷിയോഗ്യമാക്കിത്തീർക്കണം. കുറഞ്ഞപലിശയ്ക്ക് വായ്പ ലഭ്യമാക്കണം.

(3) കല്ലാനിക്കൽപടിതൊട്ട് ചിറയത്തുപടി വരെയുള്ള തോട് വീതികുട്ടി ബണ്ടുകെട്ടണം.

(4) കുളപ്പുരയ്ക്കൽ കുളം നന്നാക്കണം.

(5) മുല്ലശ്ശേരിപടി-പുതുപ്പറമ്പിൽ തോട് താഴ്ത്തി കൃഷിക്ക് ഉപയുക്തമാക്കണം.

**W8.** മാണികളം, വഴിത്താനം, മഠത്തിക്കാല,

പണിശ്ശാരിപ്പടി, മുളന്തറലക്ഷം വീട്, മേച്ചേരിപറമ്പിൽപടി തോടുകളുടെ സൈഡിൽ സംരക്ഷണ ഭിത്തി കെട്ടണം. പറയനോലിക്കൽ, മുളയ്ക്കൽനിലങ്ങളിലെ സംരക്ഷണ ഭിത്തി നിർമ്മിക്കണം.

**W9.** (1) നിരവത്ത്ഒരു അഗ്രോക്ലിനിക്ക് സ്ഥാപിക്കണം.

(2) തോന്ന്യാമല, മലേക്കുഴി, ആമപ്പാറ, ചാന്തുകാവ്,കുടിലുകുഴി, മടുക്കാനക്കുഴി, കന്നിടും കുഴി, കുരീലയ്യും, കാഞ്ഞിരപ്പാറ എന്നീ പ്രദേശങ്ങളിലൂടെ പോകുന്ന തോടുകളുടെ സൈഡ് ഭിത്തികൾ കെട്ടുകയും തടയണകൾ നിർമ്മിക്കുകയും ചെയ്യണം.

# 5

# മൃഗസംരക്ഷണം, മത്സ്യബന്ധനം

അധികാരം ജനങ്ങളിലേക്ക്

## മൃഗസംരക്ഷണം :

കാർഷിക വൃത്തിക്ക് അദ്വിതീയമായ സ്ഥാനം ഉണ്ടായിരുന്ന നാരങ്ങാനം കടമ്മനിട്ടപ്രദേശങ്ങളിൽ പക്ഷിമൃഗ പരിപാലനത്തിന് തുല്യപ്രാധാന്യം ഉണ്ടായിരിക്കുക സ്വാഭാവികമാണല്ലോ. ഈ പഞ്ചായത്തു പ്രദേശത്ത് പരിപാലിക്കപ്പെട്ടുപോരുന്ന വളർത്തു മൃഗങ്ങളുടെ ഏകദേശകണക്ക് താഴെകാണിച്ചിരിക്കുന്ന പട്ടികയിൽ നിന്ന് മനസിലാക്കാം.

| | | |
|---|---|---|
| പശുക്കൾ | – | 4750 |
| എരുമകൾ | – | 25 |
| പോത്തുകൾ | – | 36 |
| ആടുകൾ | – | 2000 |
| പട്ടികൾ | – | 1600 |
| ആന | – | 1 |

പശുക്കളിൽ കറവയുള്ളതിന്റെ എണ്ണം 2050 ആണ്. കറവകളുള്ള എരുമകൾ 20 ആണ്. കൃഷി ആവശ്യത്തിന് ഉഴവുമാടുകളെയും പോത്തുകളെയും കൂടുതലായി മുൻകാലങ്ങളിൽ വളർത്തിയിരുന്നുവെങ്കിലും ഇപ്പോൾ അവയുടെ എണ്ണത്തിൽ സാരമായ കുറവുവന്നിട്ടുണ്ട്. നാടൻ മുട്ടകോഴികൾ അധികം വീടുകളിലും വളർത്തപ്പെടുന്നുണ്ട്. ഇറച്ചികോഴി വളർത്തലും അപൂർവമായെങ്കിലും നടപ്പിലുണ്ട്.

പഞ്ചായത്ത് കേന്ദ്രമായ ആലുംങ്കലിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഭൂമിയുടെ ലഭ്യതയും കാലിത്തീറ്റക്കായി ഉപയോഗിക്കുന്ന ജൈവപദാർത്ഥങ്ങളുടെ സ്രോതസ്സുകളും ചുരുങ്ങി വരികയും കാർഷീക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു വരികയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള കാർഷീക സമീപനത്തിന്റെ അവിഭാജ്യഘടകമായി കന്നുകാലി വളർത്തൽ പരിഗണിക്കപ്പെടേണ്ടതാണ്. കർഷന്റെ വിള സംമ്പ്രദായവുംമായി ഇണങ്ങി പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന വിള-കന്നുകാലി സമ്മിശ്രരീതിയാണ് ഈസമീപനത്തിന്റെ ഭാഗമായി സ്വീകരിക്കപെടേണ്ടത്. വീടിനു ചുറ്റുമുള്ള ജൈവലഭ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗതമായി നാം അനുഷ്ഠിച്ചുപോരുന്ന കാലി വളർത്തൽ രീതി കർഷക കുടുംബങ്ങളുടെ സാമ്പത്തീക അടിത്തറ ഭദ്രമാക്കുന്നതിന് വളരെയേറെ സഹായിക്കുന്നതാണ്. കൃഷിയിടങ്ങളുടെ വലുപ്പത്തിലുണ്ടായ കുറവും ഹൃസ്വകാല വിളകളിൽ നിന്നും ദീർഘകാല വിളകളി ലേക്കുള്ള കാർഷിക മേഖലയുടെ മാറ്റവും ശ്രദ്ധിക്കപ്പെടേണ്ടതായുണ്ട്. ചെറുകിട തുണ്ടുഭൂമികളെ ആശ്രയിക്കുന്ന കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും കാർഷിക അടിത്തറക്ക് ഭദ്രത നൽകുന്നതിനും കന്നുകാലിമേഖലക്കുള്ള സ്ഥാനം സുവിദിതമാണ്. പുല്ലും തീറ്റയും എത്രകണ്ട് കുറഞ്ഞ വിലക്ക് ലഭ്യമാക്കാൻ കഴിയുമോ,

അതിനെ ആശ്രയിച്ചിരിക്കുന്നു ഈ മേഖലയുടെ ഭാവി.

## സാദ്ധ്യതകൾ / നിർദ്ദേശങ്ങൾ

1) ഇന്നുള്ളമൃഗസംരക്ഷണത്തേയും സംരക്ഷകരെയും ഈ രംഗത്തെ സാദ്ധ്യതകളെയും സംബന്ധിച്ച സമഗ്രമായ ഒരു സർവ്വേ നടത്തണം. മൃഗസംരക്ഷണം എന്നതു കുറേ ആളുകൾ സ്വന്തം നിലക്കു ചെയ്യുന്ന തീർത്തും അസംഘടിതമായി മാത്രം തുടരുന്നു എന്നതാണെ ഈരംഗത്തെ മുഖ്യ പ്രശ്നം. ശാസ്ത്രീയമായും സമഗ്രമായും എല്ലാസാദ്ധ്യതകളും ഉൾക്കൊണ്ട് ഈരംഗം പനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഇന്നുള്ള മൃഗസംരക്ഷണത്തേയും സരക്ഷകരേയും ഈരംഗത്തെ സാദ്ധ്യതകളേയും സംബന്ധിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തണം.

1) മെച്ചപ്പെട്ടജാതി സങ്കരഇനം പശുക്കളെ വാങ്ങി സംരക്ഷിക്കുന്നതിന് താൽപ്പര്യം ഉള്ളവർക്ക് ധന സഹായം ലഭ്യമാക്കണം. വൃത്തിയും വെടിപ്പും ഉള്ള തോഴുത്തുകൾ നിർമ്മിക്കുന്നതിനു വേണ്ട ധന സഹായവും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോണായി അനുവദിച്ചു കിട്ടണം. ക്ഷീരസംഭരണവും വിതരണവും സഹകരണ സംഘങ്ങൾ മുഖേന ആകണം. സൗകര്യപ്രദമായ വിവിധ കേന്ദ്രങ്ങളിൽ പാൽ സംഭരണത്തിനു വേണ്ടിയുള്ള സൗകര്യ ഒരുക്കണം. സഭരിക്കപെടുന്ന പാൽ ഉപയോഗിച്ച് ക്ഷീരജന്യ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി ലാഭകരമായി വിപണനം നടത്താനുള്ള സാദ്ധ്യതകൾ ആരായണം. കന്നുകാലികളുടെ ചാണകം ഉപയോഗിച്ച് ഗോബർഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനുള്ള ധനസഹായവും സാങ്കേതിക ഉപദേശവും കർ ഷകർക്ക് ലഭ്യമാക്കണം. ജൈവവളനിർമ്മാണവും ഏറ്റെടുത്ത് നടപ്പാക്കിയാൽ കർകവൃത്തിക്ക് സഹായപ്രദമായിരിക്കും. കന്നുകാലികൾക്ക് വേണ്ട കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനവും ആവിഷ്കരിച്ച് നടപ്പിൽ വരുത്തണം. മൃഗപരിപാലനവുമായിബന്ധപ്പെട്ടു മുകളിൽ വിവരിച്ച എല്ലാ പ്രവൃത്തികളും വിജയകരമായി നിർവഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും മൃഗസംരക്ഷക സഹകരസംഘം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കണം.

2) ഇപ്പോൾ ആലുങ്കലിൽ നിലവിൽ ഉള്ള മൃഗാശുപത്രിയിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തണം. മൃഗരോഗ ചികിൽസക്കു വേണ്ടുന്ന ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ഏർപ്പെടുത്തണം. അതിനാവശ്യമായ ജീവനക്കാരെ നിയമിക്കണം. പഞ്ചായത്തിന്റെ മറ്റു പ്രദേളശങ്ങളിൽ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി വാർഡടിസ്ഥാനത്തിൽ നിശ്ചിതദിവസങ്ങളിൽ മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കണം. കണമുക്ക്, വലിയകുളം, കന്നിടുംകുഴി, എന്നിവിടങ്ങളിൽ സബ്സെന്ററുകൾ തുറക്കുകയും കടമ്മനിട്ടയിൽ പ്രത്യേക മൃഗാശുപത്രി സ്ഥാപിക്കുകയും വേണം.

3) കന്നുകാലികൾക്കുവേണ്ട തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്ത്, വളം, ധനസഹായം മുതലായവ ലഭ്യമാക്കണം.

4) ഇറച്ചിക്കോഴി, മുട്ടക്കോഴി, എന്നിവയെ വളർത്തുന്നതിനുള്ള ധനസഹായവും അനുബന്ധ സൗകര്യങ്ങളും ഏർപ്പാടാക്കണം.

5) നല്ലഇനം എരുമകൾ, ആടുകൾ എന്നിവയെ വളർത്തി ആദായകരമാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കണം.

6) താറാവ്, പന്നി, മുയൽ തുടങ്ങിയവയുടെ പരിപാലനവും പരീക്ഷിക്കപ്പെടാവുന്നതാണ്.

7) സൗകര്യപ്രദമായ രീതിയിൽ വാർഡുകളെ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിൽ കുറഞ്ഞത് 4 മിൽമ യൂണിറ്റുകളെങ്കിലും സ്ഥാപിക്കപ്പെടണം.

8) പേപ്പട്ടി വിഷബാധ ഉണ്ടാവാതിരിക്കാനുള്ള കുത്തിവയ്പ്പ് മൃഗാശുപത്രിയിൽ സൗജന്യമായി ചെയ്തുകൊടുക്കണം.

## മത്സ്യബന്ധനം

നാരങ്ങാനം പഞ്ചായത്തിൽ മത്സ്യബന്ധനം നിലവിലില്ല. മത്സ്യബന്ധനം ലക്ഷ്യമാക്കിയുള്ള മത്സ്യകൃഷി ലാഭകരമായി നടത്താനുള്ള സാദ്ധ്യതകൾ ആരായണം. കർഷകരുടെ ആഭിമുഖ്യത്തിൽ വ്യക്തിഗത മത്സ്യബന്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം.

1) പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുളങ്ങൾ നിലവിൽ ഉണ്ട്. കുളങ്ങളിൽ മീൻ വളർത്തുന്നതിന് താല്പര്യമുള്ള സംരംഭകർക്ക് സാങ്കേതിക ഉപദേശവും ധനസഹായവും നൽകി പ്രോത്സാഹിപ്പിക്കണം.

2) പഞ്ചായത്തിന്റെ 1 ഉം 2 ഉം വാർഡുകളുടെ അതിർത്തിയിൽ വട്ടക്കാവ് M.T.L.P. സ്ക്കുളിന്

മുൻവശത്തുള്ള പാടം മത്സ്യ കൃഷിക്ക് അനു യോജ്യമാണ്. ആവശ്യമായ നിർമ്മാണ പ്രവർത്ത നങ്ങൾ നടത്തി ഇവിടെ മത്സ്യബന്ധനത്തിനു വേണ്ടി കുളം നിർമ്മിക്കുകയും മത്സ്യകൃഷി ആരംഭിക്കുകയും വേണം.



# 6

# വിദ്യാഭ്യാസം.

' കായികവും മാനസികവും ആത്മീയവുമായ വ്യക്തിത്വങ്ങളിൽ അന്തർലീനമായിരിക്കുന്ന സവിശേഷതകളിൽ ഏറ്റവും ഉത്തമമായവയുടെ ആവിഷക്കാരമാണ് വിദ്യാഭ്യാസ പ്രക്രീയ നിർവ്വഹിക്കുന്നത്. ' ഗാന്ധിജി

രണ്ട് ഹൈസ്ക്കൂളുകൾ, രണ്ട് അപ്പർ പ്രൈമറി സ്കൂളുകൾ, അഞ്ചാം ക്ലാസുവരെയുള്ള ഒരു സ്കൂൾ ഉൾപ്പെടെ ആറ് എൽ.പി സ്കൂളുകൾ ഇവയാണ് ഇന്ന് ഈ പഞ്ചായത്തിലുള്ള പൊതു വിദ്യാലയങ്ങൾ. ഇവ കൂടാതെ പത്താംക്ലാസു വരെയുള്ള ഒരു അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഏഴാം വാർഡിലും, നാലാം ക്ലാസു വരെയുള്ള ഒരു അൺ എയിഡഡ് സ്കൂൾ രണ്ടാം വാർഡിലും പ്രവർത്തിക്കുന്നു. ഒടുവിൽ പറഞ്ഞ സ്കൂൾ ഈ വർഷം കോഴഞ്ചേരിയിൽ നിന്നും മാറ്റി സ്ഥാപിച്ചതാണ്.

ഉന്നത വിദ്യാഭ്യാസത്തിനായി പത്തനംതിട്ടയിലും കോഴഞ്ചേരിയിലുമുള്ള കോളജുകളേയും പാരലൽ കോളജുകളേയുമാണ് പ്രധാനമായി ആശ്രയിക്കുന്നത്. കുറേപ്പേർ റാന്നി കോളജിലും പോകുന്നു. അഞ്ചു മുതൽ ഇരുപത്തഞ്ചു കിലോമീറ്റർ വരെ യാത്ര വിവിധ പ്രദേശങ്ങളിൽ നിന്ന് ഇതിനായി വേണ്ടി വരുന്നുണ്ട്. പഞ്ചായത്തിൽ ഒരു പാരലൽ കോളജും മൂന്ന് ട്യൂഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. ട്യൂഷൻ സെന്ററുകളിൽ സ്കൂൾ ക്ലാസുകൾക്കുള്ള ട്യൂഷനാണ് പ്രധാനമായും നൽകുന്നത്. അങ്കണവാടികൾ രണ്ടു മാത്രം. നഴ്സറികൾ ഏഴു സ്ഥലങ്ങളിലുണ്ട്. ഒന്നൊഴികെ എല്ലായിടത്തും മാദ്ധ്യമം മലയാളമാണ്. എന്നാൽ ആസ്വാദ്യകരമായ പഠനസമ്പ്രദായം പലയിടത്തും വേണ്ടത്ര പ്രയോഗിക്കപ്പെടുന്നില്ല. നാരങ്ങാനം ഗവ:ഹൈസ്കൂളിലും ഇംഗ്ലീഷ് മീഡിയം സ്കൂളിലുമുള്ള കംപ്യൂട്ടർ പരിശീലനവും, ഒരു ടൈപ്പ് റൈറ്റിംഗ് പരിശീലന സ്ഥാപനവും മാത്രമാണ് പഞ്ചായത്തിലുള്ള സാങ്കേതിക പരിശീലന അവസരങ്ങൾ. വായനശാലകൾ ആകെ ഏഴ്. പല വായന ശാലകളും വായനയേക്കാളധികം വിനോദങ്ങളേയാണ് പ്രോത്സാഹിപ്പിക്കുന്നത്. കായിക പരിശീലന അവസരങ്ങൾ വേണ്ടത്ര ഇല്ലെന്നു തന്നെ പറയാം. സാക്ഷരതാ പ്രവർത്തനങ്ങൾ തുടർച്ച നഷ്ടപ്പെട്ടു നിന്നു പോയി. മൂന്നു ജനവിദ്യാ കേന്ദ്രങ്ങൾ ഉണ്ടായിരുന്നതു നിർജ്ജീവമായി പോയി.

രണ്ട് ഹൈസ്കൂളുകൾ ഉണ്ടെങ്കിലും 1, 2, 3, 4, 5 വാർഡുകളിലുള്ള കുട്ടികൾ ധാരാളം പേർ കോഴഞ്ചേരിയിലോ പത്തനംതിട്ടയിലോ ഉള്ള ഹൈസ്ക്കുളുകളിലാണ് എത്തുന്നത്. അവർക്ക് 5 – 8 കി.മി. ദൂരം യാത്ര ഇതിനായി വേണ്ടി വരുന്നു. ഈ പഞ്ചായത്തിലെ സ്കൂളിലോ പഞ്ചായത്തിലെ സമീപസ്ഥ സ്കൂളുകളിലോ പോകുകയാണെങ്കിൽ ഈ യാത്ര 2 – 5 കി.മി. ആയി കുറയ്ക്കാം. പുറമേയുള്ള സ്കൂളുകളിൽ നിന്ന് പ്രതീക്ഷിക്കുന്ന ഉയർന്ന

നിലവാരവും യാത്രാ സൗകര്യവുമാണ് കൂടുതൽ ദൂരം യാത്ര ചെയ്യുന്നതിനുള്ള പ്രേരണ. 2,3 വാർഡുകളുടെ അതിർത്തി പ്രദേശങ്ങളിലുള്ള കുറേ കുട്ടികൾ കാരംവേലി, ഇടപ്പരിയാരം എന്നീ സ്ഥലങ്ങളിലെ സ്കൂളുകൾ സമീപസ്ഥലങ്ങളായതിനാൽ അവിടങ്ങളിലേക്ക് പോകുന്നു. ഹൈസ്കൂളുകൾ നില നിൽക്കുന്ന വാർഡുകളിലെ ചില കുട്ടികൾക്ക് ആ സ്കൂളിൽ തന്നെയെത്തുന്നതിന് 3 കി.മി. വരെ യാത്ര ചെയ്യേണ്ട സ്ഥിതിയുണ്ട്. എന്നാൽ 1,5,6 വാർഡുകൾക്കു മൊത്തത്തിൽ കേന്ദ്രസ്ഥാനത്താണ് നാരങ്ങാനം ഗവ:ഹൈസ്കൂൾ എന്നതിനാൽ ഏറ്റവുമധികം കുട്ടികൾക്ക് സൗകര്യമായ സ്ഥാനത്ത് തന്നെയാണത്. അതുപോലെ 7,8,9 വാർഡുകൾക്ക് മൊത്തത്തിൽ സൗകര്യപ്രദമായ സ്ഥാനത്താണ് കടമ്മനിട്ട ഗവ:ഹൈസ്കൂൾ. യു.പി പഠനത്തിന് ധാരാളം കുട്ടികൾക്ക് ഒരു കി.മീറ്ററിലധികം ദൂരം യാത്ര ചെയ്യേണ്ടതുണ്ട്. മടുക്കക്കുന്ന്, അന്ത്യാളൻകാവ്, ചിറയത്തുപടി, പൂവണ്ണുംമൂട്, കുംഭംകുഴി, തുണ്ടുകാലാപ്പടി, മൂന്നാംവാർഡിലെ ചില പ്രദേശങ്ങൾ തുടങ്ങിയ ഇടങ്ങളിൽ നിന്ന് എൽ.പി സ്കൂളിലേക്ക് പോലും ഒരു കി.മീറ്ററിലധികം യാത്ര വേണ്ടി വരുന്നു.

പൊതുവിൽ പറഞ്ഞാൽ പഠനനിലവാരം വളരെയേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഹൈസ്കൂളുകളിൽ ഒന്നിൽ 65-നു മുകളിലും മറ്റേതിൽ 50-നും 70-നും ഇടയിലുമാണ് വിജയശതമാനം. ഈ വിജയ ശതമാനങ്ങൾ തന്നെ മോഡറേഷൻ ഉൾപ്പടെയാണ്. മോഡറേഷനിൽ ഉൾപ്പെടാതെ വിജയിച്ചവരിൽ തന്നെ ഒരു വലിയ പങ്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കനുസൃതമായ ഗുണനിലവാരം ജീവിതത്തിൽ പ്രയോഗിക്കാൻ കഴിവുള്ളവരല്ല. കുട്ടികൾക്കായി ഏർപ്പെടുത്തുന്ന വിവിധ പാഠ്യേതര രംഗങ്ങളിലെ അവാർഡുകൾ, ജില്ലാതല കലാ-കായിക മത്സരങ്ങളിലെ വിജയം ഇവയൊക്കെ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ വളരെ വിരളമായി മാത്രമാണ് നേടുന്നത്. വിവിധ ക്ലാസുകളിൽ പരാജയപ്പെടുന്നവരും പഠനം നിർത്തിപ്പോകുന്നവരുമായ കുട്ടികൾ പഞ്ചായത്തിൽ യഥാക്രമം 13.2%, 3.6% എന്നിങ്ങനെയാണ് (പട്ടിക 3,4). വിവിധ ക്ലാസുകളിൽ വർഷം തോറും ക്ലാസുകയറ്റം കിട്ടുന്നവരിൽ ഒരു വലിയ പങ്ക് ജയിക്കാൻ വേണ്ട മിനിമം മാർക്കിലും(35%) വളരെ താഴെ മാർക്ക് നേടുന്നവരാണ്. നിശ്ചിത ശതമാനം വിജയം ഉറപ്പാക്കുന്നതിനായി ക്ലാസുകയറ്റമാർക്ക് താഴ്ത്തിക്കൊണ്ടു വരികയാണ് പതിവ്. പലപ്പോഴും 15-20 ശതമാനം മാർക്കുള്ള കുട്ടികൾക്കുവരെ ക്ലാസുകയറ്റം ലഭിക്കാറുണ്ട്. എന്നാൽ ക്ലാസുകയറ്റത്തിന് അർഹതയില്ലാത്തവർക്ക് ക്ലാസുകയറ്റം നൽകാതിരിക്കുക എന്ന നയം കർശനമായി നടപ്പാക്കുന്നതു കൊണ്ട് മാത്രം പരിഹരിക്കാവുന്ന പ്രശ്നമല്ലിത്. അത്തരമൊരു നയം കൊണ്ട് കൊഴിഞ്ഞുപോകൽ വർദ്ധിപ്പിക്കാം എന്നേയുള്ളു. പൊതു സ്കൂളുകളിൽ എല്ലാം തന്നെ രക്ഷാകർതൃസമിതികളുണ്ട്. എന്നാൽ ഈ സമിതികൾക്കൊന്നും തന്നെ ഇന്ന് പഠന നിലവാരത്തകർച്ചയുടെ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം നിർദ്ദേശിക്കുവാനോ നടപ്പിൽ വരുത്തുവാനോ കഴിയുന്നില്ല.

ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകൾക്കും ചുറ്റുപാടും നിന്ന് ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് സ്കൂളുകളിലേക്ക് കുട്ടികൾ പോകുന്നുണ്ട്. മറ്റു പഞ്ചായത്തിലെ കുട്ടികൾ ഈ സ്കൂളിലുള്ള അൺ എയിഡഡ് സ്കൂളുകളിൽ എത്തുന്നുമുണ്ട്. എന്നാൽ അതിന്റെ കൃത്യമായ കണക്കുകൾ ശേഖരിച്ച് ഈ റിപ്പോർട്ടിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. പൊതു സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. ചില എൽ.പി ക്ലാസുകളിൽ ഇരുപതിലും താഴെ കുട്ടികളാണ് ആകെയുള്ളത്.(പട്ടിക 3). എൽ.പി, യു.പി സ്കൂളുകളിലെല്ലാം തന്നെ ഓരോ ക്ലാസിലും കഷ്ടിച്ച് ഒരു ഡിവിഷൻ വീതമേ നിലവിലുള്ളു. ഇതിനു കാരണം കുടുംബാസൂത്രണ ഫലമായി കുട്ടികളുടെ എണ്ണം കുറഞ്ഞതാണെന്നും സ്കൂളുകളുടെ നിലവാരത്തകർച്ചയാണെന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഗ്രാമസഭകൾ പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ നാട്ടിലാകെയുള്ള സ്കൂളുകളുടെ എണ്ണം കുറയകയല്ല കൂടുകയാണുണ്ടായിട്ടുള്ളതെന്നും, നിലവാരമുള്ളതെന്ന ധാരണ നിലനിർത്തുന്ന സ്കൂളുകളിൽ പ്രവേശനം നേടാൻ ക്യൂ വേണ്ടി വരുന്നു എന്നുമുള്ള വസ്തുത നിലനിൽക്കുന്നു. സ്കൂളുകളുടെ ,നിലവാരം സംബന്ധിച്ച് സമൂഹത്തിനുള്ള പരാതിയും ധാരണയുമാണ് പൊതു സ്കൂളുകളുടെ ഡിവിഷൻ കുറവിന് പ്രധാന കാരണം.

കുട്ടികളുടെ ബുദ്ധിപരമായ പിന്നോക്കാവസ്ഥ, അവരുടെ ജീവിത സാഹചര്യങ്ങൾ, അടിസ്ഥാന അറിവുകൾ നേടി മുന്നേറുന്നതിനുള്ള പാഠ്യാനുഭവങ്ങളുടെ അഭാവം, സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ ഇതിലേതാണ് നിലവാരത്തകർച്ചക്ക് കാരണം എന്നതു സംബന്ധിച്ച് നടന്നിട്ടുള്ള പഠനങ്ങൾ വെളിപ്പെടുത്തുന്നത് കുട്ടികളുടെ ബുദ്ധിപരമായ പിന്നോക്കാവസ്ഥയാണ് മുഖ്യകാരണം എന്നാണ്. മറിച്ച്, ജീവിതസാഹചര്യങ്ങൾ, പാഠ്യാനുഭവങ്ങളുടെ ആകർഷകത്വമില്ലായ്മ, സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത എന്നിവ നിലവാരത്തകർച്ചക്ക് കാരണമാകുന്ന പ്രധാന

ഘടകങ്ങളാണുതാനും. ട്യൂഷൻ മാത്രം ഇതിനു ഫലപ്രദമായ പരിഹാരമല്ല.

പാഠ്യപദ്ധതിയിലെ വിഷയങ്ങൾ പാഠ്യേതര പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുന്നതിനുള്ള ശ്രമങ്ങൾ വിരളമാണെന്ന് പറയാം.

കാർഷിക ക്ലബ്ബുകളിൽ സജീവമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ഇല്ല.

പ്രവൃത്തിപരിചയ മേളകളിൽ പങ്കെടുക്കുന്ന സ്കൂളുകൾ അഞ്ച്.

യുറീക്കാ/ശാസ്ത്രകേരളം വിജ്ഞാന മേളകളിൽ തയ്യാറെടുപ്പോടെ കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്കൂളുകൾ 3. ചെറിയ ചെറിയ പഠനയാത്രകൾ നടത്തുന്ന സ്കൂളുകൾ/അദ്ധ്യാപകർ 2. ഗണിതശാസ്ത്ര ക്ലബ്ബുകൾ, സയൻസ് ക്ലബ്ബുകൾ, സോഷ്യൽ സയൻസ് ക്ലബ്ബുകൾ,സാഹിത്യ സമാജങ്ങൾ തുടങ്ങിയവ നിരന്തരമായും സജീവമായും നടത്തുന്ന സ്കൂളുകൾ 3.മീറ്റിംഗുകൾ,ക്വിസ്സുകൾ തുടങ്ങിയവയും ചില നിർമ്മാണപ്രവർത്തനങ്ങളുമാണ് ഈ ക്ലബ്ബുകളുടെ പ്രധാന പ്രവർത്തനം. പ്രധാന ദിവസങ്ങൾ ആഘോഷിക്കുന്ന സ്കൂളുകൾ 10. ഏറ്റവുമധികം ആഘോഷിക്കപ്പെടുന്ന ദിനങ്ങൾ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക്ദിനം, ശിശുദിനം.

അദ്ധ്യാപനത്തിന്റെ മുഖ്യമായ രീതി ക്ലാസുമുറിയിൽ അദ്ധ്യാപകൻ വിഷയം അവതരിപ്പിക്കുന്ന പരമ്പരാഗത സമ്പ്രദായമാണ്. ഗ്രൂപ്പു പഠനങ്ങൾ, പ്രോജക്റ്റ് സമ്പ്രദായം, നാടകാവിഷ്ക്കരണം, സജ്ജീകൃത സ്വയം പഠനം(Programmed Instruction), കളികളിലൂടെയുള്ള പഠനം, ചർച്ചകൾ തുടങ്ങിയ ആധുനിക രീതികൾ പരീക്ഷിക്കാനെങ്കിലും തയ്യാറായിട്ടുള്ള സ്കൂളുകളുടെ /അദ്ധ്യാപകർ എണ്ണം 3. അദ്ധ്യാപന സഹായികൾ സ്വയം തയ്യാറാക്കുന്ന അദ്ധ്യാപകർ 7. ലഭ്യമായ അദ്ധ്യാപന സഹായികൾ ക്ലാസ്സിൽ ഉപയോഗിക്കുന്ന അദ്ധ്യാപകർ 12. ലൈബ്രറി, ലാബറട്ടറി എന്നിവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്ന സ്കൂളുകൾ 2. ലൈബ്രറി യുമായി കുട്ടികളേ ബന്ധപ്പെടുത്താൻ വ്യക്തിപരമായി ശ്രമിക്കുന്ന അദ്ധ്യപകർ 4. റേഡിയോയിലെ വിദ്യാഭ്യാസ പരിപാടികൾ സ്ഥിരമായി ശ്രദ്ധിക്കുന്ന അദ്ധ്യാപകർ 12. (അവലംബം : അദ്ധ്യാപകരുടെ അഭിപ്രായപ്രകടനം)

അദ്ധ്യയനം ജീവിത ഗന്ധിയും, വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പാക്കുന്നതുമായാലേ ആകർഷകമാകൂ. അതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ പഞ്ചായത്തിൽ സജീവമായി തുടങ്ങേണ്ടിയിരിക്കുന്നു എന്നാണ് മേൽപ്പറഞ്ഞ വസ്തുതകൾ നമ്മേ ബോധ്യപ്പെടുത്തുന്നത്. ഈ ശ്രമം അദ്ധ്യാപകരും രക്ഷകർത്താക്കളും സമൂഹത്തിന്റെ പ്രതിനിധികളും ഗൗരവബുദ്ധ്യാ കൂടിയാലോചിച്ച് നടപ്പിൽ വരുത്തേണ്ട ഒന്നാണ്.

ഇതിന് അനുപൂരകമായി സ്കൂളിനു വേണ്ട ഭൗതിക സാഹചര്യങ്ങളിൽ നാം എവിടെ നിൽക്കുന്നു എന്ന് പട്ടിക 5 ൽ കാണാം.

ഈയവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സമൂഹം നൽകുന്ന സന്നദ്ധ പ്രവർത്തനം നഷ്ടമല്ല. കാരണം, ഉയർന്ന നിലവാരം പ്രതീക്ഷിച്ച് ഈ സമൂഹത്തിലെ പൗരന്മാർ നൽകേണ്ടി വരുന്ന വില വളരെ വലുതാണ്. ഒരു അൺ എയിഡഡ് സ്കൂളിലെ ഫീസ് നിലവാരം താഴെക്കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| ട്യൂഷൻ ഫീസ് : | 100 രൂപ വീതം 12 മാസം<br>(അദ്ധ്യയനം പരമാവധി 9 മാസം) | : 100 X 12 = 1200.00 |
| സ്പെഷ്യൽ ഫീസ് : | 50 രൂപ വീതം 4 ഗഡുക്കൾ | : 50 X 4 = 200.00 |
| കമ്പ്യൂട്ടർ ഫീസ് : | 35 രൂപ വീതം 7 ഗഡുക്കൾ | : 35 X 7 = 245.00 |
| പരീക്ഷാ ഫീസ് : | 30 രൂപ വീതം 4 ഗഡുക്കൾ | : 30 X 4= 120.00 |
| | ആകെ | : 1765.00 |
| ഒരു മാസം ശരാശരി ഏകദേശം രൂപ | | : 147.00 |
| വാഹനസൗകര്യം വേണ്ടവർക്ക് ഏറ്റവും കുറഞ്ഞ ദൂരത്തിന് പ്രതിമാസം | | : 85.00 |
| | ആകെ | : 232.00 |

(അവലംബം : ഒരു സ്കൂൾ ഡയറി)

ഷൂസ്, സോക്സ്, ടൈ, ബെൽറ്റ്, എന്നിവയുൾപ്പെട്ട യൂണിഫോം ഒരു സെറ്റിനു വേണ്ടി വരുന്ന തുക പുറമേ.ഇതെല്ലാം നൽകിയാലും പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനാവശ്യമായ രക്ഷാകർതൃസമിതി പ്രവർത്തനം തുടങ്ങിയ സന്നദ്ധപ്രവർത്തനം അവിടെയും വേണ്ടി വരുന്നുണ്ട്. അതേ സമയം അനുകൂല സാഹചര്യങ്ങളൊരുക്കി ഫലപ്രദമായ പഠന തന്ത്രങ്ങൾ ഒരുക്കുന്നതിനു മാത്രമുള്ള സന്നദ്ധ

പ്രവർത്തനങ്ങൾ പൊതുസ്കൂളുകളുടെ ഗുണനില വാരത്തെ ഗണ്യമായി ഉയർത്തുകയും സമൂഹത്തിന് ആകമാനമായി നേട്ടവും സ്വാശ്രയത്വവും നൽകുകയു മാണ് ചെയ്യുക.

നാരങ്ങാനം പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ.

- അങ്കണവാടികളുടെയും നഴ്സറികളുടെയും കുറവ്.
- നഴ്സറികളുടെ ഭൗതിക സാഹചര്യമില്ലായ്മ.
- നഴ്സറികളുടെ പഠനരീതികൾ പുനരാവിഷ്ക്കരണ വിധേയമാക്കുന്നില്ല.
- എൽ.പി സ്കൂളുകളിലെ കുട്ടികൾ പോലും ഒരു കി.മീറ്ററിലധികം ക്ളേശപൂർണ്ണമായി നടന്നെത്തേണ്ട പ്രദേശങ്ങളുണ്ട്.
- യു.പി സ്കൂളുകളിലെത്തുന്നതിനായി രണ്ട് കി.മീറ്ററിലധികം നടന്നെത്തേണ്ടിയിരിക്കുന്നു.
- ഹൈസ്കൂൾ 2-5 കി.മി പരിധിയിലുണ്ടായിട്ടും ഹൈസ്കൂളിനായി 5-8 കി.മക യാത്ര ചെയ്ത്, പുറത്തുള്ള അൺ എയിഡഡ് സ്കൂളുകളിൽ പോകുന്ന സ്ഥിതി വിശേഷം.
- ഓരോ ക്ലാസിലും ക്ലാസുകയറ്റം കിട്ടുന്നവരുൾപ്പടെയുള്ള കുട്ടികൾ അടിസ്ഥാന അറിവുകളും നില വാരവും നേടുന്നില്ല.
- S.S.L.C വിജയശതമാനവും S.S.L.C വിജയികളുടെ ഗുണനിലവാരവും മെച്ചപ്പെടേണ്ടതുണ്ട്.
- സമഗ്ര വിദ്യാഭ്യാസ രീതികളും ആകർഷകമായ പഠനതന്ത്രങ്ങളും ഫലപ്രദമായി പരീക്ഷിക്കപ്പെടുന്നില്ല.വിദ്യാഭ്യാസം പ്രയോഗക്ഷമമോ ജീവിത ബന്ധിതമോ ആകുന്നില്ല.
- സ്കൂളുകളുടെ കെട്ടിടം, ഫർണ്ണീച്ചർ തുടങ്ങിയ ഭൗതിക സാഹചര്യങ്ങളും പഠനോപകരണങ്ങൾ, ലാബ്, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുന്ന അക്കാദമിക ബന്ധിത ഭൗതിക സാഹചര്യങ്ങളും തൃപ്തികരവും പ്രവർത്തനക്ഷമവുമല്ല.
- ഉച്ചക്കഞ്ഞി വിതരണം, സ്കൂൾതല ആരോഗ്യ പാലന പരിപാടികൾ എന്നിവ ഫലപ്രദമല്ല.
- പൊതു സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നു.
- ഉയർന്ന നിലവാരം പ്രതീക്ഷിച്ച് ഫീസ് കൊടുത്ത് കുട്ടികളെ സ്കൂളുകളിൽ വിടുക വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തി വയ്ക്കുന്നു.
- അദ്ധ്യാപക രക്ഷാകർതൃസമിതികൾ, മാതൃസംഗമങ്ങൾ എന്നിവയ്ക്ക് ഫലപ്രദമായി ഗുണനില വാരപ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. ക്ലാസ് രക്ഷാകർതൃസമിതി കൾ പ്രവർത്തിക്കുന്നുമില്ല.
- ഉന്നത വിദ്യാഭ്യാസ അവസരങ്ങൾപഞ്ചായത്തിൽ വേണ്ടത്രയില്ല.
- സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെയില്ല.
- കായിക പരിശീലന സൗകര്യങ്ങൾ തീരെ പോരാ.
- സാക്ഷരതാ പ്രവർത്തനവും ജനവിദ്യഭ്യാസ പരിപാടികളും തീരെയില്ല.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ.

1. പഞ്ചായത്തിലുള്ള എല്ലാ ലോവർ പ്രൈമറി സ്കൂളിനോടും അനുബന്ധിച്ച് പ്രീ-പ്രൈമറി നടക്കുന്നു എന്ന ഉറപ്പു വരുത്തുക. നഴ്സറികൾക്കാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കുക. ഇതിനായി എല്ലാ വാർഡുകളിലും കളിവീടുകൾ ആരംഭിക്കുകയും ശിശുപരിചാരകർക്ക് ശാസ്ത്രീയമായി പരിശീലനം നൽകുകയും ചെയ്യുക.

2. ലോവർ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി ക്ളേശം അനുഭവപ്പെടുന്ന മേഖലകളിലെ കുട്ടികൾക്ക് പ്രയോജനപ്പെടത്തക്ക വിധത്തിൽ ലോവർ പ്രൈമറി സ്കൂളുകൾ ആരംഭിക്കുക. പ്രത്യേകിച്ച് അന്ത്യാളൻകാവ് പ്രദേശത്തും ഏഴാം വാർഡിലെ ചില പ്രദേശങ്ങൾക്കും പൊതുവിൽ പ്രയോജനപ്പെടും വിധം ഒരു ലോവർ പ്രൈമറി സ്കൂൾ.

3. കടമ്മനിട്ട എം.റ്റി.എൽ.പി.സ്കൂൾ ഒരു സമ്പൂർണ്ണ യു.പി സ്കൂളായി ഉയർത്തുക.

4. നാരങ്ങാനം സെന്റ് ജോർജ് യു.പി സ്കൂൾ

ഒരു ഹൈസ്കൂളായി ഉയർത്തുക.

5. ഇപ്പോഴുളള രണ്ടു ഹൈസ്ക്കൂളുകളിലും ഹയർസെക്കൻഡറി കോഴ്സുകൾ ആരംഭിക്കുക.

6. പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെൻററുകൾ ആരംഭിക്കുക.

7. നഴ്സിങ്, ലബോറട്ടറി ടെക്നിഷൻ, എക്സ്റേ ടെക്നീഷൻ, ഫിസിയോതെറാപ്പി, ഇസിജിടെക്നീഷൻ, ആദിയായപാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുക. കടമ്മനിട്ടയിലുള്ള നെടുംചേരിയിൽ ആശുപത്രി യോടുചേർന്ന് കോഴ്സുകൾ ആരം ഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.

8. എല്ലാ യു.പി. സ്ക്കൂളുകളിലും ഹൈസ്ക്കൂളു കളിലും അഞ്ചാം ക്ലാസ്മുതൽ ഓരോ ഇംഗ്ലീഷ്മിഡീയം ഡിവിഷനു കൾ ആരംഭിക്കുക.

9. എല്ലാ സ്ക്കൂളുകളിലും കായീകപരിശീലനം ചിട്ടയാക്കുക. കളിസ്ഥലങ്ങൾ എർപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക, കടമ്മനിട്ട ഗവൺമെൻറ് ഹൈസ്ക്കൂളിന് ഒരു സ്റ്റേഡിയം പണിയുക.

10. എല്ലാസ്ക്കൂളുകളുടേയും ഭൗതീകസാഹചര്യ ങ്ങൾ മെച്ചപ്പെടുത്തുക. അക സാമാനങ്ങൾ, ലാബ്, ലൈബ്രറി തുടങ്ങിയ സജീകരണങ്ങളും മെച്ചപ്പെടു ത്തുക.

11. ഉന്നത വിദ്യാഭ്യാസരംഗം തൊഴിലധിഷ്ഠിതമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻഡസ ്ട്രിയൽ ട്രെയിനിംഗ്, പോളിടെക്ക്നിക്ക് എന്നിവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമസഭാനിർദേശങ്ങൾ പ്രധാനമാണ്. പഞ്ചായത്തിന്റെ സാഹചര്യങ്ങളു മായി പൊരുത്തപ്പെടുന്ന റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, മറ്റ് ആഗ്രോ ഇൻഡസ്ട്രീസ് (കാർഷീകാധിഷ്ഠിത വ്യവസായങ്ങൾ) എന്നിവയിലാണു പരിശീലന സ്ഥാപനങ്ങൾ തുടങ്ങേണ്ടത്. അതോടൊപ്പം ആഗ്രോ എൻജിനിയറിം രംഗത്ത് ഗവേഷണം നടത്താനും യന്ത്രങ്ങൾ വികസിപ്പിക്കാനും കഴിയുന്ന പോളീടെക്ക്നിക്ക് എൻജിനീയറിംഗ് കോളേജ് ഈപഞ്ചായത്തിൽ ആരംഭിക്കണം. നിർദ്ദേശിത പത്തനംതിട്ട എൻജിനിയറിംഗ് കോളേജ് ഈ ലക്ഷ്യത്തോട് ഈ ലക്ഷ്യത്തോടെ ഈ പഞ്ചായത്തിൽ തുടങ്ങുന്നതിനുള്ള ഒരു ജില്ലാപഞ്ചായത്ത് പദ്ധതിക്ക് സാദ്ധ്യതയുണ്ട്.

12. പ്രീ-പ്രൈമറി രംഗംമുതൽ പഠനരീതികളിൽ കാതലായമാറ്റം വരുത്തിക്കൊണ്ട് സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി അദ്ധ്യാപക-രക്ഷകർത്തൃ-പൊതുജന കൂടി വരവുകൾ, പരിശീലന പരിപാടികൾ, അനൗപചാരീക വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങിയവ ആവിഷ്ക്കരിക്കണം. കളിക്കോപ്പുകളും പഠനോപക രണങ്ങളും വേണ്ട എല്ലാസ്ക്കൂളുകളിലും എത്തിക്കണം. സ്ക്കൂൾ കോംപ്ലക്സ് പരിപാടികൾ. യാഥാർത്ഥ്യ ബോധത്തോടെ സംഘടിപ്പിക്കാൻ നിയുക്തമാകുന്ന ഒരുസമിതിക്ക് ഈ പരിപാടികൾക്കു നേതൃത്വം നൽകാൻ കഴിയും അനൗപചാരിക വിദ്യാഭ്യാസ. പരിപാടികളിൽ ട്യൂഷൻ സെന്ററുകളേക്കൂടി ഉൾപ്പെടുത്തി ട്യൂഷ്യനെത്തന്നെ പുനഃസംവിധാനം ചെയ്യണം. വായനശാലകൾ സാസ്ക്കാരീക പ്രസ്ഥാനങ്ങൾ മറ്റു സന്നദ്ധസംഘടനകൾ ജനവിദ്യാകേന്ദ്രങ്ങൾ എന്നിവക്ക് ഇത്തരത്തിൽ ഉള്ള പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിക്കാൻ കഴിയും. സാക്ഷരതാ പ്രവർത്തനങ്ങൾ, ഗ്രാമപഠനം തുടങ്ങിയവയേ ഈ പ്രവർത്തനങ്ങളു മായികൂട്ടിയിണക്കാൻ കഴിയും.

13. ഉച്ചക്കഞ്ഞി വിതരണം സ്ക്കുൾ തല ആരോഗ്യ പരിപാലന പരിപാടികൾ എന്നിവ ഫലപ്രദമാക്കുക.

14. സെൻസസ്, കന്നുകാലി സെൻസസ്, വോട്ടർപ്പട്ടിക തയ്യാറാക്കൽ, റേഷൻകാർഡ്പുതുക്കൽ തുടങ്ങിയ ജോലികൾക്ക് അദ്ധ്യാപകരെ നിയോഗിക്കുന്നത് നിർത്തലാക്കുക.

15. ഉപരിപഠനത്തിന് വിദ്യാർത്ഥികൾക്ക് ലോൺ, സ്ക്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.

16. വനിതകൾക്കായി വനിതകളുടെനേതൃത്വത്തിൽ സഞ്ചരിക്കുന്ന വായനശാലകൾ ഏർപ്പടുത്തുക.

17. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ട വിദ്യാർത്ഥി കളുടെ പഠനനിലവാരത്തിൽ പ്രത്യേഗ ശ്രദ്ധ ചെലുത്തുകയും വായനശാലകളിലും ആലോചനാ യോഗങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

18. പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗകോളനിയിലെ അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തി അവരുടെ പ്രാവീണ്യങ്ങൾ വിദ്യാഭ്യസരംഗത്ത് പ്രയോജനപ്പെടുത്തുക.

19. പഞ്ചായത്ത് ആഫീസിന് സമീപം മിനി സ്റ്റേഡിയം പണിയണം.

# 7

# കുടിവെള്ളവും പൊതുജനാരോഗ്യവും

നിരവധി ജലസ്രോതസ്സുകളുണ്ടായിട്ടു പോലും രൂക്ഷമായ കുടിവെള്ളപ്രശ്നമുള്ള പഞ്ചായത്താണ് നാരങ്ങാനം. ഈ ഗ്രാമത്തിലെ 85 ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെ മാത്രം ആശ്രയിക്കുമ്പോൾ, വേനൽക്കാലത്ത് ആറുമാസക്കാലത്തോളം 70 ശതമാനം കിണറുകൾ വറ്റി പോകുന്നവയാണ്. ഈ പഞ്ചായത്തിൽ 91-ലെ കാനേഷുമാരിക്കണക്കനുസരിച്ച് 3763വീടുകളും 2115 സ്വകര്യ കിണറുകളും അഞ്ച് പൊതുക്കിണറുകളും, പതിനാല് കുഴൽക്കിണറുകളും പതിനൊന്ന് ഓലികളും നിലവിലുണ്ട്. ഇവയിൽ 75 ശതമാനവും വേനൽക്കാലത്ത് വറ്റി വരണ്ട് പോകുന്നവയാണ്. നാരങ്ങാനം പഞ്ചായത്തിലെ കടമ്മനിട്ടയിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്കിൽ നിന്നും പൊതു ആവശ്യത്തിന് നാല്പതു വാട്ടർ ടാപ്പുകൾ നിലവിലുണ്ട്. ഇതിന് അടിയന്തിരമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടിയിരിക്കുന്നു.

### ശുദ്ധജലസ്രോതസ്സുകൾ

കിണറുകൾ

| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | കുഴൽകിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| വെള്ള മുള്ളത് | വെള്ള മില്ലാത്തത് | വെള്ള മുള്ളത് | വെള്ളമി ല്ലാത്തത് | | |
| 4 (നാല്) | 1(ഒന്ന്) | 634 | 1481 | 14 | 2134 |

കുടിവെള്ളപ്രശ്നപരിഹാരത്തിന് നിരവധി നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ അവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ പലതും ശേഖരിക്കേണ്ടിയിരിക്കുന്നു. വാട്ടർ അതോറിട്ടിയുടെ പൈപ്പ് നീളം കൂട്ടുകയോ, നേരത്തേ നിലവിലുണ്ടായിരുന്നത് പുന:സ്ഥാപിക്കുകയോ ഇരുവശങ്ങളിലൂടെ പോകുന്ന പൈപ്പ്ലൈനുകൾ ഒരുമിച്ചാക്കി നീളം കൂട്ടുകയോ ചെയ്ത് ജലക്ഷാമം പരിഹരിക്കുന്നതിനുള്ള ഒമ്പതു നിർദ്ദേശങ്ങളുണ്ട്. ഇതിന് ആകെ എത്ര കി.മി. കൂടുതൽ പൈപ്പ് ലൈൻ വേണ്ടിവരും, അതിന്റെ ഗുണം കിട്ടുന്ന ആകെ പ്രദേശങ്ങളുടെ വിസ്തൃതി, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ വ്യക്തമല്ല.

പ്രകൃതിദത്ത ജലസ്രോതസ്സുകളിലെ ജലം ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള ആറ് നിർദ്ദേശങ്ങളുണ്ട്. താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്ത് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുന്നതിനുള്ള ഏഴു നിർദ്ദേശങ്ങളും നിലവിലുള്ള ടാങ്കിന്റെ ജല സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശവുമുണ്ട്. നിലവിലുള്ള കുളം/പഞ്ചായത്ത് കിണറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മൂന്ന് നിർദ്ദേശങ്ങളും, വാട്ടർ ഷെഡ് ടാങ്കിൽ നിന്നും പമ്പ് ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശവുമുണ്ട്. മൂന്ന് പ്രദേശങ്ങളിൽ പുതിയ കുഴൽക്കിണറുകളും, മൂന്ന്

പ്രദേശങ്ങളിൽ നിലവിലുള്ള കുഴൽക്കിണറിന്റെ അറ്റകുറ്റപ്പണികളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ഒരു കുഴൽക്കിണറിന്റെ മോട്ടോർ മാത്രം മാറ്റിവെയ്ക്കുവാൻ നിർദ്ദേശവുമുണ്ട്. കുഴൽക്കിണർ വെള്ളം ഉയർന്ന ടാങ്കു കെട്ടി സംഭരിച്ച് പൈപ്പ് ലൈനിലൂടെ വിതരണം ചെയ്യുവാനുള്ള ഒരു നിർദ്ദേശവും പൊതു പൈപ്പ് ലൈനും ടാപ്പുകളും അറ്റകുറ്റപ്പണി ചെയ്ത് പ്രശ്നം തീർക്കുവാനുമുള്ള ഒരു നിർദ്ദേശവുമുണ്ട്. പുതിയ കിണറുകൾ ആവശ്യക്കാർക്ക് എന്നതിൻപ്രകാരം എത്ര കിണറുകൾ എന്ന് വ്യക്തമല്ല. അതുപോലെ തന്നെ രണ്ട് പ്രദേശങ്ങളിൽ കിണറുകൾക്ക് ആഴം കൂട്ടി ചുറ്റുമതിൽ കെട്ടാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എത്ര കിണറുകൾക്ക് എന്ന് വ്യക്തമല്ല. വാട്ടർ അതോറിട്ടിയുടെ നിലവിലുള്ള ചെറുകോൽ-നാരങ്ങാനം പദ്ധതി പൂർത്തിയാക്കിയാൽ പ്രയോജനം കിട്ടുന്ന വാർഡുകൾ മൂന്ന്. ഒരു സ്ഥലത്ത് ടാങ്കറിൽ വെള്ളമെത്തിക്കുകയെ വരൾച്ച കാലങ്ങളിൽ നിവൃത്തിയുള്ളു എന്ന് കാണുന്നു. ഒടുവിൽ പറഞ്ഞ രണ്ട് നിർദ്ദേശങ്ങളൊഴികെ എല്ലാറ്റിനും ആവശ്യമായ വിവരങ്ങൾക്ക് ഒരു സർവ്വേ ആവശ്യമാണ്. അത് നടത്തുന്നതിനും നിർദ്ദേശിത പദ്ധതികളെ മുൻഗണനാക്രമത്തിലാക്കുന്നതിനും ജലക്ഷാമ പ്രശ്നത്തിനുള്ള പരിഹാര പരിപാടികളുടെ നടത്തിപ്പിനുമായി ജലക്ഷാമം അനുഭവപ്പെടുന്ന എല്ലാ പ്രദേശങ്ങളിലുമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പഞ്ചായത്ത്തല സമിതി ആവശ്യമാണ്.

വിശദമായ നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

## KWA പദ്ധതികൾ

| പദ്ധതിയുടെ പേര് | മൊത്തം ടാപ്പുകൾ | സ്വകാര്യ ടാപ്പുകൾ |
|---|---|---|
| കടമ്മനിട്ട(KWA) | 40 | ഇല്ല |

കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | മഞ്ഞപ്ര ഭാഗം,പാന്തൻപാറ ഭാഗം -കടയ്ക്കൽ ഭാഗം-കാലായിൽ ഭാഗം പുന്നനിൽക്കുന്നതിൽ ഭാഗം,പാറക്കുഴി ഭാഗം | ഒന്നാം വാർഡിലെ മടുക്കക്കുന്നിലുള്ള പ്രകൃതിദത്തമായ ജലസ്രോതസ്സ് കേന്ദ്രീകരിച്ച് ശാസ്ത്രീയമായ രീതിയിൽ ഒരു ടാങ്ക് നിർമ്മിച്ച് അതിൽ നിന്നും പൈപ്പുകൾസ്ഥാ പിച്ച് ശുദ്ധജല വിതരണം നടത്തുക.വാട്ടർ അതോറിട്ടി യുടെ ചുമതലയിൽ കോഴഞ്ചേരി പഞ്ചായത്തിലെ ആറാം വാർഡിന്റെ കിഴക്കുഭാഗത്തു വരെ എത്തിയിട്ടുള്ള പൈപ്പ് ലൈൻ |
| | പാന്തൻപാറ ഭാഗം | പാന്തൻപാറ ഭാഗത്തേക്ക് നീട്ടുക.ഒന്നാം വാർഡിന്റെ തെക്കുഭാഗത്ത് താഴ്ന്ന പ്രദേശത്ത് ഒരു കിണർ നിർമ്മിച്ച് ഏറ്റവും ഉയർന്ന പ്രദേശമായ മടുക്കക്കുന്നിൽ ഒരു ടാങ്കപണിത് ശുദ്ധജലം ശേഖരിച്ച് പൈപ്പ് വഴി വിതരണം ചെയ്യുക. |
| 2 | ചക്കുങ്കൽ മുരുപ്പ്,മുള്ളംകുഴി മുരുപ്പ് | കളത്തൂർ തോടിന്റെ കരയിൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ചക്കുങ്കൽ മുരുപ്പിൽ ടാങ്ക് കെട്ടി പൈപ്പുമിട്ട് മേപ്രത്ത് പടി വരെ ശുദ്ധജലവിതരണം നടത്തുക. |
| | കക്കണ്ണിമല, കാരിമുറ്റം | വേലന്റെ പടിക്കൽ കിണർ കുഴിച്ച് കക്കണ്ണിമലയിൽ ടാങ്ക് കെട്ടി ജലം പമ്പ് ചെയ്ത് ശേഖരിച്ച് പൈപ്പ് വഴി വിതരണം നടത്തുക. ചെറുകോൽ നാരങ്ങാനം പഞ്ചായത്ത് പ്രദേശത്ത് ശുദ്ധജലവിതരണം ചെയ്യുന്നതിന് |

| | | |
|---|---|---|
| | | വാട്ടർ അതോറിട്ടിയുടെ ചുമതലയിൽ പണിയാരംഭിച്ചിട്ടുള്ള പദ്ധതിപ്രകാരം രണ്ടാം വാർഡിലും ശുദ്ധജലം വിതരണം ചെയ്യുക. നിലവിലുള്ള കിണറുകൾ ആഴം കൂട്ടി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. |
| 3. | മാഹാണിമല ഗിരിജൻ കോളനി,മുള്ളൻ മുരുപ്പേൽ, ചെമ്പകത്തിനാൽ ഭാഗം, കുരീക്കാട്ടിൽപ്പടി,പൂതക്കുഴി,ചേന്നൻചിറ കന്നിട്ടുംകുഴി ഭാഗം,തോന്ന്യാമല ലക്ഷം വീട് കോളനി കാഞ്ഞിരപ്പാറ-ചക്കുപാറ ഭാഗം | ചേന്നൻചിറ ഭാഗത്ത് ഒരു കുളം നിർമ്മിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് ഉണ്ടാക്കി പൈപ്പ് ലൈൻ ഇട്ട് ശുദ്ധജലവിതരണം ചെയ്യുക.റോഡു സൈഡിൽ കൂടി ജലവിതരണപൈപ്പുകൾ സ്ഥാപിക്കുക. മൂന്നാം വാർഡിലെ നാല് കുഴൽക്കിണറുകൾ റിപ്പയർ ചെയ്ത് ശുദ്ധജലവിതരണം ചെയ്യുക. തോന്ന്യാമല കുരീലയ്യത്ത് നെടുഞ്ചേരിയിലുള്ള കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കുരീലയ്യം സ്കൂളിനു സമീപം ടാങ്ക് നിർമ്മിച്ച് ശേഖരിച്ച് ആ പ്രദേശത്തുള്ള നൂറിൽപ്പരം വീടുകൾക്ക് ജലം എത്തിക്കുക. കുടിലുകുഴിയിലെ വാട്ടർ ഷെഡ് ടാങ്കിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കടമ്മനിട്ട തടത്തിൽ ഭാഗത്ത് എത്തിക്കുക. |
| 4 | നിരന്നകാലാപ്പടി ആടിയാനി റോഡ് | നാരങ്ങാനം ചെറുകോൽ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള വാട്ടർ അതോറിട്ടിയുടെ മേൽവിവരിച്ച പദ്ധതിപ്രകാരം ശുദ്ധജലവിതരണം സാദ്ധ്യമല്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജവിതരണം ചെയ്യുക. നെടുമണ്ണിൽ തെക്കേതിൽപ്പടിയ്ക്കലുള്ള ഓലിയും,പൂവണ്ണുംമൂട്ടിൽ ശ്രീ.അബ്രഹാമിന്റെ സ്ഥലത്തുള്ള ഒരിക്കലും വറ്റാത്ത ജലസ്രോതസ്സും ഉപയോഗിച്ച് ശുദ്ധജലവിതരണം നടത്തുക.നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. |
| 5 | ഇളപ്പുങ്കൽ അടിവശം,ജീരകത്തിനാൽ ഭാഗം,കണ്ണാറമുകൾ ഭാഗം,നല്ലാനിക്കുന്ന് ഭാഗം,മലയിൽ ഭാഗം,മുതുമറ്റത്തിൽ ഭാഗം കൊങ്ങാമല,നടുക്കേമലയിൽ ഭാഗം, തടത്തിൽ ഭാഗം,പാടിക്കൽ ഭാഗം,കീരിപ്പാറ | കുഴൽക്കിണർ സ്ഥാപിക്കാവുന്ന സ്ഥലത്ത് കുഴൽക്കിണർ നിർമ്മിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്. കുംഭംകുഴി ഭാഗത്ത് കിണർ കുഴിച്ച് നല്ലാനിക്കുന്ന് ഭാഗത്ത് ടാങ്ക് കെട്ടി ജലം സംഭരിച്ച് പൈപ്പ് ലൈൻ വഴി |

| | | |
|---|---|---|
| | | നല്ലാനിക്കുന്ന്, ജീരകത്തിനാൽ,ഇളപ്പുങ്കൽ അടിഭാഗംഎന്നീ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. വളഞ്ഞിലേത്ത് കുളത്തിന്റെ ഭാഗത്തുള്ള ഗവ:വക സ്ഥലത്ത് കിണർ കുഴിച്ച് മുതുമരത്തിൽ ഭാഗത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി മുതുമരത്തിൽ ഭാഗം,തടത്തിൽ ഭാഗം എന്നിവിടങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യാവുന്നതാണ്. മാങ്കുഴിയിലും മടത്തുംപടിക്കലും കിണർ കുഴിച്ച് മലയിൽ ഭാഗത്തും കീരിപ്പാറ ഭാഗത്തും ടാങ്കുകൾ കെട്ടി പൈപ്പ് ലൈൻ വഴി ശുദ്ധജലവിതരണം നടത്താവുന്നതാണ്. നാരങ്ങാനം ഗ്രാമപഞ്ചായത്ത് കിണറ്റിലെ വെള്ളം പമ്പ് ചെയ്ത് പഞ്ചായത്ത് സ്ഥാപനങ്ങളിൽ വെള്ളം എത്തിക്കുക. കടമ്മനിട്ട വാട്ടർ ടാങ്കിൽ നിന്നും വല്ല്യയന്തിയിലേക്കുള്ള ലൈൻ പുന:സ്ഥാപിക്കുക. |
| 6. | തളിക്കുളം ഭാഗം | നിലവിലുള്ള കുഴൽക്കിണർ ആഴം കൂട്ടി,തുരുമ്പിച്ച പൈപ്പുകൾ മാറ്റി മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് ഇരുനൂറ് മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഗവ:വാട്ടർ ടാങ്കിൽ വെള്ളം എത്തിച്ചാൽ ചെറുകോൽ പഞ്ചായത്തിലും നാരങ്ങാനം പഞ്ചായത്തിന്റെ ആറാം വാർഡിലെ വടക്കുപടിഞ്ഞാറുമുള്ള വീടുകൾക്ക് ശുദ്ധജലവിതരണം ചെയ്യാവുന്നതാണ്. കണമുക്ക് ജംഗ്ഷനിലെ കുഴൽക്കിണർ ഉപയോഗയോഗ്യമാക്കണം. മടന്തൻപാറ ഭാഗത്ത് ഒരിക്കലും വറ്റാത്ത നീറ്റുറവയുള്ള സ്ഥലത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഇട്ടാൽ താഴെ ഭാഗത്തുള്ള 50 വീടുകൾക്ക് ശുദ്ധജലമെത്തിക്കാവുന്നതാണ്. തോണിപ്പാറക്കു മുകളിൽതടത്തുകാലായിലുള്ള ഒരിക്കലും വറ്റാത്ത കുളം വികസിപ്പിച്ചെടുത്ത് വെള്ളം പമ്പ് ചെയ്ത് രക്ഷാസൈന്യ പള്ളിക്കു സമീപം സ്ഥിതി ചെയ്യുന്ന ഗവ:വക ടാങ്കിൽ നിറയ്ക്കുകയും അവിടെ നിന്ന് പൈപ്പ് ലൈൻ വഴി ഗവ:ഹൈസ്കൂളിൽ ശുദ്ധജലം എത്തിക്കുകയും ചെയ്യാവുന്നതാണ്. ഇവിടെ താഴ്ന്ന പ്രദേശത്തുള്ള കിണറുകൾ ആഴം കൂട്ടി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. കിണറുകൾ ഇല്ലാത്തവർക്ക് പുതിയതായി കിണറുകൾ കുഴിച്ച് കൊടുക്കണം. |

| | | |
|---|---|---|
| | | തറഭാഗത്തുള്ള കൈതോലിക്കൽഭാഗത്ത് ഒരിക്കലും വറ്റാത്ത നീരുറവയുണ്ട്.ഇവിടെ ഒരു വലിയ ടാങ്ക് കെട്ടി പൈപ്പു ലൈൻ വഴി റോഡുമാർഗ്ഗം ഒന്നാം വാർഡിലെയും ആറാം വാർഡിലെയും ജനങ്ങൾ പാർക്കുന്ന നളേത്തുപടി വരെ ശുദ്ധജലം എത്തിക്കാവുന്നതാണ്. |
| 7. | വേങ്ങമുക്ക്-പൂവ്വണ്ണുംമൂട്ടിൽപടി ഇളപ്പുങ്കൽ ഭാഗം,തുണ്ടുകാലാഭാഗം ആലുനിൽക്കുന്നതിൽ ഭാഗം,കടമ്മനിട്ട ജംഗ്ഷൻ,കല്ലേലിൽ ജംഗ്ഷൻ,ലക്ഷം വീട്കോളനി,വടക്കേത്രപ്പടി കൈയ്യാലയ്ക്കകത്തു ഭാഗം. | നിലവിലുള്ള കടമ്മനിട്ട ഓലിച്ചിറക്കൽ വാട്ടർ ടാങ്കിന്റെ ജലസംഭരണശേഷി കൂട്ടി പൈപ്പ് ലൈൻ സ്ഥാപിച്ച് കൂടുതൽ ടാപ്പുകൾ ഇടുക. കൂടുതൽ കുഴൽക്കിണറുകളും പൊതുക്കിണറുകളും സ്ഥാപിക്കുക. ചെറുകോൽ-നാരങ്ങാനം എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പദ്ധതി ത്വരിതപ്പെടുത്തി കുടിനീരെത്തിക്കുക. |
| 8. | അന്ത്യാളൻകാവ് കുരുവിച്ചിറ്റ, വേക്കൽഭാഗം, ചെറിയകാവ് കല്ലനാലി, മാണിക്കുളം,മുളന്തറ ലക്ഷംവീട്, മണൽനിരവേൽ. കാലായിൽപടി മുതൽ വട്ടത്താനത്ത്പടിവരെയുള്ള സ്ഥലം. | കുടിവെള്ള ക്ഷാമമുള്ള സമയത്ത് ടാങ്കർവഴി വെള്ളം എത്തിച്ചുകൊടുക്കുക. ഇവിടെയുള്ള പൈപ്പുകളുടെയും ടാപ്പുകളുടെയും അറ്റകുറ്റപ്പണികൾ നടത്തി ശുദ്ധജലവിതരണം സുഗമമാക്കുക. രണ്ട് വഴികളിലൂടെയുള്ള പൈപ്പ് ലൈൻ ഒരുമിച്ചാക്കി എട്ടാം വാർഡിലെയും ഒമ്പതാം വാർഡിലെയും ശുദ്ധജലക്ഷാമം പരിഹരിക്കുക. പറയനോലിക്കൽ M.T.L.Pസ്കൂൾ മുതൽ കുട്ടത്തോട് വരെയുള്ള ഭാഗത്ത് പൈപ്പ് ലൈൻ നീട്ടി ശുദ്ധജലവിതരണം നടത്തുക. മുള്ളൻവാരത്തുങ്കലുള്ള ഓലിക്ക് സമീപം ടാങ്ക് കെട്ടി ജലം ശേഖരിച്ച് പൈപ്പ് വഴി ശുദ്ധജലവിതരണം നടത്തുക. നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി വേങ്ങൽ ഭാഗം,പരുത്തിയിൽ ഭാഗം,ഈ പ്രദേശങ്ങളിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുക. പടിഞ്ഞാറ്റിൻകര ഭാഗത്തുള്ള പഞ്ചായത്തു കിണറ്റിൽ മോട്ടോർ സ്ഥാപിച്ച് കൈതക്കൽ ഭാഗം,പടിഞ്ഞാറ്റിൻകര ഭാഗം മുതലായ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുക. |
| 9. | നിരവത്ത്,മടുക്കാനാക്കുഴി, തോന്ന്യാമല പുത്തൻപീടിക ജംഗ്ഷൻ,പുലച്ചരിവിൽമലയിൽഭാഗം,കരിങ്ങാട്ടിപ്പടിക്കൽ വഴുതാനത്ത് വരെ | നിലവിലുള്ള ഓലിച്ചിറക്കൽ വാട്ടർ ടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിച്ച് വാർഡിന്റെ എല്ലാ ഭാഗങ്ങളിലും ശുദ്ധജലവിതരണം നടത്തുക. ചെറുകോൽ-നാരങ്ങാനം പഞ്ചായത്തിനു വേണ്ടി വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന |

പദ്ധതി ഈ വാർഡിലും നടപ്പിൽ വരുത്തുക.
കടമ്മനിട്ട പോസ്റ്റോഫീസ് പടിക്കൽ നിന്നും പുലച്ചരിവിൽമലയിൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടി ശുദ്ധജലക്ഷാമം പരിഹരിക്കുക.
കരിങ്ങട്ടിപടിക്കൽ മുതൽ വഴുതാനത്ത്പടി വരെയുള്ള സ്ഥലത്ത് പൈപ്പ് ലൈൻ ഇട്ട് ശുദ്ധജലക്ഷാമം പരിഹരിക്കുക.
ഹൈസ്കൂൾ പടിക്കൽ നിന്നും മലേക്കുഴി-പുലച്ചരിവിൽപ്പടി വരെ പൈപ്പ് ലൈൻ നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കുക.
കുരീലയ്യത്ത് കുഴൽ കിണർ നിർമ്മിച്ച് ശുദ്ധജലവിതരണം നടത്തുക.

പൊതുജനാരോഗ്യ രംഗത്ത് കുറെ പൊതു നിർദ്ദേശങ്ങളാണ് സമർപ്പിക്കുവാനുള്ളത്. എല്ലാ വാർഡു കളിലുമായി കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകളിലും കക്കൂസ് സ്ഥാപിക്കുക എന്നതാണ് ഏറ്റവും പ്രധാന നിർദ്ദേശം. നിലവിലുള്ള കണക്കനുസരിച്ച് അപ്രകാരം ആവശ്യമുള്ള ആകെ എണ്ണം 1050 ആണ്. വാർഡു തിരിച്ചുള്ള കണക്ക് പാർപ്പിടം ക്ഷേമം എന്ന അദ്ധ്യായത്തിലുണ്ട്. വാർഡുതല ഹെൽത്ത് വിസിറ്റർമാരെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾക്കു വേണ്ടിയും മറ്റ് ദുർബല വിഭാഗക്കാർക്ക് വേണ്ടിയും നിയോഗി ക്കേണ്ടതാണ്. ഇതിൽ സന്നദ്ധപ്രവർത്തനവും കണ്ടെത്താവുന്നതാണ്. പുകയില്ലാത്ത അടുപ്പുകൾ വേണ്ട എല്ലാ വീടുകളിലും അവ എത്തിക്കുക. ദുർബല- പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവരു ടെയും പ്രത്യേകിച്ച് ഗർഭിണികളുടെയും ശിശുക്കളുടെയും പോഷകാഹാരം, അത്യാവശ്യ മരുന്നുകൾ തുടങ്ങിയവ ഉറപ്പുവരുത്തുക. സ്കൂൾ ഹെൽത്ത് പ്രോഗ്രാം സജീവമാക്കുക. ഒരു പഞ്ചായത്ത് തല ചികിത്സാനിധി ഏർപ്പെടുത്തുക. വികലാംഗർക്കുള്ള എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുക. ചന്തകളിലും പൊതുസ്ഥലങ്ങളിലും ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള ടാങ്കു കളും അവ ശേഖരിച്ച് കൊണ്ടുപോയി നിക്ഷേ പിക്കുന്നതിനുള്ള ഏർപ്പാടും ഉണ്ടാകണം. പൊതുച്ചന്തകളിൽ കക്കൂസും മൂത്രപ്പുരയും സ്ത്രീപുരുഷന്മാർക്ക് വെവ്വേറെ സ്ഥാപിക്കുകയും അവ ശുചിയായി സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും വേണം. കൊതുകു നശീകരണത്തിനുള്ള പരിപാടികൾ വ്യാപിപ്പി ക്കണം. ജല വിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യപ്പെടുന്നത് ശുദ്ധജലമാണെന്നുറപ്പു വരുത്തു ന്നതിനാവശ്യമായ സംവിധാനങ്ങളുണ്ടാവണം. പരിസര ശുചിത്വവും പൊതുജനാരോഗ്യവും സംബന്ധിച്ച ക്ലാസ്സുകൾ, ചർച്ചകൾ, ഫിലിം പ്രദർശനങ്ങൾ തുടങ്ങിയവ പൊതുജനങ്ങൾക്കായി നിരന്തരം നടത്തേണ്ടതാണ്. രണ്ട്, മൂന്ന്, ആറ് വാർഡുകൾക്ക് പൊതുശ്മശാനം വേണമെന്ന് നിർദ്ദേശിച്ചുണ്ട്.

ചികിത്സാ സ്ഥാപങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളാണുള്ളത്. ഒന്നാം വാർഡിൽ ഒരു അലോപ്പതി ആശുപത്രിയും പ്രാഥമികാരോഗ്യകേന്ദ്രവും സ്ഥാപിക്കുക. രണ്ടാം വാർഡിൽ അലോപ്പതി, ആയുർവേദം, ഹോമി യോപ്പതി ഇവയിൽ ഏതെങ്കിലുമൊരു ആശുപത്രി സ്ഥാപിക്കുക. മൂന്നാം വാർഡിലുള്ള കുടുംബ ക്ഷേമ കേന്ദ്രം ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി

ഉയർത്തുക. നാലാം വാർഡിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക. അഞ്ചാം വാർഡിൽ നിലവിലുള്ള ആയുർവേദ ഡിസ്പെൻസറി 50 കിടക്കകളുള്ള ഒരു ആശുപത്രിയായി ഉയർത്തുകയും പഞ്ചായത്ത് ആശുപത്രി പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക. കൂടാതെ ഒരു ഹോമിയോ ആശുപത്രിയും പഞ്ചായത്താസ്ഥാനത്ത് ആരംഭിക്കുക. ആറാം വാർഡിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും, ആയുർവേദ, ഹോമിയോ ആശുപത്രികളിലേതെങ്കിലും ഒന്നും സ്ഥാപിക്കുക. കല്ലേലി ജംഗ്ഷനിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ ഒരു താലൂക്കാശുപത്രിയായി ഉയർത്തേണ്ടതാണെന്ന് ഏഴ്, എട്ട്, ഒമ്പത് വാർഡുകളിൽ നിന്ന് നിർദ്ദേശിക്കുന്നു.

# 8

# വ്യവസായം

വ്യാവസായിക രംഗത്ത് നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ ഇതുവരെ എടുത്തുപറയത്തക്ക യാതോരു സംരംഭവും ഉണ്ടായിട്ടില്ല. വ്യവസായത്തിന് ആവിശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ആയിരിക്കാം ഇതിന് മുഖ്യകാരണം. കൂടാതെ ഒരു വ്യാഴവട്ടത്തിന് മുമ്പുവരെ ഈ പഞ്ചായത്ത് കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു. കിഴക്കൻ മലയോര പ്രദേശമായ ഈ സ്ഥലത്ത് വ്യവസായങ്ങൾ തുടങ്ങാൻ സംരംഭകർ തയ്യാറായില്ല. ഒരുകാർഷിക മേഘലയായ ഇവിടുത്തെ നിവാസികൾ അവരുടെ മിക്കവാറും എല്ലാ ആവശ്യങ്ങളും പ്രാദേശീകമായിത്തന്നെ നിറവേറിയിരുന്നു. കാലക്രമേണ ഭക്ഷ്യവിളകൾ ലാഭകരം അല്ലാതായിതീരുകയും വിദ്യാഭ്യാസ പുരോഗതിയിലൂടെ മറ്റുജീവിതതുറകളിൽ പ്രാവീണ്യം തേടി അന്യസ്ഥലങ്ങളിൽ ജോലിക്കായി ജനങ്ങൾ പോകുകയും ജീവിതനിലവാരം ഉയരുകയും ചെയ്തതോടെ നമ്മുടെ ആവശ്യങ്ങൾ വർദ്ധിക്കുകയും ഉപഭോഗ സംസ്ക്കാരം വളരുകയും ചെയ്തു. താരതമ്യേന ലാഭകരമായ നാണ്യവിളകളിലേക്ക് ജനങ്ങൾ ശ്രദ്ധ തിരിച്ചിരിക്കുകയാണ്. നമ്മുടെ ഉപഭോഗവസ്തുക്കൾ ഇവിടെതന്നെ ഉൽപ്പാദിപ്പിക്കാനുള്ള സംരംഭം അടിയന്തിരമായി ആരംഭിക്കേണ്ടി ഇരിക്കുന്നു.

ഇവിടെയുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങളെ പറ്റിയും അവയുടെ ഇന്നത്തെ അവസ്ഥയെ പറ്റിയും ചുരുക്കമായി പ്രതിപാദിക്കാം.

അരകല്ല്, ആട്ടുകല്ല്, ഉരൽ, തിരികല്ല് മുതലായ ഗൃഹോപകരണങ്ങൾ കരിങ്കല്ലിൽ നിന്നും കൊത്തി ഉണ്ടാക്കുന്ന കുടിൽ വ്യവസായം ഇവിടെ നിലവിൽ ഉണ്ടായിരുന്നു. യന്ത്ര സാമഗ്രികൾ പ്രചാരത്തിലായതോടു കൂടി ഇവയുടെ വിപണന സാദ്ധ്യത കുറയുകയും വ്യവസായം മന്ദീഭവിക്കുകയും ചെയ്തു.

മരച്ചക്കുകളിൽ എണ്ണകുരുക്കളായ ഓടൽ, മരോട്ടി, എള്ള്, വേപ്പരി, പൂവത്ത്, തുടങ്ങിയവയും തേങ്ങയും ആട്ടി എണ്ണ എടുക്കുന്ന കുടിൽ വ്യവസായം ഉണ്ടായിരുന്നു. എണ്ണക്കുരുക്കളുടെ ദൗർലഭ്യവും ഓയിൽ മില്ലുകളുടെ ആവിർഭാവവും മൂലം ഈ വ്യവസായം ഇല്ലാതെയായി.

കരിമ്പ് ആട്ടി ശർക്കരയും ഉണ്ടയും ഉണ്ടാക്കുന്ന സീസണൽ വ്യവസായവും ഇവിടെ നിലനിന്നിരുന്നു. കരിമ്പുകൃഷി നിലച്ചതോടെ ഈ വ്യവസായവും ഇല്ലാതെയായി.

വാറ്റുപുല്ല് വാറ്റി തൈലം ഉൽപ്പാദിപ്പിക്കുന്ന കുടിൽ വ്യവസായം നിലനിന്നിരുന്നു. വിവിധ കാരണങ്ങളാൽ വാറ്റു പുല്ലിന്റെ ലഭ്യത കുറയുകയും ഈ വ്യവസായം തുടർന്നു പോകാൻ

സാധിക്കാതെയാകുകയും ചെയ്തു.

ഈറ, ചൂരൽ, കാട്ടുവള്ളികൾ, തഴ തുടങ്ങിയവ ഉപയോഗിച്ച് കുട്ട, വട്ടി, മുറം, പരമ്പ്, പായ എന്നിവ നിർമ്മിക്കുന്ന പരമ്പരാഗത കുടിൽ വ്യവസായം മന്ദീഭവിച്ചു പോയി. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും താരതമ്യേന ലാഭകരമായ റബ്ബർ, പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ലഭ്യതയും ആണ് ഇതിനു കാരണം.

വളരെ കുറച്ച് വ്യവസായങ്ങൾ മാത്രമേ ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉള്ളു. ഇവയെ ചെറുകിടവ്യവസായങ്ങൾ എന്ന് വിശേഷിപ്പിക്കാം. ഇതെല്ലാം സ്വകാര്യ മേഖലയിലാണ്. ഒരൊറ്റ വ്യവസായം പോലും സർക്കാർ – അർദ്ധസർക്കാർ മേഖലയിൽ ഉണ്ടായിട്ടില്ല. നിലവിലുള്ള വ്യവസായങ്ങൾ പട്ടിക 1 ൽ കാണിച്ചിരിക്കുന്നു. ഇവയിൽ വനിതകൾക്ക് ആനുപാതീകമായ പങ്കാളിത്തം കുറവല്ല.

## നിലവിലുള്ള വ്യവസായങ്ങൾ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം | 1 |
| 2. | ക്ഷീരവ്യവസായയൂണിറ്റ് | 1 |
| 3. | ബുക്ക് ബയന്റിംഗ് യൂണിറ്റ് | 1 |
| 4. | ബേക്കറി | 1 |
| 5. | പേപ്പർ വർക്ക്സ് | 1 |
| 6. | പ്രിന്റിംഗ്, ബയന്റിംഗ് | 1 |
| 7. | ഈർച്ചമില്ലുകൾ | 3 |
| 8. | ധാന്യമില്ലുകൾ/നെല്ലുകുത്തു മില്ലുകൾ | 5 |
| 9. | ഓയിൽ മില്ലുകൾ | 2 |
| 10 | കറിപൗഡർ | 1 |
| 11. | വുഡൻ ഫർണിച്ചർ നിർമ്മാണം | 6 |
| 12. | സ്റ്റീൽ ഫർണിച്ചർ നിർമ്മാണം | 1 |
| 13. | വുഡ്കാർവിംഗ് & ആർട്ട് വർക്ക് | 1 |
| 14. | അരകല്ല്, ആട്ടുകല്ല് കൊത്തിയുണ്ടാക്കൽ | 1 |

95% സാക്ഷരത, ഉയർന്ന ഉപഭോഗ നിലവാരം, ഉയർന്ന ജീവിത നിലവാരത്തിനായുള്ള അഭിലാഷം ഇവയൊക്കെ ഉണ്ടായിട്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വ്യാവസായിക വളർച്ചക്കു വിഘാതമായി നില്ക്കുന്നു. വ്യാവസായീകരംഗത്ത് ഈ പഞ്ചായത്ത് ഏറെ പിന്നിലായതിനാൽ തുടക്കം മുതലുള്ള വിശദമായ ആസൂത്രണം കൊണ്ടു മാത്രമേ ഈ രംഗത്തു വളർച്ച നേടാനാകുകയുള്ളു. ഒറ്റ നോട്ടത്തിലുള്ള പ്രധാനപ്രശ്നങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## പ്രശ്നങ്ങൾ

1. വ്യാവസായീക ആസൂത്രണത്തിനാവിശ്യമായ വിവരങ്ങൾ വേണ്ടത്ര ലഭ്യമല്ല. നിർദ്ദേശങ്ങളുടെ ഒരു കൂമ്പാരം മാത്രമാണ് ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ളത് പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ വിവിധ മേഖലകളിൽ സാദ്ധ്യതയുള്ള വ്യവസായങ്ങളുടെ ഇനം തിരിച്ച പട്ടികകൾ അന്യത്ര നൽകിയിട്ടുണ്ട്. അവക്കുള്ള പ്രായോഗിക തടസ്സങ്ങളും അവ പരിഹരിക്കുന്നതിനുള്ള പ്രായോഗിക മാർഗങ്ങളും എന്തെല്ലാം എന്ന് വ്യക്തമല്ല.

2. പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാത്ത വിധം മനുഷവാസം കുറഞ്ഞ സ്ഥലങ്ങളിൽ ലഭിക്കാൻ സാധ്യതയുള്ള ഭൂവിഭവം, അവിടങ്ങളിലേക്ക് അസംസ്കൃത പദാർത്ഥങ്ങൾ എത്തിക്കാനും ഉല്പന്നങ്ങൾ വിപണനം ചെയ്യാനും ഉള്ള ഗതാഗതസൗകര്യങ്ങൾ, വിപണി, സാങ്കേതിക പരിശീലനവും വ്യവസായങ്ങൾക്ക് താല്പര്യവും ഉള്ളവരുടെ എണ്ണം അവർക്ക് ലഭിക്കാൻ കഴിയുന്ന സാമ്പത്തീക പിൻതുണ, മറ്റ്മൂലധനസാദ്ധതകൾ തുടങ്ങി ഒട്ടേറെ വിവരങ്ങൾ ക്രമീകൃതമായി ലഭ്യമല്ല.

3. വൈദ്യുതി ദൗർലഭ്യം, വോൾട്ടേജ് ക്ഷാമം, പവർക്കട്ട് എന്നിവ വ്യവസായ സംരംഭങ്ങൾക്ക് ഭീഷണിയാണ്. വൈദ്യുതി ഉൽപ്പാദനത്തിന് ഈ പഞ്ചായത്തിൽ സാദ്ധത കുറവുമാണ്.

4. അസംസ്കൃത പദാർത്ഥങ്ങളുടെ സമാഹരണം ഉല്പന്നങ്ങളുടെ വിപണനം തുടങ്ങയവക്കുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

5. മുഖ്യകാർഷീകോൽപ്പന്നങ്ങളായ റബ്ബർ, നാളീകേരം, നെല്ല് എന്നിവ വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.

6. ഇന്നുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തന മാതൃക വ്യവസായ സംരഭങ്ങൾക്ക് സഹായകരമല്ല.

7. സാങ്കേതിക പരിജ്ഞാനവും വ്യവസായ പരിശീലന സൗകര്യങ്ങളും കുറവാണ്.

8. സംരഭകർക്ക് മൂലധനം സ്വരൂപിക്കാനുള്ള ബുദ്ധിമുട്ട്.

9. വനിതകൾക്ക് വ്യവസായരംഗത്തുള്ള പങ്കാളിത്തിലെ കുറവ്.

10. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെടുന്നവർക്ക് ന്യായവില കിട്ടുന്നില്ല. പരമ്പരാഗത മേഘല തീർത്തും അസംഘടിതമായിപ്പോകുകയും ചെയ്തിരിക്കുന്നു.

11. ലൈസൻസ് കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകളും അതിന്റെ നടപടി ക്രമങ്ങളെകുറിച്ചുള്ള അറിവില്ലായ്മയും.

## സാദ്ധ്യതകൾ

1. വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് ഗതാഗതം എന്ന അദ്ധ്യായത്തിൽ നിർദേശിച്ചിട്ടുള്ള പാരമ്പര്യേതര ഊർജ്ജോൽപ്പാദന രീതികൾക്കുള്ള സാദ്ധ്യതയുണ്ട്. അത്തരം പദ്ധതികളിലൂടെ ലഭിക്കുന്ന വൈദ്യുതി കാർഷികാവശ്യങ്ങൾക്ക് തിരിച്ചു വിടുന്നതു വഴി ലഭിക്കാവുന്ന ഊർജ്ജം വ്യവസായരംഗത്ത് പ്രയോജനപ്പെടുത്താവുന്നതാണ്.

2. ഈ പഞ്ചായത്തിലെ ഏറ്റവും സുലഭമായ അസംസകൃത വിഭങ്ങൾ, റബ്ബർ, തെങ്ങ്, നെല്ല്, കശുമാവ്, പാറ, ഔഷധച്ചെടികൾ, പാഴ്മരങ്ങൾ, പാൽ എന്നിവയാണ്. ഇവയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾക്ക് ഏറെ സാദ്ധ്യതയുണ്ട്.

3. അസംഘടിതമായ പരംമ്പരാഗത വ്യവസായ മേഖലയിലുള്ള പരിജ്ഞാനം ഒരു മുതൽക്കൂട്ടാണ്. ഈ പരിജ്ഞാനം അത്തരം വ്യവസായങ്ങളുടെ പരിശീലനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയുണ്ട്.

4. ടൂറിസം വ്യവസായത്തിനുള്ള സാദ്ധ്യതയുണ്ട്. വിശദീകരണം സംസ്ക്കാരം എന്ന അദ്ധ്യായത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

5. ഈ പഞ്ചായത്തിൽ നിന്നും വലിയൊരു വിഭാഗം ജനങ്ങൾ മറ്റുസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ജോലിചെയ്യുന്നുണ്ട്. അവരുടെ നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ വ്യവസായവൽക്കരണത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

6. ബാങ്കുകളുടെ പഞ്ചായത്തുതല നിക്ഷേപ വായ്പ്പാനുപാദം വർധിപ്പിച്ചും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം അനുവദിച്ചും വ്യവസായ വളർച്ച നേടാവുന്നതാണ്.

7. മൂന്നാം വാർഡിലെ ചക്കുപാറയിലുള്ള ഈശോ മാർ തീമോത്തിയോസ് നഗറിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള സ്ഥലം ലഭിക്കാൻ സാദ്ധ്യതയുണ്ട്. മേൽപ്പറഞ്ഞ പോതുസാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

## പൊതുനിർദ്ദേശങ്ങൾ

1. നമ്മുടെ ഗ്രാമത്തിൽ ആധായകരമായി പുനരുദ്ധരിക്കാവുന്ന പരമ്പരാഗത/ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ വാറ്റുപല്ല്, ഈറ, മുള, ചൂരൽ എന്നിവ നട്ടുവളർത്താൻ പ്രോത്സാഹനം കൊടുക്കണം.

2. നമ്മുടെ ഗ്രാമത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ഔഷധസസ്യങ്ങൾ വളർത്താൻ പറ്റിയതാണ്. ഇവ വളർത്തുന്നതു മൂലം ആധുനീകരീതിയിലുള്ള ആയുർവ്വേദ മരുന്നുകൾ നിർമ്മിക്കാനും ഔഷധ നിർമ്മാതാക്കളെ ഇവിടേക്ക് ആകർഷിക്കാനും സാധിക്കും.

3. വ്യവസായരംഗത്തു നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പഴകുളം സോഷ്യൽ സർവ്വീസ് സോസൈറ്റിയുടെ ഫാർമേഴ്സ് ക്ലബ്ബുകൾ, വേൾഡ് വിഷൻ തുടങ്ങിയ സംഘടനകളുടെ സഹകരണം തേടാവുന്നതാണ്.

4. നിലവിലുള്ള സഹകരണസംഘങ്ങൾ വ്യവസായങ്ങൾ ആരംഭിക്കുവാൻ മുൻകൈ എടുക്കണം. കൂടുതൽ സഹകരണ സംഘങ്ങൾ വ്യവസായങ്ങൾക്കായി രൂപീകരിക്കണം.

5. പഞ്ചായത്തുതലത്തിൽ ഒരുവ്യവസായ

വികസന സമിതി രൂപീകരിക്കുക. അടിസ്ഥാന വിവരശേഖരണം, വ്യവസായങ്ങളുടെ ഏകോപനം, മോണിറ്ററിംഗ് തുടങ്ങിയവ ഈ സമതിയുടെ ചുമതലയാക്കണം.

6. വ്യവസായങ്ങൾ ആരംഭിക്കാൻ മിനി വ്യവസായ എസ്റ്റേറ്റുകൾ സഹായിക്കും. രണ്ടോ അതിൽ അധികമോ ഏക്കർ സ്ഥലം ഇതിനായി തെരഞ്ഞെടുക്കുക. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ വ്യവസായ സംരംഭകരെ ആകർഷിക്കുക. മൂന്നാം വാർഡിലെ ചക്കുപാറയിലുള്ള ഈശോ മാർ തീമോത്തിയോസ് നഗറിൽ ഇതിനാവിശ്യമായ സ്ഥലം ലഭിക്കാൻ സാദ്ധ്യതയുണ്ട്.

7. വലിയകുളത്തുപണിയുന്ന ടൗൺഹാളിൽ ചെറുകിടവ്യവസായത്തിനുള്ള സൗകര്യം കൂടി ഉണ്ടാകണം.

8. രണ്ടാവാർഡിലെ വനിതാ വ്യവസായമായ ഐശ്വര്യബുക്ക് ബൈൻഡിങ്ങ് യൂണിറ്റിന് ഡി. ആർ. ഡി. എ. യുടെ സഹായത്തോടെ ഒരു കെട്ടിടം പണിയുന്നതിന് ഗ്രാമപഞ്ചായത്ത് സൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

9. പാൽ സംസ്കരണത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ മിൽക്ക് സൊസയിറ്റി ആരംഭിക്കുകയും ഓരോ വാർഡിലും കളക്ഷൻ സെന്ററുകൾ തുടങ്ങുകയും ചെയ്യണം. ഈ രംഗത്ത് ആവശ്യമായ പരിശീലനവും നൽകണം.

10 സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ തമ്മിൽ ഉൽപ്പാദന വിപണന രംഗങ്ങളിൽ സമ്പർക്കം പുലർത്തി ഒരു ശൃംഖലയായി പ്രവർത്തിച്ചാൽ ഉൽപ്പന്നങ്ങളുടെ വിപണന ബുദ്ധിമുട്ട് ഒരു പരിധി വരെ ഒഴിവാക്കാം.

11. റബ്ബർ അധിഷ്ഠിത വിവിധോദ്ദേശ്യ ഉപകരണങ്ങൾ, ഫർണ്ണിച്ചർ, കെട്ടിടനിർമ്മാണ സാമഗ്രികൾ, കോൺക്രീറ്റ് കട്ടിള, ജനൽ, ഹോളോബ്രിക്സ്, കയറ്റുമതി ലാക്കാക്കിയുള്ള ചിപ്സ്, ജാം, മുതലായ ഭക്ഷ്യവസ്തുക്കൾ, പി.വി.സി പൈപ്പ് മുതലായ പ്ലാസ്റ്റിക്ക് സാമഗ്രികൾ ഇലക്ട്രോണിക് ചോക്ക്, എമർജൻസി ലാമ്പ് എന്നിവയുടെ നിർമ്മാണ വ്യവസായ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനും ആയതിന് ആവിശ്യമായ മുതൽ മുടക്ക് ഉണ്ടാക്കാനും ഗൾഫ് മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

12. പാഴ്തടികളും മറ്റും വ്യാവസായിക ആവശ്യങ്ങൾക്ക് മുറിച്ചുമാറ്റുന്നതിനു പകരം വേഗം വളർച്ച എത്തുന്നതും മണ്ണിന്റെ വളക്കൂറും ജലാംശവും നഷ്ടപ്പെടുത്താത്തവയും ആയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഒരുസ്ഥിരം പദ്ധതിയാക്കണം.

13. വിലകൊടുത്തുവാങ്ങുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള ചില ലഘു വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## സാദ്ധ്യതയുള്ള വ്യവസായങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ

A. കുടിൽ വ്യവസായങ്ങൾ (ജനറൽ)

1. ആയുർവേദ ഔഷധ നിർമ്മാണം.
2. പഠന സഹായ സാമഗ്രികൾ.

B. കുടിൽ വ്യവസായങ്ങൾ (വനിത)

1. തേങ്ങാ പൗഡറും ക്രീമും.
2. ചിരട്ടപ്പൊടി.
3. ചിപ്സ്നിർമ്മാണം (നേന്ത്രക്കായ, കപ്പ,ശീമച്ചേമ്പ്)
4. കൈതച്ചക്ക, നേന്ത്രപ്പഴം, മാങ്ങാ, കശുമാങ്ങാ തുടങ്ങയവ ഉപയോഗിച്ച് ജാമുകൾ സ്ക്വാഷുകൾ തുടങ്ങിയവയുടെ നിർമ്മാണം. മാങ്ങാ, നാരങ്ങാ തുടങ്ങിയവയുടെ അച്ചാറുകൾ.
5. ക്ഷീരോൽപ്പന്നങ്ങൾ.

C.കുടിൽ വ്യവസായങ്ങൾ (പട്ടികജാതി പട്ടികവർഗ്ഗം)

1. വാഴനാര് കൈതനാര് തുടങ്ങിയവ ഉപയോഗിച്ച് ഫാൻസി ഫൈബറും ഉൽപ്പന്നങ്ങളും.

2. പേപ്പർ പൾപ്പ് ഉപയോഗിച്ച് ഹാർഡ് ബോർഡും കരകൗശല ഉൽപ്പന്നങ്ങളും.

3. ചിരട്ട ഉപയോഗിച്ച് തവി, ചട്ടുകം, സ്പൂൺ, ഐസ്ക്രീം കപ്പ്, സോസർ, ഹെയർപിൻ, ക്ലിപ്പ് മുതലായവ.

4. ചകിരികൊണ്ടുള്ള ബ്രഷുകൾ ചൂലുകൾ കൗതുകവസ്തുക്കൾ.

5. ഈർക്കിൽ ചൂൽ .

D ചെറുകിട വ്യവസായങ്ങൾ (ജനറൽ)

1.തെങ്ങുഉപയോഗിച്ച് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറും.

2.പാടശേഖരത്തു നിന്നുള്ള അധികോൽപ്പാദിത നെല്ലുശേഖരിച്ചു കുത്തി, അരി ചാക്കുകളിൽ പായ്ക്കുചെയ്ത് കടകളിൽ എത്തിക്കുക.

3.വെളിച്ചെണ്ണ (മേൽപ്പറഞ്ഞ രീതിയിൽ കൊപ്രാ ശേഖരിച്ച്)
4. കാലിത്തീറ്റ/ കോഴിത്തീറ്റ.
5. ജൈവവളം.
6. പുൽതൈലം.
7. തേങ്ങാവെള്ളം / കള്ള് ഉപയോഗിച്ച് ശീതളപാനീയങ്ങൾ.
8. കരിങ്കൽ മെറ്റൽ.
9. കോഴിവളർത്തൽ
10. തടി ഫർണ്ണീച്ചർ
11. കൂൺ കൃഷി.
12. ഔഷധ സസ്യതോട്ടം.
13. പുഷപകൃഷി.
14.സ്വിച്ചുബോർഡ് (തടി)
15. പായ്ക്കിംഗ് പെട്ടികൾ (തടി)
16. സ്റ്റീൽ ഫർണ്ണീച്ചർ
17. റബ്ബർ കറ സംസ്ക്കരണവും റബ്ബർ ബുഷ്, ഗ്ലൗസ്, ബലൂൺ തുടങ്ങിയവ.
18. റബ്ബർ തടി, പാഴ്മരങ്ങൾ തുടങ്ങിയവ സംസ്ക്കരിച്ച് ഗ്രഹോപകരണങ്ങൾ ഗൃഹനിർമ്മാണ സാമഗ്രികൾ.
19. അനുബന്ധവ്യവസായമായി തീപെട്ടി കൊള്ളി, പായ്ക്കിംകെയിസ്, റീപ്പ തുടങ്ങിയവ.

E. ചെറുകിട വ്യവസായങ്ങൾ (വനിത)

1. അവൽ നിർമ്മാണം
2. ഫാൻസി ലതർ ഗുഡ്സ്
3. സ്ക്കുൾ ബാഗ്, റയിൻ കോട്ട്
4. തുണികൊണ്ടുള്ള തോൾസഞ്ചി
5. ലിക്വിഡ് ഡിറ്റർജൻഡുകൾ
6. ക്ലീനിംഗ് പൗഡർ
7. കറി പൗഡർ
8. സിന്തറ്റിക്ക് വിനാഗിരി.
9. സോപ്പു പൗഡർ / അലക്കുസോപ്പ്
10. പേപ്പർ കവർ നിർമ്മാണം
11. റഡിമെയിഡ് വസ്ത്രങ്ങൾ
12. പലഹാരങ്ങൾ
13. കുടനിർമ്മാണം
14. നോട്ടുബുക്കു നിർമ്മാണം / ബയന്റിംഗ്
15. ചന്ദനതിരി, മെഴുകുതിരി, തീപ്പട്ടി.
16.കശുവണ്ടി സംസ്ക്കരിച്ച് കയറ്റി അയക്കുക.

F ചെറുകിട വ്യവസായങ്ങൾ (കൂടുതൽ സാങ്കേതീക പരിശീലനം വേണ്ടത്)

1. അലൂമിനയം പാത്രങ്ങൾ-ഡിഷുകൾ
2. ഓട്ടോ ഇലക്ട്രിക്കൽ ഷോപ്പ്
3.ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്
4.ജനറൽ എൻജിനിയറിംഗ്
5. ഇരുചക്രവാഹന വർക്ക്ഷോപ്പ്
6. ഇലക്ട്രോണിക്ക് ഫാൻ റഗുലേറ്റർ
7. ഇലക്ട്രോണിക്ക് ചോക്ക്
8. ഇലക്ട്രോണിക്ക് ഓവർലോഡ് കട്ട് ഓഫ്
9. എമർജൻസി ലാമ്പ്
10. ലബോറട്ടറി ഉപകരണങ്ങൾ

G. ഇടത്തരം വ്യവസായങ്ങൾ

1. സിമന്റു കൊണ്ടുള്ള കട്ടിളകൾ, ജനലുകൾ, വെന്റിലേറ്ററുകൾ, ഹോളോബ്രിക്സ്.
2.പവർലൂം തുണി (കോട്ടൺ, പോളിയസ്റ്റർ)

H. പരമ്പരാഗത വ്യവസായങ്ങൾ (പട്ടികജാതി)

1. ഈറ, മുള തുടങ്ങിയവ ഉപയോഗിച്ചുള്ള കുട്ട, വട്ടി, കൂട, കൗതുകവസ്തുക്കൾ തുടങ്ങിയവ.
2. തയ്യൽ പരിശീലനം
3.കരകൗശല വസ്തുക്കൾ
4.ചെടിച്ചട്ടി നിർമ്മാണം.
5.പർപ്പടക നിർമ്മാണം.

I വലിയ ഇടത്തരം വ്യവസായം.
ടയർ, ട്യൂബ് തുടങ്ങിയവയുടെ നിർമ്മാണം.

# 9

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപയോഗം മുഖ്യമായും ഗാർഹിക കാർഷിക രംഗങ്ങളിലാണ്. വ്യവസായികസംരംഭങ്ങൾ തുലോം കുറവായ ഈപഞ്ചായത്തിൽ തത്സംബന്ധമായ ഊർജ്ജഉപയോഗവും കുറവാണ്. വെട്ടിമാറ്റപ്പെടുന്ന റബ്ബർമരങ്ങളും, തെങ്ങുകളും വിറക്എന്ന നിലക്ക് മറ്റു നഗരപ്രദേശങ്ങളിലേക്ക് കൊണ്ടുപോയി വിറ്റഴിക്കപ്പെടുന്നു. കൃഷിപ്പണികൾക്കും ഗാർഹികാവശ്യത്തിനുമായി മനുഷ്യശക്തി ഉൾപ്പെടെയുള്ള ജൈവ ഇന്ധനവും, വൈദ്യുതി, വാതകം, മണ്ണെണ്ണ, ഡീസൽ മുതലായ മറ്റ് ഇന്ധനവും ഉപയോഗിക്കപ്പെടുന്നുണ്ട്. പാചകാവശ്യത്തിന് ഉപയോഗിക്കുന്ന വിറക്, അപൂർവമായി മാത്രം ഉള്ള ബയോഗ്യാസ് പ്ലാന്റ്,കാർഷിക വൃത്തിക്കുള്ള ഉഴവുമാടുകളുടെ സേവനം, മനുഷ്യ പ്രവർത്തനം, പാചകവാതകം, കാർഷിക ഉല്പന്നങ്ങളും മറ്റും സംസ്കരിക്കുന്നതിനും, വസ്ത്രങ്ങളും മറ്റും ഉണക്കിയെടുക്കുന്നതിനും ഉപയോഗി ക്കുന്ന സൗരോർജ്ജം എന്നിവയെ മുഖ്യമായ ഊർജ്ജ ഉറവിടങ്ങളായി പരിഗണിക്കാവുന്നതാണ്. ഇവ കൂടാതെ വൈദ്യുതിയും മണ്ണെണ്ണ, ഡീസൽ മുതലായ പെട്രോളിയം ഉല്പന്നങ്ങളുമാണ് ആധുനിക ജീവിത രീതിയുടെ അടിസ്ഥാനത്തിൽ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സൗരോർജ്ജത്തിന്റെ പ്രവർത്തനം ഈ ഗ്രാമത്തിൽ എത്തിയിട്ടില്ല.

തൊഴിൽ രംഗത്തും ആധുനിക ജീവിത രീതിയിലുമുള്ള മാറ്റങ്ങൾ ഇന്ധനം ഉപയോഗത്തിന്റെയും ലഭ്യതയുടെയും കാര്യത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് കാർഷീകവൃത്തിയിൽ എർപ്പെട്ടിരുന്ന തൊഴിലാളികളിൽ നല്ലഒരുപങ്ക് ഇപ്പോൾ പാറമട, മണൽ, കെട്ടിടനിർമ്മാണം, തടിവെട്ടിമാറ്റലും ലോഡിങ്ങും മുതലായ കൂടുതൽ ആദായകരമായ രംഗങ്ങളിലേക്ക് നീങ്ങിയിട്ടുണ്ട് തൻമൂലം കാർഷികരംഗത്തെ തൊഴിലാളികളുടെ സേവനം കുറഞ്ഞു വന്നിട്ടുണ്ട്. നാണ്യ വിളയായ റബ്ബറിന്റെ കൃഷി വ്യാപകമായ തോടുകൂടി ഭക്ഷ്യവിളകളായ നെല്ല് പയറുവർഗ്ഗങ്ങൾ തുടങ്ങിയവയുടെരംഗത്ത് തൊഴിലാളികളുടെക്ഷാമം രൂക്ഷമായിരിക്കുന്നു ഉഴവ്മാടുകളുടെ ലഭ്യതയും ഇപ്പോൾ കുറവാണ്. തൻമൂലം ചെറിയ തോതിലെങ്കിലും ഇപ്പോൾ ട്രില്ലറുകളും ട്രാക്റ്ററുകളും ഉപയോഗിക്കുവാൻ ആരംഭിച്ചിരിക്കുകയാണ്. മുൻകാലങ്ങളിൽ നിലനിന്നിരുന്ന കൂട്ടുകുടുംബങ്ങളുടെ അഭാവവും, പുരുഷനും സ്ത്രീയും, ഒരുപോലെ ജോലിക്ക് പോകുന്നരീതിയും നിലവിൽവന്നതോടുകൂടി പാചകം, വസ്ത്രം അലക്കൽ മുതലായ വീട്ടാവശ്യങ്ങൾക്ക് പോലും കൂടുതലായി ഇന്ധനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇതിന്റെ ഫലമായി വൈദ്യുതി, മണ്ണെണ്ണ, ഡീസൽ, പാചക വാതകം മുതലായ ഇന്ധനങ്ങളുടെമേലുള്ള സമ്മർദ്ദം കൂടിവരികയാണ്. ഈ സാഹചര്യത്തിൽ യുക്തിപൂർവ്വമായ സമീപനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൂടുതൽ ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുക സൗരോർജം ആവുന്നത്ര ഉപയോഗിക്കുക, ചെറുകിടപദ്ധതികൾ വഴി വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നിവ ഇതിന്

പരിഹാരമായി നിർദ്ദേശിക്കാവുന്നതാണ്. ചാണകം, റബ്ബർഷീറ്റ് അടിക്കുമ്പോൾ ലഭിക്കുന്ന അവശിഷ്ട ജലം, മറ്റ് ഗാർഹിക അവശിഷ്ടങ്ങൾ എന്നിവ ബയോഗ്യാസ് ഉൽപ്പാദനത്തിന് ഉപയോഗിക്കാം എന്നുള്ളതിനാൽ അതിനുള്ള സാധ്യത ഗണ്യമായി എറിയിരിക്കുന്നു.

വൈദ്യുതി മുതലായ ഊർജ്ജസ്രോതസുകളുടെ പ്രയോഗത്തിൽ ഉണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും, സേവനം മെച്ചപ്പെടുത്തി

പഞ്ചായത്തിലെ ഊർജ്ജലഭ്യത

| ക്രമ നമ്പർ | ഊർജ്ജം | ഊർജ്ജസ്വഭാവം | ഉപയോഗമേഖല | ലഭ്യത |
|---|---|---|---|---|
| 1. | വിറക് | ജൈവം | ഗാർഹിക ആവശ്യത്തിനും വാണിജ്ജ്യപരമായും | ഗാർഹിക ആവശ്യത്തിനുള്ള ലഭ്യത കുറഞ്ഞിട്ടുണ്ട്. വെട്ടിമാറ്റപ്പെടുന്ന റബ്ബർമരങ്ങളും മറ്റുംഅന്യദേശ ങ്ങളിൽ വിൽക്കപ്പെടുന്നു |
| 2. | മനുഷ്യ പ്രയത്നം | ജൈവം | മുഖ്യമായും കാർഷികവ്യത്തിയിലും ക്വാറി, മണൽ, കെട്ടിട നിർമ്മാണം, തടിപ്പണി എന്നീ രംഗങ്ങളിലും | കാർഷികരംഗത്തുനിന്നു തൊഴിലാളികൾ മറ്റുരംഗത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. |
| 3. | ഉഴവുമാടുകൾ | ജൈവം | കാർഷികരംഗം | ലഭ്യത പരിമിതമാണ്. |
| 4. | ബയോ ഗ്യാസ് | ജൈവം | പാചകത്തിനും അൽ പ്പമായി വിളക്കിനും | പഞ്ചായത്തിൽ പ്രചാരത്തിലായിട്ടില്ല. |
| 5. | വൈദ്യുതി | | കാർഷികം, ഗാർഹികം, വ്യാപാരം, വ്യവസായം എന്നീ രംഗങ്ങളിൽ | പഞ്ചായത്തിൽ എല്ലാഭാഗത്തും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല വോൾട്ടേജ്ക്ഷാമം ഉണ്ട് |
| 6. | മണ്ണെണ്ണ ഡീസൽ | പെട്രോളിയം ഉൽപ്പന്നം | ഗാർഹിക ആവശ്യത്തിനും വാഹനങ്ങൾക്കും കാർഷിക യന്ത്രങ്ങൾക്കു വേണ്ടി | മണ്ണെണ്ണ ലഭ്യത പരിമിതമാണ് |
| 7. | സൗരോർജ്ജം | | കാർഷികവും ഗാർഹികവും ആയ ആവശ്യങ്ങൾക്ക് | പരമ്പരാഗതമായ രീതിയിലുള്ള സൗരോർജ്ജ ഉപയോഗമാണ് നിലവിലുള്ളത് ആധുനിക സാങ്കേതിക വിദ്യഉപയോഗിച്ചുള്ള പ്രവർത്തനം ഒന്നുംഇല്ല. |
| 8. | പാചക വാതക | | ഗാർഹിക ആവശ്യത്തിന് | വാതകഇന്ധന ലഭ്യതവളരെ കുറവാണ് |

### വൈദ്യുതി ഉപയോഗം

| സെക്ഷൻ പേര | ട്രാൻസ്ഫോർമറുകൾ | ഉപഭോക്താക്കളുടെ എണ്ണം | | | | ലൈറ്റ് | |
|---|---|---|---|---|---|---|---|
| | | ഗാർഹീകം | വ്യാപാരം | വ്യവസായം | കാർഷീകം | സ്ട്രീറ്റ്ലൈറ്റ് | ട്യൂബ് |
| പത്തനംതിട്ട | നിരവത്ത് കടമ്മിനിട്ട പൂവണ്ണം നിൽക്കുന്നതിൽ പടി കല്ലേലി അന്ത്യാളൻ കാവ് വല്ലേന്തി കന്നിടും കുഴി തോന്ന്യാമല മാട്ടു മേച്ചിൽ | 1621 | 40 | 12 | 9 | 426 | 19 |
| കോഴഞ്ചേരി | നാരങ്ങാനം നിരന്നകാലാ പുന്നശേരി കണമുക്ക് വട്ടക്കാവ് വലിയകുളം | 1146 | 238 | 17 | 8 | 534 | 29 |
| കുമ്പഴ | പേഴും കാട് | 24 | – | – | 1 | – | – |
| ആകെ | | 3391 | 278 | 29 | 18 | 960 | 48 |

വികസിപ്പിക്കുന്നതിനു മുമ്പായി വിവിധഗ്രാമസഭകൾ നിരവധിശുപാർശകളും നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. അവയിൽ പോതുനിർദേശങ്ങളെ പൊതുവായും, മറ്റുള്ളവയെ വാർഡടിസ്ഥാനത്തിലും ഉൾപ്പെടുത്തി ക്രോഡീകരിച്ചിരിക്കുന്നു.

## പോതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ വൈദ്യുതിയുടെ വോൾട്ടേജ് നിലനിർത്തുവാൻ നടപടിഎടുക്കണം.

2. പോതുജന സൗകര്യത്തെ ലാക്കാക്കി നാരങ്ങാനം പഞ്ചായത്ത് ആഫീസ് കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ അസിസ്റ്റന്റ് എൻജിനിയർ ആഫീസ് ആരംഭിക്കണം.

3. പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത ഭവനങ്ങളിൽ പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കണം.

4. കല്ലേലിയിൽ അഞ്ചാനി-പറയനോലി-കുരിചെറ്റ-വിളയിൽ ജംഗ്ഷൻ ലൈനിൽ ത്രിഫേസ് വലിക്കണം.

5. നിരവത്ത് - പൂവണ്ണുംമൂട് - 11കെ.വി. ലൈൻ ലിങ്കേജ് നടപ്പാക്കണം.

6. ഗതാഗത തടസം സ്രിഷ്ടിച്ചു കൊണ്ടുനിൽക്കുന്ന ഇലക്ട്രിക്കൽ, ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

## മറ്റു ശുപാർശകൾ

### ലൈൻ എക്സ്റ്റൻഷൻ

**വാർഡ് -1**

1. മുട്ടിതോടത്തിൽപ്പടി - മൗണ്ട് എസ്റ്റേറ്റ്.
2. മടുക്കക്കുന്നുഭാഗം കോളനി
3. കോഴഞ്ചേരി ഈസ്റ്റ് - കാലായിപ്പടി.
4. ആലുനിൽക്കുന്നതിൽപ്പടി - പറക്കുടിഭാഗം.

**വാർഡ് -2**

1. കളത്തൂർപ്പടി - ചാപ്പൽപ്പടി.
2. വെള്ളപ്പാറ - മാഹാണിമല റോഡ്.
3. ഇളപ്പുങ്കൽ - വെള്ളപ്പാറ
4. കുരിക്കാട്ടിൽ ഭാഗം - കക്കണ്ണി
5. വെട്ടിമൂട്ടിൽപ്പടി - ഓർത്തഡോക്സ്പള്ളി.

6. പൂവാലുകുന്നിൽപ്പടി - പള്ളിപ്പടി.

7. വട്ടക്കാവുങ്കൽ - ഓലിപ്പുറത്ത് മേമുറികോളനി.

വാർഡ് -3

1. കൂരിക്കാട്ടിൽപ്പടി - കന്നിടുംകുഴി റോഡിന്റെ വശങ്ങളിൽ കണക്ഷൻ ഇല്ലാത്തവർക്കെ കണക ഷൻ നൽകണം.

2. തോന്യാമല - തുണ്ടത്തിൽപടി റോഡ്.

3. കന്നിടും കുഴി - പട്ടംതറ റോഡ് .

വാർഡ് -4

1. കൃപാപുരം - മാടുമേച്ചിൽ റോഡ്

2. അയിക്കുഴ - നിരവത്തുറോഡ്.

3. തെക്കേൽപ്പടി - തളവൻമുരിപ്പേൽ

4. കണ്ടൻകുളം - ഗിരിജൻ കോളനിറോഡ്

5. വളയൻകുഴി - തളവൻ മുരിപ്പു റോഡ്

6. തോലിപ്പറമ്പിൽപടി - കോട്ടപ്പാറ മലദേവൻ നട.

വാർഡ് -5

1. വളത്തിലേത്തുപടി - ചാങ്ങേത്തുപടി.

2. മുണ്ടപ്ലാവുങ്കൽ - മാവുങ്കൽ.

3. നല്ലാനിക്കുന്ന് - കുഭംകുഴി.

4. പുത്തുപ്പള്ളിപടി - കോങ്ങാമല

5. ആലുങ്കൽ - ഇളപ്പുങ്കൽ

6. വലിയകാലായിൽപടി - മാവുങ്കൽ.

7. ആലുങ്കൽ - നല്ലാനിക്കുന്നത്ത്.

8. ചാന്തുരുത്തി - കൊങ്ങാമല.

9. മുതുമരത്തിൽപ്പടി - മുണ്ടപ്ലാവുങ്കൽ

10. കൈതക്കൽപ്പടി - പതാലിൽ.

11. ആലുങ്കൽ - മലയിൽപ്പടി.

12. ആലുങ്കൽ - അഞ്ചുതോട്.

13. ജീരകത്തിനാൽ - മാവുങ്കൽ.

വാർഡ് -6

1. കണമുക്ക് - മണലേൽപ്പടി - അന്ത്യാളൻകാവ്.

2. കിഴക്കോത്തിൽപ്പടി - അന്ത്യാളൻകാവ്.

3. കുംഭംകുഴി ഭാഗം

4. നല്ലാനിക്കുന്ന് - കുംഭംകുഴി.

5. പൊട്ടൻമല ഭാഗം.

വാർഡ് -7

1. താഴത്തേതിൽപ്പടി - തുണ്ടുകാലാപ്പടി.

2. ആലുനിൽക്കുന്നതിൽപ്പടി - വടക്കത്രേപ്പടി.

3. പൂവണ്ണുംമൂട്ടിൽപ്പടി - വാവോലിക്കൽഭാഗം.

4. കടമ്മനിട്ട ലക്ഷംവീട്.

5. വെള്ളർപ്പടി - വെള്ളാവൂർതോട്ടത്തിൽപ്പടി.

6. കല്ലേലി - കുഴിക്കാലാമുക്ക് റോഡ്.

വാർഡ് -8.

1. കുരീചെറ്റ ലക്ഷംവീട് കോളനി.

2. മുളന്തറ ലക്ഷം വീട് കോളനി.

3. വഴിത്താനത്തുതടം.

4. മുള്ളൻവാരം തടം.

5. വഞ്ചിത്ര - ചക്കാൻകുഴി ഭാഗം.

6. അന്ത്യാളൻകാവ് - വയലത്തല.

7. അന്ത്യാളൻകാവ് - മോസ്ക്കോ മുക്ക്.

8. കുരിശുംമൂട് - വല്ലാർകുഴി.

വാർഡ് -9

1. മടുക്കാനക്കുഴിക്ക് കിഴക്ക് ഓലിച്ചിറക്കൽ ഭാഗം.

2. കുടിലുകുഴി - കടമ്മനിട്ട.

3. കുടിലുകുഴി - ആടിയാനി.

4. കുടിലുകുഴി - കല്ലൂർമുക്ക്.

5. ചാന്ത്കാവ് - കുടിലുകുഴി.

6. കളത്തൂർപ്പടി - കുരിലയ്യം.

## ലൈറ്റുകൾ

### സ്ട്രീറ്റ് ലൈറ്റുകൾ

വാർഡ് -1

1. കാലായിൽപ്പടി - കിഴക്കേമഞ്ഞപ്ര റോഡ്.

2. വാഴുവേലിപ്പടി - മടുക്കക്കുന്ന്.

3. മാമൂട്ടിൽപ്പടി - പുന്നനിൽക്കുന്നതിൽപ്പടി.

4. വലിയകുളം - ഈട്ടിത്തടം റോഡ്.

5. കോട്ടയം പറമ്പിൽ പടി - ചക്കാലഇമ്പുപടി.

6. കോട്ടയിറമ്പുപടി - മൗണ്ട്എസ്റ്റേറ്റ്.

7 വട്ടക്കാവ് - മേലേത്തുപടി

8. പോരിഞ്ഞേലിപടി - തറഭാഗം

9. മണ്ണമോരിപടി - വടക്കേത്തുപടി

വാർഡ് -2

1. പുത്തൻ പറമ്പിൽ പടി - അയ്ക്കുഴ റോഡ്

2. വെട്ടിമൂട്ടിൽപടി - വായനശാലപ്പടി

3. കളത്തൂർപ്പടി - പള്ളിപ്പടി

4. പൂവാലുകുന്നിൽപ്പടി - പള്ളിപ്പടി

5. തെക്കേക്കരപ്പടി - കൈതമുക്ക്

6. വെള്ളപ്പാറ - നാഹാണിമല

7. തെക്കേക്കരപ്പടി - കൈതക്കൽപ്പടി

8. കക്കണ്ണി - ഈറമലവഴി - വെള്ളപ്പാററോഡ്

9. പൂന്നോണുപടി - പള്ളിപ്പടി

10. ഞാലിലറമ്പിൽപ്പടി - കോട്ടപ്പാറവഴി തോടുവയിൽപ്പടി

വാർഡ് -3

1. കൂരിക്കാട്ടിൽപ്പടി - പൂതക്കുഴിവഴി കന്നിടുംകുഴി റോഡ്

2. മാഹാണിമല - കൂരിക്കാട്ടിൽപ്പടിറോഡ്

3. മാഹാണിമല - വെള്ളപ്പാററോഡ്

4. തോന്ന്യാമല - തുണ്ടത്തിൽപ്പടി.

5. കന്നിടുംകുഴി - പട്ടംത്തുററോഡ്

6. കന്നിടും കുഴി - പട്ടംതുററോഡ്

വാർഡ് -4

1. കൃപാപുരം - മാടുമേച്ചിൽ റോഡ്

2. അയ്ക്കുഴ നിരവത്തുറോഡ്

3. തെക്കേൽപ്പടി - തളവൻമുരുപ്പ് റോഡ്

4. കണ്ടൻകുളം - ഗിരിജൻ കോളനി

5. വളയൻകുഴി - തളവൻ മുരിപ്പ്

6. മുണ്ടപ്ലാവ്നിൽക്കുന്നതിൽപ്പടി - കാരിമ്മേൽ കല്ലുങ്കൽ ഹരിജൻകോളനി.

വാർഡ് –5

1. മഠത്തിൻപടിപാലം – കണമുക്ക് വലിയതോഡു വശം വഴി

2. മഠത്തിൻപടി – കണമുക്കുറോഡ്

3. അഞ്ചുതോട് – ഇളപ്പുങ്കൽ

4. ആലുങ്കൽ – ഇളപ്പുങ്കൽ

5. വളഞ്ഞിലേത്തു – മുണ്ടപ്ലാവുങ്കൽ

വാർഡ് –6

1. കണമുക്ക് – മണലേൽപ്പടി – അന്ത്യാളൻകാവ്

2. മേലേമണ്ണുശ്ശേരി – തൂളിക്കുളം വഴി കണമുക്ക്.

3. തോന്നിപ്പാറഭാഗം

4. കണമുക്ക് – ചിറ്റക്കാട്ട്പടിവഴി – അന്യാളൻ കാവ്റോഡ്

5. കണമുക്ക് – അഞ്ചുതോട് റോഡ്

വാർഡ് –7

1. ഇളപ്പുങ്കൽ – അന്താളൻ കാവ് റോഡ്

2. ആലുനിൽക്കുന്നതിൽപ്പടി – വടക്കത്രെപ്പടി

3. വടക്കത്രെപ്പടി – കല്ലേലി

4. പൂവണ്ണം മൂട്ടിൽ – ആലുനിൽക്കുന്നതിൽപ്പടി

5. പൂവണ്ണം മൂട്ടിൽപ്പടി – വാവോലിക്കൽ ഭാഗം

6. വെള്ളാവൂർപടി – ലക്ഷംവീടുകോളനിവഴി – വെള്ളാവൂർ തോട്ടത്തിൽപ്പടി

7. താഴത്തേൽപ്പടി – തുണ്ടുകാലാപ്പടി

8. കുരിക്കാട്ടു – മേലേക്കാട്ടുറോഡ്

9. വടക്കേത്തറ – മുട്ടത്തിൽപ്പടി

10. തുണ്ടുകാലാമുക്ക് – അന്ത്യാളൻകാവ്

11. പള്ളിപ്പടി – തടത്തിൽപ്പടി റോഡ്

വാർഡ് –8

1. കുരീചെറ്റ ലക്ഷംവീടുകോളനി

2. മുളതറ ലക്ഷംവീട്കോളനി

3. വഴിത്താനത്തുതടം

4. മുള്ളംപാരം തടം

5. അന്ത്യാളൻകാവ് വയലത്തല

6. അശുപത്രിപ്പടി – വിളയിൽ ജംഗ്ഷൻ

7. അന്ത്യാളൻക്കാവ് – കലേലി

8. കലേലി – പള്ളിത്തോട്

9. ആശുപത്രിപ്പടി – കല്ലൂർമുക്ക്

10. ചീങ്കല്ലും പുറത്തുപടി – പറയനോലിക്കൽ

11. കുരിശുംമൂട് – വാളാർക്കുഴിറോഡ്

12. മരുതിമൂട്ടിൽപ്പടി – പരുത്തിയിൽപ്പടിറോഡ്

13. ചാങ്ങയിൽപ്പടി – ചണ്ണപാതാലിൽ

14. ഈട്ടിത്തടം – മുള്ളൻവാരം വഴി കവുങ്ങുംതറ

15. കല്ലേലി – കുഴിക്കാലാമുക്ക്

വാർഡ് –9

1. കുടിലുകുഴി – ആടിയാനി

2. കുടിലുകുഴി – കല്ലൂർമുക്ക്

3. ചാന്തുകാവ് – കുടിലുകുഴി

4. കുളത്തൂർപ്പടി – കുരീലയ്യം

5. മടുക്കനാക്കുഴികിഴക്ക് ഓലിഞ്ചിറക്കൽ ഭാഗം

6. കുടിലുകുഴി – കടമ്മനിട്ട

## ജംഗ്ഷൻ ലൈറ്റുകൾ (ട്യൂബ്‌ലൈറ്റുകൾ)

വാർഡ് –1

1. വെട്ടിമൂട്ടിൽ ജഗ്ഷൻ. (നാരങ്ങാനം കോഴഞ്ചരി റോഡിൽ)
2. കനാൽജംഗ്ഷൻ (കോഴഞ്ചേരിറോഡിൽ)
3. പോരിശോലിപ്പടി – മണ്ണുശേരിറോഡിൽ വടക്കേത്തുപടി ജംഗ്ഷൻ
4. വലിയകുളം – ഈട്ടിതടം റോഡിൽ വടക്കേപ്പുറത്തുപടി

വാർഡ് –2

1. കളത്തൂർപ്പടി
2. ചാപ്പൽപ്പടി
3. വായനശാലപ്പടി
4. വെട്ടിമൂട്ടിൽപടി
5. കൂരിക്കാട്ടിൽ ജംഗ്ഷൻ
6. തെക്കേക്കര ജംഗ്ഷൻ
7. കാവടയി ജംഗ്ഷൻ
8. കോട്ടപ്പാറ ജംഗ്ഷൻ
9. കൈതയ്ക്കമുക്ക്
10. പുന്നശേരിക്കോളനി
11. വെള്ളപാറ ജംഗ്ഷൻ
12. കാരിമുറ്റം കോളനി

വാർഡ് –3

1. മഹാണിമല ജംഗ്ഷൻ
2. ഗിരിജൻകോളനി
3. കൂരിക്കാട്ടിൽ പ്പടി
4. കന്നിടുംകുഴി ജംഗ്ഷൻ
5. ചെന്നാൻചിറ ജംഗ്ഷൻ
6. തോന്ന്യാമല ലക്ഷം വീട്
7. തോന്ന്യാമല പള്ളിപ്പടി ജംഗ്ഷൻ
8. പോത്തക്കുടുക്ക
9. കാഞ്ഞിരപ്പാറ ജംഗ്ഷൻ
10. പട്ടംതറ ജംഗ്ഷൻ
11. കോട്ടയിറമ്പ്
12. നെടുവേലി ജംഗ്ഷൻ
13. പള്ളിമുരുപ്പേൽ
14. മംഗലത്തിൽ ജംഗ്ഷൻ

വാർഡ് –4

1. മാഹാണിമല
2. റീത്തുപള്ളിപ്പടി
3. നിരന്നകാലാ ജംഗ്ഷൻ
4. മർത്തോമ്മാപള്ളിപ്പടി
5. തട്ടാപ്ലാക്കൽപ്പടി
6. ഐക്കുഴ ജംഗ്ഷൻ
7. മുളമരത്തിൽ ഹരിജൻ കോളനി
8. തോട്ടു വയൽ ജംഗ്ഷൻ
9. ഞാലിലറബിൽപ്പടി
10. മാട്ടുമേച്ചിൽപ്പടി
11. തളവൻമുരുപ്പേൽ ജംഗ്ഷൻ

12. കൃപാപുരം ജംഗ്ഷൻ

13. തെക്കേൽപ്പടി ജംഗ്ഷൻ

14. സൂചിമുരുപ്പ്

15. കരുമ്പോൽക്കല്ലുങ്കൽ ഹരിജൻ കോളനി

16. തേക്കടയിൽപ്പടി

17. കണ്ടൻകുളം - ഗിരിജൻകോളനി

18. ചീനിക്കാലാപ്പടി

19. ചെറുകുന്നത്തുതറയിൽപ്പടി

20. വളയൻകുഴിപ്പടി

വാർഡ് -5

1. വളഞ്ഞിലേത്തുപ്പടി

2. പൊരിഞ്ഞോലിൽപ്പടി

3. മടത്തിൻപ്പടി

4. ചാന്തുരത്തിൽപ്പടി

5. ആലുങ്കൽ പഞ്ചായത്ത് ആഫീസ് ജംഗ്ഷൻ

6. ആലുങ്കൽ കിഴക്കേ ജംഗ്ഷൻ

7. തുണ്ടുകാലാപ്പടി

8. ഇളാലുങ്കൽപ്പടി

9. ജീരകത്തിനാൽമുക്ക്

10. നല്ലാനിക്കുന്ന്

11. മാവുങ്കൽ ജംഗ്ഷൻ

12. കിഴവറപ്പടി

13. ആലുങ്കൽ മുസ്ലീം പള്ളിപ്പടി

14. വള്ളിക്കാലാപ്പടി

15. വിലേജ്ആഫീസ്പടി

16. ചിറയത്തുകോളനി

17. കുംഭംകുഴിക്കോളനി

വാർഡ് -6

1. ഹൈസ്ക്കൂൾ ജംഗ്ഷൻ

2. പാറമട

3. തോണിപ്പാറ

4. കണമുക്ക്കിഴക്കേ പാറമട ജംഗ്ഷൻ

5. കിഴക്കേ കാലാ ജംഗ്ഷൻ

6. തൂളിക്കുളം ജംഗ്ഷൻ

7. മണ്ണുശേരിപ്പടി ജംഗ്ഷൻ

8. അഞ്ചുതോട്ടുങ്കൽ ജംഗ്ഷന്

വാർഡ് -7

1. കുഴിക്കാലാ മുക്ക്

2. ഇളപ്പുങ്കൽ

3. വടക്കത്രപടി

4. ദേവീക്ഷേത്ര ജംഗ്ഷൻ

5. കടമ്മിനിട്ട ജംഗ്ഷൻ

6. കത്തോലിക്കാപ്പള്ളിപ്പടി

7. ബേക്കൽമുക്ക്

8. പൂവണ്ണും മൂട്ടിൽപ്പടി

9. കരിങ്ങാട്ടിൽപ്പടി

10. തുണ്ടുകാലാ ജംഗ്ഷൻ

11. കണ്ടലം കുളം കോളനി

വാർഡ് –8

1. അന്യാളൻകാവ് പോസ്റ്റാഫീസ് ജംഗ്ഷൻ
2. അന്യാളൻകാവ് വായനശാല ജംഗ്ഷൻ
3. പറയനോലിക്കൽ ജംഗ്ഷൻ
4. കല്ലേലി ആശുപത്രി ജംഗ്ഷൻ
5. കല്ലേലി മുക്ക്
6. വഴിത്താനത്ത് ജംഗ്ഷൻ
7. വിളയിൽ ജംഗ്ഷൻ
8. കുട്ടത്തോട് ജംഗ്ഷൻ
9. കല്ലേലി പള്ളിമുക്ക്

വാർഡ് –9

1. പ്ലാക്കൽപ്പടി
2. ചാന്തുകാവ് ജംഗ്ഷൻ
3. കുടിലുകുഴി ജംഗ്ഷൻ
4. ആടിയാനി ജംഗ്ഷൻ
5. നിരവത്ത് ജംഗ്ഷൻ
6. കടമ്മിനിട്ട മാർക്കറ്റ്
7. കല്ലൂർമുക്ക്
8. കുരിലയം സ്കൂൾ
9. കുളത്തൂർപ്പടി
10. കാഞ്ഞിരപ്പാറ ജംഗ്ഷൻ
11. ആമപ്പാറ കോളനി

## ബയോഗ്യാസ് പ്ലാന്റുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കേണ്ടതാണ്.

മറ്റു ഊർജ്ജസ്രോതസുകൾസംബന്ധിച്ചുള്ള നിർദേശങ്ങൾ

]1[ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ സാധ്യതയുണ്ട്. അവ അടിയിൽച്ചേർക്കുന്നു.

(1) വാർഡ് 1-ൽ മടുക്കകുന്ന്.

(2) വാർഡ് 2-ൽ കക്കണ്ണിമലയിൽ കോളനി പ്രദേശം

(3) വാർഡ് 3-ൽ തോന്ന്യാമല ലക്ഷം വീട് കോളനി (ചക്കുപാറ ഭാഗം)

(4) വാർഡ് 3-ൽ മഹാണി ഗിരിജൻ കോളനി

(5) വാർഡ് 6-ൽ അന്ത്യളങ്കാവ് – കണമുക്ക് തോണിപ്പാറഭാഗത്ത്

(6) വാർഡ് 9-ൽ
(1) കടമ്മനിട്ട ഗവൺമെന്റ് ഹൈസ്ക്കൂൾ ഗ്രൗണ്ട്
(2) കുരിലയ്യം സ്ക്കൂൾ പരിസരത്ത്
(3) കല്ലൂർ ജംഗഷൻ
(4) വല്യയന്തി ട്രസ്ഫോർമ്മറിനസമീപം.

[2] കാറ്റാടിഉപയോഗിച്ചെ വൈദ്യുതിഉൽപ്പാദനം.

(1) മടുക്കക്കുന്ന് പ്രദേശം

(2) കക്കണ്ണിമല

(3) ചക്കുപാറ

[3] ചെറുകിട ജലവൈദ്യുതി കേന്ദ്രം

(1) വാർഡ് 10 – കുടിലുകുഴി ഭാഗത്തുള്ള സ്ഥിരമായ നീരോലിപ്പുതോട് ബണ്ട് കെട്ടിതടഞ്ഞുനിർത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാദ്ധതയുണ്ട്.

## പാചകവാതകം

പഞ്ചായത്തിൽ സൗകര്യപ്രദമായ ഒരു കേന്ദ്ര സ്ഥാനത്ത് ഒരു പാചകവാതക വിതരണ ഏജൻസി സ്ഥാപിച്ച് വിതരണം നടത്തണം.

## മാർക്കറ്റ്

നാരങ്ങാനം പഞ്ചായത്തിലെ ജനങ്ങളേ സംബന്ധിച്ചടത്തോളം ബന്ധപ്പെട്ടുകോണ്ടിരിക്കുന്ന പ്രധാനമാർക്കറ്റുകൾ പത്തനംതിട്ട, റാന്നി, കോഴഞ്ചേരി എന്നിസ്ഥലങ്ങളിൽ ആണ്. എന്നാൽ യാത്രാ സൗകര്യങ്ങളുടെ പരിമിതിമൂലം കർഷകർക്ക് വേണ്ടത്രപ്രയോജനം ഇതുമൂലം ലഭ്യമാകുന്നില്ല. പഞ്ചായത്തു തലത്തിൽ ആലുങ്കലിലും കടമ്മനിട്ടയിലും ഓരോ മാർക്കറ്റ് നിലവിലുണ്ടെങ്കിലും അവ വേണ്ടത്ര വികസിച്ചിട്ടില്ല.

### ശുപാർശകൾ

1. നിലവിലുള്ള കടമ്മനിട്ട ആലുങ്കൽ എന്നീ മാർക്കറ്റുകൾ സ്റ്റാളുകൾ പണിയിച്ചും വാഹന പാർക്കിഗ് സൗകര്യം ഏർപ്പെടുത്തിയും വികസിപ്പിക്കണം.

2. പഞ്ചായത്തിൽ തോന്യാമല, കണമുക്ക് എന്നീകേന്ദ്രങ്ങളിൽ പോതുമാർക്കറ്റുകളും വലിയകുളം, മാടുമേച്ചിൽ എന്നിവിടങ്ങളിൽ അന്തിചന്തകളും സ്ഥാപിക്കണം.

3. പഞ്ചായത്തിൽ മുൻമ്പ് പ്രവർത്തിച്ചിരുന്ന ആടുമാടുചന്ത പുന:സ്ഥാപിച്ച് വികസിപ്പിക്കുക.

4. കടമ്മിനിട്ടമാർക്കറ്റിൽ കശാപ്പുശാല സ്ഥാപിക്കണം. സ്ഥലംഭ്യമാണ്.

5. ചന്തകളിൽ സ്ഥലം കയ്യേറ്റം അവസാനിപ്പിക്കണം.

6. കാർഷികഗ്രാമമായ നാരങ്ങാനം പഞ്ചായത്തിലെ ചന്തകളിൽ ഈഗ്രാമത്തിൽ ഉൽപ്പാദിപ്പിച്ചവസ്ഥുക്കളായിരിക്കണം പരമാവതി വിൽക്കുന്നത് എന്ന് ലക്ഷ്യം ഇടുക.

## ഗതാഗതം

നാരങ്ങാനം ഗ്രാമപഞ്ചായത്ത് ഭൂപ്രകിതികോണ്ടും മറ്റ് പ്രത്യകതകൾക്കൊണ്ടും ഇതരപഞ്ചായത്തുകളിൽ നിന്നും വ്യത്യസ്ഥമാണ്. മടുക്കക്കുന്ന്, കക്കണ്ണി, അന്ത്യാളൻകാവ്, ചക്കുപാറാ, നെടുമുരിപ്പ് എന്നീ മലം പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചായത്തിൽ വലിയകുളം, കടമ്മിനിട്ട, കണമുക്ക്, കല്ലേലി, ആലുങ്കൽ എന്നീകേന്ദ്രങ്ങൾ പ്രാധാന്യം അർഹിക്കുന്നു. ഗതാഗത സൗകര്യം കുറവായ ഈ പഞ്ചായത്തിൽ മേൽപ്പറഞ്ഞ കേന്ദ്രങ്ങളും ആയി ബന്ദിപ്പിക്കുന്ന സൗകര്യപ്രദമായ റോഡുകളോ വാഹനസൗകര്യമോ ഇല്ല. കൂടാത് സമീപപട്ടണപ്രദേശങ്ങളായ കോഴഞ്ചരി, റാന്നി, പത്തനംതിട്ട എന്നിവിടങ്ങളിലേകോ സംസ്ഥാനത്തിന്റെ തീർഥാടന കേന്ദ്രമായ ശബരി മലയിലേക്കോ പ്രദാനകേന്ദ്രങ്ങളായ കോട്ടയം, തിരുവനന്തപുരം എന്നീപട്ടണങ്ങളിലേക്കോ യാത്രാസൗകര്യം പരിമിതം മാണ്. തൻമ്മൂലം ഈനാട്ടിലേകർഷകർക്ക് തങ്ങളുടെ പ്രദാന ഉൽപ്പന്നങ്ങളായ റബ്ബർ, കുരുമുളക്, പച്ചക്കറി, വെറ്റില മുതലായവ സമീപ മാർക്കറ്റുകളിൽ എത്തിച്ച് യഥാർഥ വിലവാങ്ങുന്നതിനു കഴിയുന്നില്ല. അവിടങ്ങളിൽനിന്ന് തങ്ങൾക്കാവശ്യമുള്ള മറ്റ് വസ്തുക്കൾ വാങ്ങിക്കോണ്ട് വരുന്നതിന്നെ കഴിയുന്നില്ല. അതുപോല്തന്നെ മെച്ചപ്പെട്ട ചികിൽസാസേവനം ഉന്നതവിദ്യാഭ്യാസം എന്നിവക്കായുള്ള യാത്രയും ദുഷ്ക്കരമായി തീർന്നിരിക്കുന്നു. അങ്ങനെ ഗതാഗതസൗകര്യങ്ങളുടെ പരിമിതി പഞ്ചായത്തിലേ ജനങ്ങളുടെ സാമ്പത്തീകനിലയോ ക്ഷീണിപ്പിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽക്കൂടി ഒരു റയിൽവേ ലൈൻ കടന്നുപോകുന്നില്ല. എന്നകാര്യം ചൂണ്ടികാണിച്ചു കോള്ളുന്നു. ഈഅടിസ്ഥാനത്തിൽ വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങളേ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

## റോഡുകൾ

പഞ്ചായത്തിൽ ഇപ്പോൾനിലവിലുള്ള പ്രധാന റോഡുകളേ സംബന്ധിച്ച വിവരം പട്ടിക 1–ൽ ചേർത്തിരിക്കുന്നു.

## പട്ടിക 1 ടാറിട്ടറോഡുകൾ.

| ക്രമ നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥാ അവകാശം | ദൂരം |
|---|---|---|---|
| 1. | വലിയകുളം-ആലുങ്കൽ-കടമ്മിനിട്ട-കല്ലേലി (കോഴഞ്ചേരി-മണ്ണാരക്കുളഞ്ഞി റോഡിൽ | P.W.D | 8 കി.മി. |
| 2. | കടമ്മിനിട്ട-പത്തനംതിട്ടറോഡിൽ ആടിയാനിവരെ | ,, | 3 ,, |
| 3. | ആലുങ്കൽ-നെല്ലിക്കാലാറോഡിൽ വെള്ളപ്പാറവരെ | ,, | 3 |
| 4. | മാഹാണിമല-പത്തനംതിട്ടറോഡിൽ തോണിക്കുഴിവരെ | ,, | 3.5 |
| 5. | മടത്തുംപടി-കണമുക്ക് | ,, | 1 |
| 6. | കണമുക്ക്-കടമ്മനിട്ട | ,, | 3 |
| 7. | കണമുക്ക്-വാഴക്കുന്നം റോഡിൽ മുസ്ലിം പള്ളിവരെ | ,, | 1 |
| 8. | കണമുക്ക്-തറഭാഗം | ,, | 2 |
| 9. | വട്ടക്കാവ്-നെല്ലിക്കാലാ റോഡിൽ അയ്ക്കുഴാ മുക്കുവര് | ,, | 2 |
| 10. | തെക്കനടി-കോഴഞ്ചേരിറോഡിൽ വാഴത്തോപ്പിൽപ്പടി വര് | ,, | 1 |
| 11. | കൂരിക്കാട്ടിൽപ്പടി-ഞ്ഞാലിലറമ്പിൽപ്പടി | ,, | 1.5 |
| 12. | നിരന്നകാലാ-ആടിയാനി റോഡ് | ,, | 5 |
| 13. | തോന്ന്യാമല-കുരീലയ്യം | ,, | 1 |
| 14. | കല്ലേലി-മൈലപ്രറോഡിൽ കല്ലൂർമുക്ക് വരെ | | 2 |
| 15. | കല്ലേലി-അന്ത്യാളൻകാവ്-കാട്ടൂർ റോഡിൽ അന്ത്യാളൻകാവ് വരെ | ,, | 3 |
| 16. | ആലുങ്കൽ-വടക്കത്രപ്പടി പഞ്ചായത്ത് | ,, | .75 |
| 17. | വലിയകുളം-ഓർത്തഡോക്സ് ചർച്ചെറോഡ് | പഞ്ചായത്ത് | .25 |
| 18. | അയിക്കുഴപ്പടിപുത്തൻപറമ്പിൽ റോഡ് | പഞ്ചായത്ത് | 200മീ. |
| 19. | മാണികുളം-വല്യയന്തി | പഞ്ചായത്ത് | 1.5 |
| 20. | കല്ലേലി-ലക്ഷംവീടുപടി | പഞ്ചായത്ത് | 300മീ. |
| 21. | കുഴിക്കാലാ-തുണ്ടുകാലാപ്പടി | പഞ്ചായത്ത് | 300മീ |
| | ആക് | | 43.3 കി. മി. |

വിവിധഗ്രാമസഭകളുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആവശ്യമുള്ള റോഡുകളുടേയും വഴികളുടേയും വിവരം 4 വിഭാഗങ്ങളായിതരംതിരിച്ചെചേർത്തിരിക്കുന്നു. നിലവിലുള്ള സഞ്ചാരയോഗ്യമായവയും പ്രധാന കേന്ദ്രങ്ങളും മായി ബന്ധിക്കുന്ന റോഡുകളേ ഒന്നാം വിഭാഗത്തിലും അടുത്ത പഞ്ചവൽത്സരപദ്ധതിക്കാലത്ത് പൂർത്തിയാക്കി എടുക്കേണ്ട മുഖ്യ പഞ്ചായത്തു റോഡുകളെ രണ്ടാം വിഭാഗത്തിലും, മറ്റു ചെറുറോഡു കളെ മൂന്നാം വിഭാഗത്തിലും, സ്റ്റെപ്പുകളും മറ്റും കെട്ടേണ്ട വഴികളെ നാലാം വിഭാഗത്തിലും ഉൾപ്പെടുത്തി യിരിക്കുന്നു.

## ഒന്നാം വിഭാഗം

1) കോഴഞ്ചേരി ആലുങ്കൽ- വലിയകുളം, കടമ്മനിട്ട- കല്ലേലി, മണ്ണാരക്കുളഞ്ഞിവഴി ശബരിമല റോഡ്.

2) കോഴഞ്ചേരി-നെല്ലിക്കാല-മഹാണിമല, ആലുങ്കൽ-കടമ്മനിട്ട-കല്ലേലി, മണ്ണാരക്കുളഞ്ഞിവഴി ശബ്രിമല.

മേൽ പറഞ്ഞ റോഡുകൾ ശബരിമല തീർത്ഥാടന ത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സ്റ്റേറ്റ് ഹൈവേ യായി വികസിപ്പിക്കേണ്ടതാണ്. ഇതിൽ ഒന്നാമത്തെ റോഡിന്റെ വികസനത്തിന് ഏറെ പ്രവർത്തനങ്ങൾ നടത്തിയത്. ഇപ്പോൾനിർത്തിവച്ചിരിക്കുന്നത് അടിയന്തിരമായി പുനരാരംഭിക്കേണ്ടതാണ്. റോഡ സ്റ്റയിറ്റു ഹൈവേയായി വികസിപ്പിക്കുന്നപക്ഷം ചെങ്ങന്നൂരിൽനിന്നും തിരുവല്ലയിൽ നിന്നും ശബരിമലതീർത്ഥാടകർക്ക് 10 കി.മി. ലാഭിക്കാൽ കഴിയും. കൂടാതെ പത്തനംതിട്ടയിലെ തിരക്ക് കുറക്കുന്നതിനും ഗതാഗതകുരുക്ക ഒഴിവാക്കുന്നതിനും കഴിയും.

## രണ്ടാം വിഭാഗം (മുഖ്യറോഡുകൾ)

ഈവിഭാഗത്തിൽ പഞ്ചായത്തിൽലുള്ളവയും പഞ്ചായത്തുപ്രദേശത്തവിവിധകേന്ദ്രങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുന്നതിനും അതുപോല്തന്നെ മറ്റുസമീപ പട്ടണങ്ങിളിലേക്കുള്ള ദീർഘദൂര റോഡുകളുടെ പൂർത്തികരണം വഴി പുതിയ റൂട്ടുകൾക്ക് വഴിതെളിക്കുന്നതിനും പ്രയോജനപ്പെടുന്നവയാണ് ശുപാർശ ചെയ്യപ്പെട്ട റോഡുകൾക്കെല്ലം ആവിശ്യമായ കലുങ്കുകൾ, പാലങ്ങൾ, ഓടകൾ എന്നിവയും പൂർത്തിയാക്കേണ്ടതാണ്. ഈവിഭാഗത്തിൽപ്പെട്ടറോഡുകളുടെ ആകെ ദൈർഘ്യം ഉദ്ദേശം 67 കി.മി. ഉണ്ടായിരിക്കുന്നതാണ്. (പട്ടിക 2 നോക്കുക.)

## നാലാമത്തേവിഭാഗം
## സ്റ്റെപ്പുകൾകെട്ടേണ്ട പാതകൾ

### വാർഡ്–1

1. കിടളിൻ പടി-വട്ടമുതൽപ്പടി
2. വടക്കേതിൽപ്പടി-ആലാപ്പടി
3. വടക്കേതിൽപ്പടി-കാവുങ്കൽപ്പടി
4. വാഴുവേലിൽപ്പടി-പുളിവേലിൽപ്പടി
5. കോട്ടയമ്പറമ്പുപടി-ചരിംപറമ്പുപടി
6. വട്ടക്കാവ്-മേലേടത്തുപടി
7. കാക്കാന്റയ്യത്തുപ്പടി

### വാർഡ്–2

8. വട്ടക്കാവുങ്കൽ-ഓലിപ്പുറത്ത് മേമുറിക്കോളനി
9. വട്ടിമൂട്ടിൽപ്പടി-പള്ളിപ്പടി-വലിയകുളം കുരിശുപടി
10. കൂരിക്കാട്ടിൽപ്പടി-കക്കണ്ണി
11. പാലനിൽക്കുന്നതിൽപ്പടി-മൂത്തേടത്തുപ്പടി
12. പാലനിൽക്കുന്നതിൽപ്പടി-കല്ലുഴം
13. കാരിമുറ്റം-കക്കണ്ണിമലത്തോട്
14. മുണ്ടക്കൽപ്പടി-കക്കണ്ണി
15. വലിയകുളം-മരുതിക്കൽപ്പടി

### വാർഡ്–3

16. തോന്ന്യാമലപോസ്റ്റാഫീസ്-ഇളവരുത്തി

17. തോന്ന്യാമല-ചരിവുപുരേടത്തിൽപ്പടി

18. തോന്യാമല-പാറയിടയിൽപ്പടി

19. മുളമുരിപ്പ്ടി

20. വടക്കേത്തുപ്പടി-കോച്ചുനിരവിൽപ്പടി

21. വലിയത്തോട്ടിൽ-തോട്ടുവാട്ടുപ്പടി

വാർഡ്-4

22. മാട്ടുമേച്ചിൽ-ചിറയത്ത്

23. കൂരിക്കാട്ടിൽപ്പടി-തേക്കിൻകാല

24. കണ്ടൻകുളത്ത്-ഗിരിജൻകോളനി

25. തട്ടാപ്ലാക്കൽപ്പടി-കണ്ടംകുളം

26 പൂവണ്ണും മൂട്ടിൽപ്പടി ഉപ്പിടുപാറ

27. വളയൻകുഴിപ്പടി-തളവൻമുരുപ്പ്

28. ചെറുകുന്നത്ത്തറയിൽപ്പടി-ചെറുകുന്നത്ത റേഷൻകട

29. നാരങ്ങാനം മാർത്തോമ്മാപള്ളിപ്പടി-വെള്ളക്കാലാത്തോട്

വാർഡ്-5

30. ആലുങ്കൽ-അഞ്ചുതോട്.

31. ആലുങ്കൽ മുസ്ളീംപള്ളി.

32. കൊളഞ്ഞിക്കൊമ്പിൽ പടി.

33. മുട്ടത്തിൽപടി-കല്ലുകാലായിൽ പടി.

34. ചിറയത്തുപടി.

വാർഡ്-6

35. കിഴവറപ്പടി-കൊച്ചുവീട്ടിൽപ്പടി.

36. കല്പമാവുനില്കുന്നതിൽപടി തോണിപ്പാറ.

37. മേപ്പറത്ത്പടി-പൊട്ടൻമലയിൽ.

38. കിഴവറപ്പടി-തെക്കേതിൽപടി.

39. കുഴിക്കാലാപ്പടി-തെക്കേതിൽപ്പടി

40. പള്ളിപ്പടി-തുണ്ടത്തിൽപ്പടി

41. വല്യകാലായിൽപ്പടി-കല്ലാശേരിപ്പടി

42. മർത്തോമ്മാപ്പള്ളിപ്പടി-തട്ടാൻപ്പടി.

43. ആശാരിപ്പടി-മേപ്പുറത്തുപ്പടി.

വാർഡ്-7

44. കൈയ്യാലക്കകെത്തെപ്പടി-

45. പതാലിപ്പടി-ഈറക്കൽപ്പടി.

46. പൂവണ്ണും മൂട്ടിൽപ്പടി-തോലാനിക്കൽ

45. കലക്കുഴിപ്പടി-കാരാവള്ളി

വാർഡ്-8

46. മാണിക്കുളം ഹരിജൻക്കോളനി

47. കുരീചറ്റലക്ഷംവീടുകോളനി

48. കല്ലേലി-മുള്ളൻവാരത്തിൽപടി-വഴിത്താനം

വാർഡ്-9

49. കുമാരപുരംകോളനി

50. ചാന്തുകാവ് ജംഗ്ഷൻ-മേലേചാന്തുകാവ്

51. കടമ്മനിട്ടമത്തിക്കുളം-റോഡിൽനിന്നും കാലായിപ്പടിത്തോട്

52. കുടുലുകുഴിറോഡിൽനിന്നും പ്ലാക്കൽത്തോട്ടിൽ

53. ആമപ്പാറക്കൽക്കോളനിയിൽനിന്നും കടമ്മനിട്ട ഹൈസ്കൂൾ റോഡിലേക്കുള്ളവഴി

## വാഹനസൗകര്യങ്ങൾ

(1) ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തലസ്ഥാന നഗരമായ തിരുവനന്തപുരവും, മറ്റൊരുപ്രദാനപ്പെട്ട കേന്ദ്രമായ കോട്ടയവും ആയി ബന്ധപ്പെടുന്നതിന് സൗകര്യപ്പെടത്തക്കവിധം ഇപ്പോൾ കോഴഞ്ചേരിയിൽക്കൂടി തിരുവനന്തപുരത്തിന് പോകുന്ന ഫാസ്റ്റ്പാസഞ്ചർ സർവ്വീസിൽ ഒരെണ്ണം കോഴഞ്ചരി, നാരങ്ങാനം, തോന്ന്യാമല, പത്തനംതിട്ട, തിരുവന്തപുരവുമായും, മറ്റൊരണ്ണം കോഴഞ്ചരി നാരങ്ങാനം കടമ്മനിട്ട പത്തനംതിട്ട തിരുവന്തപുരംമായും തിരിച്ചുവിടുന്നതുനും അതുപോലെതന്നെ പത്തനംതുട്ട കോട്ടയം സർവ്വീസുകളിൽ 2എണ്ണം മേൽപ്പറഞ്ഞറൂട്ടിൽക്കൂടി കോട്ടയത്തിനും തിരീച്ചുവിടുന്ന തിന് നടപടിഎടുക്കണം.

2. എരുമേലി-റാന്നി-കിളിയാനിക്കൽ, കണമുക്ക്, വട്ടക്കാവുങ്കൽ, നെല്ലിക്കാല, പന്തളത്തിന് റൂട്ട് അനുവതിച്ച് കെ.എസ്.ആർ.ടി.സി സർവ്വീസ ആരംഭിക്കണം.

3. മുൻപ് നടത്തിയിരുന്ന പുനലൂർ-പത്തനംതിട്ട-തോന്ന്യാമല, അയിക്കുഴ-ചേക്കുളം കോഴഞ്ചേരിവഴി കോട്ടയത്തിന് നടത്തിയിരുന്ന ഫാസ്റ്റ്പാസഞ്ചർസർവ്വീസ് ആരംഭിക്കണം.

4. പത്തനംതിട്ട-കടമ്മനിട്ട, കണമുക്ക്, വാഴക്കുന്നം കോഴഞ്ചരിവഴിചെങ്ങന്നൂർക്ക് നടത്തിയിരുന്ന സർവ്വീസ് പുനസ്ഥാപിക്കണം

5. പത്തനംതിട്ട-ആലുങ്കൽ-വലിയകുളം, കോഴഞ്ചരിവഴി കോട്ടയം. (നിലവിലുണ്ടായിരുന്നു)

6. പത്തനംതിട്ട-വെട്ടിപ്പുറം, തോന്ന്യാമല, ആലുങ്കൽ, വലിയകുളം വഴികോഴഞ്ചേരി - തിരുവല്ലാ. ചെങ്ങന്നൂർ-ആറന്മുള-കോഴഞ്ചരി-വെള്ളപ്പാം മഹാമണിമല, കന്നിടുംകുഴി തോന്ന്യാമല, വെട്ടിപ്പുറംവഴി പത്തനംതിട്ട.

പത്തനംതിട്ട തോന്ന്യയാമല, ഐക്കുഴ ചേക്കുളം കോഴഞ്ചരിവഴിചങ്ങനാശേരി.

റാന്നി, കിളിയാനിക്കൽ-കണമുക്ക്-വട്ടക്കാവുങ്കൽ, നെല്ലിക്കാലസ ഇലന്തൂർവഴി പന്തളം.
തിരുവല്ല-ആലുങ്കൽ-കന്നിടും കുഴി പട്ടൻതറ വെട്ടിപ്രം വഴിപത്തനംതിട്ട.

പുനലൂർ-പത്തനംതിട്ട-െ വട്ടിപ്പുറം-തോന്ന്യാമല-ആലുങ്കൽ-വലിയകുളം-കോഴഞ്ചരി-കോട്ടയം മെഡിക്കൽക്കോളേജ് ഫാസ്റ്റ്പാസഞ്ചർ.

പത്തനംതിട്ട-കടമ്മനിട്ട-ആലുങ്കൽ-മാഹാണിമല, നെല്ലിക്കാല-കോഴഞ്ചരിവഴി കോട്ടയം.

പത്തനംതിട്ട-കടമ്മനിട്ട, വാഴക്കുന്നം-കോഴഞ്ചരി വഴി ചെങ്ങന്നൂർക്കും തിരുവല്ലാക്കും ഓരോ സർവ്വീസ് വേണം.

പത്തനംതിട്ട-മടമ്മനിട്ട ആശുപത്രിപ്പടി-വല്ല്യയന്തി-മൈലപ്രാവഴിപത്തനംതിട്ട സർക്കുലർ സർവ്വീസ് അനുവധിക്കണം.

തിരുവല്ല-കോഴഞ്ചേരി-നാരങ്ങാനം മടമ്മനിട്ട മേക്കോഴൂർ മണ്ണാറക്കുളഞ്ഞി വഴി ചിറ്റാർ.

## റയിൽവേ ലൈൻ

1. തിരുവല്ലാ-പുനലൂർ റയിൽവേ ലൈൻ നാരങ്ങാനം പഞ്ചായത്തിൽക്കുടി കടന്നുപോകുന്നതിന് നടപടിയുണ്ടാകണം.

2. നാരങ്ങാനം പഞ്ചായത്തിൽ ഒരു റയിൽവേ സ്റ്റേഷൻ അനുവധിക്കണം.

## വെയിറ്റിഗ്ഷെഡുകൾ, ബസ്റ്റാൻഡ്

നാരങ്ങാനം പഞ്ചായത്തിൽ മടമ്മനിട്ട കേന്ദ്രമാക്കി ഒരു ബസ്റ്റാൻഡ് ആരംഭിക്കേണ്ടതാണ്.

നാരങ്ങാനം പഞ്ചായത്തിൽ പ്രദാനപ്പെട്ട കേന്ദ്രങ്ങ ളിൽ വെയിറ്റിംഗ്ഷെഡുകൾ പണിയേണ്ടതാണ്.
താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ വെയിറ്റിംഗ്ഷെഡുകൾ പണിയേണ്ടതാണ്.

1.വട്ടക്കാവുങ്കൽ

2.മഠത്തും പടി

3. ആലുങ്കൽ

4.കല്ലേലി

5.കണമുക്ക്

6.വടക്കത്രപ്പടി

7.തോന്നിയാമല പോസ്റ്റാഫീസ് ജംഗ്ഷൻ

8.അഞ്ചുതോട്

9.മാഹാണിമല
10.മാടുമേച്ചിൽ

11.കുരീക്കാട്ട്

12.കാഞ്ഞിരപ്പറ

13. വെള്ളപ്പറ

14. നിരന്നകാലാപ്പടി

15. നല്ലാനിക്കുന്ന്

16.ഇളപ്പുങ്കൽ

## മറ്റുനിർദ്ദേശങ്ങൾ

1. മാഹാണിമല ജംഗ്ഷനിൽ ഗതാഗത തടസമായി നിൽക്കുന്ന രണ്ട് മരങ്ങൾ മുറിച്ച്മാറ്റുകയും ഇലക്ട്രിക്ക് ടലിഫോൺ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുകയും വേണം.

2. എല്ലാറോഡുകൾക്കും / ഓടകൾ നിർമ്മിച്ചിരിക്കണം

# 10

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ആഹാരം, വസ്ത്രം പാർപ്പിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പൗരൻമ്മാർക്ക് ലഭ്യമാക്കാൻ ആണ് ഏതൊരുസർക്കാറിന്റെയും പ്രാഥമീകമായ കടമ. തലചായ്ക്കാൻ സ്വന്തമായിപാർപ്പിടം ഇല്ലാതിരുന്ന ജനങ്ങൾക്ക് പാർപ്പിടസൗകര്യം ഒരുക്കുന്നതിനു വേണ്ടി 1970 തുകളിൽ ആവിഷ്കരിച്ചുനടപ്പാക്കിയ ലക്ഷം വീടുപദ്ധതി ദേശീയഅടിസ്ഥാനത്തിൽ തന്നെ ശ്രദ്ധിക്കപെടുകയുണ്ടായി. തുടർന്ന് പലപാർപ്പിട പദ്ധതികളും സർക്കാർ തലത്തിൽ രൂപപ്പെടുത്തുകയും ഹൗസിംഗ് ബോർഡ് മുതലായ ഏജൻസികൾ വഴി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

നാരങ്ങാനം പഞ്ചായത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 140 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വീടുകളുടെ വാർഡ് തലത്തിലുള്ള തരംതിരിവ് താഴെ കാണി ച്ചിരിക്കുന്ന പട്ടിക 1-ൽ നിന്നും ലഭ്യമാണ്.

**പട്ടിക – 1**

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലകൾ ഉള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധഭവനനിർമ്മാണ പദ്ധതിൽ നിർമ്മിച്ചവീടുകൾ |
|---|---|---|---|---|---|---|---|
| 1 | 457 | 12 | 50 | 314 | 35 | 22 | 24 |
| 2 | 654 | 11 | 61 | 536 | 21 | 14 | 11 |
| 3 | 501 | 14 | 47 | 393 | 17 | 21 | 9 |
| 4 | 453 | 10 | 33 | 366 | 19 | 13 | 12 |
| 5 | 598 | 9 | 41 | 500 | 14 | 17 | 17 |
| 6 | 570 | 17 | 52 | 448 | 17 | 16 | 20 |
| 7 | 539 | 14 | 26 | 350 | 21 | 13 | 15 |
| 8 | 540 | 21 | 31 | 40 | 24 | 11 | 13 |
| 9 | 653 | 24 | 41 | 528 | 32 | 9 | 19 |
| ആക് | 4965 | 132 | 382 | 3975 | 200 | 136 | 140 |

1991 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം പട്ടിക II-ൽ കാണാവുന്നതാണ്.

പട്ടിക -2

| 1991-92 നിലവിലുള്ള കെട്ടിടങ്ങൾ | 92-93 നിർമ്മിച്ചത് | 93-94 നിർമ്മിച്ചത് | 94-95 നിർമ്മിച്ചത് | 95-96 നിർമ്മിച്ചത് | 95-96 ആകെവീട് |
|---|---|---|---|---|---|
| 3364 | 229 | 272 | 240 | 260 | 4965 |

പഞ്ചായത്തിൽ നടത്തിയ IRDP സർവേ പ്രകാരം വീട് വച്ചു കിട്ടാൻ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 133 ആയി കണക്കെടുത്തിരുന്നു. ഇതിൽ 89 വീടുകൾ ഇതിനകം വിവിധ ഭവന നിമർമ്മാണ പദ്ധതി പ്രകാരം അനുവദിക്കുകയുണ്ടായി. ഇനിയും അനുവദിച്ചു കിട്ടേണ്ട വീടുകളുടെ എണ്ണം ഇതനുസരിച്ച് 44 ആണ്.കൂടാതെ നിലവിലുള്ള പാർപ്പിട സൗകര്യങ്ങൾ കണക്കിലെടുത്ത് പുതിയതായി നിർമ്മിക്കാനുള്ള വീടുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതുണ്ട്.പട്ടിക 1-ൽ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഓല മേഞ്ഞതും മറ്റു വിഭാഗങ്ങളിൽ പെടുത്തേണ്ടതുമായ വീടുകളുടെ എണ്ണം കാണിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. ഇത്തരത്തിൽ നവീകരിക്കേണ്ടതോ പുതുക്കിപ്പണിയേണ്ടതോ ആയ 336 വീടുകൾ കൂടി പഞ്ചായത്തിലുണ്ട് എന്ന് കാണാം. കൂടാതെ വിവാഹശേഷവും മറ്റും നിലവിൽ വന്ന പുതിയ കുടുംബങ്ങളുടെ പാർപ്പിടാവശ്യം കൂടി കണക്കിലെടുത്താൽ ഈ പഞ്ചായത്തിൽ പുതിയതായി നിർമ്മിച്ചതോ പുതുക്കിപ്പണിതോ ഉണ്ടാക്കേണ്ട ആകെ വീടുകൾ 748 എന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു.വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| വാർഡ് - 1 | 150 |
| ' -2 | 23 |
| ' -3 | 50 |
| ' -4 | 85 |
| ' -5 | 75 |
| ' -6 | 100 |
| ' -7 | 100 |
| ' -8 | 65 |
| ' -9 | 100 |
| ആകെ | 748 |

മേൽവിവരിച്ചതിൽ ഒരു വിഭാഗം ആളുകൾക്ക് സ്വന്തം പേരിൽ സ്ഥലം ഇല്ലാത്തവരാണ്. സ്വന്തം സ്ഥലം ഇല്ലാത്ത ഭവനരഹിതരെ സംബന്ധിച്ച ശരിയായ കണക്കുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്.

ഭവനനിർമ്മാണത്തിലുണ്ടായിട്ടുള്ള ചെലവു വർദ്ധന, സാധാരണക്കാരായ ജനവിഭാഗ ങ്ങളുടെ ഭവനനിർമ്മാണ പരിപാടിയെ തളർത്തിട്ടുണ്ട്. ഗൾഫിൽ നിന്നും മറ്റുവിദേശ രാജ്യങ്ങളിൽ നിന്നും ഉള്ളമൂലധനം ഉപയോഗിച്ച് ആഡംബരത്തിന് അമിത പ്രധാന്യം കൊടുത്തുകൊണ്ടുള്ള ഭവന നിർമ്മാണരംഗത്തെ അത്ത്യാഡബരത്തിന് അമിതപ്രാധാന്യം കോടുത്തു കൊണ്ടുള്ള ഭവനനിർമ്മാണം പഞ്ചായ ത്തിൽ സാർവ്വത്രികമായി നടക്കുന്നുണ്ട്. ഭവന നിർമ്മാണത്ത് അത്യാഡമ്പരം ഒഴിവാക്കി ചിലവുകുറഞ്ഞ ഭവനനി ർമ്മാണസങ്കേതങ്ങൾ ഉപയോഗി ക്കാൻവേണ്ടിയുള്ള ബോധവൽക്കരണം ആവശ്യമാണെന്ന് വിലയിരു ത്തുന്നു.

## സാദ്ധ്യതകൾ

1) എല്ലാ ഭവനരഹിതർക്കും വീട്നിർമ്മിച്ചുനൽകുന്ന തിനാവശ്യമായ സത്വരനടപടി കൈക്കൊള്ളുക.

2) ഭവനരഹിതർക്ക് സ്ഥലം ലഭിക്കുന്നതിനുവേണ്ട നടപടികൾസ്വീകരിക്കുക.

3) സ്വന്തമായി സ്ഥലമില്ലാത്ത ദുർബ്ബലജനവി ഭാഗങ്ങളിൽ പെടുന്നവരെ പുനരധിവസിക്കുവാൻ ലക്ഷംവീടു കോളനിപോലുള്ളപദ്ധതി നടപ്പാക്കുക.

4) സ്ഥിരസ്വഭാവം ഉള്ള മേൽക്കൂര ഇല്ലാത്ത ഭവന ങ്ങൾക്ക് ഓടുമേയുവാനുള്ള നടപടിസ്വീകരിക്കുക. ദുർബ്ബല ജനവിഭാഗങ്ങളിൽപ്പെടുന്ന ഇത്തരം ഭവനങ്ങൾ നവീകരിക്കുവാൻ ധനസഹായം ലഭ്യമാക്കുക.

5) കുടിലുകളും, ഉറപ്പും, ബലവും ഇല്ലാത്തതുമായ സാമഗ്രികൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള വീടുകൾ പുതുക്കി പണിയുന്നതിന് ദുർബ്ബല ജനവിഭാഗങ്ങളിൽപ്പെട്ടവർക്ക് ധനസഹായം ഉറപ്പാക്കണം.

6) പഞ്ചായത്ത് അടിസ്ഥാനത്തിൽ ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായണം.

7) ഭവനനിർമ്മാണ വായ്പയുടെ പരിധി വർദ്ധി പ്പിക്കുകയും പലിശനിരക്ക് 9% ആയി നിജപ്പെടുത്തു കയും ചെയ്യുക.

8) ദുർബ്ബല ജനവിഭാഗങ്ങൾക്ക് പലിശഇല്ലാത്ത വായ്പ പദ്ധതി നടപ്പാക്കുക.

## സാമൂഹ്യക്ഷേമം

താഴ്ന്ന വരുമാനക്കാരുടെയും ദുർബ്ബല ജനവിഭാഗങ്ങളുടെയും ജീവിത നിലവാരം ഉയർത്താനുള്ള വിവിധ പരിപാടികളാണ് സാമൂഹ്യക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നേരിട്ടും പട്ടികജാതി വർഗ്ഗവികസന കോർപ്പറേഷൻ, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ, എന്നിവയുടെ ആഭിമുഖ്യത്തിലും ഈ രംഗത്തുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## ഐ. ആർ. ഡി. പി അല്ലങ്കിൽ സംയോജിത ഗ്രാമവികസന പദ്ധതി

ദാരിദ്ര രേഖയ്ക്ക് താഴെ കഴിയുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് കൃഷി, ചെറുകിടവ്യവസായം, കച്ചവടം, എന്നീ മേഖലകളിൽ സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കി. അതുമൂലം കുടുംബവരുമാനം വർദ്ധിപ്പിച്ച് ദാരിദ്ര രേഖ തരണം ചെയ്ത് മെച്ചപ്പെട്ട ജീവിതം നയിക്കാൻ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വാർഷീകവരുമാനം 11000 രൂപക്ക് താഴെയുള്ളതും ദാരിദ്രരേഖക്ക് താഴെകഴിയുന്ന എല്ലാവരും ഈപദ്ധതിയിൽ ഉൾപ്പെടുന്നു. ഇത്ഒരു കുടുംബ പദ്ധതിയാണ്. കുടുംബത്തെ ഒരുയൂണിറ്റായി കണക്കാക്കുന്നു.

ഐ. ആർ. ഡി. പി സർവ്വേ പ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

1991 ഐ. ആർ. ഡി. പി സർവ്വേപ്രകാരം ദാരിദ്രരേഖക്ക് താഴെ യുള്ളവരുടെ വിവരം.

| വാർഡ് | കുടുമ്പങ്ങളുടെ എണ്ണം | ഇതിൽ SC / ST | ഇതുവരെസാമ്പത്തിക സഹായംലഭിച്ചത് | ഇതിൽ SC / ST |
|---|---|---|---|---|
| 1 | 38 | | 5 | |
| 2 | 165 | 53 | 10 | 9 |
| 3 | 172 | 34 | 15 | 11 |
| 4 | 89 | 17 | 10 | 6 |
| 5 | 82 | 11 | 3 | 3 |
| 6 | 233 | 17 | 10 | 3 |
| 7 | 214 | 23 | 15 | 8 |
| 8 | 139 | 38 | 10 | 5 |
| 9 | 162 | 26 | 18 | 5 |

ഇതിൻപ്രകാരം പഞ്ചായത്തിൽ ദാരിദ്ര രേഖക്കുതാഴെയുള്ള കുടുംബങ്ങളുടെ ആകെ എണ്ണം 1294 ആണ്. ഇതിൽ 219 SC / ST കുടുംബങ്ങൾ ഉൾപ്പെടുന്നു. 55 SC / ST കുടുംബങ്ങൾ ഉൾപ്പെടെ IRDP സഹായം ലഭിച്ചിട്ടുള്ള 88 കുടുംബങ്ങൾ മാത്രമാണാഉള്ളത്. സഹായം ലഭിച്ചിട്ടുള്ളവരുടെതന്നെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടേണ്ടതുണ്ടല്ലോ. ആകെ ജനസംഖ്യയുടെ പത്തിലൊന്നോളം വരുന്ന ജനവിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കിയേതീരു.

## കക്കൂസ്

പഞ്ചായത്തിലെ 9 വാർഡുകളിലും കക്കൂസ് ഇല്ലാത്ത വീടുകൾ ധാരാളം ഉണ്ട്. കൂടുതലും കോളനികളിൽ താമസിക്കുന്നവരും ദാരിദ്രരേഖക്ക് താഴെ ഉള്ളവരും ആണ്.

കക്കൂസ് ഇല്ലാത്തവരുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ.

| വാർഡ് | എണ്ണം |
|---|---|
| 1 | 125 |
| 2 | 200 |
| 3 | 125 |
| 4 | 50 |
| 5 | 50 |
| 6 | 50 |
| 7 | 150 |
| 8 | 150 |
| 9 | 150 |
| | 1050 |

ഇതിൽ IRDP പദ്ധതിയിൽ പരിമിതപ്പെടുത്തി ഏറ്റെടുത്തവയുടെ വിവരങ്ങൾ

| വാർഡ് | സാനിട്ടറിക്കൂസുകൾ ഇല്ലാത്തവീടുകളുട എണ്ണം IRDP മുൻഗണനാക്രമപ്രകാരം | വിവിധപദ്ധതികളിലായി ഇതുവര് അനുവധിച്ചതിന്റെ എണ്ണം | പൂർത്തീകരിച്ച എണ്ണം | ഏറ്റെടുത്ത IRDP ലക്ഷ്യം നേടേണ്ടതിന് പണി പൂർത്തിയാക്കേണ്ടത് |
|---|---|---|---|---|
| 1 | 38 | 30 | 30 | 8 |
| 2 | 165 | 150 | 140 | 15 |
| 3 | 58 | 8 | 8 | 50 |
| 4 | 62 | 8 | 8 | 54 |
| 5 | 12 | 5 | 5 | 7 |
| 6 | 20 | 8 | 8 | 12 |
| 7 | 23 | 12 | 12 | 11 |
| 8 | 38 | 9 | 9 | 29 |
| 9 | 26 | 8 | 8 | 18 |

## DWCRA അല്ലങ്കിൽ സ്ത്രികളുടെയും കുട്ടികളുടേയും വികസനപദ്ധതി

IRDP യുടെഭാഗമായി സ്ത്രികളുടെയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി വനിതകളുടെ സ്വാശ്രയത്ത്വം മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്ന കൂട്ടായ സാമ്പത്തിക തൊഴിൽ പരിപാടിക്ക് വായ്പ്പയും സബ്സിഡിയും നൽകുന്നു ഈ പദ്ധതിയിൽ വ്യക്തികളെ അപേക്ഷിച്ച് ഗ്രൂപ്പുകൾക്കാണ് പ്രാധാന്യം.

DWCRA പദ്ധതി മുഖേനയുള്ള തൊഴിൽ സംരഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവത്തനത്ത സംബന്ധിച്ച് |
|---|---|---|---|---|
| 2 | ഐശ്വര്യ ബ്രിക്കു നിർമ്മാണ യൂണിറ്റ് | 1995 | 10 | നഷ്ടംഇല്ല. |
| 5 | സുനന്ദിനി ഡയറി യൂണിറ്റ് | 1994 | 10 | ലാഭകരം |
| 7 | ഗോവശ്രീ ഡയറി യൂണിറ്റ് | 1994 | 12 | ലാഭകരം |

## ട്രൈസം

ഗ്രാമീണ യുവജനങ്ങളിൽ സാങ്കേതീക പരീശീലനം നേടിയവരെ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും അതുമൂലം തൊഴിൽ ഇല്ലായ്മ പരിഹരിക്കുകയും ആണ് ഇതിന്റെ ലക്ഷ്യം. 18 വയസ് മുതൽ 35 വയസ് വരെ ഉള്ളവർക്ക് തൊഴിൽപരിശീലനം കൊടുക്കന്നു. ദുർബല വിഭാഗക്കാർക്ക് സംവരണവും ഉണ്ട്. ഇത് ബ്ലോക്കുവഴി പഞ്ചായത്തിലുള്ളവരെ പങ്കെടുപ്പിക്കുന്നു.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

| വാർഡ് | പരിശീലനവിഷയം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിലിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 2 | ഫോറസ്റ്ററി | 1 | – | – | 1 |
| 6 | സ്പ്രേപെയിന്റിംഗ് | 1 | 1 | – | – |
| 8 | പ്ലംബിംഗ് | 1 | 1 | – | – |
| 8 | സ്പ്രേപെയിന്റിംഗ് | 1 | 1 | – | – |

## കൈതൊഴിലുപകരണപദ്ധതി

ഗ്രാമീണ കൈതൊഴിലുകൾ ചെയ്യുന്ന ദാരിദ്രരേഖക്ക് താഴെ കഴിയുന്നവർക്ക് നവീന തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ്. ഉപകരണങ്ങൾക്ക് 2000 രൂപയും. വൈദ്യതി ഉപയോഗിച്ച്പ്രവർത്തിക്കുന്ന ഉപകരണങ്ങൾക്ക് 4500 രൂപയും. ആധുനീക ഉപകരണങ്ങൾക്ക് 10% വും ലഭിക്കുന്നു.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനീക ഉപകര ണങ്ങൾ നൽകുന്ന പരിപാടി IRDP പദ്ധതിയിലുണ്ട്.

| വാർഡ് | IRDP പ്രകാരം ഗ്രാമീണകൈതൊഴിലുകളുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനിസഹായത്തിന് അർഹരായവർ |
|---|---|---|---|
| 2 | 1 | 1 | |
| 3 | 1 | 2 | |

CRSP [കേന്ദ്ര ഗ്രാമീണ ശുചീകരണം ]

ജനങ്ങൾക്ക് ഏറ്റവും അധികം ആവശ്യം ഉള്ളതും പ്രയോജനകരമായ ഒരുപദ്ധതിയാണ് CRSP. ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്നായി കേന്ദ്രസംസ്ഥാന സർക്കാറുകൾ സംയുക്തമായി ഇത് നടത്തുന്നു.

## കുടിൽ ജ്യോതി പദ്ധതി

ദാരിദ്ര രേഖക്ക് താഴെ കഴിയുന്ന ദുർബല ജനവിഭാഗങ്ങൾക്ക് വീടിനോടടുത്ത് 30 മീറ്റർ അകലെ ഇലക്ട്രിക്ക് പോസ്റ്റുണ്ടങ്കിൽ സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിയാണിത്.

## ഇൻഷ്വർ പദ്ധതി

IRDP പദ്ധതിപ്രകാരം 1-4-88 മുതൽ സർക്കാർ ചിലവിൽ ഗുണഭോക്താക്കളെ ഇൻഷ്വർ ചെയ്യുന്നു 18 മുതൽ 60 വയസ്സ് വരെയാണ് ഇതിന്റെ പ്രായപരിധി. ഇത് അനുസരിച്ച് സാധാരണ മരണത്തിന് 5000 രൂപയും അപകടമരണത്തി 1000 രൂപയും ഇൻഷ്വറൻസ്കവർ ലഭിക്കുന്നു. കാലാവധി 5 വർഷം ആണ്.

IRDP 93 - 94- 95 95- 96 വർഷങ്ങളിൽ സർക്കാർ നൽകിയ ധനസഹായം.

| | SC/ST | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 93 94 | 9 | 9 | 18 |
| 94 95 | 1 | 15 | 16 |
| 95 96 | 4 | 9 | 13 |

J R Y [ജവാഹർ റോസ്ക്കാർ യോജന]

IRDP പദ്ധതി മുഖേന ദുർബല വിഭാഗങ്ങളിൽ പെട്ടവർക്ക് റോഡുകൾ, കക്കൂസ് മുതലായവ ഗ്രാമങ്ങളിൽ റോഡുകൾ ഏറ്റെടുത്ത് പൊതുജന സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്, JRY.

JRY പദ്ധതിപ്രകാരം നടന്നട്ടില്ല ചില പ്രവർത്തനങ്ങൾ സംബന്ധിച്ചവിവരങ്ങൾ

Reg.JRY ആക്ക്ഷൻ പ്ലാൻ 1995-90

| പണിയുടെ പേര് | ജനറൽ വിഭാഗം | SC/ST തുക |
|---|---|---|
| ദുർബലവിഭാഗങ്ങളിൽ പെട്ടവർക്ക് 13 വീടുകൾ നിർമ്മിക്കുക. ഓരോവീടിനും 12300 രൂപയാണ്. | 159900 | |
| ദുർബല വിഭാഗങ്ങൾക്ക് 39 കക്കൂസ്നിർമ്മിക്കുക. 2000/- വീതം | 7800 | |
| പട്ടികജാതിക്കാർക്ക് 3 വീടുകൾ നിർമ്മാണം | | 36900 |

# M W S

IRDP സർവ്വേ പ്രകാരം ദാരിദ്ര രേഖക്ക്താഴെയുള്ളവരെയും പട്ടികജാതി പട്ടികവർഗക്കാരെയും ചെറുകിട നാമമാത്ര കർഷകരെയും ഉദ്ധരിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

## അംഗൻവാടി

പഞ്ചായത്തിൽ 4 അംഗൻവാടികൾ ഉണ്ട് സർക്കാർ അംഗീകരിച്ച 2 അംഗൻവാടികളും അല്ലാത്തതും ആയ 2 അംഗൻവാടികളും ആണ് ഉള്ളത് പഞ്ചായത്തിലെ 9 വാർഡുകളിലുമായി അംഗൻവാടി ശിശുക്ഷേമ പദ്ധതി നടപ്പിലാക്കണം.

## വില്ലേജ് ആഫീസ്മുഖേനയുള്ള ക്ഷേമപദ്ധതി

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യുവകുപ്പ് പെൻഷൻ പദ്ധതികളും നിർദ്ധനരായ വിധവകളുടെ മക്കൾക്ക് വിവാഹസഹായങ്ങളും ആണ് പഞ്ചായത്ത് നടപ്പാക്കുന്നത്.

## പെൻഷനെ സംബന്ധിച്ച്

നാരങ്ങാനം പഞ്ചായത്തിൽ വിധവ പെൻഷൻ 44, പേർക്കും വികലാഗപെൻഷൻ 42 പേർക്കും, കർഷക തൊഴിലാളി പെൻഷൻ 95 പേർക്കും, തൊഴിലില്ലായമ പെൻഷൻ 8 പേർക്കും, കാൻസർ പെൻഷൻ ഒരാൾക്കും

റവന്യു ബോർഡുവഴി കൊടുക്കുന്നുണ്ട്.

## ക്ഷേമനിധി

കാർഷീകതൊഴിലാളികളിൽ 943 പേർ ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി, ആഭരണ തൊഴിലാളി, കൈതൊഴിലാളി എന്നിങ്ങനെയുള്ള ക്ഷേമനിധികളും ഉണ്ട്. ഇവയിൽ കർഷകതൊഴിലാളി ക്ഷേമനിധി പദ്ധതിമാത്രമേ കാര്യമായിനടക്കുന്നുള്ളു.

## പോതുവിതരണം

പഞ്ചായത്തിൽ 13 റേഷൻകടകളും ഒരു മാവേലി സ്റ്റോറും ഒരുകൺസ്യൂമർ സ്റ്റോറും 2 സഹകരസംഘങ്ങളും ഉണ്ട്. പൊതുവിതരണത്തിലൂടെ പാവപ്പെട്ട കുടുംബങ്ങൾക്ക് റേഷനരി വിലയിൽ ഇളവ് ഉണ്ടാകുന്നു. അത്യാവശ്യ സാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് മൊത്തമായി വാങ്ങി മാവേലി സ്റ്റോറുകൾ വഴി വിലകുച്ച് വിതരണം ചെയ്യുന്നു. ഈപഞ്ചായത്തിലെ എല്ലാജനങ്ങൾക്കും ഈപ്പോൾ നിലവിലുള്ള ഒരുമാവേലി സ്റ്റോറിലൂടെമാത്രം അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ല. പോതുവിതരണം സംബന്ധിച്ച് റേഷൻ കടകളിൽ നിന്ന് ലഭിച്ച വിവരങ്ങനൾ അനുബന്ധമായി നൽകിയിരിക്കുന്നു.

## പൊതുപ്രവർത്തനങ്ങൾ

പഞ്ചായത്താഫീസ് കെട്ടിടം കാലപഴക്കം മൂലം ജീർണ്ണാവസ്ഥയോടടുക്കുന്നു. ആഫീസ് കോമ്പൗണ്ടിൽ ഉള്ള മറ്റു കെട്ടിടങ്ങളും നവീകരണം അർഹിക്കുന്നതായിതോന്നുന്നു. കൃഷിഭവൻ, ഗ്രാമസേവന്റെ ആഫീസ് തുടങ്ങി പോതുജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട പല സർക്കാർ സ്ഥാപനങ്ങളും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തൻമൂലം വാടക ഇനത്തിൽ ഗണ്യമയ ഒരുസംഖ്യ സർക്കാർ ചെലവഴിക്കുന്നുണ്ട്. പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ ഒരുപഞ്ചായത്തുതല ആഫീസ ്കോംപ്ലക്സ് നിർമ്മിച്ചാൽ പോതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.മൂന്ന് നിലയുള്ള കെട്ടിടമായി രൂപകല്പന ചെയ്തു നിർമ്മാണം നടത്തുകയും താഴത്തെനില വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്ക് വാടകയ്ക് കൊടുക്കത്തക്കവിധത്തിൽ ആയിരിയ്ക്കുകയും വേണം. മറ്റു നിലകളിൽ പഞ്ചായത്ത് ആഫീസ് ഉൾപ്പടെയുള്ള ആഫീസുകൾ, കോൺഫറൻസ് ഹാൾ, ലൈബ്രറി, തുടങ്ങിയവയ്ക് സ്ഥലം കണ്ടെത്താൻതക്ക വിധത്തിലായിരിക്കണം നിർമ്മാണം.

## സാദ്ധ്യതകൾ/നിർദ്ദേശങ്ങൾ

1) ഇന്നുള്ള വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ദാരിദ്യ പാർപ്പിടമില്ലായ്മ-നിർമ്മാർജ്ജന പരിപാടി സമഗ്രമായി നടപ്പിലാക്കുക.

2) പുതുതായി സർവേ നടത്തി ദാരിദ്യരേഖയ്ക്കു താഴെവരുന്നവരുടെ ലിസ്റ്റ് വ്യക്തമായ മാനദണ്ഡങ്ങൾ പരിപാലിച്ചുകൊണ്ട് പൂർത്തിയാക്കണം.

3) സർവ്വേ നടത്തുന്നതിന് പഞ്ചായത്തിലുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ യുവജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം.

4) കക്കൂസ് സൗകര്യം ഇല്ലാത്ത ദുർബല ജന വിഭാഗങ്ങളിൽപ്പെട്ട എല്ലാവർക്കും കക്കൂസ് നിർമ്മിച്ചു നല്കണം.

5) പഞ്ചായത്തിൽ കടമ്മനട്ടയിൽ പ്രവർത്തിക്കുന്ന ജ.ഒ.ഇ ഡിസ്പെൻസറി ആയിഉയർത്തുക.

6) പഞ്ചായത്തിന്റെ അധീനതയിൽ അഞ്ചാം വാർഡിലുള്ള മഹാത്മഗാന്ധി സ്മാരക പഞ്ചായത്ത് ആശുപത്രിയിൽ പാരാമെഡിക്കൽ സ്റ്റാഫിനെ സർക്കാർ നിയമിക്കുക.

7) ചികിത്സാ സൗകര്യം എലാവാർഡിലും ലഭ്യമാക്കുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കുക.

8) പഞ്ചായത്തിൽ ആലുങ്കൽ മാത്രമേ മാവേലിസ്റ്റോർ നിലവിൽപ്രവർത്തിക്കുന്നുള്ളു. സൗകര്യപ്രദമായ വിധത്തിൽ എല്ലാവാർഡുകൾക്കും പ്രയോജനം ലഭിക്കാൻ വേണ്ടി കൂടുതൽ മാവേലി സ്റ്റോറുകളും മൊബൈൽ മാവേലി സ്റ്റോറും ആരംഭിച്ച് പ്രവർത്തനം നടത്തുക.

9) പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും അംഗീകൃത മഹിളാസമാജങ്ങളുടെ പ്രവർത്തനം ലഭ്യമാക്കുകയും മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക:

10) പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.

11) വിവിധ പദ്ധതികളുടെ വിവരങ്ങൾ പൊതു

ജനങ്ങൾക്ക് നൽകുന്നതിനായി പഞ്ചായത്തിൽ ഒരു പബ്ലിക്ക് ഇൻഫർമേഷൻ സെന്റ്ർ തുടങ്ങുക.

12) പഞ്ചായത്തിൽ കൂടുതൽ VEO ആഫീസുകൾ പ്രവർത്തവനം ആരംഭിക്കുക.

13) അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ അംഗൻവാടികളും കൈക്കുഞ്ഞുങ്ങളുടെ പരിചരണ ത്തിനായി ക്രഷുകളും ആരംഭിക്കുക.

14) പഞ്ചായത്തിൽ പൊതുസ്മശാന സൗകര്യം ഉണ്ടാക്കുക.

15) പഞ്ചായത്തിൽ കമ്യൂണിറ്റിഹാളുകൾ നിർ മ്മിക്കുക.

16) നിലവിലുള്ള പോസ്റ്റാഫീസുകളുടെ പദവി ഉയർത്തുകയും ടെലഫോൺ എക്സ്ചെയിഞ്ച് പുതു തായി ആരംഭിക്കുക.

17) പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും പ്രയോ ജനം ലഭിക്കുന്നതിനു വേണ്ടി സൗകര്യപ്രദമായ വിധത്തിൽ കൺസ്യൂമർസ്റ്റോറുകൾ ആരംഭിക്കുക. മാവേലി സ്റ്റോറിലെ സാധനങ്ങളുടെ വിലനിലവാരം കൺസ്യൂമർ സ്റ്റോറിലും നിലനിർത്തുക.

18) ആലുങ്കലുള്ള പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ പഞ്ചായത്തുതല ആഫീസ് സമുച്ചയം നിർമ്മിച്ച് പബ്ലിക്ക് ആഫീസുകൾക്ക് പൊതുവായകേന്ദ്രം ഉണ്ടാക്കുക.

19) സമുദായത്തിൽ വ്യാപകമായിരുന്ന മദ്യപാന ശീലം ഒഴിവാക്കുന്നതിന് ഫലപ്രദമായ വിധത്തിൽ സന്നദ്ധസംഘടനകൾ മുൻകൈ എടുത്ത് ബോധ വൽക്കരണ പരിപാടി നാടപ്പിൽ വരുത്തുക.

20) സാമുദായിക സൗഹാർദ്ദം കാത്തുസൂക്ഷിക്കുന്ന വിവിധ വിഭാഗങ്ങളുടെ ആഘോഷങ്ങൾ എല്ലാ സമുദായങ്ങളും സംയുക്തമായികൊണ്ടാടുക.

21) കുടുംബകലഹങ്ങൾ, അയൽപക്കങ്ങൾ തമ്മിലുള്ള സ്വരചേർച്ചഇല്ലായിമയും തൽഫലമായി ഉളവാക്കുന്ന സംഘർഷങ്ങളും രമ്യമായി പരിഹരി ക്കുന്നതിനു വേണ്ടി വിവിധസംഘടനാ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മറ്റി പഞ്ചായത്തടി സ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുക.

22) റേഷൻകാഡുകൾ ഇല്ലാത്തവരുടെ കണക്ക് എടുത്ത് മുഴുവൻകുടുബങ്ങൾക്കും റേഷൻകാഡ് ഉറപ്പുവരുത്തുക.

## പ്രശനങ്ങൾ

-നിലവിലുള്ള വിവിധപദ്ധതുകളുടെ പ്രവർത്തനങ്ങൾ വളര് കുറച്ച് ആളുകളിൽ പരിമിതമായ ഫലങ്ങൾ മാത്രമേ സൃഷ്ടിക്കുന്നുള്ളു.

-ദാരിദ്ര നിർമ്മാർജന പ്രവർത്തനങ്ങൾ ഇനിയും ലക്ഷ്യം കൈവരിച്ചിട്ടില്ല.

-ദുർബല ജനവിഭാഗങ്ങളുടെ ആരോഗ്യ പരി പാലനത്തിന് ആവശ്യമായ സാഹചര്യംഇന്നില്ല.

-പൊതുവിതരണ സംവിധാനത്തിന്റെ പരിധി വ്യാപിപ്പിക്കേണ്ടതുണ്ട്. റേഷൻ കാർഡുകൾ ഇല്ലാത്ത വർ നിരവധി ഉണ്ട്.

-മദ്യപാനം കലഹങ്ങൾ അയൽപക്ക ബന്ധങ്ങ ളിൽഉള്ള പ്രശനങ്ങൾ തുടങ്ങിയവ.......

-പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ നില യിന്ന് ക്ഷേമകരമല്ല. (ദാരിദ്ര്യം - അനാരോഗ്യം - പാർപ്പിടമില്ലായിമ - വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.........)

-സ്ത്രികളുടെ തൊഴിലവസരങ്ങളും സാമൂഹ്യ പങ്കാളിത്തവും ജീവിതപ്രശനങ്ങൾ വർദ്ധി പ്പിക്കുന്നതിന് തടസംമാണ്.

# 11

## സംസ്കാരം.

വികസനം എന്നത് കാർഷികമായ പുരോഗതി മാത്രമല്ല. സംസ്കാരിക ഉന്നമനത്തിലൂടെ മാത്രമേ വികസനത്തിന്റെ പൂർണ്ണത അനുഭവവേദ്യമാകു.

ആധുനികതയിലെ നന്മയുടെ മുന്നേറ്റത്തിന് പാരമ്പര്യത്തിന്റെ ഊർജ്ജം പകരുന്ന നിരവധി അനുഷ്ടാനകലകളുടെയും ആചാരങ്ങളുടെയും നാടാണ് നാരങ്ങാനം പഞ്ചായത്ത് പ്രദേശം. ആറന്മുള പൊന്നുംതോട്ടത്ത് ദേവീ വർഷംതോറും കാർഷികഗ്രാമമായ നാരങ്ങാനത്ത് എത്തുന്നത് നൂറ്റാണ്ടുകളായി നിലനില്ക്കുന്ന ഒരാചാരമാണ്. എതീഹങ്ങളും വിശ്വാസങ്ങളും അദ്ധ്വാനവും കൂട്ടുപിണഞ്ഞുകിടക്കുന്ന പശ്ചാത്തലമാണ് അനുഷ്ടാനകലകളിൽ പലതിനുമുള്ളത്. പടയണി, കോലംതുള്ളൽ, വേലകളി, കരപ്പാട്ട്, കോൽകളി തുടങ്ങിയവയൊക്കെ ഗ്രാമഭംഗിയോടെയും ഉത്സവച്ഛായയോടെയും ഈ പ്രദേശത്ത് നിറഞ്ഞു നിന്നിരിന്നു. ക്ലാസിക്കൽകലകളെ പോലെ തന്നെയുള്ള പെരുമ നേടിയെടുക്കുന്നതിനും ലോകശ്രദ്ധ ആകർഷിക്കന്നതിനും പടയണി പോലുള്ള അനുഷ്ടാനകലകൾക്ക് ഇന്നും കഴിഞ്ഞിരിക്കുന്നു. ഈ കലകൾ വെളിവാക്കുന്ന സംസ്കാരികത്തനിമയുടെ മണ്ണ് ആധുനികതയുടെ മലവെള്ളപ്പാച്ചിലിൽകുത്തിയൊലിച്ചുപോകാൻ പാടില്ല. സംസ്കാരികത്തനിമയും ഗ്രാമീണവിശുദ്ധിയും കാത്ത് സൂക്ഷിക്കുന്നതിനുള്ള ഏറ്റവും അനുകൂല സാഹചര്യം ഇവിടെ ഒരിക്കിയിരിക്കുന്നത് പ്രകൃതിതന്നെയാണ്. കുന്നുകളും താഴ്വരകളും ചേർന്നൊരുക്കുന്ന പ്രശാന്തിയുടെ അന്തരീക്ഷംനീതിബോധത്തിന്റെയും സൗഹൃദത്തിന്റെയും പ്രകാശനമാണ് ഇവിടത്തെ ആദിവാസികളോടാവശ്യപ്പെടുന്നത്.

'കുറുത്തിയുടെ' രൗദ്രഗർജനം മലയാളമുള്ളെടത്തെല്ലാം എത്തിച്ച കവി കടമ്മനിട്ട രാമകൃഷ്ണൻ,പടയണിയുടെ പൊരുൾ തേടി വൈജ്ഞാനികസാഹിത്യ ശാഖയിൽ സാഹിത്യ അക്കാദമി അവാർഡ് നേടിയ പ്രൊഫ.കടമ്മനിട്ട വാസുദേവൻപിള്ള, പ്രശസ്ത സാഹിത്യകാരൻ കുഴിതടത്തിൽ ഗോപാലകൃഷ്ണൻനായർ ,കവിയും ചിത്രകാരനുമായ തോമസ് ശാസ്ത്രി തുടങ്ങിയവർ ഈ പാരമ്പര്യത്തെ പുതിയ തലമുറയുമായി ഇണക്കിയ കണ്ണികളാണ്. പ്രശസ്ത യുവകവി പ്രൊഫ. നെല്ലിക്കൽമരളീധരൻ ഇപ്പോൾ ഈ നാടിന്റെ ഭാഗമാണ്.

### പടയണി.

പടയണിയിലേയും കോലം തുള്ളലിലേയും യക്ഷിയുംപക്ഷിയും , കാലനും,മാടനും,മറുതയും, ഭൈരവിയും എല്ലാംതന്നെ നാരങ്ങാനം പഞ്ചായത്തിന്റെസാംസ്കാരികസംരക്ഷകരാണ്. കമുകിന്റെ പച്ച പാളകളിൽ നാടൻ ചായങ്ങൾ ഉപയോഗിച്ചാണ് കോലങ്ങൾ എഴുതുന്നത്. ഭൈരവികോലമാണ് ഏറ്റവും വലുത്. തപ്പിന്റെയും പാട്ടിന്റെയും താളത്തി

നൊപ്പിച്ച്കോലങ്ങൾ തുള്ളുന്നു.ദാരിക വധത്തിന് ശേഷം കോപിഷ്ടയായിമടങ്ങുന്ന ഭദ്രകാളിയുടെ ഉഗ്ര കോപത്തെ ശമിപ്പിക്കുവാൻ ശിവഭൂതങ്ങൾവേഷങ്ങൾ കെട്ടി . ആടിയതിന്റെ ആവിഷ്കാരമാണ് പടയണി.

നാരങ്ങാനം മഠത്തുംപടി ദേവീക്ഷേത്രത്തിൻ വർഷം തോറും കുംഭഭരണി ഉത്സവത്തോടനുബന്ധിച്ച് 10 ദിവസത്തെ പടയണിനടത്തിവരാറുണ്ട്. അയിരൂർ പുതിയകാവിൽ ദേവിയുടെ സാന്നിദ്ധ്യം സങ്കല്പിച്ചുകൊണ്ട് ആരംഭിച്ച പടയണിയാണ് നാരങ്ങാനം പ്രദേശത്തെ ഏറ്റവും പഴക്കമേറിയ കലാ രൂപം. ഇവിടെ നിന്നും പല പ്രദേശങ്ങളിലേക്കും ഈ കലാരൂപം വ്യാപിക്കുകയുണ്ടായി.

ഇന്ന് കടമ്മനിട്ടപടയണി ലോക പ്രശസ്തമാണ്. മേടം ഒന്നുമുതൽ പത്തുവരെയാണ് ഇതു നടത്തപ്പെടുന്നത്. മേടം എട്ടിനാണ് വലിയപടയണി. ലോകത്തിന്റെ നാനാദാഗങ്ങളിൽനിന്നും അനേകം ടൂറിസ്റ്റുകൾ ഈ സമയത്ത് ഇവിടെഎത്തി ച്ചേരുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഒരു കാർഷീക ഒഴിവു വേളയിലെ ആഘോഷഅ നുഷ്ഠാനമായിരുന്നു കരപ്പാട്ട്. കൊടുങ്ങല്ലൂരമ്മക്ക് മുന്നിലുള്ള തുള്ളലും കോഴിയെ വെട്ടും ഉൾപ്പെടെയുള്ള ഒരുകലാരൂപമായിരുന്നു ഇത്. ഇതുകൂടാതെ കഥകളി, അമ്മം കുടം തുള്ളൽ, കോൽ കളി, പരിശമുട്ടുകളി മാർഗം കളി, ബാന്റുമേളം തുടങ്ങിയവക്കൊക്കെ പേരുകേട്ട കലാകാരന്മാർ മുൻകാലങ്ങളിൽ നാരങ്ങാനത്ത് ഉണ്ടായി രുന്നു.**

## ആഘോഷങ്ങൾ

ക്ഷേത്രാനുബന്ധിയായ ഒരു അനുഷ്ഠാന കലയെന്ന് വിളിക്കാമെങ്കിലും പടയണിയുടെ കോലങ്ങൾ ഒരുക്കുന്നതുമുതൽ താളമേളങ്ങൾ ക്കൊപ്പിച്ച് ഇളകിയാടുന്നതുവരെ എല്ലാഅംശങ്ങളിലും ജാതിമത ഭേദമന്യേ നാടുമുഴുവൻ ഇഴുകി ചേരുന്നത് അനന്യസാധാരണമായ ഒരനുഭമാണ്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ, പള്ളിപെരുന്നാളുകൾ കൺവൻഷനുകൾ ഓണം ക്രിസ്തുമസ് ഇവയൊക്കയും നാരാങ്ങാനത്ത് നാനാജാതി മതസ്ഥരുടേയും പങ്കാളിത്തവും പരസ്പര ബഹുമാനാവും കോണ്ട് അനുഗ്രഹീതമാണ്.

ഋഷികേശവ ക്ഷേത്രം, ഭഗവതിക്ഷേത്രം, ദേവീക്ഷേത്രം, ശിവക്ഷേത്രം, കോട്ടപ്പാറ മലനടകൾ തുടങ്ങയവിവിധക്ഷേത്രങ്ങളും മാർത്തോമ്മാ, ഓർത്തഡോക്സ്, യാക്കോബായ, കത്തോലിക്ക. സി.എസ്സ്.ഐ., സി.എം.സ്., ബ്രദറൻ, രക്ഷാസൈന്യം, വിവിധപെന്തക്കോസ്ത് വിഭാഗങ്ങൾ, ഇവാഞ്ചലിക്കൽ തുടങ്ങിയ ക്രിസ്തീയ സഭാവിഭാഗങ്ങളുടെ ആലയങ്ങളും ശ്രീനാരായണധർമ്മപരിപാലന ഗുരുമന്ദിരങ്ങളും മുസ്ലിം പള്ളികളും മുഖാമുഖം നിൽക്കുന്നു.

## കടമ്മിനിട്ട കവിതാശിൽപ്പങ്ങൾ

ലോകത്തിൽത്തന്നെ ഇദംപ്രഥമം എന്ന് വിശേഷിപ്പിക്കാവുന്ന ഒരുസംരഭമാണ് ഒരു കവിയുടെ കവിതകളിലെ ദ്രൃശ്യങ്ങൾ ആവിഷ്ക്കരിക്കുന്ന ശിൽപ്പസമുച്ഛയം. 1993 ഒക്ടോബർ 18-ന് ഈ ആവിഷ്ക്കാരത്തിന്റെ ഉത്ഘാടനം **ശ്രീ ഇ.എം.സ്. നമ്പൂതിരിപ്പാട്** നിർവ്വഹുച്ചു. കോട്ടയത്ത് പിറന്ന് ഡൽഹിൽ പാർപ്പ്ഉറപ്പിച്ചിട്ടുള്ള പ്രശസ്ത ശിൽപ്പി സോമൻ ആണ് കവിയുടെ മാനസപുത്രർക്ക് ഭൂമിയിൽ അവതാരം സാദ്ധ്യമാക്കുന്നത്. കോഴഞ്ചേരി-മണ്ണാറക്കുളഞ്ഞി റോഡ് സൈഡിലായി കടമ്മനിട്ടക്ക് സമീപം പഞ്ചായത്ത് വിട്ട്കൊടുത്തസ്ഥലത്ത് നിർമ്മാണം പുരോഗമിച്ചുവരുന്നു.

## ഗ്രന്ഥശാലകൾ, സാംസ്ക്കാരീകസമിതികൾ

പൊതുവിൽപ്പറഞ്ഞാൽ ഈരംഗം വേണ്ടത്ര സജീവമല്ല 6 ഗ്രന്ഥശാലകൾ ഉൾപ്പെടെ 45 -ൽപ്പരം സംഘങ്ങൾ നാരങ്ങാനം പഞ്ചായത്തിൽ രേഖാപ്രകാരം നിലവിലുണ്ട്. എന്നാൽ പലതും നിർജ്ജീവമോ നാമമാത്ര പ്രവർത്തനം മാത്രമുള്ളതോ ആണ്. പല സമതികളുടേയും വിവരങ്ങൾ നൽകാൻപോലും ഉത്തരവാദിത്തപ്പെട്ടവരില്ലാത്ത അവസ്തയിലാണ്. സാംസ്ക്കാരീക രംഗത്ത് നമ്മുട് ആസൂത്രണത്തിന്റെ പ്രധമ പരിഗണന, ഇത്തരം സംഘങ്ങളെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങക്കുള്ള അടിത്തറയാക്കാൻ കഴിയും വിധം ഉണർത്തുക എന്നതിനായിരിക്കണം.

രണ്ട് ഗ്രന്ധശാലകളേ ലഘുപഠനത്തിന് വിധേയമാക്കിയപ്പോൾ അറിയാൻ കഴിഞ്ഞത് വായനാശീലം അടുത്തക്കാലത്തായി വർദ്ധനവിന്റെ പ്രവണതയിലാണെന്നാണ്. എന്നാൽ ഏതുതരം പുസ്തകങ്ങളാണ് ഏറെ വായിക്കപ്പെടുന്നത് തുടങ്ങി ഒട്ടേറേ വിശദാംശങ്ങളേ സംബന്ധിച്ച് ഒരുപഠനം നടത്തേണ്ടതുണ്ട്.

കുട്ടികളുടെ സമഗ്രവികസനം ലക്ഷ

മാക്കിനടത്തപ്പെടുന്ന ബാലജനസഖ്യം പ്രവർത്തനങ്ങൾ പ്രശ്തനീയം മാണ്. ബാലവേദിരംഗവും ഗൗരവമായി ആസൂത്രണം ചെയ്യേണ്ട ഒന്നാണ്. വോളിബോൾ രംഗത്ത് അനേകം പ്രതിഭകൾ നമ്മുടെ കളിക്കളങ്ങളിൽ നിന്നുയർന്നിട്ടുണ്ട്. സംസ്ഥാന വോളിബോൾ താരങ്ങളായി ഉയർന്നിട്ടുള്ള ശ്രീ സജിൻ എം.ജോർജ്ജ് (ഇദ്ദേഹം യൂത്ത് ഇൻഡ്യൻ ടീമിനുവേണ്ടി റഷ്യയിൽ പോയിട്ടുണ്ട്) പ്രതീപ് കുമാർ എന്നിവർ നമ്മുടെ അഭിമാനമാണ്. നാടക കലാകാരൻമ്മാരാൽ സമ്പന്നമാണ് നമ്മുട് ഗ്രാമം. മിക്കവാർഡുകളിലും അമച്വർ നാടകവേദിയുണ്ട്. അഞ്ചാം വാർഡിൽ പഞ്ചായത്ത് ഓഫീസിനോട് അനുബന്ധിച്ചു മാത്രമാണ് ഇപ്പോൾ ഒരു സാംസ്ക്കാരീക നിലയമുള്ളത്.

## പ്രശ്നങ്ങൾ

1- ഗ്രന്ധശാലകളുടേയും സാംസ്ക്കാരീക സമിതികളുടേയും പ്രവർത്തനം സാമൂഹ്യജീവിതത്തേ ഫലപ്രദമായി സ്വാധീനിക്കാൻ പര്യാപ്തമല്ല. 1, 7, 8 വാർഡുകളിൽ ഗ്രന്ഥശാലകൾ ഇല്ല. ഗ്രന്ഥശാലകൾ ഉള്ളസ്ഥലങ്ങളിൽ തന്നേ അവ വേണ്ടത്ര ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്.

2- കായീക പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. പ്രതിബന്ധങ്ങളേ അതിജീവിച്ചാണ് ചിലർ ഈരംഗത്ത് ഉയർന്നു വന്നിട്ടുള്ളത്.

3- പോതുറേഡിയോ-ടി.വി. സൗകര്യങ്ങൾ, സാംസ്ക്കാരീകനിലയങ്ങൾ തുടങ്ങിയവ ഒരു വാർഡിലും പോതുജനങ്ങൾക്കായി പ്രവർത്തിക്കുന്നില്ല.

4- നമ്മുടെ ഗ്രാമീണ കലകളെക്കുറിച്ച് പഠനം നടത്തുന്നതിനും, വിസ്മരിക്കപ്പെട്ട പ്രാജീനകലാരൂപങ്ങളേ പുനരുദ്ധരിക്കുന്നതിനും, അവയെ പ്രോത്സാഹിപ്പിക്കുന്നതിനും, ഗ്രാമീണഒത്തുകൂടലുകൾ ഉത്സവച്ഛായയോടെ സംഘടിപ്പിക്കുന്നതിനും മുള്ള ആസൂത്രിത ശ്രമങ്ങൾ കാര്യമായിനടക്കുന്നില്ല. എന്നാൽ പടയണികളിലും മറ്റും സ്വാഭാവികമായി ഉണ്ടാകുന്ന ഒത്തുകൂടലുകൾ പ്രശംസനീയമാംവിധം കൂട്ടായ്മ സ്വഭാവമുള്ളതാണന്നത് നിലനിൽക്കുന്നു.

5- ഗ്രാമപഠനവും, ചരിത്രപഠനവും നടത്തുന്നതിനും രേഖകളും സ്മാരകങ്ങളും സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഇന്നില്ല.

## നിർദേശങ്ങൾ സാദ്ധ്യതകൾ

1- എല്ലാവാർഡുകളിലും പഞ്ചായത്തു ഹാളുകൾ ഉണ്ടാവണം. ഗ്രാമസഭകൾ സമ്മേളിക്കുന്നതിന് ഇവ ഉപകരിക്കും. ഇതിൽ 3 എണ്ണം എങ്കിലും മ്യൂസിയങ്ങൾ, ഗ്രന്ധശാലകൾ, രേഖകളുടെ സംരക്ഷണം ഇവകൂടി അനുബന്ധമായിട്ടുള്ള സാംസ്ക്കാരീക നിലയങ്ങളാവണം.

2- ഒരുവാർഡിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥശാലയെങ്കിലും എന്നത് ഒരു ലക്ഷ്യമാകണം. കൂടാത് വനിതകളുടേയും പിന്നോക്കവിഭാഗങ്ങളുടേയും വായനാനിലവാരത്തേയും സാക്ഷരത നിലവാരത്തേയും ലക്ഷ്യമാക്കിയുള്ള സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ ആരംഭിക്കുക.

3- ഗ്രാമപഠനം, ചരിത്രഗവേഷണം, നാടൻ കലകളേക്കുറിച്ചുള്ള പഠനം തുടങ്ങിയവക്ക് പ്രാപ്തിയുള്ള പ്രവർത്തകരേ വളർത്തി എടുക്കാനും അത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും വേണ്ടപ്രവർത്തനങ്ങൾ സാംസ്ക്കാരീക നിലയങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കണം.

4- കലാ കായിക സാംസ്ക്കാരീക സംഘടനകളുടെ പ്രവർത്തനം ഏകീകരിച്ചുകൊണ്ടപോകുവാൻ പഞ്ചായത്തുതല സാംസ്ക്കാരീകഎകോപനസമിതി സംഘടിപ്പിക്കണം. സാമ്പത്തീക മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഈസമിതിക്ക് കഴിയണം.

5- പഞ്ചായത്ത് കേന്ദ്രത്തോട് അനുബന്ധിച്ചും കടമ്മനിട്ട ഗവ:ഹൈസ്ക്കൂളിനോടനുബന്ധിച്ചും നാരങ്ങാനം ഗ.ഹൈസ്ക്കുളിനോടനുബന്ധിച്ചും ഓരോ മിനി സ്റ്റേഡിയങ്ങൾ സ്ഥാപിക്കുക. സ്ക്കൂൾ സ്റ്റേഡിയങ്ങളിൽ പഠനസമയത്തിന് പുറമേയുള്ള സമയത്ത് പൊതുയുവജനങ്ങൾക്ക് പരിശീലനത്തിനായി ഉപയോഗിക്കാവുന്നതാണ്.

6- കായീക പരിശീലനത്തിനായി വിദഗ്ധരെ കണ്ടെത്തി സേവനം ലഭ്യമാക്കുക.

7- എല്ലാ വാർഡുകളിലേയും പഞ്ചായത്ത് ഹാളുകളിൽ (ഹാളുകൾ ഉണ്ടാകുന്നതുവര് യുക്തമായകേന്ദ്രങ്ങളിൽ) പോതു റേഡിയോ, ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

8- നമ്മുടെ നാടൻ കലകൾ ലോകവേദിയിൽ പ്രദർശിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കണം. നാരങ്ങാനം, കടമ്മനിട്ട എന്നിവടങ്ങൾ കേന്ദ്രീകരിച്ച് ഓരോ സാംസ്ക്കാരീക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. പരിശീലനപരിപാടികൾ, ഗവേഷണം, സാമ്പത്തീക സഹായങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഈ സംഘങ്ങൾക്ക് പ്രായോഗീക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയും.

9- കടമ്മനിട്ട കവിതാ ശിൽപ്പാവിഷക്കരണം ബന്ധപ്പെട്ടവർ എത്രയും വേഗം പൂർത്തിയാക്കുക.

10- കമ്യൂണിറ്റി ഹാളിനായി പി.ഐ.പി. വക 16 സെന്റ് സ്ഥലം പഞ്ചായത്തിന് വിട്ടുതരുന്നതിനുവേണ്ടി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. നിർദ്ദേശിത പഞ്ചായത്തുഹാളുകളിൽ ഒന്നെ സാംസ്ക്കാരീക നിലയത്തിനുകൂടിയുള്ള സൗകര്യങ്ങളോടെ ഇവിടെ പണിയാവുന്നതാണ്.

11- പാർളമെന്റിൽ നമ്മേപ്രതിനിധീകരിക്കുന്ന എം.പി. ശ്രീ. പാലാ കെ.എം മാത്യു, എം.പി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളതുക ഉപയോഗിച്ച് പഞ്ചായത്തു കേന്ദ്രമായ ആലുങ്കൽ പഞ്ചായത്തു ഹാൾ പണി പുരോഗമിക്കുന്നു എന്നതും സാംസ്ക്കാരീക പ്രവർത്തനങ്ങൾക്ക് ഒരുസാദ്ധ്യതയാണ്.

12- മേലിൽപ്പണിയുന്ന കെട്ടിടങ്ങൾ ചിലവികുറഞ്ഞ മാത്രകയിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വേണ്ടതാണ്.

## അനുബന്ധം.

## ടൂറിസം വികസനത്തിന്റെ സാദ്ധ്യതകൾ

(1) ഈ പഞ്ചായത്തിലേ 15 ഓളം വരുന്ന മലനിരകളോരുക്കുന്ന പ്രക്രതി ഭംഗി ഒരുമുതൽക്കൂട്ടാണ് 178 മീ. ഉയരംമുള്ള മടുക്കക്കുന്നിന്റെ മുകളിൽനിന്നും കിട്ടുന്ന വീക്ഷണം വിദൂരവും നയനാനന്ദകരവുമാണ്. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയീലുള്ള പെരുംതോട്, കടമ്മനിട്ട ശിൽപ്പസമുച്ചയം മടുക്കക്കുന്ന് സീസനുകളിൽ പടയണികാണുന്നതിനുള്ള അവസരം ഇവയേബന്ധിപ്പിച്ചു കൊണ്ടെ ഒരു ടൂറിസ്റ്റ് സർക്ക്യൂട്ട് സംവിധാനം ചെയ്യുക. ഇത് ജില്ലാടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻഡറുകളിൽ വിവരം ലഭ്യമാക്കുക.

(2) കോഴഞ്ചേരി-മണ്ണാറക്കുളഞ്ഞി റോഡ് ശബരിമലക്കുള്ള സ്റ്റേറ്റ് ഹൈവേ ആക്കിക്കൊണ്ട് തീർത്ഥാടകർക്ക് താമസത്തിനും മറ്റ് അത്യാവശ്യ സൗകര്യങ്ങൾക്കുള്ള സംവിധാനം വിവിധസ്ഥലങ്ങളിലായി ഇടവിട്ട് ഒരുക്കുക.

(3) മടുക്കക്കുന്നിന്റെ മുകളിൽ ചരൽക്കുന്ന് മാത്രുകയിൽ ഒരു കോൺഫറൻസ് സെന്റർ, ചിൽറൻസ്പാർക്ക് തുടങ്ങിയവയുടെ ഒരു കോംപ്ലക്സ് സ്ഥാപിക്കുക. പത്തനംതിട്ട ജില്ലയിൽ പൊതുഉടമയിൽ ഇത്തരം ഒരു സ്ഥാപനം ഇന്ന് ഇല്ല. കോൺഫ്രൻസ് സെന്ററിനെ ത്രിശൂർ കെ.ഐ.എൽ.എ മാത്രകയിൽ ജില്ലാപഞ്ചായത്ത് പഠനകേന്ദ്രമായി വളർത്തിഎടുക്കവുന്നതാണ്.

ടൂറിസം വികസനത്തിനുള്ള ഈ നിർദ്ദേശങ്ങളിൽ ആദ്യത്തേത് ഭാഗീകമായും രണ്ടാമത്തേതും മൂന്നാമത്തേതും പൂർണ്ണമായും ജില്ലാപഞ്ചായത്ത് പ്രോജക്ടുകൾ ആക്കാവുന്നതുമാണ്.

# 12

## വനിതാക്ഷേമം

ഇൻഡ്യൻജനതയുടെദേശീയവും സാമൂഹ്യവുമായ ഉന്നമനത്തിനു വേണ്ടി രൂപം കൊണ്ട നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി സ്ത്രീജനങ്ങളുടെ സാമൂഹ്യപദവി ഉയർത്തുന്ന തിനും സ്ത്രീജനക്ഷേമം ലാക്കാക്കിയും ഉള്ളയത്നങ്ങളും പോരാട്ടങ്ങളും നടന്നിരുന്നു. സതിപോലുള്ള കിരാതമായ ആചാരങ്ങളും ശിശുവിവാഹം, വിധവകളെ ഒറ്റപ്പെടുത്തൽ തുടങ്ങിയ പ്രാകൃത നടപടികളും സ്ത്രീകളുടെ അടിമത്തത്തിന് ആക്കം കൂട്ടുന്ന ആയുധങ്ങളായിരുന്നു. ഇതിനെതരേ ഉയർന്നു വന്ന പോരാട്ടങ്ങളുടെയും നവോത്ഥാനങ്ങളുടെയും ഫലമായി സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങൾ നിരോധിച്ചു കൊണ്ടുള്ള നിയമനിർമ്മാണം പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നേ നിലവിൽ വന്നു. ഇരുപതാം നൂറ്റാണ്ടിലാകട്ടെ സ്ത്രീധനം തന്നെ നിയമം മൂലം നിരോധിച്ചിരിക്കയാണ്. സ്ത്രീവിദ്യാഭ്യാസത്തേ പ്രോത്സാഹിപ്പിക്കുന്ന സമീപനം സാമൂഹ്യ പരിഷ്കർത്താക്കൾ കൈക്കൊണ്ടു പ്രവർത്തിച്ചതിന്റെ ഫലമായി ഇൻഡ്യൻ സ്വാതന്ത്ര്യസമരം കൊടുമ്പിരികോണ്ട കാലയളവിൽ നേതൃത്വപരമായ പങ്കു വഹിക്കുവാൻ തക്കപ്രാപ്തി ഇൻഡൻ വനിത ആർജിച്ചു കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യസമര ചരിത്രത്തിൽ വീരേതിഹാസങ്ങൾ രചിച്ച സരോചിനിനായിഡു ആജന്ത അസ്ഫാലി തുടങ്ങിയ മഹിളാരത്നങ്ങളുടെ കഥ നമുമുക്കറിയാം. ഇന്നു കേരളത്തിൽ കുട്ടിമാളു അമ്മ അമ്മുസ്വാമി നാഥൻ, അക്കമ്മചെറിയാൻ ആനീ, മസ്ക്രീ, മിസിസ് ആർ. വി. തോമസ് തുടങ്ങിയ മഹിളകളുടെ ആവേശോജല സമരകഥകൾ നാം മറന്നിട്ടില്ല. കേരളത്തിൽ സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി ഔദ്യോഗീക രംഗത്തും രാഷ്ട്രീയ രംഗത്തും ഉന്നത പദവികൾ സ്ത്രീകൾക്ക് അപ്രാപ്യമല്ല എന്ന നിലകൈ വന്നു. ഭാരതത്തിലേ ആദ്യത്തേ വനിതാ ഹൈകോടതി ജഡ്ജി, ആദ്യത്തേ വനീതാചീഫ് എഞ്ചിനീയർ തുടങ്ങിയ പദവികൾ ലഭിച്ചത് കേരള വനിതകൾക്കായിരുന്നു എന്നത് അഭിമാനത്തോടുകൂടി നമുക്ക് സ്മരിക്കാവുന്ന കാര്യങ്ങളാണ്. ആദ്യത്തേ വനിതാ അഡ്വക്കേറ്റായ ശ്രീമതി അന്നാചാണ്ടിയേയും ലോകത്തിൽ ആദ്യത്തേ വനിതാ സുപ്രീകോടതിജഡ്ജി ശ്രീമതി ഭാത്തിമാ ബീവിയേയും സഭാവനചെയിതത് കേരളം തന്നേ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ പരിപാലനരംഗത്തും ഔദ്യോഗീക സ്ഥാനങ്ങൾ പുരുഷൻമ്മാരേക്കാൾ കുടുതൽ സ്ത്രികളാണ് വഹിക്കുന്നത്.

സ്ത്രീകൾക്ക് ഒരു രംഗവും അപ്രാപ്യമല്ലാ എന്നതിന്റെ തെളിവുകളായി ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ ഇനിയും ചൂണ്ടിക്കാട്ടാവുന്നതാണ്. എന്നാൽ ഇത് ഒരു വശം മാത്രമാണ്. സ്ത്രീകൾ ഇത്തരത്തിൽ കഴിവുകൾ തെളിയിക്കുകയും, എല്ലാ നവോദ്ധാന പ്രസ്താനങ്ങളും സ്ത്രികളുടെ സാമൂഹ്യപദവി ഒട്ടും പിന്നിലാക്കാൻ

പാടില്ല എന്ന മൂല്യം ആഴത്തിൽ വേരുപിടിപ്പിക്കാൻ അനേക ദശാബ്ദങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടു കൂടി നിത്യജീവിതത്തിൽ ഇന്നും സ്ത്രീകൾ രണ്ടാം കിടക്കാരായി തുടരുകയാണ്. കുടുംബ ബന്ധങ്ങളിൽ ഇത് എറ്റവും സ്പഷ്ടമാണ്. ശ്രീ. വി.റ്റി ഭട്ടതിരിപ്പാട് അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എഴുതി അരനൂറ്റാണ്ടിലധികം കഴിഞ്ഞിട്ടും സ്ത്രീകളുടെ മുഖ്യ പ്രവർത്തനമേഖല അടുക്കളയാണ്. അരങ്ങത്ത് എത്താൻ കഴിഞ്ഞ ഉദ്ധ്യോഗസ്ഥ സ്തീകളാകട്ടേ ഔദ്യോഗീക കൃത്ത്യങ്ങൾക്കെല്ലാം പുറമേ അടുക്കള തന്റെ മാത്രം ഉത്തരവാദിത്വമായി കൈകാര്യം ചെയ്യേണ്ടിവരുന്നു. ഈ വികസനരേഖയുടെ ആമുഖത്തിൽ സുചിപ്പിച്ചിട്ടുള്ളതുപോല് ശമ്പളം പറ്റുന്ന ഉദ്ധ്യോഗമില്ലാത് കുടുമ്പത്തിലേ ഉത്തിരവാദിത്വങ്ങൾ മുഴുവൻ നിർവ്വഹിക്കുന്ന വീട്ടമ്മയായ സ്ത്രീ ജോലി ഇല്ലാത്തവൾ എന്ന പദവിയിൽ സ്വയം പരിചയപ്പെടുത്തുകയും ചെയ്യുന്നു. സ്ത്രീ ധനം നിയമം മൂലം നിരോധിക്കുകയും എല്ലാനിയമങ്ങളുടെയും അന്തഃസത്ത സ്ത്രീകളേ തുല്ല്യരായികാണുകയും, പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും വിധം പ്രത്യേക പരിഗണന ഉറപ്പാക്കുകയും ചെയ്യുന്നതായിട്ടുകൂടി സ്ത്രീധനത്തിന്റെ പേരിലുള്ള കലഹങ്ങളും, സ്ത്രിധനമരണങ്ങളും, സ്ത്രീ പീഠനപ്രവണതകളും ഒട്ടും കുറയുന്നില്ല. സിനിമപോലെയുള്ള മാധ്യമങ്ങളും, പരസ്യങ്ങളും സ്ത്രീയേ സൗന്ദര്യ ദേവതയായും അണിഞ്ഞ് ഒരുങ്ങണ്ടവളായും പുരുഷനെ പിൻതുണ നൽ കുന്നതിനു മാത്രം കടപ്പെട്ടവളായു അവതരിപ്പിക്കന്നു. ആഡംബര പ്രവണതയാണ് സ്ത്രീവിമോചനം എന്നതെറ്റായ ആശയം പോലും പരസ്യങ്ങളിലൂടെ നൽകുന്നു.

ചുരുക്കത്തിൽ ഭാരതത്തിന്റെ നവോത്ഥാന പാരമ്പര്യത്തിനും നിയമത്തിന്റെ അന്തസത്തക്കും നിരക്കും വിധം, പ്രായോഗിക നിത്യ ജീവിതത്തിൽ നിർണ്ണായകമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനും അതിനനുശ്രിതമായ അംഗീകാരം നേടുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിൽ തുല്ല്യ പങ്കാളിത്തം ലഭിക്കുന്നതിനുമുള്ള അവകാശമാണ് സ്ത്രീകൾ തേടുന്നത്. മഹളാസമാജങ്ങളുടെ എറ്റവും മുഖ്യമായ ഊന്നൽ ഇത്തരത്തിലുള്ള ബോധനിലവാരത്തിലേക്ക് സ്വയം വളരുന്നതിന് സ്ത്രീകളേ സജ്ജരാക്കുക എന്നതായിരിക്കണം. കൂടാതെ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ, മാനസീക പിരിമുറുക്കങ്ങൾ, തോഴിൽ രംഗത്തും സാമൂഹ്യ പ്രവർത്തന രംഗത്തും മുള്ള നിരവധി പ്രശ്നങ്ങൾ, തുടങ്ങിയവക്ക്എല്ലാം പരിഹാരം തേടുന്നതിനുള്ള വേദികൾ കൂടിയായി വളരണം അവ. നാരങ്ങാനം പഞ്ചായത്തിൽ 1960 കളിൽ തന്നേ മഹിളാസമാജം പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. അക്കാലത്ത് മഹാണിമല കേന്ദ്രമാക്കി ഇന്ദിരാ മഹിളാസമാജവും, വട്ടക്കാവുകേന്ദ്രമാക്കി ദേശീയമഹിളാ സമാചവും പ്രവർത്തനം തുടങ്ങി. വികസന ബ്ലോക്കിന്റെ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു അവപ്രവർത്തിച്ചിരുന്നത്. ഇപ്പോൾ വികസനബ്ലോക്കിന്റെ കീഴിൽ 14 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു. അവതാഴെ പറയുന്നവയാണ്. സ്വതന്ത്ര ഏജൻസികളുടെ നേതൃത്വത്തിലും നിരവധി മഹിളാസമാചങ്ങൾ പ്രവർത്തിക്കുന്നു.

തോഴിൽ മേഖലയിലേ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991-ലെ സെൻസസ് വിവരങ്ങൾ കാണിച്ചിരിക്കുന്നു.

| തോഴിൽ മേഖല | പുരുഷൻമാർ | സ്ത്രികൾ |
|---|---|---|
| കർഷകർ | 1815 | 23 |
| കർഷകതോഴിലാളി | 1000 | 175 |
| മൃഗസംരക്ഷണം | 87 | 2 |
| കെട്ടിടനിർമ്മാണം | 63 | 2 |
| വ്യാപാരം | 288 | 23 |
| മറ്റുള്ളവ | 302 | 316 |

നാരങ്ങാനം പഞ്ചായത്തിൽ 1991-ൽ സെൻസസ് പ്രകാരം 9062 സ്ത്രീകൾ ഇപ്പാൾ പുരുഷൻമാരുടെ ജനസംഖ്യ 8331 മാത്രമാണ്. പക്ഷേ ജനസംഖ്യാ നിരക്കിലേ ഈ അനുപാതം തോഴിൽ മേഖലയിൽ പ്രതിഫലിക്കുന്നില്ല. ഇതിനുകാരണങ്ങൾ പലതാണ്. ഏറ്റെടുക്കുന്ന ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടയും നിറവേറ്റുവാൻ സ്ത്രീകൾക്കുകഴിയും, എങ്കിലും പോതുവേ സാമൂഹ്യ ഉത്തരവാദ്ത്വങ്ങൾ ഏറ്റെടുക്കുന്നതിനുള്ള വിമുഖത സ്ത്രീകളുടെഭാഗത്തും ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിനുള്ള താൽപ്പര്യക്കുറവ് പുരുഷൻമ്മാരുടെ ഭാഗത്തും നലനിൽക്കുന്നു. ഈ തൊഴിൽ മേഖലയിൽ തന്നേ കൂലിനിരക്കിലുള്ള വിവേചനം ഇപ്പോഴും ഉണ്ട്. കള പറിക്കുക, നിലം ഒരുക്കുക, നടീൽ തുടങ്ങി സ്ത്രീകൾ മാത്രം പണിയെടുക്കുന്ന കാർഷിക മേഖലയിൽ താരതമ്യേന കുറവായ കൂലിനിരക്കുകളാണ് പ്രാബല്യത്തിലുള്ളത്.

സാദ്ധ്യതകൾ

1. നിലവിലുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. പുതിയ മഹിളാസമാജങ്ങൾ ആവശ്യാനുസരണം രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം.

2. മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ വനിതാ

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങണം. ചെറുകിട വ്യവസായ സംരംഭങ്ങൾ, കുടിൽ വ്യവസായങ്ങൾ, പച്ചക്കറി കൃഷി തുടങ്ങിയ വനിതകളുടെ ഇടയിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും വനിതകളുടെ സാമ്പത്തിക സ്വയംനിർണ്ണയം ഉറപ്പാക്കാനുമുതകുന്ന പരിപാടികൾ വനിതാ സഹകരണ സംഘങ്ങൾ മുഖേന ആവിഷ്ക്കരിച്ച് നടപ്പാക്കണം.

3. വിധവകൾക്കുള്ള സഹായങ്ങൾ, വിവാഹ മോചനം നേടിയവരുടെ പ്രശ്നങ്ങൾ, കുടുംബത്തിൽ നിലനിൽക്കുന്ന സ്വരച്ചേർച്ചയില്ലായ്മ, അയൽപ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനായി പഞ്ചായത്തടിസ്ഥാനത്തിൽ ജനകീയക്കമ്മറ്റി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കണം.

4. രാത്രി വൈകി ബസ്സിറങ്ങേണ്ടി വരുന്ന വനിതകളുടെ സുരക്ഷ ഉറപ്പാക്കാനായി ചശഴവേ വെലഹല്യേ ഏർപ്പെടുത്തുന്നതിന് വേണ്ടി ഥണഇഅ പോലുള്ള സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ വനിതാ പോലീസിന്റെ സേവനമുള്ള ബ്യൂറോകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.

5. പച്ചക്കറി കൃഷി, പുഷ്പ കൃഷി, കൂൺ കൃഷി തുടങ്ങിയ ആദായകരമായ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടി പ്രോഹത്സാഹനവും സഹായവും ഏർപ്പെടുത്തണം.

6. ചെറുകിട വ്യവസായ സംരംഭങ്ങൾക്കാവശ്യമായ പരിശീലനം സംഘടിപ്പിക്കണം.

7. നിർദ്ധനരായ വനിതകൾക്ക് മൃഗപരിപാലന സഹായം ചെയ്തു കൊടുക്കണം.

8. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കണം.

9. വനിതാവ്യവസായങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങളും വിപണന സൗകര്യവും ലഭ്യമാക്കണം.

10. തൊഴിൽ നിയമങ്ങൾ, തൊഴിലവസരങ്ങൾ തുടങ്ങിയവയെ പറ്റി ബോധവൽക്കരണം നടത്തണം.

11. തുല്യജോലിക്ക് തുല്യശമ്പളമെന്ന നയം അഭംഗുരം നടപ്പാക്കണം.

12. വിധവാ പെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കണം.

13. നിരർദ്ധനരായ സ്ത്രീകൾക്ക് പാർപ്പിടം, കക്കൂസ്, കിണർ, പശുവിനെ വളർത്താൻ തൊഴുത്ത് എന്നിവയ്ക്കു വേണ്ടി ധനസഹായം ലഭ്യമാക്കുക.

14. സ്ത്രീ പീഢന കേസ്സുകളിൽ കുറ്റവാളികളേ കർശനമായി ശിക്ഷിക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുക.

15. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പെൺകുട്ടികളുടെ വിവാഹത്തിനും കുടുംബ ഭദ്രതക്കും ആവശ്യമായ സഹായം നല്കുക. സ്ത്രീധനമില്ലാത്ത വിവാഹങ്ങളെ പ്രോഹത്സാഹിപ്പിക്കുകയും ചെയ്യുക.

16. നിർദ്ധനരായ സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ മെഡിക്കൽ അഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

17. വനിതകൾക്കായി വായനശാലകൾ വാർഡടിസ്ഥാനത്തിലും സഞ്ചരിക്കുന്ന ഗ്രന്ഥശാല പഞ്ചായത്തടിസ്ഥാനത്തിലും ആരംഭിക്കുക.

18. വനിതകളെ ലക്ഷ്യമാക്കിയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായി പദ്ധതിയുടെ അർഹമായ വിഹിതം നീക്കി വയ്ക്കുക. മഹിളാസംഘടനകളുടെ നേതൃത്വത്തിൽ സമഗ്രവനിതാസർവേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗത്തിന് മുൻഗണനാക്രമം നിശ്ചയിക്കുക.

# 13

# സഹകരണം

നാരംങ്ങാനം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് 7 ശദാബ്ദിക്കാലത്തിലധികം കാലത്തെ ചരിത്രം പറയാനുണ്ട്. മലയാളവർഷം 1099,മാണ്ട് നെയ്ത്ത് നൂൽനൂല്പ് തുടങ്ങിയവയ്കുവേണ്ടി വലിയകുളം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സഹകരണ സംഘമാണ് പില്ക്കാലത്ത് വിവിധോദ്ദേശ പരസ്പര സഹായ സഹകരണസംഘമായും തുടർന്ന് 628 മത് നമ്പർ നാരങ്ങാനം സഹകരണസംഘമായി പുനർനാചകരണം ചെയ്യപ്പെട്ടു പ്രവർത്തനം തുടർന്നതും ശ്രീമാൻമാരായ ച.ജ.തോമസ്നെടിയപറമ്പിൽ,ജീ രാമൻനായർ കോട്ടയംപറമ്പിൽ,എൻ.എം.ഏബ്രഹാം താളിക്കുഴിയിൽ, ഇക്ക കുര്യൻ കൊച്ചുതുണ്ടിയിൽ, കൃഷ്ണൻ വടക്കേതിൽ തുടങ്ങിയവരാണ് സഹകരണരംഗത്തെ പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ നേതൃത്വം കൊടുത്തിരുന്നത്.1986 ആയപ്പോഴേക്കും സഹകരണ ബാങ്കായി ഈ സ്ഥാപനത്തിന്റെ പദവി ഉയർത്തപ്പെടു കയുണ്ടായി. നാരങ്ങാനം പഞ്ചായത്ത് പ്രദേശം മുഴുവനും ഈ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയലായരുന്നു. എന്നാൽ, 1988-ൽ നാരങ്ങാനം പഞ്ചായത്തിലെ കടമ്മനിട്ട കര പ്രവർത്തന പരിധി ആയി നിശ്ചയിച്ചുകൊണ്ട് ഒരു സഹകരണസംഘം രൂപീകരിക്കുകയുണ്ടായി. കൂടാതെ ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടി 1984-മുതൽ ആലുങ്കൽ കേന്ദ്രമാക്കി ഒരു പട്ടികജാതി പട്ടികവർഗ്ഗസഹകരണ സംഘം പ്രവർത്തനം നടത്തിവരുന്നുണ്ട്. തുടർന്ന് ഈ പഞ്ചായത്തിലെ ഗിരിജനങ്ങളുടെ ഉന്നമനത്തിനായി ഒരു ഗിരിജൻ സഹകരണസംഘം മാഹാത്തിമല കേന്ദ്രമാക്കി രൂപം കൊടുത്ത് പ്രവർത്തിച്ചു വരുന്നു. കടമ്മനിട്ടയിൽ കല്ലേലി കേന്ദ്രമാക്കിയും കുരീലയും കേന്ദ്രമാക്കി ഓരോ ക്ഷീരസമാഹരണസംഘവും വലിയകുളം കേന്ദ്ര മാക്കിയുള്ള ഉപഭോക്തൃസമാഹരണസംഘവും ആണ് ഈ പഞ്ചായത്തിലെ ഇതര സഹകരണ സ്ഥാപനങ്ങൾ. നിലവിലുള്ള സഹകരണ പ്രസ്ഥാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി പട്ടിക 1-ൽ ചേർത്തിരിക്കുന്നു.

## സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 628 , നാരങ്ങാനം

നാരങ്ങാനം പഞ്ചായത്തിൽ സഹകരണരംഗത്തെ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചു കൊണ്ട് 1099-ൽ തുടങ്ങിയ സഹകരണസംഘം സമീപ പ്രദേശങ്ങളിലെ തന്നെ ആദ്യകാല സഹകരണസംഘങ്ങളിലൊന്നാണ്. തുടക്കത്തിൽ പ്രധാനമായും നെയ്ത്തിനു വേണ്ടി വലിയകുളം കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങിയ സംഘം പിന്നീട് വിവിധോദ്ദേശ പരസ്പര സഹായ സഹകരണ സംഘമായി പ്രവർത്തനം തുടർന്നു. 1986-ൽ ഈ സഹകരണ സംഘം സഹകരണ ബാങ്ക് ആയി

| സ്ഥലത്തിന്റെ പേര് | സ്ഥാപിച്ച വർഷം | നിലവിൽ അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | |
|---|---|---|---|---|---|
| | | | | അംഗീകൃതം | പിരിഞ്ഞു കിട്ടിയത് |
| 1. നാരങ്ങാനം സർവ്വീസ് സഹകരണ ബാങ്ക്(No.628) | 1099(ME) | 3406 | 8 | 5,00,000 | 6,40,083 |
| 2. കടമ്മനിട്ട സഹകരണ സംഘം (No.PT44) | 1988 | 1240 | 2 | 62,00,000 | 81,210 |
| 3. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം(No. PT 30) | 1984 | 450 | 1 | | |
| 4. ഗിരിജൻ സഹകരണ സംഘം നാരങ്ങാനം | | | | | |
| 5. കൺസ്യൂമർ സഹകരണ സംഘം വലിയകുളം,നാരങ്ങാനം | 1988 | 118 | 1 | 2,00,000 | 13.120 |
| 6. ക്ഷീര സഹകരണ സംഘം (അപ്കോസ്,കല്ലേലി) കടമ്മനിട്ട | | | | | |
| 7. ക്ഷീര ഉല്പാദക സഹകരണ സംഘം, | | | | | |

ഉയർത്തപ്പെടുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ കേന്ദ്ര ഓഫീസും ഗോഡൗണും നാരങ്ങാനത്ത് മഠത്തുംപടിക്കു സമീപം ബാങ്ക് വക സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. കാർഷികാവശ്യങ്ങൾക്കായി വളം, കീടനാശിനി തുടങ്ങിയവ വിതരണം നടത്തുന്നതിന്റെ സൗകര്യത്തിനായി കണമുക്ക്, മാഹാണിമല, ആലുങ്കൽ, കേന്ദ്ര ഓഫീസ് സ്ഥിതി ചെയ്യുന്ന മഠത്തുംപടി എന്നീ സ്ഥലങ്ങളിൽ വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കണമുക്കിനു സമീപം സഹകരണബാങ്ക് വിലയ്ക്കു വാങ്ങിയ സ്ഥലത്ത് ഗോഡൗൺ നിർമ്മാണം പൂർത്തിയായി വരുന്നു. പ്രധാനമായും കാർഷികാവശ്യങ്ങൾക്ക് ധന സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ബാങ്കിന്റെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിലായി ഓണച്ചന്തകൾ നടത്തപ്പെടുന്നുണ്ട്. ഈ അടുത്ത കാലത്തായി സഹകരണബാങ്കിന്റെ ചുമതലയിൽ റബ്ബർ വ്യാപാരവും തുടങ്ങിയിട്ടുണ്ട്. സ്വർണ്ണ പണയത്തിൻമേൽ കർഷകർക്ക് ധനസഹായം ലഭ്യമാകുന്നതിനുള്ള ഏർപ്പാടുകളും ബാങ്കിൽ നിലവിലുണ്ട്.

## സർവ്വീസ് സഹകരണ സംഘം,നമ്പർ PT44,കടമ്മനിട്ട

നാരങ്ങാനം സർവീസ് സഹകരണ ബാങ്ക് നമ്പർ 628-ന്റെ പ്രവർത്തന പരിധിയിൽ ഉണ്ടായിരുന്ന നാരങ്ങാനം പഞ്ചായത്തിൽ പെട്ട കടമ്മനിട്ട കരയിൽ

(പഞ്ചായത്ത് വാർഡ് 7,8,9) കൂടുതൽ ഫലപ്രദമായ പ്രവർത്തനം നടത്തുന്നതിനു വേണ്ടി 1988-ൽ രൂപീകരിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവന്ന സഹകരണ സ്ഥാപനം ആണ് PT നാല്പത്തി നാലാം നമ്പർ കടമ്മനിട്ട സഹകരണ സംഘം. ഈ സംഘം കടമ്മനിട്ടയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ക്രെഡിറ്റ് വിഭാഗത്തിൽ പെട്ട സഹകരണ സ്ഥാപനങ്ങളായ മേൽപ്പറഞ്ഞ രണ്ട് സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് വായ്പ ഇനത്തിൽ വിതരണം നടത്തി വരുന്ന തുക അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക രണ്ടിൽ നിന്നും കാണുക.

.സംഘത്തിൽ പെട്ട അംഗങ്ങൾക്ക് സ്വയംതൊഴിൽ നേടുന്നതിനു വേണ്ടി സംഘത്തിന്റെ ചുമതലയിൽ പാറ ഇറക്കി കൊടുത്ത് പൊട്ടിച്ച് മെറ്റൽ ഉണ്ടാക്കിയിരുന്നു വെങ്കിലും ഇപ്പോൾ കാര്യമായ പ്രവർത്തനങ്ങളൊന്നും സംഘത്തിന്റെ ആഭിമുഖ്യ ത്തിൽ നടത്തപ്പെടുന്നില്ല.

## ഗിരിജൻ സഹകരണസംഘം , നാരങ്ങാനം

നാരങ്ങാനം പഞ്ചായത്തിൽ 3, 4 വാർഡുകളിൽ മലവേടർ താമസിക്കുന്ന പ്രദേശം പ്രവർത്തന മേഖലയാക്കിക്കൊണ്ട് മാഹാണി മല കേന്ദ്രമായി ഗിരിജൻ സഹകരണ സംഘത്തിന്റെ ചുമതലയിൽ

പട്ടിക 2

| സംഘത്തിന്റെ പേര് | പൊതുജനനിക്ഷേപം | കാർഷികവായ്പകൾ | മറ്റുവായ്പകൾ | പ്രത്യേകവായ്പകൾ |
|---|---|---|---|---|
| 1. സർവ്വീസ് സഹകരണബാങ്ക് നമ്പർ 628,നാരങ്ങാനം. | 57,08,032 | 2,36,455 | 17,32,009 | 11,46,640 |
| 2. സർവ്വീസ് സഹകരണസംഘം നമ്പർ ജം 44,കടമ്മനിട്ട | 1,57,364 | 1,37,250 | 5,18,000 | 29,700 |

## പട്ടികജാതിപട്ടിക വർഗ്ഗ സഹകരണസംഘം നമ്പർ PT 30, നാരങ്ങാനം.

450 അംഗങ്ങളോടു കൂടി പ്രവർത്തനം നടത്തി വരുന്ന നാരങ്ങാനം പട്ടികജാതി പട്ടിക വർഗ്ഗങ്ങളിൽ പ്പെടുന്ന ആളുകളുടെ സർവതോന്മുഖമായ ഉന്നമനത്തിന് സഹായകരമാകത്തക്ക വിധത്തിൽ പ്രവർത്തിക്കു ന്നതിനു വേണ്ടി രൂപം കൊടുത്ത സഹകരണ പ്രസ്ഥാനമാണ്. ഈ സംഘം ഇപ്പോൾ പഞ്ചായത്ത് കേന്ദ്രമായ ആലുങ്കൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സംഘത്തിന്റെ പ്രവർത്തന പരിധി നാരങ്ങാനം പഞ്ചായത്ത് പ്രദേശമാണ്. സംഘത്തിന് സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് വേണ്ടി സർക്കാർ സഹായം ഉപയോഗപ്പെടുത്തി രണ്ടാം വാർഡിൽ പെട്ട പുന്നശ്ശേരി കോളനിയിൽ സ്ഥലം വാങ്ങിയിട്ടുണ്ട്. ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട സർക്കാരിൽ നിന്നും രണ്ടുലക്ഷം രൂപ അനുവദിച്ചു കിട്ടിയിട്ടുള്ളതാകുന്നു.

പർപ്പടക നിർമ്മാണ യൂണിറ്റ് ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ നിലവിലുണ്ട്. സർക്കാർ ഗ്രാന്റായി ഒരു ലക്ഷം രൂപ സംഘത്തിന് അനുവദിച്ചു കിട്ടിയിട്ടുണ്ടെങ്കിലും ഗ്രാന്റുപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല.

## കൺസ്യൂമർ സഹകരണ സംഘം, PT 57 നാരങ്ങാനം.

ഉപഭോക്തൃസാധനങ്ങൾ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി വലിയകുളം കേന്ദ്രമായി 1988-ൽ ആരംഭിച്ച സഹകരണസംഘത്തിൽ 118 അംഗങ്ങളാണ് ഉള്ളത്. നാരങ്ങാനം പഞ്ചായത്തു പ്രദേശം മുഴുവനായി ഈ സഹകരണസംഘത്തിന്റെ പരിധിയിൽ പെടുന്നു.

നാരങ്ങാനം കേന്ദ്രമാക്കി ഒരു ഗ്യാസ് ഏജൻസി

(പാചക വിതരണ കേന്ദ്രം) വേണമെന്ന് പല ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഇതു കണക്കിലെടുത്ത് നമ്പർ 628സഹകരണ ബാങ്കിന്റെ ചുമതലയിൽ ആലുങ്കൽ കേന്ദ്രമാക്കി ഒരു ഗ്യാസ് ഏജൻസി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

മേല്പ്പറഞ്ഞ സഹകരണപ്രസ്ഥാനങ്ങളേ കൂടാതെ കടമ്മനിട്ട കരയിലേ കല്ലേലിയിലും കുരീലയ്യത്തും പ്രവർത്തിക്കുന്ന രണ്ട് ക്ഷീര സഹകരണ സംഘങ്ങളും നിലവിലുണ്ട്. പത്തനംതിട്ട ജില്ല സഹകരണ ബാങ്കിന്റെ കടമ്മനിട്ടയിൽ പ്രവർത്തിക്കുന്ന ശാഖയാണ് സഹകരണരംഗത്ത് ഈ പഞ്ചായത്തിലുള്ള മറ്റൊരു പ്രധാന സ്ഥാപനം.

## സാദ്ധ്യതകളും ആവശ്യങ്ങളും

1. നാരങ്ങാനം പഞ്ചായത്തിന്റെ 1 മുതൽ 6 വരെ വാർഡുകൾ പ്രവർത്തന മേഖല ആയിട്ടുള്ള നമ്പർ 628 നാരങ്ങാനം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി ഈ ബാങ്കിന്റെ ഒരു ശാഖ കണമുക്കിൽ ബാങ്കിന് സ്വന്തമായുള്ള കെട്ടിടത്തിൽ സ്ഥാപിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

2. സഹകരണ ബാങ്കിന്റെ വില്പന കേന്ദ്രങ്ങളിൽ കൃഷിക്കാവശ്യമായ വളം, കീടനാശിനികൾ, ആസിഡ് തുടങ്ങിയ സാധനങ്ങളുടെ മാത്രം വ്ല്പനയാണ് ഇപ്പോൾ നടക്കുന്നത്. മുമ്പ് ഉപഭോക്തൃ സാധനങ്ങളുടെ (ടെക്സ്റ്റൈയിൽ ഉൾപ്പടെ) വിൽപ്പനയും നടത്തിയിരുന്നു. എന്തുകൊണ്ടോ വലം, കീടനാശിനികൾ, ആസിഡ് ഒഴിച്ചുള്ള സാധനങ്ങളുടെ വില്പന ഇപ്പോൾ നടത്തുന്നില്ല. ബാങ്കിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനും തദ്വാര ബാങ്കിന്റെ ഇടപാടുകൾ കൂടുതൽ ലാഭകരമാക്കുവാനും വേണ്ടി ഉപഭോക്തൃ സാധനങ്ങളുടെ ക്രയവിക്രയം കൂടി പുനരാരംഭി ക്കേണ്ടതുണ്ട്. പൊതു വിപണിയിൽ അവശ്യസാധന ങ്ങളുടെ വില വർദ്ധന ഒരളവോളം തടയാനും, ഇതു വഴി സാധിക്കുന്നതാണ്.

3. കന്നുകാലി വളർത്തൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും നടന്നുവരുന്നുണ്ട്. പക്ഷേ ഉല്പാദിക്കപ്പെടുന്ന പാൽ ലാഭകരമായി വിപണനം നടത്തുന്നതിനുള്ള സൗകര്യം തുലോം കമ്മിയാണ്. തന്മൂലം IRDP ലോണും മറ്റും എടുത്ത് കന്നുകാലികളെ വളർത്തുന്ന സാധാരണ ജനങ്ങൾക്ക് ഉപജീവനത്തിനും ലോൺ തിരിച്ചടക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതിന് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശം പരിഗണിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

കന്നുകാലികളെ വളർത്തുന്ന എല്ലാ കുടുംബാഗങ്ങളേയും അംഗങ്ങളാക്കിക്കൊണ്ട് സൗകര്യ പ്രദമായ വിധത്തിൽ പ്രവർത്തനമേഖല നിർണ്ണയിച്ച് കന്നുകാലി പരിപാലന സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുക. കന്നുകാലികൾക്ക് ആവശ്യ മായ കാലിത്തീറ്റ സൗജന്യ നിരക്കിൽ സംഘങ്ങൾ വഴി വിതരണം നടത്തണം. ഉല്പാദിപ്പി ക്കപ്പെടുന്ന പാൽ സംഘത്തിന്റെ ചുമതലയിൽ സംഭരിക്കണം. ഇതിനായി സൗകര്യപ്രദമായ വിധത്തിൽ സംഭരണകേന്ദ്രങ്ങൾ തുറക്കണം. പാലിന്റെ വിപണനവും സംഘത്തിന്റെ ചുമതലയിൽ നടത്തണം. സംഭരിക്കപ്പെടുന്ന പാൽ ഉപയോഗിച്ച് ഐസ്ക്രീം തുടങ്ങിയ ക്ഷീരജന്യ ഉല്പ്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിനുള്ള സാദ്ധ്യതകളും ആരായാവുന്നതാണ്. ചാണകം ഉപയോഗപ്രദമാക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കണം. ഇതിനു വേണ്ട സാങ്കേതിക ഉപദേശവും ധനസഹായവും സംഘത്തിന്റെ ചുമതലയിൽ ലഭ്യമാക്കണം. ചാണകം ഉപയോഗിച്ച് ജൈവവളം ഉല്പാദപ്പുക്കുന്ന സംവിധാനവും പ്രാവർത്തികമാക്കണം.

ഇപ്പോൾ കടമ്മനിട്ടയിലെ കല്ലേലിയിലും കുരീലയ്യത്തും നിലവിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ 1,2,5,6 വാർഡുകൾക്കു കൂടി പ്രയോജനം ലഭിക്കുമാറ് സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തി പഥത്തിൽ കൊണ്ടു വരണം.

4. കെട്ടിട നിർമ്മാണ രംഗത്തും സർക്കാർ, പഞ്ചായത്തു തലത്തിലുള്ള പണികളുടെ നിർമ്മാണ രംഗത്തും ജോലികൾ ഏറ്റെടുത്ത് നടത്തുന്നത് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളും മേസ്തിരിമാരുമാണ്. നിർമ്മാണ രംഗത്തു നിന്നും നാട്ടുകാരായ തൊഴിലാളികൾ പുറന്തള്ളപ്പെട്ടിരിക്കയാണ് എന്നു പറയാം. ഇതിന് പരിഹാരമെന്ന നിലയിൽ നാരങ്ങാനം പഞ്ചായത്ത് പ്രവർത്തന മേഖല ആക്കിക്കൊണ്ട് ഒരു ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.

5. നിലവിലുള്ള പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഈ വിഭാഗങ്ങളിലുള്ള എല്ലാ അംഗങ്ങൾക്കും പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ബോധവൽക്കരിക്കണം. സംഘാങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ് അസംസ്കൃത വിഭവങ്ങൾ സംഘത്തിന്റെ ചുമതലയിൽ

സംഭരിച്ച് വിതരണം നടത്തുകയും ഉല്പന്നങ്ങൾ വിപണനം നടത്തുകയും വേണം. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ചുമതലയിൽ ഒരു ക്രഷർ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണം.

6. വനിതകൾക്ക് ഒഴിവു സമയത്ത് ലാഭകരമായി ചെയ്യാവുന്ന കൈത്തൊഴിലുകളും ചെറുകിട വ്യവസായ സംരംഭങ്ങളും സഹകരണാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് സഹായകമായ വിധത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കണം.

7. ഇപ്പോൾ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ പുന്നോൽ പാടശേഖരത്തിൽ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി നിലവിലുണ്ട്. പഞ്ചായത്തു പ്രദേശത്ത് മറ്റു പല പാടശേഖരങ്ങളിലും ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങൾ നിലവിലുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. കൃഷി സമ്പ്രദായങ്ങളിൽ ഐകൃരൂപം നിലനിർത്തി ലാഭകരമായും കാര്യക്ഷമമായും കൃഷി നടത്തുന്നതിനു വേണ്ടി പാടശേഖരാടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതികൾക്ക് രൂപം കൊടുക്കുകയും വിത്ത്, വളം, കീടനാശിനികൾ, ട്രാക്റ്റർ, കൊയ്ത്ത് മെതി യന്ത്രം തുടങ്ങിയ കൃഷി ഉപകരണങ്ങൾ മുതലായവയുടെ വിതരണവും ഉപയോഗവും ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികളുടെ ചുമതലയിൽ ആക്കുകയും വേണം.

8. നാരങ്ങാനം പഞ്ചായത്ത് പച്ചക്കറി ഗ്രാമം ആയി ബഹു: കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിക്ക് സർക്കാരിൽ നിന്നും ലഭിക്കാവുന്ന ഗ്രാന്റും മറ്റ് സൗജന്യങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ ഒരു കുതിച്ചു കയറ്റം പ്രതീക്ഷിക്കാവുന്നതാണ്. ഇങ്ങനെ അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിയുടെ സംഭരണവും വിപണനവും കൃഷിക്കാർക്ക് ഏറ്റവും പ്രയോജനപ്രദമാക്കുന്നതിനു വേണ്ടി ഒരു പച്ചക്കറി ഉല്പാദന സംഭരണ വിപണന സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ സഹകരണസംഘം മുഖേന സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

9. ഇപ്പോൾ വലിയകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം പഞ്ചായത്ത് പ്രദേശം മുഴുവൻ വ്യാപിപ്പിക്കണം. അതിനു വേണ്ടി വാർഡ് അടിസ്ഥാനത്തിൽ വിൽപ്പന കേന്ദ്രങ്ങൾ തുറക്കണം. ഉപഭോക്തൃസാധനങ്ങൾ വിൽപ്പന കേന്ദ്രങ്ങൾ വഴി മാവേലി സ്റ്റോറിലെ നിരക്കിൽ വിതരണം ചെയ്യുന്നതിന് സർക്കാർ സഹായം ലഭ്യമാക്കണം.

10. റബ്ബർ ഉൽപ്പാദക സഹകരണ സംഘം സ്ഥാപിച്ച് നടീൽ വസ്തുക്കളും, വളം, കീടനാശിനി, ആസിഡ്, ടാപ്പിങ്ങ് ഉപകരണങ്ങൾ തുടങ്ങിയവയും സൗജന്യനിരക്കിൽ വിതരണം ചെയ്യണം. ഇപ്പോൾ തോന്ന്യാമലയും നാരങ്ങാനം തെക്കേ ഭാഗത്തും ആലുങ്കലും നിലവിലുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് സംഘത്തിന്റെ മാതൃകയിൽ കൂടുതൽ റബ്ബർ ഉല്പാദക സംഘങ്ങൾ സ്ഥാപിക്കണം.

11. നാരങ്ങാനം പഞ്ചായത്തിൽ മഠത്തുംപടി, കടമ്മനിട്ട എന്നീ സ്ഥലങ്ങളിലുള്ള അതിപുരാതനമായ ദേവീ ക്ഷേത്രങ്ങളോടനുബന്ധിച്ച് പടയണി, കോലം തുള്ളൽ, കരകം, കരപ്പാട്ട് തുടങ്ങിയ ക്ഷേത്ര കലകലിൽ പ്രാവീണ്യം നേടിയ അനവധി കലാകാരന്മാരുണ്ട്. രണ്ട് ക്ഷേത്രങ്ങളും കേന്ദ്രമാക്കിക്കൊണ്ട് പടയണി സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. മേല്പ്പറഞ്ഞ ക്ഷേത്രകലകളും പരിചമുട്ടുകളി, മാർഗ്ഗംകളി, ഒപ്പന, തുടങ്ങിയ പ്രാചീന നാടൻ കലാ രൂപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നാരങ്ങാനത്തും കടമ്മനിട്ടയും കേന്ദ്രമാക്കിക്കൊണ്ട് സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവരണം.

# 14

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

